# ഓടുവന്നി ഉണ്ണികൾ

No. 8

## പൂന്താനം കൃതികൾ

വ്യാഖ്യാതാ: കെ. വി. എം.

പൂന്താനത്തെകുറിച്ചും അദ്ദേഹത്തിൻെറ കൃതികളെക്കുറിച്ചും
വിസ്തൃതവും വിജ്ഞേയവുമായ വിവരണം
അടങ്ങിയതു്. വില: 1ക. 50നപ.

—o—

## രുഗ്മാംഗദ ചരിതം

പന്തളത്തു കേരളവർമ്മതമ്പുരാൻ

മലയാളമഹാകാവ്യങ്ങളിൽ എല്ലാംകൊണ്ടും മാന്യസ്ഥാനത്തെ
അലങ്കരിച്ചുപോരുന്ന രുഗ്മാംഗദചരിതത്തിൻെറ
പുതിയ പതിപ്പു്. വില: 2ക. 50നപ.

———

## കവിമണി കെ. സി. കുട്ട്യപ്പനമ്പ്യാരുടെ കൃതികൾ

"അനാവശ്യമായി ആഡംബരമില്ലാത്തതും പരിശുദ്ധമായ ആശയത്തോടുകൂടിയതും ആവശ്യമില്ലാതെ വല്ലദിക്കിലും പദം ഊന്നാത്തതുമായ കുട്ട്യപ്പനമ്പ്യാർ അവർകളുടെ കവിത അദ്ദേഹത്തിൻെറ സ്വഭാവം പോലെതന്നെ അന്തസ്സും പ്രഭുത്വവും സജ്ജനങ്ങളെ വശീകരിക്കുവാനുള്ള മഹിമയുമുള്ളതാണ്" എന്നത്രേ ശ്രീ. മൂർക്കോത്തു കുമാരൻ ഈ കൃതിയെപ്പററി അഭിപ്രായപ്പെടുന്നതു്.

പി. കെ. ബ്രദേർ

ഫോൺ:

MUL
290602

# ഒടുവിൽ

## കുഞ്ഞികൃഷ്ണമേനോന്റെ

# കൃതികൾ

---

പരിഷ്കരിച്ച പുതിയ പതിപ്പ്

(ഒന്നും രണ്ടും ഭാഗം കൂടിയത്.)

പ്രസാധകന്മാർ :—

പി. കെ. ബ്രദേർസ്,

കോഴിക്കോട്.

---

വില: നാലുറുപ്പിക.

മൂന്നാം പതിപ്പ്
കോപ്പി 1000

290602

O3y,1:J
J8

(പകർപ്പവകാശം പ്രസാധകന്മാർക്കുള്ളതാകുന്നു)

നോർമ്മൻ പ്രിൻടിങ്ങ് ബ്യൂറോ, കോഴിക്കോട്.

1958

# രണ്ടുവാക്ക്

ഒടുവിൽകൃതിയുടെ മൂന്നാം പതിപ്പ് സഹൃദയസമക്ഷം സമർപ്പിക്കുന്നതിൽ സന്തോഷമുണ്ട്. രണ്ടാംപതിപ്പ് ഇത്രയും ക്ഷണത്തിൽ വിററഴിക്കുവാനുള്ള സഹകരണം നൽകിയ സഹൃദയരോട് ഞങ്ങഠം കൃതജ്ഞരാണ്.

മൂന്നാം പതിപ്പിൽ, ഇതുവരക്കും പ്രകാശനം ചെയ്യാത്ത ചില ഒററശ്ലോകങ്ങളും, മുമ്പ് പ്രസിദ്ധം ചെയ്തിരുന്നുവെങ്കിലും ഏറെക്കുറെ വിസ്മൃതമായിത്തീർന്നിരുന്ന "കുംഭകോണയാത്ര" മുതലായ ചില കവിതകളും ഞങ്ങഠം ഉഠംക്കൊള്ളിച്ചിട്ടുണ്ട്. എന്നിട്ടും, ഒടുവിൽകൃതികഠം മുഴുവനായെന്നു ഞങ്ങഠംക്കു തോന്നുന്നില്ല. പഴയ പല മാസികകളിലുമായി അതു ചിന്നിക്കിടക്കുന്നുണ്ടായിരിക്കണം. വല്ലവരുടേയും കൈവശം അത്തരം കവിതകളുണ്ടെങ്കിൽ, സദയം ഞങ്ങഠംക്കെത്തിച്ചുതരുവാൻ അപേക്ഷ.

ഈ പതിപ്പിൽ പുതുതായി ഉഠംക്കൊള്ളിച്ചിട്ടുള്ള ചില കവിതകഠം ശ്രീ. ഏ. ഡി. ഹരിശർമ്മയുടെ അദ്ധ്വാനഫലമായി സമ്പാദിക്കപ്പെട്ടതാണ്. ഭാഷാഗവേഷണനിരതനായ ശ്രീ. ഹരിശർമ്മയോടു ഞങ്ങളുടെ അകൈതവമായ കൃതജ്ഞത ഈ പംക്തിയിലൂടെ ഞങ്ങഠം രേഖപ്പെടുത്തട്ടെ!

പ്രസാധകന്മാർ.

ഒന്നാംപുസ്തകത്തിന്റെ

# അവതാരിക

---

ആധുനികഭാഷാകവികളുടെ കൂട്ടത്തിൽ ഒടുവിൽ കുഞ്ഞികൃഷ്ണമേനോനവർകൾക്കുള്ള സ്ഥാനം ഇനിയും തീർച്ചപ്പെട്ടിട്ടില്ല. സമകാലികന്മാരായ സകല സാഹിത്യകാരന്മാർക്കും മേനോൻ സമ്മതനായ ഒരു കവിയായിരുന്നു. അതിന്നടുത്തുണ്ടായവർക്കും അദ്ദേഹത്തെക്കുറിച്ചുള്ള ബഹുമാനത്തിന്നു കൂടുതലല്ലാതെ കുറവുണ്ടായിട്ടില്ല. എങ്കിലും ഒടുവിനെപ്പററി അത്രതന്നെ അറിവാനിടവന്നിട്ടില്ലാത്ത ഇന്നത്തെ യുവജനങ്ങൾ എന്തു വിചാരിക്കുന്നു എന്നു് ഇനിയും തീർച്ചപ്പെടാതെയാണിരിക്കുന്നതു്. ഈ കവിയുടെ കാലം കഴിഞ്ഞിട്ടുതന്നെ പത്തു സംവത്സരത്തിലധികമായല്ലോ. അദ്ദേഹത്തിന്റെ കവിതകളധികവും, പ്രത്യേകിച്ചും പ്രധാനകൃതികൾ, അക്കാലത്തെ ചില പത്രങ്ങളിലും, മാസികകളിലും പ്രസിദ്ധപ്പെടുത്തീട്ടുള്ളതല്ലാതെ പുസ്തകാകൃതിയിൽ ഇതുവരെ പുറത്തുവന്നിട്ടുമില്ല. ആ സ്ഥിതിക്കു് ചെറുപ്പക്കാരുടെ ഇടയിൽ കവിതാവിഷയത്തിൽ വിശേഷിച്ചും ആഭിമുഖ്യമുള്ളവരല്ലാതെ പഴയ പത്രങ്ങളോ പത്രഗ്രന്ഥങ്ങളോ തേടിപ്പിടിച്ചു വായിക്കാനായി മിനക്കെട്ടുമെന്നു വിശ്വസിക്കാൻ തരമില്ലാത്തതിനാൽ, ഒടുവിന്റെ കൃതികൾ സാമാന്യേന സാഹിത്യലോകത്തിൽനിന്നു മറഞ്ഞിട്ടാണു് കിടക്കുന്നതെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

അത്രമാത്രമല്ല, ഇതു ഭാഷാസാഹിത്യത്തിന്റെ ഒരു പരിവർത്തനഘട്ടമാണെന്നുള്ള കഥയും ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. 'കവിത' എന്നു വെച്ചാലെന്താണെന്നുതന്നെ ഇതേവരെ ആരും ധരിച്ചിട്ടില്ലെന്നുള്ള നാട്യത്തിൽ ഈയിടയിൽ ചില വിമർശകവീരന്മാർ സകലവും ഒന്നു കീഴ്മേൽ മറിക്കാൻ ശ്രമിക്കുന്നതായി കാണുന്നു. ഇവരിൽ ചില 'രസിക'ന്മാർ കവിതാകാമിനിയുടെ "കോലവും ശീലവും" മാററണമെന്നുകൂടി സിദ്ധാന്തിക്കുന്നുണ്ടു്. ഒന്നരയും മേൽമുണ്ടും മാററി സാരിയും ജാക്കററും സ്വീകരിക്കുകയും, തോടക്കു പകരം കാതുചെറുതാക്കി കമ്മലിടുകയും മററുമാണ്

നമ്മുടെ സ്ത്രീകൾക്കു നല്ലതെന്നു നിശ്ചയിച്ചിരിക്കുന്നതുപോലെ, ഭാഷായോഷയ്ക്കും വേഷത്തിൽ ചില മാററങ്ങൾ വരുത്തുന്നത് അത്യാവശ്യമാണത്രേ! ഒന്നാമതു, ദ്രാവിഡഭാഷാസന്താനമായ നമ്മുടെ ഭാഷയ്ക്കു ദ്രാവിഡവൃത്തങ്ങളാണധികം യോജിക്കുന്നതെന്നും, സംസ്കൃതവൃത്തം അത്രമാത്രം സ്വീകാൎയ്യമല്ലെന്നും സിദ്ധാന്തിക്കുന്നു. നന്നായാൽ രണ്ടും നന്നെന്നു മാത്രമല്ലാതെ, ഒന്നു മാത്രം സ്വീകാൎയ്യവും മറേറതു ത്യാജ്യവും ആണെന്നു പറയാൻ തരമില്ല. സംസ്കൃതവൃത്തങ്ങളിൽ കവിതാനിൎമ്മാണം ചെയ്യുന്നതിന്നു പഠിപ്പും പരിശ്രമവും കുറച്ചധികം വേണം. ദ്രാവിഡവൃത്തങ്ങളിലായാലും കവിതയുണ്ടാക്കി ഫലിപ്പിക്കണമെങ്കിൽ പരിശ്രമം കൂടാതെകഴിയുമെന്നു് ഈ പറഞ്ഞതിന്നൎത്ഥമില്ല. ദ്രാവിഡവൃത്തങ്ങൾ ശ്ലഥബന്ധങ്ങളും "ശ്ലേഷാഗാഢാഃ" എന്നു പറഞ്ഞുതള്ളിയ കൂട്ടത്തിൽ പെട്ടവയുമാകയാൽ അവയിൽ കവിതയുണ്ടാക്കുന്നതിന് എളുപ്പം കൂടുമെന്നു് ആരും സമ്മതിക്കാതിരിക്കയില്ല. അങ്ങിനെയല്ലായിരുന്നുവെങ്കിൽ, ഇപ്പോൾ കേകയിലോ കാകളിയിലോ നാലുവരി എഴുതിയുണ്ടാക്കി കവിവേഷം കെട്ടി രംഗപ്രവേശം ചെയ്തുകാണുന്ന പല യുവകവികളുടേയും പേരുകൾ ഒരിയ്ക്കലും അച്ചടിച്ചു കാണുകയില്ലായിരുന്നു എന്നു തീൎച്ചയാണ്.

ഇങ്ങിനെ ആകൃതിക്കു മാത്രമല്ല, പ്രകൃതിക്കും മാററം വരുത്തണമെന്നു ഘോഷിക്കുന്നതാണധികം കൌതുകപ്രദമായിരിക്കുന്നത്. നവീനനിരൂപകന്മാരിൽ ചിലർ കവിതാകാമിനിയ്ക്കു് ആത്മസംസ്കാരം വരുത്തുകയാണെന്നഭാവത്തിൽ ആ സാധുവിനെ വൃഥാ ക്ലേശിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു. പൂൎവ്വകവിക്ഷുണ്ണമായ സാഹിത്യമാൎഗ്ഗം ഇന്നും സൎവ്വത്ര സുഗമവും ശുദ്ധവുമായിട്ടുതന്നെയാണിരിക്കുന്നതു്. ഇപ്പോഴത്തെ ചില ചെറുപ്പക്കാർ എത്ര ശക്തിയോടുകൂടി 'ചാടിക്കളിച്ചാലും' അതിനു് ഒരു കേടും തട്ടുന്നതല്ല. ദൃഢമൂലങ്ങളല്ലാത്ത പാശ്ചാത്യപ്പൂച്ചെടികൾ കണ്ടു കണ്ണുമഞ്ഞളിച്ച് ആവക ചിലത് ഇവിടെയും കൊണ്ടുവന്നു പൌരസ്ത്യസാഹിത്യമാൎഗ്ഗങ്ങൾക്കു മോടിപിടിപ്പിക്കുവാനാണിവരുടെ സംരംഭം. പാശ്ചാത്യരുടെ സാഹിത്യസിദ്ധാന്തങ്ങൾ നമ്മുടെ ഭാഷയ്ക്കു സ്വീകരിക്കുന്നതു, മദാമ്മയെ മലയാളം പഠിപ്പിച്ചു സംസാരിപ്പിക്കുന്നതുപോലെയിരിക്കുകയേ ഉള്ളു. യഥാൎത്ഥമായ സാഹിത്യാമൃതം ഏതു രാജ്യത്തും

ഒരുപോലെ ആസ്വാദ്യമാണ്. ഇതിന്നു കാലപ്പഴക്കംകൊണ്ടു പുളിപ്പോ രസഭേദമോ ഒന്നും വരുന്നതുമല്ല. അത്തരത്തിലുള്ള അമൃതമാണ് ഭാരതത്തിലെ പ്രാചീനാചാൎയ്യന്മാർ സാഹിത്യശാസ്ത്രസമുദ്രം കടഞ്ഞെടുത്തു് നമുക്കുവേണ്ടി സൃഷ്ടിച്ചിട്ടുള്ളതു്. നവീനനിരൂപകന്മാർ സിദ്ധാന്തിക്കുന്നതുപോലെ, വിഷയോചിതമല്ലാത്ത അമിതമായ വൎണ്ണനം, സന്ദൎഭാനുസൃതമല്ലാത്ത അലങ്കാരപ്രയോഗം, ഉല്ലേഖങ്ങൾക്കു് ചൎവ്വിതചൎവ്വണം ഇതൊന്നും പ്രാചീനശാസ്ത്രകാരന്മാരാരും അനുവദിച്ചിട്ടില്ല. ഈവക സാധിക്കുവാൻവേണ്ടിയും പാശ്ചാത്യന്മാരെ ഇവിടെ കൊണ്ടുവന്നു പ്രതിഷ്ഠിക്കുവാൻ ചിലർ വൃഥാശ്രമം ചെയ്യുന്നതുകാണുമ്പോൾ ജ്ഞാനവൃദ്ധന്മാൎക്കു് അനുകമ്പാസങ്കലിതമായ മന്ദഹാസത്തിന്നേ അവകാശമുള്ളു. അതല്ലെങ്കിൽ, ഈ പടിഞ്ഞാറൻകാററ് ഒന്നു നിലച്ചശേഷം കിഴക്കൻകാററു തിരിച്ചടിക്കുന്നതും നമുക്കുതന്നെ കാണാനിടവരുമെന്നും സമാധാനിക്കുക.

എന്നാൽ, ഈവക ദുർഘടങ്ങളിലൊന്നും ചാടാതെയും, പുതിയ വേഷത്തിൽ ഭ്രമിയ്ക്കാതേയും വാസ്തവത്തിലുള്ള വാസനാവൈഭവംകൊണ്ടുമാത്രം കവിതയുണ്ടാക്കി സഹൃദയലോകത്തിൻെറ സശിരഃകമ്പമായ ശ്ലാഘയ്ക്കു പാത്രീഭവിച്ചിട്ടുള്ള ഒരു യഥാൎത്ഥകവിയായിരുന്നു ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ. വിഷയോചിതമായ വൎണ്ണനവും, നവനവോല്ലിഖിതങ്ങളായ ആശയങ്ങളും, സന്ദൎഭാനുസൃതങ്ങളായ രസാലങ്കാരപ്രയോഗങ്ങളും ഒടുവിൻെറ കവിതയിലില്ലെങ്കിൽ വേറെ എവിടെയുമില്ലെന്നു തീൎത്തുപറയാം. ആധുനികനിരൂപകന്മാരധികവും കവിതയുടെ ഗുണദോഷനിരൂപണത്തിൽ ഒടുവിനെപ്പററി ഒന്നും ശബ്ദിച്ചുകാണായ്കയാലാണിത്രയും ഇവിടെ പറഞ്ഞതു്.

വെണ്മണിനമ്പൂതിരിപ്പാടു്, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ മുതലായ പൂർവ്വകവികളുടെ പദ്ധതിയിൽക്കൂടിത്തന്നെയാണ് നമ്മുടെ കവിയും സഞ്ചരിച്ചിട്ടുള്ളതു്. വെണ്മണിപ്രസ്ഥാനത്തിലുള്ള ഭാഷാശുദ്ധി ഒടുവിലുംകൂടി ഒരേതരത്തിൽ തെളിഞ്ഞുകാണാം. ആശയങ്ങളുടെ കാൎയ്യത്തിൽ വിശേഷിച്ചും നമ്മുടെ കവിക്കു മെച്ചമുണ്ടു്. ഒടുവിൻെറ ഏതുകൃതിയിലും ആശയങ്ങൾക്കു് പ്രത്യേകമായ ഒരു സാരസ്യം കാണാവുന്നതാണ്. ഉദാഹരണത്തിന്നായി വല്ല പദ്യങ്ങളും ഇവിടെ എടുത്തുചേൎക്കേണ്ട ആവശ്യമേയില്ല.

പ്രസ്തുത പുസ്തകത്തിലാകട്ടെ ആകെ 14 വിഷയങ്ങളാണുൾപ്പെടുത്തിട്ടുള്ളത്. ഒന്നാമതായി ചേർത്തിരിക്കുന്ന 'ദേവീസ്തവം', അകാരാദിക്രമത്തിൽ ഓരോന്നും സ്വരാക്ഷരങ്ങളെക്കൊണ്ടു തുടങ്ങുന്നതായ പതിനഞ്ചുപദ്യങ്ങളുള്ളതാണ്. ദേവീഭക്തനായ നമ്മുടെ കവി പൂർവ്വകവികൾ അനവധി ചർവ്വിതചർവ്വണം കഴിച്ചിട്ടുള്ള സ്തോത്രനിർമ്മാണവിഷയത്തിൽപോലും വിശേഷാൽ രസം പിടിപ്പിച്ചിട്ടുണ്ടെന്നു സഹൃദയന്മാർ സമ്മതിയ്ക്കാതിരിക്കയില്ല.

"ഓടുന്നു ഹന്ത നിമിഷംപ്രതി ജീവിതാംശം,
കൂടുന്നു പാപവുമതിൻക്രമമൊത്തുതന്നെ;
വീടുന്നതാംഗി ധനധാന്യവുമസ്തു; കണ്ണു-
മൂടുന്നനേരമവിടുന്നരികത്തു വേണം".

ഇങ്ങിനെ വസന്തതിലകത്തിലുള്ള ഈ സ്തവംപോലെ ആര്യാഗീതിയിൽ ഒരു സ്തവം വേറെയുമുണ്ട്.

രണ്ടാമത്തെവിഷയം സുപ്രസിദ്ധമായ 'വിനോദിനി' എന്ന ഖണ്ഡകാവ്യമാണ്. കവനകൌമുദിയുടെ വിശേഷാൽപ്രതിയായ 'ഭാഷാവിലാസം' ഒന്നാംപുസ്തകത്തിന്നലങ്കാരമായ പ്രസ്തുതകൃതി പലരും വായിച്ചിരിക്കുമല്ലൊ. നാലു സർഗ്ഗമുള്ള ഈ ചെറുകൃതി ഭാഷാഖണ്ഡകാവ്യങ്ങളുടെ കൂട്ടത്തിൽ ഒരു പ്രധാനസ്ഥാനത്തിരിക്കുന്നതാകുന്നു.

അടുത്ത കൃതി 'അജാമിളമോക്ഷം' വഞ്ചിപ്പാട്ടാണ്.

"തുള്ളപ്പാട്ടും കിളിപ്പാട്ടും കൃഷ്ണപ്പാട്ടുമുള്ളകാലം
വള്ളപ്പാട്ടിലാർക്കും രസം കൊള്ളില്ലെന്നില്ലാ.
ജാതിഭേദമല്ലാ കാര്യം നല്ലോരർത്ഥം രസം, ഭാവം,
നൂതനാലങ്കാരം, പാകമൊക്കെയിണക്കി
വേണ്ടമട്ടിൽ പദംവെച്ചുകൊണ്ടുണ്ടാണെങ്കിൽ 'കുറത്തി'യും
രണ്ടു പക്ഷമില്ലാ മോദമാർക്കുമുണ്ടാകും."

എന്നു നമ്മുടെ കവി ഇതിൽ പറഞ്ഞിട്ടുള്ളത്, അദ്ദേഹത്തിൻെറ ഈ കൃതിക്കക്ഷരംപ്രതി യോജിക്കുമെന്നു മാത്രമേ ഇവിടെയും പറയാനുള്ളു. ഇതിലെ വേശ്യയുടെ സൌന്ദര്യവർണ്ണനം, അജാമിളൻെറ പലവക ദുഷ്കൃത്യങ്ങളുടെ വിവരണം, യമഭടന്മാരും വിഷ്ണുഭടന്മാരും കൂട്ടിമുട്ടിയപ്പോഴത്തെ സ്ഥിതികൾ പറഞ്ഞിട്ടു

ള്ളതു് ഇതെല്ലാം ഒന്നു വായിച്ചാൽ ഈ പറഞ്ഞതു് ഒട്ടും അധിക മായിട്ടില്ലെന്നു സ്പഷ്ടമാകും.

നാലാമത്തെ വിഷയം 'ഒരു പൊല്ലീസ്സിൻസ്പക്ടരുടെ വധ' മാണ്. 'ആരുമില്ലാത്തവൎക്കു ദൈവംതുണ'യെന്നും, "പരസ്വ ക്കൊതി പെട്ടകിലിതേമട്ടു കഷ്ടത്തിലാകു"മെന്നും മററുമുള്ള തത്വ ങ്ങൾ പഠിപ്പിക്കുന്ന ഈ കഥ സ്രഗ്ദ്ധരാവൃത്തത്തിൽ ഇരുപത്തഞ്ചു പദ്യങ്ങളുള്ളതാണ്.

"എല്ലാടത്തും സമീക്ഷിച്ചളവിലൊരുവനും
കണ്ടതില്ലെന്നുറച്ചി-
ട്ടുല്ലാസത്തോടുറങ്ങീ നരബലി പരിശീ-
ലിച്ച മൎത്ത്യാശരന്മാർ;
എല്ലാം കാണുന്നതായിട്ടൊരുവനുപരിയു-
ണ്ടെന്ന കാൎയ്യം വിചാരി-
ച്ചില്ലാ പാവങ്ങ;ളെന്തോ കഥ! മനുജനെഴ-
ന്നജ്ഞതയ്ക്കറുമുണ്ടോ?"

ഇത്തരത്തിലുള്ള പദ്യങ്ങളുടെ ആസ്വാദ്യത പറഞ്ഞറിയി ക്കേണ്ടതില്ലല്ലോ. മറെറാരുവിധത്തിലുള്ള "ഒരു പൊല്ലീസ്സിൻസ്പ ക്ടരുടെ വധം"കൂടി ഇദ്ദേഹത്തിൻെറ കവിതയ്ക്കു വിഷയമായിട്ടുണ്ടു്.

ഇതിനുശേഷം ചേൎത്തിട്ടുള്ളത് "ഒരു പട്ടിക്കഥ'യാണ്. പല വൃത്തങ്ങളിലുമായി ഇരുപത്തിരണ്ടു പദ്യങ്ങളുള്ള ഈ ചെറുകഥ യാകട്ടെ—

"കൂട്ടക്കാരെക്കുറിച്ചേഷണി പറകിലിതിൻ-
വണ്ണമാണേ കലാശം;
നാട്ടാരേ! നിങ്ങൾ മററുള്ളവരിലെഴുമസൂ-
യാഭരത്തെ ത്യജിപ്പിൻ!"

എന്നുള്ള സാരോപദേശത്തെ, ഒരു പട്ടിയുടേയും കുറുക്ക ൻെറയും കഥകൊണ്ടു ദൃഷ്ടാന്തപ്പെടുത്തുന്നതാകുന്നു. നമ്മുടെ കവി ഇതിലും വേണ്ടുന്നത്ര രസികത്വം വരുത്തീട്ടുണ്ടു്.

6 രത്നാവലി, 7 തീവണ്ടി, 8 മരിരാശി കടൽക്കര, 10 ഒരു ഉപദേശം, 11 ഉപകോശ; 12 കിരീടധാരണമഹോത്സവം ഇങ്ങി നെ ആറു വിഷയങ്ങളിൽ, കിരീടധാരണമഹോത്സവവും തീവ ണ്ടിയും, അതേ പേരോടുകൂടി, ആദ്യകാലത്തു 'കവനകൌമുദി' വകയായി പ്രത്യേകം പ്രസിദ്ധപ്പെടുത്തിയ 'വിശേഷാൽപ്രതി'ക

ളിൽ ചേർത്തിരുന്നവയാണ്. ശേഷം നാലുകൃതികൾ കൌമുദി യിൽതന്നെ പ്രസിദ്ധപ്പെടുത്തിയവയുമാകുന്നു. അതിൽ രത്നാവ ലിയും, ഉപകോശയും മററ ചില കവികൾ കൂടിച്ചേർന്ന് എഴുതിയ ഖണ്ഡകാവ്യങ്ങളാകയാൽ ഒടുവിന്റെ ഭാഗം മാത്രമേ ഈ പുസ്ത കത്തിലേക്ക് എടുത്തിട്ടുള്ളു. 'മദിരാശി കടൽക്കരെ' പൃഥ്വീവൃത്ത ത്തിൽ 22-ം, ഒടുക്കം സ്രഗ്ദ്ധരയിൽ 1-ംകൂടി ആകെ 23 പദ്യങ്ങ ളടങ്ങിയ ഒന്നാന്തരം ഒരു വർണ്ണനമാണ്.

"തടിച്ച പിടിയാനയൊത്തൊരു മുതുക്കിയാൾതന്റെ കൈ
പിടിച്ചൊരു ചെറപ്പമാം ധവര വരുന്നു പാപ്പാൻപടി;
ചൊടിച്ചു നിലവിട്ടു പൂങ്കണ ചൊരിഞ്ഞു മുപ്പാരിടം
മുടിച്ച കൊലകൊമ്പനാരുടെ പണിത്തരം മേത്തരം."

ഇങ്ങിനെ മദിരാശിക്കടൽക്കരയിൽ ഒരാൾക്കു കാണ്മാൻ ക ഴിയുന്ന എല്ലാ കാഴ്ചകളേയും വായനക്കാരുടെ മുമ്പിൽ ചിത്രീക രിച്ചു കാണിച്ചുതരുന്ന പദ്യങ്ങളാണിതിലുള്ളതത്രയും കെ. സി. കേശവപിള്ള അവർകളുടെ ചരമത്തിൽ അനുശോചിച്ച് ശ്ലോക ങ്ങളെഴുതിയ കവികളുടെ അതിശയോക്തിപ്രയോഗം കണ്ടിട്ട് 'സാരജ്ഞൻ' എന്നു പേർവെച്ചു കൌമുദിമുഖേന അവൎക്കു കൊടു ത്തതാണ് 'ഒരുപദേശം.' ഇത് അക്കാലത്ത് കുറേ ഒച്ചപ്പാടുണ്ടാ ക്കിയതാണെന്ന് കൌമുദിയുടെ പഴയ വായനക്കാർ ഓൎക്കുന്നുണ്ടാ യിരിക്കുമല്ലോ.

പരേതനായ വന്ദ്യകവി നടുവത്തച്ഛൻ നമ്പൂതിരി അവർ കൾക്കു ദീനം പിടിച്ചകാലത്ത് അദ്ദേഹത്തിന്റെ രോഗനിവൃത്തി യെ പ്രാർത്ഥിച്ചുകൊണ്ടെഴുതിയതാണ് ഒമ്പതാമതായിച്ചേർത്തിട്ടുള്ള ആരോഗ്യസ്തവം. അന്ന് ഈവിധത്തിൽ അനേകം കവികളെഴുതിയ സ്തവങ്ങളെല്ലാം കൂട്ടിച്ചേർത്ത് 'ആരോഗ്യപ്രാർത്ഥന' എന്ന പേരിൽ ഒരു പ്രത്യേകപുസ്തകം പ്രസിദ്ധപ്പെടുത്തിട്ടുമുണ്ട്. വസന്തമാലികാ വൃത്തത്തിൽ കരുണരസം കളിയാടുന്ന ഇരുപത്തഞ്ചു പദ്യങ്ങളും ഒടുക്കം ഒരു സ്രഗ്ദ്ധരാശ്ലോകവുമാണിതിലുള്ളത്.

പതിമൂന്നാമത്തെ വിഷയം, മാനവിക്രമകവിരാജനെന്നു പ്ര സിദ്ധനായ പള്ളിപ്പുറത്തുവെച്ചു തീപ്പെട്ട സാമൂതിരിപ്പാട്ടിലെ മെഡൽസമ്മാനത്തിന്നു പാത്രീഭവിച്ചതായ ഒരു വിശിഷ്ടകൃതിയാ

ണ്. ചക്രവർത്തിയുടെ കിരീടധാരണകാലത്ത്, ബ്രിട്ടീഷ് രാജവംശത്തിന്റെ ചരിത്രത്തെ ആസ്പദമാക്കി ഏതാനും പദ്യങ്ങളെഴുതിയാൽ ഒരു മെഡൽ സമ്മാനംകൊടുക്കാമെന്നു പ്രസിദ്ധപ്പെടുത്തിയതനുസരിച്ചെഴുതിയ ഈ കൃതി അവിടുത്തേയും വായനക്കാരുടേയും പ്രതീക്ഷയിൽ കവിഞ്ഞ ഗുണപൌഷ്കല്യമുള്ളതായിട്ടുണ്ട്. ഇതിൽ ബ്രിട്ടീഷ്ഭരണത്തിന്റെ ഗുണഗണങ്ങളെപ്പററി പ്രസ്താവിക്കുന്നതിന്നിടയിൽ,

"കാലാഗാരം കണ്ണവനന്നകിൽ കാന്തയെജ്ജീവനോടാ-
ജ്ജ്വാലാമാലാവിലസിതഹുതാശങ്കലപ്പിച്ചിരുന്നു;
കാലാവസാഷ്ക്കബലകളെയമ്മട്ടുകാലേ വധിപ്പാൻ
മേലാ മേലാലിനി നിനവൊടാക്കൃത്യമേ നിൎത്തലാക്കി."

എന്നും മററുമുള്ള പദ്യങ്ങളുടെ സുഖവും സ്വാരസ്യവും ഒന്നു വേറെത്തന്നെയാണ്.

ഒടുക്കത്തെ കൃതിയായിച്ചേൎത്തതു 'ലക്ഷ്മീവിലാസശതക'മാകുന്നു. അന്തരിച്ചുപോയ കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തി പ്രമാണിച്ചെഴുതിയ ഈ കൃതിയിലെ ലക്ഷ്മീദേവി, അവിടുത്തെ ഇഷ്ടപ്രാണേശ്വരിയായ വഞ്ചിമഹാരാജ്ഞിതന്നെ. വിഷയവും വിവരണവും ഒരുപോലെ വിശേഷപ്പെട്ടിരിക്കുന്ന ഈ കൃതി മുമ്പു ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

ഇതൊക്കെയാണ് ഈ ഒന്നാംപുസ്തകത്തിലുള്ള വിഷയങ്ങൾ. ഇതുപോലെ ഇനി ഒരു പുസ്തകംകൂടി പ്രസിദ്ധപ്പെടുത്തുവാൻ ധാരാളം വകയുണ്ടാകുമെന്നാണ് തോന്നുന്നതു്. മററു കവികളുമായി കൂട്ടിച്ചേൎന്നെഴുതിയ ചില കൃതികളും പലവകയായി അനേകം ചെറുകൃതികളും, അസംഖ്യം ഒററ ശ്ലോകങ്ങളും ഇനിയും ബാക്കി കിടപ്പുണ്ട്. ആ വകയെല്ലാംകൂടി ഇനി ഒരു പുസ്തകത്തിൽ ഒതുക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു.

കുഞ്ഞികൃഷ്ണമേനോനവർകളുടെ കൃതികൾ ഇപ്പോളെങ്കിലും പുസ്തകാകൃതിയിൽ പുറത്തുവരുവാനിടയായതു് അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായ രാവുണ്ണിമേനോനവർകളുടെ സഹായവും സഹകരണവും നിമിത്തമാണെന്നു കൃതജ്ഞതാപൂൎവ്വം ഇവിടെ പറയാതെ കഴികയില്ല. സുപ്രസിദ്ധന്മാരായ കവികളുടെ കൃതികൾ കഴിയുന്നതും സമ്പാദിക്കുക എന്നുള്ളതു് ഒരു ജീവിതകൃത്യമായി കരുതി

പ്പോരുന്ന ഞാൻ ഒടുവിൻെറ കൃതികളും മുമ്പുതന്നെ കുറേ ശേഖരിച്ചിട്ടുണ്ടായിരുന്നു. പക്ഷേ പരേതനായ കവിയുടെ ജ്യേഷ്ഠകനിഷ്ഠസഹോദരന്മാർ ഏറക്കുറെ പ്രസിദ്ധന്മാരും സാഹിത്യരസികന്മാരുമാകയാൽ അവർതന്നെ ഈ കടമ നിർവ്വഹിക്കുമെന്നു കരുതി ഈ അടുത്തകാലംവരെ ഞാനൊന്നും പ്രവൎത്തിച്ചിരുന്നില്ല. അതിന്നിടയ്ക്കാണ് ഒടുവിൻെറ ജ്യേഷ്ഠസഹോദരനും എൻെറ ഒരു പ്രിയമിത്രവും ആയ രാവുണ്ണിമേനോൻതന്നെ ഈ ഭാരം എന്നെ ഏല്പിച്ചതു്.

"നിധ്യഞ്ജനൌഘധീമൂലം
ഖനതാ സാധിതോനിധിഃ"

എന്നു പറഞ്ഞകൂട്ടത്തിൽ ഇത് എനിക്ക് അപരിമിതമായ ഒരു സന്തോഷത്തിന്നിടയാക്കുകയും ചെയ്തു. ഇപ്പോഠം ശ്രീമാൻ രാവുണ്ണിമേനോനവർകളുടെ വകയായിട്ടാണിതു പ്രസിദ്ധപ്പെടുത്തുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഒടുവിൻെറ ഒരു ചുരുങ്ങിയ ജീവചരിത്രം, അദ്ദേഹത്തിൻെറ ഉത്തമസ്നേഹിതനായ പുത്തേഴത്തു ഗോവിന്ദമേനോനവർകഠം ബി. ഏ. ഞങ്ങളുടെ അപേക്ഷപ്രകാരം എഴുതിത്തന്നിട്ടുള്ളതു് ഈ പുസ്തകത്തിന്നു് അകൃത്രിമമായ ഒരലങ്കാരമാണെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഈ പുസ്തകത്തിൽത്തന്നെ ഒടുവിൻെറ ഒരു ഛായാപടംകൂടി ചേൎക്കണമെന്നു ഞങ്ങഠംക്കു പ്രത്യേകം ആഗ്രഹമുണ്ടായിരുന്നു. അതിന്നുവേണ്ടി പലവഴിക്കും അന്വേഷിച്ചതിൽ പലരുടേയുംകൂടിയുള്ള ഒരു പഴയ ഛായാപടമേ ഞങ്ങഠംക്കു കിട്ടിയുള്ളു. എങ്കിലും, ഒന്നുമില്ലാത്തതിലും ഭേദമാണെന്നു കരുതി ആ പടം ബ്ലോക്കുണ്ടാക്കുവാനയച്ചിട്ടുണ്ടു്. അതു കിട്ടുവാൻ കുറച്ചുകൂടി താമസമായിട്ടാണ് കാണുന്നതു്. അതുകൊണ്ടു ഛായക്കുമാത്രമായി പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ താമസിക്കേണ്ടതില്ലെന്നു കരുതി ഈവിധം പുറത്തുവിടുന്നതാകുന്നു. ഭാഷാഭിമാനികളായ എല്ലാ കേരളീയരും ഞങ്ങളുടെ ഈ ഉദ്യമത്തിൽ വേണ്ടവിധം സഹായിക്കുമെന്നു വിശ്വസിക്കുന്നു.

കോട്ടയ്ക്കൽ,
1101 കൎക്കിടകം 15-ാംനു- } പി. വി. കൃഷ്ണവാരിയർ.

## ഒടുവിൽ കുഞ്ഞികൃഷ്ണമേനവൻെറ

# ജീവിതചരിത്രസംക്ഷേപം

കൊച്ചിശ്ശീമ തലപ്പിള്ളിതാലൂക്കിൽപ്പെട്ട എങ്കക്കാട് വില്ലേജിൽ എങ്കക്കാട് ദേശമാകുന്നു പ്രസ്തുത ചരിത്രവിഷയീഭൂതനായ ഒടുവിൽ. കുഞ്ഞികൃഷ്ണമേനവൻെറ ജന്മഭൂമി. തലപ്പിള്ളിതാലൂക്കിൻെറ ഏതാണ്ടു നടുവിൽക്കൂടി തെക്കുവടക്കുള്ള തീവ്പണ്ടിപ്പാതയുടെ കിഴക്കുഭാഗം മിക്കവാറും കാടുകെട്ടിക്കിടക്കുന്ന കുന്നുകളാലും മലകളാലും നിറയപ്പെട്ടിട്ടുള്ള പ്രദേശത്തിൻെറ തെക്കുകിഴക്കെഭാഗത്തായി സ്ഥിതിചെയ്യുന്ന മച്ചാട്ടുമലയുടെ അകമ്പടിസ്ഥാനത്തെയാണ് എങ്കക്കാട്ടുദേശം അവലംബിച്ചിട്ടുള്ളത്. മച്ചാട്ടുമലയിൽനിന്നു പുറപ്പെടുന്ന ഒരു നദീപോതം ഈ വില്ലേജിൽക്കൂടി ഒഴുകുന്നുണ്ട്. വനദേവതകളുടേയും, വനലക്ഷ്മിയുടേയും നിത്യസാന്നിദ്ധ്യമുള്ള ഈ പ്രദേശം വാണീസ്വവജനിതയായ കവിതാവനിത വിളയാടുന്ന രംഗങ്ങളിൽ ഒന്നാണെന്നുതന്നെ പറയാം. പ്രകൃതിദേവിയുടെ അകൃത്രിമരാമണീയകം വിപുലരൂപത്തിൽ വിലസുന്നതും, കവികൾക്കും ചിത്രകൃത്തുകൾക്കും ഒരുപോലെ ഹൃദ്യവുമായ ഈ ദിക്കിൽ കൊല്ലവഷം 1045_ാമാണ്ടു് തുലാമാസം 15_ാംനു- തിരുവാതിര നക്ഷത്രത്തിൽ നമ്മുടെ കവി ജനിച്ചു.

ശ്രീമതി ഒടുവിൽ കുഞ്ഞിക്കുട്ടിയമ്മയുടെ ദ്വിതീയപുത്രനാണെങ്കിലും, ഇദ്ദേഹം, അവരുടെ പുത്രന്മാരിൽ അദ്വിതീയനായിരുന്നു. ബ്രഹ്മശ്രീ ആലത്തൂർ മനയ്ക്കൽ പരമേശ്വരൻ നമ്പൂതിരി അവർകളാണ് ഇദ്ദേഹത്തിൻെറ അച്ഛൻ. അച്ഛന്നു രസികത്വവും കവിതാവാസനയും ധാരാളമുണ്ടായിരുന്നുവെന്നാണ് കേൾവി. അദ്ദേഹത്തിൻെറ സ്വന്തം കവിതയെന്നു പറയത്തക്കതായി യാതൊന്നും കണ്ടുകിട്ടീട്ടില്ലെങ്കിലും, വേളികഴിച്ച അന്തർജ്ജനത്തിൽ ജാതനായ അനുജൻനമ്പൂതിരിപ്പാടവർകൾ, പാലിയത്ത് ചെറിയ കുഞ്ഞുണ്ണി അച്ചൻ എന്നീ രണ്ടു സാഹിത്യകുശലന്മാരും അച്ഛൻ നമ്പൂതിരിപ്പാട്ടിലെ സന്താനങ്ങളായതുകൊണ്ടു്, കാൎയ്യകാരണന്യായേന, നമ്മുടെ കവിയുടെ അച്ഛൻ സാഹിത്യവിശാരദനായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണല്ലോ.

ഏകദേശം പത്തുവയസ്സുവരെ സ്വദേശത്തു പഴയ നാടൻ സമ്പ്രദായത്തിലുള്ള വിദ്യാസമാകുന്നു ഇദ്ദേഹത്തിന്നു സിദ്ധിച്ചിട്ടുള്ളത്. അഞ്ചാമത്തെ വയസ്സിൽ ഒരെഴുത്തച്ഛൻ നടത്തിവന്നിരുന്ന എഴുത്തുപള്ളിയിൽ ചേൎന്നു പാഠനം തുടങ്ങി ശ്രീരാമോദന്തം മുതലായ ചില്ലറ കാവ്യങ്ങൾ പഠിച്ചതിൻെറശേഷം, അക്കാലത്ത് വടക്കാഞ്ചേരിയിൽ ഇദംപ്രഥമമായി തുടങ്ങിയതും ആദ്യത്തെ നാലുക്ലാസ്സുകൾമാത്രം ഉണ്ടായിരുന്നതുമായ ഒരു ഗ്രാൻറ്സ്കൂളിൽ ചേൎന്നു നാലുകൊല്ലം പഠിച്ചതിൻെറശേഷം തൃശ്ശിവപേരൂർ മിഷ്യൻസ്കൂളിൽ ചേരുകയും ക്രിസ്താബ്ദം 1886-ൽ മിഡിൽ സ്കൂൾ പരീക്ഷയിൽ ജയിക്കുകയുംചെയ്തു. രണ്ടു കൊല്ലം കഴിഞ്ഞതിൻെറശേഷം മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയം പ്രാപിച്ചു, എറണാകുളം കോളേജിൽ എഫ്. എ. ക്ലാസിൽ ചേൎന്നു. പലരേയും പല തവണ മുട്ടുകുത്തിച്ചതായ പഴയ എഫ്. എ. പരീക്ഷ എത്രയോ പരിശ്രമശീലനായ നമ്മുടെ മേനവനെക്കൂടി ഒരു തവണ തടഞ്ഞുനിൎത്തുകയാണ് ചെയ്തത്. തൽക്കാലം ഉണ്ടായ ഇച്ഛാഭംഗത്താലോ, സ്വസ്ഥവൃത്തിയോടുള്ള വൈമുഖ്യത്താലോ—എന്തോ താൻ മുമ്പു പഠിച്ചിരുന്ന വടക്കാഞ്ചേരി സ്കൂളിൽ കുറച്ചുകാലം അദ്ദേഹം അദ്ധ്യാപകവൃത്തിയെ കൈക്കൊണ്ടു. ഇങ്ഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പ്രചാരം തൻെറ നാട്ടുകാരുടെ ഇടയിൽ പരത്തുവാനുള്ള താൽപൎയ്യം ഇദ്ദേഹത്തെ ഈ ജോലിയിലേക്കു പ്രേരിപ്പിച്ചതാണ്.

ഇപ്പോൾ ആലപ്പുഴയിൽ വക്കീലും ഒരു സാഹിത്യരസികനുമായ ചെങ്ങന്നൂർ പി. ജി. ഗോവിന്ദപിള്ള (ബി. എ. ബി. എൽ.) അവൎകൾ അന്നു മദ്രാസിൽ ഒരു വിദ്യാൎത്ഥിയായിരുന്നു. മേനവനും മിസ്റ്റർ പിള്ളയും പ്രിയമിത്രങ്ങളായിരുന്നു. എഫ്. എ. പരീക്ഷയായ ഉദ്ഘടഘട്ടത്തെ തരണം ചെയ്യുവാൻ മദ്രാസിൽ പോയി പഠിച്ചാൽ എളുപ്പമുണ്ടാകുമെന്നു മിസ്റ്റർ പിള്ള ഉപദേശിച്ചതനുസരിച്ച്, അദ്ദേഹത്തോടുകൂടി മദ്രാസിലേക്ക് പോകയും, വീണ്ടും എഫ്. എ. പരീക്ഷയോടു മല്ലിടുകയും, 1894-ൽ പാസ്സാവുകയും ചെയ്തു.

അനന്തരം ഒരു തവണകൂടി വടക്കാഞ്ചേരിലുള്ള പഴയ സ്കൂളിൽ അദ്ധ്യാപകനായി. പക്ഷേ ഇത്തവണ പ്രാധാനാദ്ധ്യാപകസ്ഥാനത്തെയാണലങ്കരിച്ചത്. ഇപ്രകാരം രണ്ടു സംവത്സരം കഴിച്ചുകൂട്ടിയതിൽപിന്നെയാണ് വീണ്ടും വിദ്യാൎത്ഥിവേഷത്തെ അംഗീ

കരിച്ച് തിരുവനന്തപുരത്തുപോയി ബി. ഏ. ക്ലാസിൽ ചേൎന്നതു് ഇതു 1896_ൽ ആണ്.

സരസ്വതീദേവിയും, ലക്ഷ്മീദേവിയും തമ്മിലുള്ള സ്പൎദ്ധയുടെ ഫലം മേനവനും അനുഭവിക്കേണ്ടിവന്നതുകൊണ്ട്, തിരുവനന്തപുരത്തെ വിദ്യാൎത്ഥിദശയെ കഷ്ടപ്പാടുകഠം കൂടാതെ നയിക്കേണ്ടതിലേക്കായി, അന്നു ചില സഹൃദയന്മാർ ആരംഭിച്ച "രാമരാജൻ" എന്ന പത്രത്തിന്റെ ആധിപത്യം കയ്യേററ അതിൽനിന്നുണ്ടായ ആദായത്തെ ആസ്പദമാക്കി 1898_ൽ ബി എ. പരീക്ഷയിൽ പൂൎണ്ണവിജയം പ്രാപിച്ചു. എഫ്. ഏ. പരീക്ഷയിൽ തനിക്കു സംഭവിച്ച പരാജയത്തേയും ലക്ഷ്മീദേവിയുടെ ദുൎമ്മുഖത്തെയും വകവെക്കാതെ വീണ്ടും വിദ്യാഭ്യാസത്തെ സഫലമാംവണ്ണം നിവൃത്തിച്ചതോൎക്കുമ്പോഠം ആൎക്കാണ് അദ്ദേഹത്തിന്റെ അക്ഷീണമായ പരിശ്രമശീലത്തെക്കുറിച്ച് അത്ഭുതം ഉൽഭൂതമാകാത്തത്?

തിരുവനന്തപുരത്തെ ജീവിതം നിമിത്തം, സകല കലാകുശലനും വഞ്ചീശ്വരീവല്ലഭനുമായിരുന്ന കേരളകാളിദാസൻ തിരുമേനിയുടേയും, വേറേയും പല യോഗ്യന്മാരുടേയും പരിചയവും, സ്നേഹവും, ആനുകൂല്യവും നമ്മുടെ മേനോൻ സമ്പാദിച്ചു. നിലയോ, അതിരോ കവിഞ്ഞുള്ള വിധത്തിൽ ആരേയും ആശ്രയിക്കാതെ സ്വതഃസിദ്ധമായ തന്റെ ഗുണഗണങ്ങളാൽ ആഹൃതഹൃത്തുക്കളായ സുഹൃജ്ജനങ്ങളുടെ നാനാവിധങ്ങളായ സഹായങ്ങഠം ഇദ്ദേഹത്തിന്നു സൎവ്വദാ സിദ്ധിച്ചിട്ടുണ്ട്. ബി. ഏ. പരീക്ഷയിൽ മലയാളഭാഷാവിഷയത്തിൽ മദ്രാസ്സംസ്ഥാനത്തുവെച്ച് "കനിഷ്ഠികാധിഷ്ഠ"നായിട്ടാണ് നമ്മുടെ കവിവരൻ ജയിച്ചതെന്ന സംഗതികൂടി പ്രത്യേകം പ്രസ്താവയോഗ്യമാണ്. ബി. ഏ. ജയിച്ചതോടുകൂടി പഠിപ്പും നിൎത്തി.

ബി. ഏ. പാസ്സായി, എറണാകുളം ഹജ്ജൂർകച്ചേരിയിൽ ഒരു ഗുമസ്ഥനായും, പിന്നീടു ചിററൂർ, തലപ്പിള്ളി, തൃശ്ശിവപേരൂർ എന്നീ താലൂക്കുകളിൽ സമ്പ്രതിയായും നിയമിക്കപ്പെട്ടു. താമസിയാതെ ഊട്ടുദേവസ്വം ഹേഡാപ്പീസിൽ ശിരസ്തദാരായി മാററി.

ഹജ്ജൂരിൽ ക്ലാൎക്കായിരുന്നകാലത്ത് ഇദ്ദേഹം, ഇപ്പോഠം സ്ഥാനത്യാഗംചെയ്ത കൊച്ചി വലിയതമ്പുരാന്റെ നേത്യാരമ്മയുടെ കനിഷ്ഠസഹോദരിയെ (ഇട്യാണത്ത് മൂകാംബിയമ്മയെ) വിവാഹം

ചെയ്തു. ഈ പാണിഗ്രഹണത്തെപ്പററി നമ്മുടെ മേനോൻ ഒരവസരത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ടു്:—

"ശ്രീമാടഭൂപദയിതാസഹജക്കഹോ ഞാൻ
സീമാവിഹീനകുതുകത്തൊടു കച്ച നൽകി."

ഈ സംബന്ധത്തിൽ മേനവനു രണ്ടു സ്ത്രീസന്താനങ്ങളുണ്ടായിട്ടുണ്ടു്.

തൃശ്ശിവപേരൂർനിന്നു് കൊടുങ്ങല്ലൂർ തഹശീൽമജിസ്രേട്ടായി മാറിപ്പോയി. 1080-ൽ നിർഭാഗ്യവശാൽ ഭാര്യ അകാലമരണം പ്രാപിച്ചു. അവിചാരിതമായ ഈ സംഭവത്താൽ ദുഃഖാക്രാന്തനും ഏകപത്നീവ്രതനുമായ മേനോൻ സ്വയം സമാധാനപ്പെടുന്നതു നോക്കുക:—

"ഭൂലോകം ശൂന്യമായീ, ഹൃദയമൊരു തമോ-
മണ്ഡലംപോലെയായീ,
ത്രൈലോക്യത്തിൻെറ സൃഷ്ടിസ്ഥിതിലയകരനാം
മൂർത്തിയും ശത്രുവായീ;
താലോലിക്കേണ്ടുമെൻകുട്ടികളിരുവരുമെൻ-
രണ്ടുതോളത്തുമായീ;
പാലോലുംവാണി മൽപ്രേയസിയിവനെ വെടി-
ഞ്ഞീശ്വരോ രക്ഷ രക്ഷ"

അതേ! "ഈശ്വരോ, രക്ഷരക്ഷ!" എന്നല്ലാതെ ഈ സന്ദർഭത്തിൽ മററൊന്നും പറവാനില്ല.

ഒരു സംവത്സരാനന്തരം, അന്നു മലബാർജില്ലയിൽ ഒരു സബ്ജഡ്ജിയും നല്ലൊരു സാഹിത്യരസികനുമായിരുന്ന ടി. വി. അനന്തൻനായർ (B. A. & B. L.) അവർകളുടെ ദ്വിതീയപുത്രിയായ തൃശ്ശൂർ ആളത്ത് പുത്തൻ വീട്ടിൽ ചിന്നമ്മുഅമ്മയെ ഭാര്യയായി സ്വീകരിച്ചു. ഈ ഭാര്യ നല്ല സാഹിത്യരസികത്വമുള്ള ഒരു സ്ത്രീരത്നമായിരുന്നതിനാൽ, അവർ മേനവൻെറ സാഹിത്യസഖി തന്നെയായിരുന്നു. മേനവൻെറ ചില സ്നേഹിതന്മാർ അക്കാലത്ത് പല കവിതകളും അവരുടെ മുമ്പിൽവെച്ച് ഗുണദോഷനിരൂപണം ചെയ്യുകയും അവർ ശരിയായ അഭിപ്രായം പറകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിൻെറ ശ്വശുരൻ കുംഭകോണം ജഡ്ജിയായിരുന്നപ്പോഴാണ് (1084) മേനോൻ "കുംഭകോണയാത്ര" കഴിച്ചത്. തൻെറ

യാത്രയേയും മററം അവലംബിച്ചെഴുതിയ "കുംഭകോണയാത്ര" സരസകവിതാഗ്രന്ഥങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു സാഹിത്യരസികന്മാരെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

കൊടുങ്ങല്ലൂരിൽനിന്ന് ഇരിഞ്ഞാലക്കുട മജിസ്ട്രേട്ടായി മാററി. 85_86 ഈ കൊല്ലങ്ങൾ മേനവൻെറ ജീവിതശേഷയുടെ ദുർദ്ദശാപരിണാമത്താൽ ബാധിതമായിരുന്നു. തൻെറ സാഹിത്യസഖിയും പ്രിയതമയും ആയ രണ്ടാമത്തെ ഭാൎയ്യയും മരിച്ചു. ഈ ഭാൎയ്യയിൽ ഒരു പുത്രൻ മാത്രമേ ഉള്ളു.

ഇരിഞ്ഞാലക്കുടനിന്നും കൊച്ചിമജിസ്ട്രേട്ടായി. ഇക്കാലത്തു പഴയന്നൂർ ആച്ചാട്ടിൽ കൊച്ചുകുട്ടിഅമ്മയെ മേനവൻ തൻെറ തൃതീയ പ്രിയതമയായി സ്വീകരിച്ചു. ഈ സ്ത്രീയിലും ഒരു പെൺകുട്ടിയുണ്ടായിട്ടുണ്ട്. കൊച്ചിയിൽനിന്നു വീണ്ടും ഇരിഞ്ഞാലക്കുടക്കു വന്നു. പക്ഷേ ഇത്തവണ താസിൽദാരായിട്ടാണ്. രണ്ടു നാലു കൊല്ലത്തിനുള്ളിൽ തലപ്പിള്ളി, തൃശ്ശിവപേരൂർ താലൂക്കുകളിൽ ആക്ടിംഗ് താസിൽദാരുദ്യോഗവും, പിന്നെ കുറച്ചുകാലം കൺട്രോളർ ആപ്പീസ്സിൽ ഒരുദ്യോഗവും, സ്റ്റാമ്പ സ്റ്റേഷനറി സൂപ്രഡേണ്ടുദ്യോഗവും ഭരിച്ച് എറണാകുളം മജിസ്ട്രേട്ടായി മാറിപ്പോകയുംചെയ്തു.

എറണാകുളത്തുവെച്ച് മേനവന്ന് "പ്രമേഹക്കുരു" പിടിപെട്ടു. ഇപ്പോഠം തിരുവിതാംകൂർ ആയുൎവേദഡയരക്ടരായ ശ്രീമാൻ കൊളത്തേരി ശങ്കരമേനോൻ (എം. ഏ., എൽ. ടി. എം. ആർ. എ. എസ്.) അവർകളാണ് ചികിത്സതുടങ്ങിയതു്. ഒരാഴ്ചയോളം ചികിത്സ മുറക്കു നടത്തിയെങ്കിലും, രോഗശമനം വരായ്കയാൽ ഇംഗ്ലീഷ്ഡോക്ടർമാരെ വരുത്തി ചികിത്സ ചെയ്തുനോക്കി. പക്ഷേ യാതൊരു ഭേദവുമുണ്ടായില്ലാ. ക്രമേണ കുരു അധികമധികം പഴുക്കുകയും, 1091 എടവം 5_ാംനു- രോഗം മൂൎദ്ധന്യം പ്രാപിക്കുകയും, അന്നു പകൽ രണ്ടുമണിയോടുകൂടി നമ്മുടെ മേനോൻ പ്രപഞ്ചത്തിരശ്ശീലക്കുള്ളിൽ മറയുകയും ചെയ്തു.

കുഞ്ഞിക്കൃഷ്ണമേനവൻെറ സ്വഭാവഗുണങ്ങളെപ്പററി അനുഭവരസികതല്ലത്തേന പറയുന്നതായാൽ,

"വാത്സല്യം മാധുരിയും കലൎന്നു നിതരാം
നിശ്ശേഷലോകോത്തമം

മോക്ഷം വാക്ക്മകക്കരുന്നിലലിവും
നിർമ്മായമാം കർമ്മവും.”

അദ്ദേഹത്തിന്റെ സ്വഭാവവിശേഷങ്ങളാണെന്നു പരിചിതന്മാരാരും സമ്മതിക്കാതിരിക്കയില്ല. വിനയം, വിവേകം, സ്ഥിരോത്സാഹം എന്നീ ഗുണങ്ങൾ ബാല്യംമുതല്ക്കേ അദ്ദേഹത്തിൽ കാണുമാറായിരുന്നു. തദ്വാരാ അദ്ദേഹം യൌവ്വനാരംഭത്തിൽ ത്തന്നെ അസാധാരണമായ സ്വഭാവപ്രകൃത, അന്തഃകരണശുദ്ധി, ജനരഞ്ജന, സുഹൃൽപ്രതിപത്തി എന്നീ ഉത്തമഗുണങ്ങൾക്ക് വിളനിലമായ്ത്തീൎന്നു. മജിസ്ട്രേട്ടുദ്യോഗം ഭരിച്ചിരുന്നകാലത്തു ശിക്ഷയിൽ കാഠിന്യമോ, നിർദ്ദാക്ഷിണ്യമോ കാണിക്കാതെ ഖലസമൂഹങ്ങൾക്ക് ഒരു “ഇമ്പാച്ചി”തന്നെയായിരുന്നു. തഹശീലുദ്യോഗം ഇദ്ദേഹം നീതിയും നയവും ഉള്ള ഒരു കാരണവരെപ്പോലെയാണ് നടത്തീട്ടുള്ളതു. മേലധികാരികളുടെ തൃപ്തിയും നാട്ടുകാരുടെ സ്നേഹബഹുമാനാദികളും ആദ്യമേതന്നെ സമ്പാദിച്ചു. പുഞ്ചിരിയോടുകൂടിയ സംഭാഷണവും, സുഹൃത്തുകളോടുള്ള സ്നേഹാദരാദിയും ഒരിക്കലും വിസ്മരിക്കത്തക്കതല്ലാ.

അദ്ദേഹം ഒരു ഒന്നാന്തരം ഈശ്വരഭക്തനായിരുന്നു. വിശേഷിച്ച് അദ്ദേഹത്തിന്നു ഭഗവതിയിൽ സുസ്ഥിരമായ ഭക്തി സർവ്വോപരി ഉണ്ടായിരുന്നുവെന്നുള്ളതിന്ന് അദ്ദേഹത്തിന്റെ ദേവീസ്തവങ്ങൾ ഉത്തമലക്ഷ്യസാക്ഷ്യങ്ങളാണ്.

കവിതാവാസന ഇദ്ദേഹത്തിന്റെ സഹജാതയാണ്. ഒററശ്ലോകങ്ങൾ ഉണ്ടാക്കി ഒരാൾ ഒന്നാംതരമൊരു കവിവരനായ്ത്തീൎന്നിട്ടുണ്ടെങ്കിൽ അത് നമ്മുടെ മേനോൻതന്നെയാണ്. ഇദ്ദേഹത്തിന്ന് വ്യുല്പത്തിയില്ലെങ്കിലും, കവിത അകൃത്രിമവാസനാസ്ഫുരിതവും, ഫലിതമയവും, ആകർഷകവുമാണ്. കവിതാദേവി ഇദ്ദേഹത്തിന്ന് “സ്വയമേവ ആഗത”യാണ്. പതിനഞ്ചുവയസ്സുമുതൽക്ക് കവിതാപരിശ്രമം തുടങ്ങി. “കവിതാഭ്രാന്ത്”മുഴുത്തിട്ടാണ് എഫ്. എ. പരീക്ഷയിൽ തോററതെന്നു പറയുന്നതു ലേശവും അതിശയോക്തിയാകയില്ല.

എറണാകുളം കോളേജിൽ ചെന്നുചേൎന്നപ്പോൾ അദ്ദേഹം അതേവരെ പല അവസരങ്ങളിലായി ഉണ്ടാക്കീട്ടുള്ള ചില പൊട്ടും, പൊടിയും, പൊടിക്കൈകളും അടങ്ങിയ ഒരു കയ്യെഴുത്തുപു

സ്തകം അന്നു കോളേജിൽ ഒരു മാസ്റ്ററായിരുന്ന പരേതനായ പൃത്തേഴത്ത് ഗോപാലമേനോൻ അവർകളെ കാണിച്ച് അഭിപ്രായം ചോദിക്കയുണ്ടായി. ആ പുസ്തകത്തിലുണ്ടായിരുന്ന കവിതകളിൽ ചിലതു ശ്ലോകങ്ങളും, ചിലത് ഓട്ടൻതുള്ളലും, ചിലതു കിളിപ്പാട്ടും മററുംകൂടി ആകപ്പാടെ ഒരു "അവീൽ"യോഗമായിരുന്നു. വാസനാവൈഭവംനിമിത്തം ആ "അവൽ" ആസ്വാദ്യമായിരുന്നുവെങ്കിലും വ്യുൽപ്പത്തിയിൽ കുറേക്കൂടി നിഷ്കർഷിച്ചു കഷണം നന്നാക്കാൻ ശ്രമിക്കേണ്ടതാണെന്നാകുന്നു ഗോപാലമേനോൻ ഉപദേശിച്ചത്. പ്രസിദ്ധ ഗദ്യകാരകനായ സി. എസ്. ഗോപാലപ്പണിക്കർ ഇദ്ദേഹത്തിൻെറ സഹപാഠിയാണ്. "മലയാളമനോരമ"യുടേയും, "ഭാഷാപോഷിണി"യുടേയും പംക്തികളിൽ ഇവരുടെ പ്രയോഗങ്ങൾ ധാരാളമായിരുന്നു. "കുംഭാണ്ഡ"നായി വിദ്വാൻ ചാത്തനാത്ത് ശങ്കുണ്ണിമേനോൻ (ബി. ഏ. എൽ. ടി.) അവർകളും പുറപ്പെട്ടു. ചെറപ്പക്കാരായ ഇവരുടെ ഇളംകവിതയിലുള്ള സ്ഖലിതങ്ങളെ തപ്പിപ്പിടിച്ച് ഇവരെ കളിയാക്കുകയായിരുന്നു മിസ്റ്റർ ശങ്കുണ്ണിമേനോൻ ചെയ്തിരുന്നത്. "കുംഭാണ്ഡ"ൻെറ യഷ്ടിപ്രയോഗം നമ്മുടെ ഒടുവിൻേറയും പണിക്കരുടേയും നേരെ ഒരിക്കലുണ്ടായി. "കുണ്ടന്തടിക്ക് മുണ്ടന്തടി"യെന്ന സമ്പ്രദായത്തിൽ ഇവർ രണ്ടാളുംകൂടി കോളേജില്ലാത്ത ഒരു ശനിയാഴ്ച "ചാത്തൻതുള്ളൽ" എന്നൊരു ഓട്ടൻതുള്ളൽ ചമച്ച്, പിറെറ ദിവസം പലരേയും ക്ഷണിച്ചുവരുത്തി നമ്മുടെ കവി വേഷംകെട്ടി എറണാകുളത്തു ശങ്കരപിള്ളയുടെ ബങ്കളാവിൽവെച്ചു തുള്ളുകയുണ്ടായി. അന്നവിടെ സന്നിഹിതരായിരുന്നവരെല്ലാം ചിരിച്ചു ശ്വാസം മുട്ടിപ്പോയി എന്നു പറയേണ്ടതില്ലല്ലോ. ഇതെല്ലാം കേവലം "പിള്ളർകളി" മാത്രമായിരുന്നു.

ചിററൂരിൽ പണിയായിരുന്ന കാലത്തു കുണ്ടൂർ നാരായണമേനോൻ, വരവൂർ ശാമുമേനോൻ മുതലായ പ്രസിദ്ധ കവികളായി സഹവസിക്കയും, സാഹിത്യത്തിൽ പൂർവ്വാധികം പരിശ്രമിക്കയും ചെയ്തു. തൃശ്ശൂക്കു മാറിവന്ന അവസരത്തിലാണ് പരേതനായ മഹാകവി പന്തളത്തുതമ്പുരാൻ "കവനകൌമുദി" പത്രം തുടങ്ങിയത്. ഇതിന്നുമുമ്പുതന്നെ "വിദ്യാവിനോദിനി," "രസികരഞ്ജിനി," "ഭാഷാപോഷിണി" മുതലായ മാസികകളിലും എഴു

തി കവിതക്കു നല്ല പഴക്കം വന്നിരുന്നു. കൊടുങ്ങല്ലൂക്ക് മാറിയപ്പോഴ, പരേതന്മാരായ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളിൽ അച്യുതമേനോൻ, ഇന്നത്തെ കവിസാർവ്വഭൌമനായ കൊച്ചുണ്ണിത്തമ്പുരാൻ ഇവരുമായി പരിചയപ്പെടുകയും, ആ മഹാനുഭാവന്മാർ ഇദ്ദേഹത്തെ സാഹിത്യത്തിൽ യഥാവിധി പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സക്കാരുദ്യോഗത്തിൽ പ്രവേശിച്ചകാലത്തു, വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലേക്കും, കഴിഞ്ഞുപോയ വിദ്വാൻ സാമൂതിരിപ്പാട്ട് തിരുമനസ്സിലേക്കും, അന്നു പെൻഷ്യൻ പററിപ്പിരിഞ്ഞ തോട്ടെക്കാട്ടു കൊച്ചു ഗോവിന്ദമേനോൻ ദിവാൻജി അവർകഠംക്കും മററും അനവധി പദ്യങ്ങഠം സമർപ്പിച്ചതിൽ, ആവക മഹാന്മാർ വളരെ ചെറുപ്പമായിരുന്ന ഒടുവിനെ ആശാസ്യമാംവണ്ണം പ്രശംസിച്ചിട്ടുണ്ട്.

1080-ൽ വലിയ കോയിത്തമ്പുരാൻെറ ഷഷ്ടിപൂത്തി തിരുനാഠം പ്രമാണിച്ചു "ലക്ഷ്മീവിലാസശതകം" അദ്ദേഹത്തിന്നു സമപ്പിച്ചിട്ടുള്ളതും, അതിന്നു മുമ്പുതന്നെ ഒടുവിൻെറ സാഹിത്യാമൃതം ആസ്വദിച്ചിട്ടുള്ള ആ തിരുമേനി ഇദ്ദേഹത്തിനെ അഭിനന്ദിച്ചതും പ്രസ്താവയോഗ്യമാണല്ലൊ.

മാസികകളിലും പത്രങ്ങളിലും ഇദ്ദേഹം വളരെ ചെറുപ്പം മുതൽ എഴുതീട്ടുള്ള പ്രസന്നപ്രൌഢസരസകവിതകഠംക്കും, ഫലിതമയങ്ങളായ ചെറുകഥകഠംക്കും കയ്യുംകണക്കുമില്ല. ഗൌരവമേറിയ സക്കാരുദ്യോഗം തലയിലേറിയിരുന്നതിനാൽ ചിലതെല്ലാം "ചിതലിനു മുതലായും പാററതൻ തീററയായും" പോയിട്ടുമുണ്ട്. ഇദ്ദേഹത്തിൻെറ ഭാഷാശുദ്ധിയും വാസനാവൈഭവവും ഒന്നു വേറെ തന്നെയാണ്. ദ്രുതകവിതയിൽ ഇദ്ദേഹത്തിന്നു് അനന്യസാധാരണമായ പാടവമുണ്ടായിരുന്നു. ഒടുവിൻെറ ദ്രുതകവിതാവൈഭവം മഹാകവികളായ പന്തളം, ഉള്ളൂർ മുതലായവരാലും സ്തുത്യമാണ്.

സരസകവി എന്ന നിലയിലും, പ്രസിദ്ധ കഥയെഴുത്തുകാരൻ എന്ന നിലയിലും നമ്മുടെ മേനോൻ സാഹിത്യനഭോമണ്ഡല

ത്തിൽ പ്രകാശമാനമായ ഒരു ജ്യോതിർഗ്ഗോളംതന്നെയാണ്. ഇദ്ദേഹത്തിൻെറ "നാലുകഥകൾ," "മാലതി" എന്നീ കഥാപുസ്തകങ്ങൾക്ക നോവൽപുസ്തകാവലിയിൽ ഉത്തമസ്ഥാനം ലഭിച്ചിട്ടുണ്ട്. ഒടുവിൻെറ സാഹിത്യഭാഗത്തിൻെറ ആസ്വാദ്യതയും, കഥയുടെ രസികത്വവും സർവ്വസമ്മതമാണെന്നു പറയുന്നതു പിഷ്ടപേഷണപ്രായമായിരിക്കും.

ഹൃദ്യമായ പദ്യസാഹിത്യത്തിലാണ് കുഞ്ഞികൃഷ്ണമേനോൻ പത്ഥ്യമായി പരിശ്രമിച്ചിട്ടുള്ളതു്. ഇന്നത്തെ ചില മഹാകവികൾ യഥാർത്ഥമായ കവിയശസ്സിന്ന് അർഹന്മാരാകുന്നതിനെത്രയോ മുമ്പുതന്നെ ഒടുവിന്നു സരസകവിപദം സിദ്ധിച്ചിട്ടുണ്ടെന്നുതന്നെയല്ല, അവരിൽചിലർ ഈ സ്ഥാനത്തെത്തിയതും ഇദ്ദേഹത്തിൻെറ പ്രോത്സാഹജനകമായ പരിശ്രമത്തിൻെറ ഫലമാണെന്നു് അനുഭവസ്ഥന്മാർക്കൊക്കെ നല്ലവണ്ണം അറിയാവുന്നതാണ്.

സാഹിത്യകുസുമവാടിയിൽ, ആസ്വാദ്യതരമായ സൌരഭ്യപൂരം സർവ്വത്ര സർവ്വദാ തൂകിക്കൊണ്ടിരുന്ന ഈ മനോഹരകവികുസുമം കാലവാതാഹതിയേററ് അകാലത്തിൽ ഞെട്ടററുവീണുപോയതു് കേരളീയൎക്കൊട്ടാകെ അപരിഹാൎയ്യമായ നഷ്ടംതന്നെയാണെന്നേ പറയുവാനുള്ളു. അദ്ദേഹത്തിൻെറ പരിപാവനാത്മാവു് നിത്യശാന്തിയിൽ ലയിക്കുവാൻ നാമെല്ലാം സർവ്വേശ്വരനോടു് സർവ്വദാ പ്രാർത്ഥിക്കുകയല്ലാതെ ഗത്യന്തരമില്ലല്ലോ.

ഒടുവിൻെറ സ്മരണാൎത്ഥമായി ചെയ്യുവാനുദ്ദേശിക്കുന്ന സൽകൃത്യങ്ങൾ പ്രശംസാവഹങ്ങൾതന്നെ. പ്രസ്തുതൽകൃത്യത്തിലേക്കായി ഭാഷാപോഷണാഭിലാഷിയും, മാന്യകവിവീരനും, "കവനകൌമുദി"യുടെ നേതാവുമായ ശ്രീമാൻ പി. വി. കൃഷ്ണവാരിയരവർകൾ പുറപ്പെട്ടതിന്നു ഭാഷാപ്രണയികൾ അദ്ദേഹത്തെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുന്നതല്ല. ഈ മഹത്പരിശ്രമത്തിന്നു സർവ്വവിജയങ്ങളും സർവ്വാത്മനാ ആശംസിച്ചുകൊള്ളുന്നു.

എന്ന്
പുത്തേഴത്ത് ഗോവിന്ദമേനോൻ
(ബി. എ.)

വടക്കാഞ്ചേരി
98 എടവം 20-ാംനു-

രണ്ടാംപുസ്തകത്തിന്റെ

# മുഖവുര

പരേതനായ ഒടുവിൽ കുഞ്ഞികൃഷ്ണമേനോവർകളുടെ കൃതികളെല്ലാം ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ശ്രമിച്ചുവരുന്നതിൽ രണ്ടാമത്തെ പുസ്തകമാണിത്. ഈ സംവത്സരത്തിന്റെ ആരംഭത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒന്നാംപുസ്തകത്തിന്റെ അവതാരികയിൽ നമ്മുടെ കവിയേയും, അദ്ദേഹത്തിന്റെ കവനങ്ങളേയും സംബന്ധിച്ച് എനിക്കു പറയാനുള്ളതെല്ലാം സാമാന്യമായിപ്പറഞ്ഞിട്ടുള്ളതുകൊണ്ട് ആ വക സംഗതികളൊന്നും ഇപ്പോൾ സ്പർശിക്കുന്നതേയില്ല. പക്ഷേ ഇതിൽ ചേർത്തിരിക്കുന്ന വിഷയങ്ങളെപ്പററിയും മററും അത്യാവശ്യം ചിലതു വായനക്കാർ മുൻകൂട്ടിത്തന്നെ ധരിച്ചിരിക്കേണ്ടതാകയാൽ അതൊന്നു മനസ്സിലാക്കിക്കൊടുക്കുക മാത്രമാകുന്നു ഈ മുഖവുരയുടെ മുഖ്യമായ ഉദ്ദേശ്യം.

ഒന്നാംപുസ്തകത്തിലേയും രണ്ടാപുസ്തകത്തിലേയും വിഷയങ്ങൾക്ക് എണ്ണത്തിലല്ലാതെ പറയത്തക്ക വ്യത്യാസമില്ല. ആദ്യത്തെ പുസ്തകത്തിൽ 14 വിഷയം ചേർത്തിട്ടുള്ളതിന്നു പകരം പ്രസ്തുതപുസ്തകത്തിൽ പ്രധാനമായി 23 വിഷയം ഉൾപ്പെടുത്തീട്ടുണ്ട്. അകാരാദിസ്വരാക്ഷരങ്ങളുടെ ക്രമത്തിൽ 'വസന്തതിലകം' വൃത്തത്തിലുള്ള ഒരു 'ദേവീസ്തവം'കൊണ്ടാണ് ആ പുസ്തകം തുടങ്ങീട്ടുള്ളതെങ്കിൽ, അതേതരത്തിൽത്തന്നെ, 'ഗീതി'വൃത്തത്തിൽ 'ആര്യ'യെക്കുറിച്ചുള്ള ഒരു സ്തവമാണ് പ്രസ്തുതപുസ്തകത്തിന്റെ പ്രഥമലേഖനമായി സ്വീകരിച്ചിരിക്കുന്നത്. ഈ പുസ്തകത്തിന്റെ അവസാനലേഖനമായിക്കാണുന്ന സുബ്രഹ്മണ്യസ്തോത്രവും സ്വരാക്ഷരക്രമത്തിൽതന്നെ എഴുതീട്ടുള്ളതാകുന്നു.

ഇതിൽ കാണുന്ന 23 വിഷയങ്ങളിൽ 2. ചിററർനമ്പൂതിരിപ്പാട്, 4. പട്ടി, 6. ആഞ്ജനേയവിജയം, 7. അരിയിട്ടുവാഴ്ച, 17. ചക്രവർത്തിമംഗളം, 18. അപരാധിയായ അന്തർജ്ജനം ഈ വിഷയങ്ങൾ കൌമുദിക്കു കിട്ടിയ കൃതികളാണ്. ചിററർ നമ്പൂതിരിപ്പാടും, ആഞ്ജനേയവിജയവും ഓരോ 'കൂട്ടക്കവിത'കളാകുന്നു. സരസമായി സദുപദേശം ചെയ്യുന്ന കഥയാണ് 'പട്ടി.' അരിയിട്ടുവാഴ്ചയും, ചക്രവർത്തിമംഗളവും കൌമുദിവകയായി അതേപേരോടുകൂടി പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളിൽ മുമ്പു ചേ

ത്തിട്ടുണ്ട്. അപരാധിയായ അന്തർജ്ജനം അല്ലെങ്കിൽ അന്തർജ്ജനത്തിന്റെ അപരാധം 'കവനകൌമുദി' വർത്തമാനപത്രമായിരുന്ന കാലത്ത് എഴുതിയ കത്തുകളാണ്. ആ വക പഴയ ലക്കങ്ങൾ കയ്യിലില്ലായ്കയാൽ ഇടയ്ക്കു വല്ലതും വിട്ടുപോയിട്ടുണ്ടോ എന്നു സംശയവുമുണ്ട്.

അഞ്ചാമത്തേതായ 'ദീപസ്തംഭം' എന്ന കൃതി, സർ സി. ശങ്കരൻനായരുടെ വകയായി ഗുരുവായൂർ നടയിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദീപസ്തംഭത്തെപ്പററി പല കവികളും എഴുതിയ കവനങ്ങൾ ഒന്നിച്ചുചേർത്തു ബുക്കാക്കിയതിൽനിന്നു നമ്മുടെ കവിയുടെ ഭാഗം മാത്രം എടുത്തതാകുന്നു.

8_ാമത്തേതായ 'ദേവയാനീപരിണയം' 'സുദശ്നം' മാസികയിലും, 10. 'ശ്രീമതി', 12 'പഞ്ചാംഗി' എന്നിവ 'കേരളചിന്താമണി'യിലും 11 'ചണ്ഡാലീമോക്ഷം' 'സുജനവിനോദിനി' മാസികയിലും പ്രസിദ്ധപ്പെടുത്തിയ 'കൂട്ടക്കവിതക'ളാകുന്നു. എന്നുവെച്ചാൽ ഇതെല്ലാം പല കവികളും പങ്കുചേൎന്ന് എഴുതിയ ഖണ്ഡകാവ്യങ്ങളാണ്. അവയിൽനിന്നു നമ്മുടെ കവി എഴുതിയ ഭാഗം മാത്രം ഇതിലേക്കു സ്വീകരിക്കുകയും, എന്നാൽ അതാതിന്റെ ആരംഭത്തിൽ വായനക്കാരുടെ സൌകൎയ്യത്തിന്നുവേണ്ടി പൂർവകഥാഭാഗംകൂടി ഓരോ കുറിപ്പായി എഴുതിച്ചേൎക്കുകയും ചെയ്തിട്ടുണ്ട്. 19_ാമത്തേതായ 'ഒരു പതിവ്രതയുടെ കഥ' പണ്ടത്തെ വിദ്യാവിനോദിനിയിലും 14 കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ 'വനസഞ്ചാരം' ഭാഷാപോഷിണിയിലും, 9 'കടാക്ഷസന്ദേശം' വാണീവിലാസം മാസികയിലും, 16 'നല്ലഭാഷ' ലക്ഷ്മീഭായിയിലും പ്രസിദ്ധപ്പെടുത്തിയിരുന്ന കൃതികളാകുന്നു. പതിവ്രതയുടെ ഈ കഥ വാസ്തവമായി നടന്നതാണ്. ഇതാണ് കുറച്ചുകാലംമുമ്പെ ചില മാന്യന്മാരുടെ ശ്രമത്തിൽ കോഴിക്കോട്ടു ടൌൺഹാളിലെ നാടകാഭിനയത്തിന്നു വിഷയമായി, ചില രക്ഷാധികാരികളുടെ അതൃപ്തിനിമിത്തം വലിയൊരു ലഹളയ്ക്കിടവരുത്തിയതു്. നാടൊഴിഞ്ഞ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ ഒരു വനസഞ്ചാരത്തിൽ ഭാഗഭാക്കായിരുന്ന നമ്മുടെ കവിക്കുള്ള അനുഭവമാണ് വനസഞ്ചാരവിഷയം. 'കടാക്ഷസന്ദേശ'മാകട്ടെ, കവിയുടെ മരണശേഷം അദ്ദേഹത്തിന്റേതാണെന്നുള്ള ഒരു കുറിപ്പോടുകൂടി വാണീവിലാസം മാസികയിൽ കണ്ടതാകുന്നു. ഇതു ശരി

യാണെന്നു ഞങ്ങഃക്കു വിശ്വാസം വന്നിട്ടില്ല. ലക്ഷ്മീഭായിയിൽ ചേർത്തിരുന്ന 'നല്ല ഭാഷ' അപൂർണ്ണമാണ്. അതിൻെറ കുറേഭാഗം കൂടി നമ്മുടെ കവി എഴുതിവെച്ചിട്ടുള്ളതു പരമേശ്വരകൃപയാൽ നമുക്കു കിട്ടുമെന്നു സമാധാനിയ്ക്കാം.

മററ ചെറുകൃതികളും മംഗളങ്ങളും ഒററശ്ലോകവും പലതിൽ നിന്നുംകൂടി പെറുക്കി എടുത്തതാണെന്നല്ലാതെ പ്രത്യേകമൊന്നും പറയാനില്ല.

വിദ്യാർത്ഥികഃക്കുള്ള വിഷയങ്ങഃ പദ്യപാഠാവലിയിൽപെട്ടതാകുന്നു. ആവകയിൽ ഇനിയും കുറേ കാണും.

പ്രസ്തുതപുസ്തകത്തിലെ വിഷയങ്ങളെപ്പററി ഇതിലധികമൊന്നും ഇവിടെ പറയാനില്ല. ഇനിയും അനേകം കൃതികഃ നമ്മുടെ കവി എഴുതിയതു കിട്ടുവാനുണ്ട്. ആദ്യകാലത്തെ പല കൃതികളും മലയാളമനോരമ മുതലായ ചില പത്രങ്ങളിലും, കുറച്ചൊക്കെ ഭാഷാപോഷിണിയിലും മററമായിട്ടാണ് കിടക്കുന്നതെന്നറിയുന്നു. വലിയൊരു വഴക്കിന്നിടയാക്കിയ 'കവിമൃഗാവലി' വിദ്യാവിനോദിനിയിലാണുള്ളത്. പിന്നെ പലക്കുമയച്ച പദ്യക്കത്തുകളും കുറെ കാണണം. അതെല്ലാംകൂടി ശേഖരിച്ച് ഇനി ഒരു ബുക്കാക്കാമെന്നാണ് വിചാരിക്കുന്നത്.

ഒടുവിൽെറ ഛായാപടം ഇനിയും തയ്യാറായിട്ടില്ലെന്നു സലജ്ജം സമ്മതിക്കുകയേ ശരണമുള്ളൂ. മററ ചിലരോടുകൂടി എടുത്ത ഒരു ഫോട്ടോ മാത്രമേ ഞങ്ങഃക്ക് കിട്ടീട്ടുള്ളൂ. അതു ബ്ളോക്കുണ്ടാക്കുവാനയച്ച് അന്യാധീനമാകയും ചെയ്തിരിക്കയാണ്.

കുഞ്ഞികൃഷ്ണമേനോനവർകളുടെ പ്രാണസുഹൃത്തായ മഹാകവി പരമേശ്വരയ്യരവർകഃ, പ്രസ്തുത പുസ്തകത്തിന്ന് ഒരവതാരിക എഴുതിക്കൊള്ളാമെന്ന് ആദ്യംതന്നെ വാഗ്ദാനം ചെയ്കയും, അതിന്നും നമ്മുടെ കവിയുടെ യോഗ്യതകഃക്കും അനുസരിച്ച്, അദ്ദേഹം സ്വകൃത്യം സ്തുത്യർഹമായവിധം നിർവ്വഹിക്കുകയും ചെയ്തിട്ടുള്ളതിന്നു, പ്രസ്തുത പുസ്തകപ്രസിദ്ധീകരണത്തിൽ എന്നെ പ്രതിദിനം പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയും ചെയ്തിട്ടുള്ള ഒടുവിൽ രാമുണ്ണിമേനോനവർകളും ഞാനും പ്രത്യേകം കൃതജ്ഞന്മാരായിരിക്കുന്നു.

കോട്ടയ്ക്കൽ,
1102 മീനം 25-ാംനു- പി. വി. കൃഷ്ണവാരിയർ.

രണ്ടാം പുസ്തകത്തിന്റെ

# അവതാരിക.

ഭവനാപ്പേരുകൊണ്ട് 'ഒട്ട'വെങ്കിലും പ്രഭാവപ്പേരുകൊണ്ടു "ഒന്നാമൻ" എന്നു തന്റെ സമകാലികന്മാരായ സകല സഹൃദയന്മാരെക്കൊണ്ടും തലകുലുക്കി സമ്മതിപ്പിച്ചിരുന്ന ഒരനുഗൃഹീത മഹാകവിയായിരുന്നു എന്റെ പ്രാണസുഹൃത്തായ ശ്രീമാൻ, ഒട്ടുവിൽ കുഞ്ഞുകൃഷ്ണമേനോൻ. ഇരുപതുകൊല്ലത്തിലധികംകാലം ഞങ്ങൾ തമ്മിൽ സഹോദരനിർവ്വിശേഷമായ സൌഹാർദ്ദത്തിൽ വർത്തിച്ചു വന്നിരുന്നതിനാൽ എനിക്ക് അദ്ദേഹത്തിന്റെ കവികർമ്മകൌശലത്തേയും, ഗദ്യരചനാപാടവത്തേയും, സഹൃദയധർമ്മമർമ്മജ്ഞതയേയും, ഫലിതപ്രയോഗനൈപുണ്യത്തേയും പററി ധാരാളം അറിവാൻ ഇടവന്നിട്ടുണ്ട്. സംസ്കൃതഭാഷയിൽ അത്യഗാധമായ അവഗാഹം ഭാഷാകവികൾക്കു ശാപസമ്മിശ്രമല്ലാത്ത ഒരനുഗ്രഹമാണോ എന്നു സംശയം തോന്നത്തക്ക നിലയിൽ, പ്രതിഭയുടെ പരിപൂർണ്ണമായ പ്രകാശത്താൽ ലക്ഷ്യശുദ്ധി ലഭിച്ച്, ഒരു ആജാനപണ്ഡിതനായി പ്രശോഭിച്ച ഈ കവിപുംഗവൻ ആധുനികസാഹിത്യനഭോമണ്ഡലത്തിലെ അതിജാജ്വല്യമാനമായ ഒരു തേജഃപുഞ്ജമായിരുന്നു. 'ദ്രഷ്ടവ്യൻ' എന്ന പദം പ്രയോഗിക്കുവാൻ താൻ അധികാരിയല്ലെന്നും, 'കാണവ്യൻ' എന്നു പറയുവാൻ മാത്രമേ താൻ സമ്പാദിച്ച സംസ്കൃതവ്യുൽപ്പത്തി തന്നെ അനുവദിക്കുന്നുള്ളു എന്നും തനിക്കുള്ള സ്വതസ്സിദ്ധമായ ഫലിതശൈലിയിൽ കുഞ്ഞുകൃഷ്ണമേനോൻ ഒരു വിദ്വൽസദസ്സിൽ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അതിൽ അദ്ദേഹത്തിനുള്ളതായി സംഭാവനംചെയ്ത അജ്ഞത അയഥാർത്ഥമാണെന്ന് അസ്മാദൃശന്മാർക്ക് അറിയാം. ഭാഷാകവിതക്ക് അവശ്യമായി വേണ്ട സംസ്കൃതജ്ഞാനം എന്റെ സ്നേഹിതനുണ്ടായിരുന്നു; എന്നാൽ ആ ഭാഷയിൽ വലിയ ഗ്രന്ഥപരിചയമോ ശാസ്ത്രപാണ്ഡിത്യമോ അദ്ദേഹം സമ്പാദിച്ചിരുന്നില്ല.

"ന ജായതേ ലക്ഷണമന്തരേണ;
തദേകതാനാ തു വിനാശമേതി;
കൃപാണധാരാവ്രതവൽ കവീനാം
സുദുഷ്കരാ കാപി കവിതാരീതിഃ".

എന്നു ഭാവുകന്മാർ പണ്ടേപണ്ടേ സമ്മതിച്ചിട്ടുണ്ട്. എന്നാൽ പറയത്തക്ക ലക്ഷണജ്ഞാനം കൂടാതെയുള്ള കാവ്യോൽപ്പത്തി—വിഭാവനാലങ്കാരത്തിന് ഉദാഹരണമായിപോലും സാമാന്യലോകം കരുതിയേക്കാവുന്ന ആ അപൂർവ്വസംഭവം—ആരെത്തന്നെ ആശ്ചര്യപരവശന്മാരാക്കുന്നതല്ല! അഥവാ സരസ്വതീദേവിയുടെ പരിപൂർണ്ണാനുഗ്രഹം സിദ്ധിച്ച പുണ്യശ്ലോകന്മാർക്കുണ്ടോ ശാസ്ത്രസാമഗ്രിയുടെ ആവശ്യകത? ആകാശഗാമികളായ അവരുടെ സിദ്ധിവൈഭവം അന്യാദൃശമാകുന്നു; അവർക്കു സാധാരണ മനുഷ്യരുടെ ശകടാദ്യുപകരണങ്ങൾ ഭാരമായിത്തന്നെ തീരാവുന്നതാണ്. അത്തരത്തിലുള്ള ഒരു മഹാപുരുഷനായിരുന്നു കുഞ്ഞുകൃഷ്ണമേനോൻ. അന്തഃകരണത്തിന്റെ നിർവൃതിയാകുന്നു കവിതയുടെ പരമപ്രയോജനമെങ്കിൽ അതു് ഒടുവിനെപ്പോലെ നല്കുവാൻ കഴിഞ്ഞിട്ടുള്ള ഭാഷാകവികൾ അധികം പേരില്ല. കറ കളഞ്ഞതും കരടററതുമായ ഭാഷയിൽ തന്മയത്വത്തോടുകൂടി പറയാനുള്ളതു് ഭംഗിയായി വളച്ചുകെട്ടൊന്നുംകൂടാതെ പറയുക എന്ന ആ അതിദുഷ്കരമായ കർമ്മം അദ്ദേഹത്തെപ്പോലെ അടുത്ത കാലങ്ങളിൽ മററാക്കെങ്കിലും സാധിക്കുമായിരുന്നുവോ എന്നു സംശയമാണ്. ഫലിതംകൊണ്ടു കടുകു വരുക്കുന്ന വിദ്യ ഒന്നു് അദ്ദേഹം വേറേയും അഭ്യസിച്ചിരുന്നു. ഈ കാരണങ്ങളാൽ ഒടുവിന്റെ കവിതയ്ക്കു വിജ്ഞന്മാരേയും അജ്ഞന്മാരേയും ഒരുപോലെ പ്രസാദിപ്പിക്കുന്നതിനുള്ള ശക്തിയുണ്ടായിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ കുഞ്ചൻനമ്പ്യാരായി വേഷം മാറിയാലത്തെ നിലയെന്തെന്നു് അദ്ദേഹം നമ്മെ പലപ്പോഴും അനുഭവപ്പെടുത്തിയിരിക്കുന്നു. ഭാഷാസാഹിത്യത്തിന്റെ ദുരദൃഷ്ടത്താൽ പ്രാപ്തകാലത്തിലായിരുന്നില്ല നിര്യാണം; ജീവിച്ചിരുന്ന കാലത്തുതന്നേയും ഉദ്യോഗപാരതന്ത്ര്യംനിമിത്തം വേണ്ടപോലെ ലഭിച്ചിരുന്നില്ല വിശ്രമാവസരം; അല്ലെങ്കിൽ എന്റെ സ്നേഹിതനു തന്റെ നൈസർഗ്ഗികമായ ആത്മവീര്യം മുഴുവൻ ആവിഷ്കരിക്കുന്നതിനും, ഭാഷാസാമ്രാജ്യത്തിൽ അനന്യസുലഭമായ ഒരു സ്ഥാനം അലങ്കരിക്കുന്നതിനും ഇടവരുമായിരുന്നു. എന്തുചെയ്യാം! ഇന്നു് അദ്ദേഹത്തിന്റെ കൃതികൾ നിരൂപണം ചെയ്യുന്നവർ,

“അന്ധുരരിവ ഫലമ്മാംശോ—
രർദ്ധേന്ദുരിവധൂർജ്ജടേ!”

എന്ന നിലയാണ് അവയെ പൎയ്യവേക്ഷണം ചെയ്യേണ്ടതെന്നുള്ള വസ്തുത വിസ്മരിക്കുവാൻ പാടുള്ളതല്ല.

ഒടുവിനെ ആദ്യമായി എനിക്കു കണ്ടു പരിചയം 1896 ജനവരിമാസത്തിൽ അദ്ദേഹം തിരുവനന്തപുരത്തെ ആംഗലകലാശാലയിൽ ബി. എ. ക്ലാസ്സു വായിക്കുവാൻ വന്ന അവസരത്തിലായിരുന്നു. അന്നു ഞാൻ ആ കോളേജിൽ സീനിയർ ബി. എ ക്ലാസ്സു പഠിച്ചുകൊണ്ടിരിക്കയായിരുന്നു. അതിനുമുമ്പുതന്നെ അദ്ദേഹത്തിൻെറ

"എട്ടാണ്ടായൊരു മോരുമെൻെറ ശിവനേ!
ചുണ്ണാമ്പു ചോരം പുഴ-
ക്കൂട്ടം തത്തിടുമുപ്പിലിട്ടതുമഹോ
കൈപ്പേറുമുപ്പേരിയും
പൊട്ടച്ചക്കയിൽ മോരൊഴിച്ചു വഷളാ-
ക്കിത്തീൎത്ത കൂട്ടാനുമീ-
മട്ടിൽ ഭക്ഷണമുണ്ടു ഛൎദ്ദിവരുമാ-
റെർണാകുളം ഹോട്ടലിൽ."

ഇത്യാദി പദ്യങ്ങൾ മനോരമവഴിയായും,

"മഞ്ഞപ്പോടു കറുപ്പു ചോപ്പിഹ വെളു-
പ്പെന്നുള്ള വൎണ്ണങ്ങളാൽ
മഞ്ജുത്വം കലരുന്നൊരീയുപവനം
സൂക്ഷിച്ചു കണ്ടീടുകിൽ
മഞ്ഞോടംബുദഹേമകുങ്കുമമിതെ-
ല്ലാം ചേൎന്നു മിന്നുന്നതായ്
നെഞ്ചിൽ ഭ്രാന്തിവരാതെയുള്ള രസിക-
ന്മാരില്ല പാരുള്ളതിൽ."

ഇത്യാദി പദ്യങ്ങൾ ഭാഷാപോഷിണിവഴിയായും എൻെറ ഹൃദയത്തിൽ സ്ഥലം പിടിച്ചിരുന്നു. തമ്മിൽ കണ്ട ദിവസം മുതല്ക്കുതന്നെ സരസ്വതീദാസന്മാരായ ഞങ്ങൾ രണ്ടുപേരും സൌഹാൎദ്ദഭാജനങ്ങളായിത്തീൎന്നുവെന്നു പറയേണ്ടതില്ലല്ലോ. വിശ്രമം കിട്ടുമ്പോൾ വിനോദപദ്യങ്ങളെഴുതുക, മലയാളി മുതലായ പത്രങ്ങളിൽ സാഹിത്യസമരങ്ങൾ നടത്തുക മുതലായി യുവജനസാധാരണങ്ങളായുള്ള ചാപല്യങ്ങളെല്ലാം ആ പ്രായത്തിൽ ഞങ്ങളേയും

പിടികൂടുകയുമുണ്ടായി. ആയിടക്ക് ഒടുവെഴുതിയ "പങ്കീപഞ്ചകം" എന്ന ലഘുകൃതിയിലെ ഒരു ശ്ലോകം താഴെ ഉദ്ധരിക്കുന്നതിൽനിന്നു അന്നുതന്നെ അദ്ദേഹത്തിന്റെ പദ്യനിർമ്മാണചാതുരി എത്ര അത്യുച്ചമായ ഒരു സ്ഥാനത്തിൽ എത്തിയിരുന്നുവെന്നു വായനക്കാൎക്കു കാണാവുന്നതാണ്.

"തങ്കക്കണ്ണാടിനോക്കിത്തലമുടിയെ വകു-
  ത്തിട്ടു കൈയാലൊതുക്കി-
ത്തിങ്കൾക്കീറൊത്ത നെററിത്തടമതിലഴകിൽ-
  കുങ്കുമപ്പൊട്ടുകുത്തി
കൊങ്കക്കണ്ണൊന്നിളക്കിജ്ഝടിതി തലകുലു-
  ക്കുമ്പൊഴം മാൎഗ്ഗത്തിൽനിന്നോ-
രെങ്കൽക്കണ്ണിട്ടടിച്ചോരടി ബഹുകഠിനം!
  പങ്കി! പങ്കേരുഹാക്ഷി!"

ശ്രീമാൻ മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ കവിരാമായണത്തിൽ ആ കവി ചിലൎക്കു കൊടുത്ത സ്ഥാനങ്ങൾ സമുചിതങ്ങളായില്ലെന്നുള്ള കാരണത്താൽ ഒടുവ് അക്കാലത്തു നടത്തിയ വാഗ്വാദം വയസ്വികളായ സഹൃദയന്മാർ ഇന്നും മറന്നിരിക്കുവാനിടയില്ല. കുമാരമംഗലത്ത് നീലകണ്ഠൻനമ്പൂതിരിപ്പാട്ടിലേക്കു കവിതയില്ലാതിരുന്നതിനാൽ അദ്ദേഹത്തെ ആ ഗ്രന്ഥത്തിൽ സ്മരിച്ചതു് ശരിയായില്ലെന്നും, അദ്ദേഹത്തിന്റെ ധനാഢ്യതയാണ് പണിക്കരെ ആ വിഷയത്തിൽ പ്രേരിപ്പിച്ചതെങ്കിൽ ആ സ്ഥാനം, "പാറായിത്തരകനു ചേൎക്കിലിതിലും നന്നാകുമെന്നെൻമതം" എന്നും മററും പറഞ്ഞുകൊണ്ടുള്ള ഒടുവിന്റെ സമരാഹ്വാനവും, അതിനു പണിക്കരുടെ ശൌൎയ്യപ്രകാശകമായുള്ള ഉത്തരവും മററും എന്തു നേരംപോക്കായിരുന്നു! ആ വാദത്തിൽ 'ലക്ഷ്മണൻ' എന്ന വ്യാജനാമധേയത്തിൽ ഞാനും ഒരു ചില്ലറപ്പങ്കു ചേരുകയും പണിക്കർ എന്നെ ഒടുവെന്നു സംശയിച്ചു്,

"................കവി ലക്ഷ്മണൻ താൻ
സത്യം സുധാസദൃശഗീരുകളാൽ ഭവാനോ-
ടൊത്തിടുവാൻ വളരെയർഹതയാന്നു കണ്ടേൻ"

എന്ന് മലയാളിയിൽ എഴുതിയതും എനിക്ക് ഈ അവസരത്തിൽ ഓർമ്മവരുന്നു. അനന്തരകാലങ്ങളിലും ഇതുപോലെ പല വാദങ്ങളിൽ ഒട്ടുവേപ്പെട്ടുകയുണ്ടായിട്ടുണ്ട്. അദ്ദേഹം "രാമരാജൻ" എന്നൊരു മലയാളപത്രം ബി. എ്യ്യു വായിക്കുന്ന കാലത്തു തിരുവനന്തപുരത്തുവെച്ചു നടത്തിക്കൊണ്ടിരുന്നു. അതിലേ കവിതാപംക്തിയിൽ 'മാർഗ്ഗദർശിപ്രിയൻ' എന്ന പേരിൽ

"തള്ളു തൽക്കഥ! മൽപ്രിയൻെറ മൊഴി കേൾ-
ക്കു, സങ്കടക്കുട്ടിൽനി-
ന്നുള്ളു,രുംപടി പദ്യപങ്ക്തിയെഴുതി-
ത്തീർക്കു മുറയ്ക്കിന്നിയും"

എന്ന് ഒരു യുവകവിയെ ഹാസ്യരസത്തിൽ ഉപദേശിച്ചതു് അദ്ദേഹത്തിനു പദ്യങ്ങൾ ഞാനെഴുതിക്കൊടുത്തിരുന്നുവെന്നുള്ള തെററിദ്ധാരണയാലാണ്. പിന്നീടാണ് തൻെറ അനുമാനം അബദ്ധമെന്നും, ആ കവിക്കു കവിതയുണ്ടെന്നും ഒട്ടുവിനു ബോദ്ധ്യമായതു്. മനോരമയിൽ പരേതനായ ശ്രീമാൻ എവൂർ എൻ. വേലുപ്പിള്ള വേദാന്തവിഷയകമായി ഏതാനും ശ്ലോകങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അതിനെ ഏതോ ഒരു കള്ളപ്പേരിൽ ഒട്ടുവു ഖണ്ഡിക്കുവാൻ ശ്രമിക്കുകയും,

"അഹങ്കാരംകൈക്കൊ.................ട-
നാഹംകാരംകാരംമരുവുമവനേ നാസ്തികനഹോ"

എന്നു് എവൂർ അതിനു മറുപടി പറഞ്ഞപ്പോൾ—

"കാരംകാരമതെന്നു നൂറുരുവൊരേ-
പദ്യത്തിൽ വച്ചീടിലും
................."

ഇത്യാദി ശ്ലോകങ്ങൾ എഴുതി ഒട്ടുവ് അദ്ദേഹത്തെ കളിയാക്കുകയാണ് ചെയ്തതെന്നു പലക്കും ഓർമ്മയുണ്ടായിരിക്കും. കവനകൌമുദിയിൽ സ്ത്രീഗർഹണം എന്ന വിഷയം സംബന്ധിച്ച് ഒട്ടുവും ഞാനുമായി വ്യാജവേഷത്തിൽ വാക്കലഹമുണ്ടായിട്ടുണ്ട്. ഇതിൽ നിന്നെല്ലാം ഒട്ടുവ് ഒരു കുസൃതിക്കാരനാണെന്നു് പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാമെങ്കിലും വാസ്തവത്തിൽ ഇത്ര ഹൃദയശുദ്ധിയുള്ളവ

രെ അപൂർവമായി മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ എന്നു ധൈര്യമായി പറയാം. ഉറങ്ങിക്കിടക്കുന്ന കവിതാപങ്ക്തികൾക്ക് ഒരുണൎച്ച നല്കുന്നതിനുവേണ്ടി മാത്രമാണ് പലപ്പോഴും ഈ വിനോദത്തിൽ അദ്ദേഹം ഏർപ്പെട്ടിരുന്നത്. താക്കെറെ എന്നു പ്രസിദ്ധനായ ആംഗലസാഹിത്യകാരന്റെ ഗ്രന്ഥങ്ങളിൽ പലതും ഒടുവിനെ ആശ്ലേഷിച്ചിരുന്നു.

കുറെക്കാലം കഴിഞ്ഞു യശശ്ശരീരനായ എന്റെ പ്രാണസ്നേഹിതൻ മഹാമഹിമശ്രീ പന്തളത്തു കേരളവൎമ്മ തമ്പുരാൻ കവനകൌമുദി ഒരു വൃത്താന്തപത്രരൂപത്തിൽ ആരംഭിക്കുകയും, അതിൽ ഒടുവ് ഒരു പ്രധാനലേഖകനായിത്തീരുകയും ചെയ്തു. അവർ തമ്മിലുള്ള സ്നേഹം ഒന്നിനൊന്നു ഗാഢതയെ പ്രാപിച്ചു. ഒടുവിന്റെ കനിഷ്ഠസഹോദരി ശ്രീമതി അമ്മുക്കുട്ടി അമ്മയെ തമ്പുരാൻ വിവാഹംചെയ്ത വിവരം ഭാഷാഭിമാനികളിൽ പലക്കും അറിവുള്ളതാണല്ലോ. ആയിടയ്ക്കു ഞാൻ മാവേലിക്കര തഹശിൽമജിസ്ത്രേട്ടായിരുന്നു. 1084-ലെ തൃശ്ശൂർ പൂരത്തിനു ഭാരതവിലാസം സഭയുടെ അദ്ധ്യക്ഷനായി ഞാനും എന്നോടുകൂടി തമ്പുരാനും പോവുകയും, അവിടെവെച്ച് ഒടുവിനെ അനേകം കൊല്ലങ്ങൾക്കിപ്പുറം ഞാൻ വീണ്ടും കാണുകയും ചെയ്തു. അന്നത്തെ ഒടുവ്-പണ്ടത്തെ ഒടുവ്-ഫലിതമൂർത്തിയായ ആ ഒടുവ്—തന്നേയായിരുന്നു. കുണ്ടൂർ, ഒടുവ്, തമ്പുരാൻ, ഞാൻ ഈ ഞങ്ങൾ നാലുപേരുമായി ഒരു ചായക്കടയിൽ ചായ കുടിക്കാൻ കേറിയതും, കുണ്ടൂരിന്റെ കൈയിൽനിന്നു ചായപ്പാത്രം തട്ടിപ്പറിച്ചുകൊണ്ട് ഒടുവ് "ചായാമപഹരതി കവിഃ" എന്നല്ലേ നിങ്ങളൊക്കെ പറയുന്നത്? ഞാൻ കവിയാകണമെങ്കിൽ ചായ അപഹരിക്കാതെ നിവൃത്തിയില്ല; അതാണ് ഇങ്ങനെ ചെയ്തത് എന്നു പറഞ്ഞതും ഞാൻ ഇപ്പോഴും ഓക്കുന്നുണ്ട്. അവിടെവെച്ചു നടന്ന കവിതാവേഗപരീക്ഷയിൽ ഒടുവിനും പ്രശസ്തമായ വിജയം സിദ്ധിക്കയുണ്ടായി. 'ശ്രീമതി' എന്ന ഖണ്ഡകാവ്യം ആ സന്ദൎഭത്തിലാണ് രചിച്ചത്. കുറെക്കൊല്ലം കൂടി കഴിഞ്ഞു തമ്പുരാൻ തിരുവനന്തപുരത്തു മലയാളപണ്ഡിതരായി വന്നതിന്റെ ശേഷം ശ്രീവരാഹത്ത് ഒരു വാൎഷികയോഗത്തിൽ അദ്ധ്യക്ഷനായി ഒടുവു വന്നുചേരുകയും, അക്കാലത്ത് 'ആഞ്ജനേയവിജയം' ഞങ്ങൾ പലരുംകൂടി രചിക്കുകയും ചെയ്തു. അതിൽ പിന്നീടു ഞങ്ങൾക്കു തമ്മിൽ കാണുവാൻ യോഗമുണ്ടായില്ല. എന്റെ അക്കൈ

തവസൗഹൃത്തിൻെറ അകാലനിര്യാണം തമ്പുരാൻെറ മുഖത്തിൽനിന്നു കേൾക്കുന്നതിലുള്ള ദൌർഭാഗ്യം മാത്രമാണ് എനിക്കവശേഷിച്ചിരുന്നത്!

ഒടുവിൻെറ കവിതാഗുണങ്ങൾ പരിപൂർണ്ണമായി പ്രകാശിക്കുന്ന കൃതികൾ പലതുമുണ്ടെങ്കിലും ഈ പുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ചണ്ഡാലീമോക്ഷത്തെത്തന്നെ അവയ്ക്ക് ഒരു മാതൃകയായി സ്വീകരിക്കാവുന്നതാണ്. അദ്ദേഹത്തിൻെറ തൂലിക വരച്ച ആ ചണ്ഡാലിയുടെ ചിത്രം ഏതു സഹൃദയൻെറ ഹൃദയഭിത്തിയിൽ നിന്നാണ് മായുക?

"കറുകറനെയിരുണ്ടിരുട്ടുഭൂതം
പെറുമൊരു നൂതനമായ പൈതൽപോലെ
തുറുകവിൾ, പതിമൂക്കു, നല്ല വൈക്കോൽ—
ത്തുറുവയ,റിത്തരമാണു വേഷഘോഷം.

ഇരുമിഴികളുമില്ല; മെയ്യിലെല്ലാ-
മൊരുവിരലിൻഫലനമുണ്ടു കുഷ്ഠബീജം;
പെരുമുറകരയും കിടാവജസ്രം
പുരുരുധിരപ്പുളിനീർ പൊതിഞ്ഞപോലെ".

ഇങ്ങനെയൊരു ബീഭത്സചിത്രം മററാക്കെങ്കിലും നിർമ്മിക്കുവാൻ കഴിയുമോ എന്നു സംശയമാണ്. പൂർവ്വജന്മത്തിൽ തേവിടിശ്ശിയായിരുന്ന അവസ്ഥയേയും ഇഹജന്മത്തിൽ അന്ധയും കുഷ്ഠരോഗിണിയും, പറച്ചിയുമായിരിക്കുന്ന സ്ഥിതിയേയും ഭാവനാകുശലനായ മഹാകവി എത്ര ഭംഗിയിൽ താരതമ്യപ്പെടുത്തുന്നുവെന്നു പരിശോധിക്കുക.

"കഴുകി മിനുസമാക്കി മുൻപു പച്ച-
പ്പുഴു പനിനീരൊടണിഞ്ഞ കൊങ്കയുഗ്മം
കഴുകിനവസരം വരായ്കമൂലം
പുഴു പനിനീരിടചേർന്നു തത്തിടുന്നു.

ഹിതമെഴുമൊളിപൂരുഷൻ വരുമ്പോൾ
കതകിനുവച്ചൊരു സാക്ഷയാശു നീക്കാൻ
ഉതകിന വിരലൊക്കെയററു ചോര-
പ്പുത ചലമൊത്തൊഴുകുന്ന മട്ടിലായി!"

ഇങ്ങനെ തുടങ്ങിയുള്ള ആ രോമഹർഷദമായ ചിത്രണത്തിന്റെ ആസ്വാദ്യത അനുഭവിച്ചുതന്നെ അറിയണം. പരസ്പരവിരുദ്ധങ്ങളായ ശൃംഗാരബീഭത്സരസഹയങ്ങളെ ഇടവും വലവുമായി കെട്ടി കാവ്യരഥം ഓടിക്കുക എന്ന അത്ഭുതകർമ്മം ഇത്ര ഹൃദയാകർഷകമായവിധം ആരുംതന്നെ ചെയ്തിട്ടുള്ളതായി ഓർമ്മവരുന്നില്ല.

ഒടുവിന്റെ "ഫലിതപ്രയോഗങ്ങൾ" അഥവാ "പൊടിക്കൈകൾ" എല്ലാ കേരളീയർക്കും വിസ്മയാവഹമായി തോന്നീട്ടുള്ളതാണ്.

"അന്തർജ്ജനം പലരെയും തകരാറിലാക്കി,-
യെന്തക്രമം തലതെറിച്ചിതു ധർമ്മവൃക്ഷം"
"മല്ലീശരന്റെ വികടപ്പണിയാരറിഞ്ഞു"
"പിണ്ണാക്കുമാടനു പിണഞ്ഞ പിണച്ചിൽനോക്കു!"
"മതലാവില്ലവനിങ്ങടുത്തുവന്നാൽ"
"പ്രണയക്കരുവായ കാന്തയാളിൽ
പണയംവെച്ച മനസ്സൊടാമനുഷ്യൻ"

ഈ മാതിരിയുള്ള ഫലിതപ്രയോഗങ്ങൾ വെണ്മണി, ശിവോള്ളി ഇവരുടെ കാലത്തിനിപ്പുറം ഒടുവിന്റെ കൃതികളിലേ നാം ധാരാളമായി കണ്ടിട്ടുള്ളു. ഇന്ന് ആ സ്ഥാനത്തു "മന്മാത്രശേഷം ബലം" എന്ന നിലയിൽ നില്ക്കുന്നതു നട്ടുവം മഹനാണ്. ഈ വിഷയത്തെപ്പററി എന്റെ സ്നേഹിതൻ ശ്രീമാൻ കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് ഒരു ദീർഘമായ ഉപന്യാസം ആയിടയ്ക്കു പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ അതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കുക മാത്രമേ ഞാൻ ചെയ്യേണ്ടതായുള്ളു.

അതാതു പാത്രങ്ങൾക്ക് അനുരൂപമായ വിധത്തിൽ സംഭാഷണം ചെയ്യിക്കുന്നതിന് ഒടുവിനുള്ള സാമർത്ഥ്യം അന്യാദൃശമാണ്.

പെരുവഴിനടുവെ നടന്നുപോകും
പെരുമപെടുന്നവരെ! കുറച്ചു നില്പിൻ;
ഒരു ചെവിയിവൾതന്റെയല്ലൽ കേൾപ്പാ-
നരുളുവിനൊന്നു പറഞ്ഞു തീർത്തിടട്ടേ.

പറയനുടെ പഴങ്കിടാവു ഞാനെൻ-
പിറവിയിലേ മിഴി രണ്ടുമില്ലയല്ലോ
കറപെരമുടൽ കണ്ടു തന്തയെന്തോ
പറവതു? ക്രുദ്ധവെടിഞ്ഞു വിട്ടെറിഞ്ഞു."

മുതലായ ഭാഗങ്ങരം നോക്കുക. പറയിയുടെ വാക്കാകയാൽ പച്ചമലയാളം 'സ്വയമേവാഗത'മായതാണ്. സന്ദർഭോചിതങ്ങളായ നവനവോല്ലേഖങ്ങളും കവിയ്ക്കു സ്വാധീനമാണ്.

ചരണങ്ങരം കുറച്ചുരച്ചു, മന്തഃ-
കരണം തേന്മൊഴിയിൽ പ്രതിഷ്ഠചെയ്തും,
ചിരമങ്ങനെ വാണിതുള്ളിലേതോ
സരസോല്ലേഖമെഴും കവിക്കു തുല്യം."

എന്ന പദ്യം ഒറവങ്കരരാജൻെറ

"മർത്ത്യാകാരേണ ഗോപീവസനനിര ക-
വർന്നോരു ദൈത്യാരിയെ"

എന്ന പദ്യംപോലെ, മററൊന്നുംതന്നെ തൽകൎത്താവു നിൎമ്മിച്ചില്ലെങ്കിലും, അദ്ദേഹത്തിനു മഹാകവിപദത്തെ പ്രദാനം ചെയ്യുവാൻ പൎയ്യാപ്തമാണ്.

"ചെറനരനതിബുദ്ധിയെന്നു ഭാവി-
ച്ചവഷളാം ക്രിയ ചെയ്യുതോക്കമൂലം.
ചെറതൊരു പരിഹാസഭാവമുണ്ടാ-
നറനളിനോപമകോമളാനനത്തിൽ."

"ഒരിക്കൽക്കിടക്കും തെരിക്കെന്നെഴന്നേ-
ററിരിക്കും കുറെസ്സഞ്ചരിക്കും തിരിക്കും
മരിക്കാൻ കിടക്കുന്നൊരുത്തൻ നടത്തും
സ്ഥിരക്കേടവൻ കാട്ടിയൊപ്പിച്ചു സൎവ്വം."

ഇത്യാദി പദ്യങ്ങളിൽ കാണുന്ന മനോധൎമ്മവും പ്രത്യേകം പ്രശംസനീയമാണ്.

പച്ചമലയാളകവിതയ്ക്കു കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമേനിയെയും, ശ്രീമാൻ കുണ്ടൂരിനേയും കഴിച്ചാൽ ഒടുവിനെപ്പോലെ വിദ

ദ്ധനായ ഒരു ഭാഷാകവി ഇതുവരെ ഉണ്ടായിട്ടില്ലെന്നുവേണം പറവാൻ. അദ്ദേഹത്തിൻെറ 'മരിരാശി കടൽക്കര'യോടു കിടപിടിക്കുന്ന വർണ്ണനാത്മകമായ ഒരു പച്ചമലയാളഖണ്ഡകാവ്യം ഞാൻ ഇതുവരെ വായിച്ചിട്ടില്ല. ഈ പുസ്തകത്തിൽ കാണുന്ന 'നല്ല ഭാഷ' നാല്പതിൽപ്പരം ശ്ലോകങ്ങളോളം ഒടുവെഴുതിയതായി എനിക്ക് ഓർമ്മയുണ്ട്. കുറേയധികം പച്ചയായിപ്പോകയാൽ വേണ്ടെന്നു ഞാൻ ഗുണദോഷിക്കുകനിമിത്തം മുഴപ്പിക്കാത്തതാണ്. ഈ ഖണ്ഡകാവ്യത്തിൻെറ ഒരു കയ്യെഴുത്തുപ്രതി എൻെറ കൈവശമുണ്ടായിരുന്നു. അത് നോക്കിയെടുത്തു കൌമുദിയിൽ പ്രസിദ്ധപ്പെടുത്താം. "നുള്ളിക്കളഞ്ഞിതു മിടുക്കനൊരുമ്മയാലേ" മുതലായി ഒടുവിൻെറ വിജാതീയ രീതിയിലുള്ള പല ഫലിതപ്രയോഗങ്ങളും അതിലുണ്ട്. ഇപ്പോഠം അച്ചടിച്ചിരിക്കുന്ന ഭാഗത്തിൽത്തന്നെ എന്തെല്ലാം രസികത്തങ്ങളുണ്ടെന്നു കാണുക!

"മിന്നൽക്കൊക്കുന്ന പൂമെയ്പ്പൊലിമയുമകതാ-
 തിട്ടുലക്കും മുലകൾ-
ന്നൃന്നപ്പോക്കും മഴക്കാറെതിർ തലമുടിയും
 മുല്ലമൊട്ടൊത്ത പല്ലും
കന്നൽക്കണ്ണും കടംചോപ്പുടയ ചൊടികളും
 കാണുകിൽ കൊച്ചുതെക്കൻ-
തെന്നൽത്തേരിൽ കരേറുന്നവനുടെ തറവാ-
 ട്ടമ്മയോയെന്നു തോന്നും."

ഇത്യാദിപദ്യങ്ങഠം നിർമ്മിക്കുവാൻ ഒരാഠം എത്ര വലിയ ഭാഷാപദവൈശ്രവണനായിരിക്കണം!

ഒടുവിൻെറ നിസർഗ്ഗസുന്ദരമായ ഗദ്യരീതിയെപ്പററി അപ്രകൃതമാകയാൽ ഇവിടെ വിവരിക്കുന്നില്ല. ചെറുകഥകഠം എഴുതുവാൻ ഇതുപോലെ വാസനയുള്ളവർ ആരെങ്കിലും ഇന്നുണ്ടോ എന്നു സംശയമാണ്. രാഷ്ട്രീയവിഷയങ്ങളെപ്പററി ഫലിതസമ്മിശ്രമായ ലേഖനപരമ്പരയെഴുതുവാൻ ഒടുവിനുള്ള പാടവവും അസാധാരണമായിരുന്നു. മനോരമയിൽ 'കോരപ്പപ്രഭു' എന്ന പേരിൽ അദ്ദേഹം എഴുതിക്കൊണ്ടിരിക്കുന്ന ലേഖനങ്ങളുടെ സ്വാരസ്യം ഭാഷാഭിമാനികഠം മറന്നിരിക്കയില്ല. വേങ്ങയിൽ കുഞ്ഞുരാമൻനായനാർ,

ഇരുവനാട്ട നാരായണൻനമ്പിയാർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ ഈ അംഗങ്ങളാൽ അലംകൃതമായിരുന്ന ആ സാഹിത്യത്തറവാട് ഇപ്പോഠം അന്യംനിന്നുപോയപോലെ തോന്നിപ്പോകുന്നു.

ഏതു വിധത്തിൽ നോക്കിയാലും ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ വാദേവതയുടെ ഒരു വരിഷ്ഠവത്സല സന്താനമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഇത്ര വളരെ ഭിന്നഭിന്നങ്ങളായ സാഹിതീസരണികളിൽ സ്വൈരസഞ്ചാരംചെയ്ത വിജയലക്ഷ്മിയാൽ സ്വയംവൃതരായ കേരളീയകവികഠം അധികം പേരില്ല. ചുരുക്കിപ്പറഞ്ഞാൽ ഈ മഹാത്മാവു ഭാഷാഭിമാനികളായ സകല കേരളീയരുടേയും നിഷ്കൈതവമായ നിത്യാരാധന അർഹിക്കുന്നു. ആ ആരാധനക്ക് അദ്ദേഹത്തിൻെറ കവിതകളുടെ പ്രസാധനം മൂലം സൌകൎയ്യം നൽകുന്ന ഭാഷാപോഷകമൂർദ്ധന്യൻ പി. വി. കൃഷ്ണവാരിയരുടെ ഏതാദൃശമായ സദ്വ്യവസായം ശ്ലാഘാസീമയെ സൎവ്വഥാ അതിവൎത്തിക്കുകതന്നെ ചെയ്യുന്നു. പരോപകാരപ്രവണനായ എൻെറ പ്രിയസുഹൃത്തിനെ ഈശ്വരൻ മേൽക്കുമേൽ സഹായിക്കട്ടെ.

തിരുവനന്തപുരം,
28 7—1102.

കവിതിലകൻ
ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
എം. ഏ; ബി. എൽ; എം. ആർ. ഏ. എസ്സ്.

# വിഷയാനുക്രമണിക


അവതാരിക — പി. വി. കൃഷ്ണവാരിയർ ... ... 1—8
ജീവചരിത്രം — പുത്തേഴത്ത് ഗോവിന്ദമേനോൻ, ബി. എ. 9—17
രണ്ടാംപുസ്തകത്തിന്റെ മുഖവുര — പി. വി. കൃഷ്ണവാരിയർ 18—20
രണ്ടാംപുസ്തകത്തിന്റെ അവതാരിക —
മഹാകവി ഉള്ളൂർ, എസ്സ്. പരമേശ്വരയ്യർ 21—31

ഒന്നാം ഭാഗം

1. ദേവീസ്തവം ... ... 1
2. വിനോദിനി ... ... 4
3. അജാമിളമോക്ഷം (വഞ്ചിപ്പാട്ട്) ... ... 28
4. ഒരു പോല്ലീസ് ഇൻസ്പെക്ടരുടെ വധം ... 42
5. പട്ടിക്കഥ ... ... ... 51
6. രത്നാവലി ... ... ... 58
7. തീവണ്ടി ... ... ... 69
8. കുംഭകോണയാത്ര ... ... ... 71
9. മദിരാശി കടൽക്കര ... ... ... 105
10. ആരോഗ്യസ്തവം ... ... ... 110
11. കവനകൌമുദിക്ക് ഒരു ഉപദേശം ... ... 115
12. ഉപകോശ ... ... ... 118
13. കിരീടധാരണമഹോത്സവം ... ... 132
14. പള്ളിപ്പുറത്തുവെച്ചു തീപ്പെട്ട സാമൂതിരിപ്പാടു തമ്പുരാൻ തിരുമനസ്സിലെ മെഡലിന്നർഹതപ്പെട്ട പദ്യങ്ങൾ 134
15. ലക്ഷ്മീവിലാസശതകം ... ... 142

രണ്ടാം ഭാഗം

16. ആഖ്യാഗീതി ... ... ... 163
17. ചിററർ നമ്പൂതിരിപ്പാട് ... ... 166
18. ശ്രീമൂലവഞ്ചീശദശകം ... ... ... 179
19. പട്ടി ... ... ... 183
20. ദീപസ്തംഭം ... ... ... 191
21. ആഞ്ജനേയവിജയം ... ... ... 195
22. അരിയിട്ടു വാഴ്ച ... ... ... 199

| | | |
|---|---|---|
| 23. | ദേവയാനീ പരിണ്ണയം ... ... | 202 |
| 24. | കടാക്ഷസന്ദേശം ... ... ... | 207 |
| 25. | ശ്രീമതി ... ... ... | 215 |
| 26. | ചണ്ഡാലീമോക്ഷം ... ... ... | 218 |
| 27. | പഞ്ചാംഗീ ... ... ... | 224 |
| 28. | മാടഭൂപാലമംഗളം ... ... ... | 229 |
| 29. | ഒരു വനസഞ്ചാരം ... ... ... | 231 |
| 30. | വഞ്ചീശമംഗളം ... ... ... | 241 |
| 31. | നല്ല ഭാഷ ... ... ... | 242 |
| 32. | അപരാധിയായ അന്തൎജ്ജനം ... ... | 247 |
| 33. | ഒരു പതിവ്രതയുടെ കഥ ... ... | 255 |
| 34. | മംഗളങ്ങൾ ... ... ... | 265 |
| 35. | ഒരൊററ ശ്ലോകം ... ... ... | 268 |
| 36. | വിദ്യാൎത്ഥികൾക്കുവേണ്ടി:— | |
| | 1. വിളക്ക് ... ... ... | 268 |
| | 2. കൊയ്ത്തുകാലം ... ... ... | 269 |
| | 3. ഉച്ച ... ... ... | 270 |
| 37. | ശ്രീ സുബ്രഹ്മണ്യസ്തോത്രം ... ... | 271 |
| 38 | ചക്രവൎത്തിമംഗളം ... ... ... | 274 |
| 39 | കവിരാമായണകൎത്താവിന്ന് ... ... | 275 |
| 40 | ഒരു സാന്ത്വനം ... ... ... | 280 |
| 41 | കവിമൃഗാവലി ... ... ... | 281 |
| 42 | കവിമൃഗാവലിയെ ആക്ഷേപിച്ച ഒരു കവിക്ക് ... | 288 |
| 43 | ചില എഴുത്തുകൾ ... ... ... | 294 |
| 44 | സമസ്യാപൂരണങ്ങൾ ... ... ... | 301 |
| 45 | ചില വൎണ്ണനകൾ ... ... ... | 305 |
| 46 | ഗവൎണ്ണരാഗമനം ... ... ... | 309 |
| 47 | മഹാകവി ലോർഡ് ടെനിസൻ ... ... | 313 |
| 48 | വെണ്മണിമഹൻ ... ... ... | 314 |
| 49. | എട്ടു കവികൾ ആരെല്ലാം? ... ... | 316 |
| 50 | കവിതാവേഗപരീക്ഷ ... ... ... | 317 |

## ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻെറ

# കൃതികൾ

---

## ദേവീസ്തവം.

---

അററംപെടാത്ത വിഷയാബ്ധിയിൽ മുങ്ങിമുങ്ങി-
ക്കുററംപിഴപ്പതിന്നുമുമ്പിവനെസ്സഹർഷം
തെററന്നു കണ്ണുകയറയച്ചു വലിച്ചുകേററി-
പ്പെററമ്മപോലെ പരമേശ്വരി! പോററണം നീ. 1

ആനത്തുകൽത്തുകിലുടുത്തസമസ്തശത്രു-
സ്ഥാനത്തു നിൽപൊരു മുതുച്ചിടയൻെറ നേരെ
മാനത്തൽപൂണ്ട മിഴി വിട്ടു വലച്ചു ദേഹ-
ദാനത്തെ വാങ്ങിയ വരാംഗി! വരം തരേണം. 2

ഇല്ലാർമാശ്രയമെനിക്കചലാത്മജേ! നീ-
യല്ലാതെയെന്ന പരമാത്ഥമകക്കുരുന്നിൽ
ഉല്ലാസപൂർവ്വമൊരുനേരമുദിക്കിലെൻെറ
വല്ലായ്മ തീൎന്നു, ബഹുവമ്പരിൽ മുമ്പനായ് ഞാൻ. 3

ഈടേറിടും മഹിഷസുംഭനിസുംഭദൈത്യ-
ക്കാടേറെ മുഷ്ടൊടു കരിച്ച മഹാമഹസ്സേ!
പാടേ മമാത്തിഭരമാം ചെടി ഭസ്മമാക്കി-
ക്കൂടേ, നിനക്കതിനു വല്ല ഞെരുക്കമുണ്ടോ? 4

ഉണ്ടാമൊരാൾക്കു സുഖ,മന്യനു ദുഃഖ,മിന്നു,
രണ്ടാംദിനം കഥ കഴിഞ്ഞിടുമീസ്വഭാവം
കണ്ടാകിലും വിഷയസക്തി വിടാതെ ലോകം
തിണ്ടാടിടുന്നിതതിലെന്നെയുമെണ്ണിടൊല്ലേ. 5

ഊഴിക്കൊരുന്നുവടിവാം തവ തൃപ്പദാന്തേ
വാഴിക്ക മാമകമനസ്സിനെ മാന്യശീലേ!
കോഴിക്കിടാവ,രിമണിക്കുഴറുന്നവണ്ണം
പാഴിൽക്കിടന്നു പതറുന്നതു നിർത്തണം നീ 6

ഋക്ഷാധിനാഥകലചൂടിയ തമ്പുരാൻത-
ന്നക്ഷാന്തമാനസമഹാബലമാനദണ്ഡം,
രക്ഷാസ്പദം, നവരസക്കടൽ, നിൻകടാക്ഷ-
മക്ഷാമ,മീയടിയനിൽ പെരുമാറിടേണം. 7

എൻപുത്ര,നെൻജനക,നെൻപ്രിയ,യെൻ്റെ മാതാ-
വെൻപുത്തനാം ഭവന,മീവക ചിന്തയാലേ
വൻപുററ മായ പൊതിയുന്നിതു നാൾക്കുനാളിൽ
വൻപുററു നിശ്ചലയതീന്ദ്രനെയെന്നപോലെ. 8

ഏണാക്ഷി, വിത്ത,മിവയാമിരുകൈകളാലേ
കാണാതെയുള്ളൊരു ഭവാഭിധഘോരഭൂതം
പ്രാണാവസാനമണയുംപടി തല്ലിടുന്നു
ത്രാണാധികാരിണി! തുണയ്ക്കുക തമ്പുരാട്ടി. 9

ഐകാത്മ്യതത്ത്വമറിയാതെ വിരിഞ്ച,രുദ്ര,
ശ്രീകാന്തഭേദമൊടു കാണ്മൊരു മൂർത്തി മൂന്നും

ലോകാംബികേ! ഭവതിയാണതു നിൻമറിപ്പിൻ-
കൈകാണ്മവോനറിയു,മന്ന്യനു സാധ്യമാകാ. 10

ഒന്നായ ചിൽപ്രകൃതി നീയൊഴികെജ്ജഗത്തി-
ലിന്നാരുമില്ലൊരു പദാൎത്ഥവുമില്ല നൂനം
എന്നായ സൂക്ഷ്മനിലയോൎത്തതിലുള്ളുറപ്പു
വന്നാലെനി,ക്കിഹപരങ്ങളിലാടലില്ല. 11

ഓടുന്നു ഹന്ത! നിമിഷംപ്രതി ജീവിതാംശം,
കൂടുന്നു പാപവുമതിൻക്രമമൊത്തുതന്നെ;
വീടും നതാംഗി ധനധാന്ന്യവുമസ്തു, കണ്ണു-
മൂടുന്നനേരമവിടുന്നരികത്തു വേണം. 12

ഔദാൎയ്യലേശമണയാതെ യമന്റെ കൂട്ടർ
പാദാദിയിൽ കയറുകെട്ടി വലിക്കുമത്രേ;
സൌദാമിനിക്കു സമമാം തവ കോമളാംഗം
വേദാത്മകം-കരുതുവോൎക്കു സാരമുണ്ടോ? 13

അംഭോധരപ്രകരഘൎഘരഘോഷപൂൎവ്വ-
മംഭോധിതാൻ കയറിയുൎക്കൊട്ടു മുക്കിയാലും
ദംഭോളികൊണ്ടു തല വെട്ടി നുറുക്കിയാലും
സ്തംഭോപമം മരുവുമാറൊരു ശക്തിനൽകു. 14

അസ്താമയം ത്രിപുരസുന്ദരി! നിൻപദാബ്ജ-
ന്ന്യസ്താശയത്തൊടിതു നിത്യമൊരാറു ജപിച്ചാൽ
വിസ്താരമാന്ന ഭവസിന്ധു കരേറുവാൻ നീ
ഹസ്താവലംബമനുകമ്പയൊടേകിടേണം. 15

---

# വിനോദിനി

## ഒന്നാംസർഗ്ഗം

---

സ്മരാരിവീക്ഷാപ്രസരപ്രഗത്ഭൻ,
സുരാധിനാഥപ്രതിമപ്രതാപൻ,
വിരാടരാജ്യത്തൊരു ഭൂപനുണ്ടായ്
ധരാഗളോദ്യന്മണിമാലപോലെ. 1

മനോഹരാഭിഖ്യ വഹിയ്ക്കുമൂലം
'മനോഹരാ'ഭിഖ്യ വഹിച്ച മന്നൻ
മനോഭവൻതന്നവതാരതുല്യ-
മനോഭവപ്രൌഢിയൊടുല്ലസിച്ചു. 2

വയസ്സു മൂവഞ്ചിനുമുമ്പു വിദ്യാ-
വയസ്സനായീ വിപുലാമണാളൻ,
സയത്നമോരാണ്ടിട കച്ചകെട്ടി-
പ്പയററലും വാൾമുറയും പഠിച്ചു. 3

അടക്കളത്തിൽ പെരുമാറിടേണ്ടും
ചടക്ക,മെപ്പേരുമറിഞ്ഞുവെച്ചു;
ഇടയ്ക്കിടയ്ക്കാവഴിയൊക്കെയും തൻ-
പടയ്ക്കുമുർവ്വീപതി ശീലമാക്കി. 4

തുരംഗയുദ്ധക്രമമൊന്നിലിബ്ഭൂ-
വരന്നസാമാന്യപടുത്വമായി;

പരന്ന സൈന്യത്തെ മഥിച്ചൊഴിക്കും-
തരങ്ങളശ്വങ്ങളുമഭ്യസിച്ചു. 5

ഒരിക്കലേററാൽ ജയലക്ഷ്മിയാളെ
വരിയ്ക്കു,യല്ലെങ്കിൽ മരിക്കയെന്ന്യേ
തിരിയ്ക്കയെന്നുള്ളൊരു സമ്പ്രദായം
ധരിച്ചതില്ലിക്ഷിതിപാലസൈന്യം. 6

കലാവിദഗ്ദ്ധൻ ദൃഢചിത്തനിക്ഷ്മാ-
വലാരി തൻ ഷോഡശമാം വയസ്സിൽ
കലാർജ്ജനച്ഛൻ ക്ഷിതിവിട്ടു ദേവ-
വിലാസിനീലാളിതനായ് ഭവിച്ചു. 7

കുമാരനാമിക്ഷിതിപാലരത്നം
കുമാരവീര്യത്തൊടു പാരടക്കി,
ക്ഷമാദിനാനാഗുണയുക്തനായി
ക്ഷമാതലത്തിൽ സുഖപൂർത്തി ചാർത്തി. 8

പ്രജാസമൂഹത്തിനു തൃപ്തിചേർത്താ-
പ്രജാധിപൻ നാടു പരിഷ്കരിച്ചു;
ദ്വിജാദിശൂദ്രാവധി ജാതി നാലും
നിജാജ്ഞയിൻകീഴിലൊതുങ്ങി വാണു. 9

സമർത്ഥനാമീയരചൻെറ ദൃഷ്ടി
സമസ്തകാര്യങ്ങളിലും പതിഞ്ഞു;
സമഷ്ടിയായോതുകിൽ മാടരാട്ടിൻ
സമത്വമാക്ഷ്മാവരനേററിരുന്നു. 10

സ്വമഞ്ജുളാസ്യേന്ദുവിൽനിന്നു നിത്യം
സ്മമന്ദഹാസാമൃതധാര തൂകി
ക്രമംപിടിച്ചൂഴിപ,നന്ദിയാംമു-
-നവമന്ദമോദേന സവാരിചെയ്യും. 11

സുരാലയം മുട്ടിന മേടതോറും
പുരാംഗനാസഞ്ചയമൊത്തുകൂടി
സ്മരാശുഗശ്രീനയനോല്പലത്താൽ
നരാധിനാഥോചിതപൂജ ചെയ്തു. 12

"അഭാൎയ്യനാമിസ്സുകുമാരനെന്നാൽ
സഭാൎയ്യനായാൽ ബഹുഭാഗ്യമായി"
വിഭാവരീശാനനമാരിവണ്ണം
സ്വഭാവിയെപ്പറ്റി നിനച്ചു വാണാർ. 13

ഘനസ്വഭാവൻ നരപാലനെന്തോ
മനസ്സു ചെന്നീലവരാരിലുംതാൻ;
വനത്തിലെപ്പത്മിനിയെത്തിരിപ്പാൻ
നിനയ്ക്കുമോ മാനസരാജഹംസം? 14

ധരിത്രിയിൽ പെട്ട നിഗൂഢവൃത്തം
ധരിക്കുവാനാളറിയാത്ത മട്ടിൽ
ചരിക്കുമാറുള്ള നരേന്ദ്രനന്തി-
ക്കൊരിക്കലൂഴീസുരസത്രമാൎന്നാൻ. 15

സുധാസമാനാശനമേകമൂർവ്വീ-
സുധാംശുവിൻഭോജനശാലതോറും

വിധാതൃതുല്യതപമെഴുന്ന വിപ്ര-
പ്രധാനിമാർ നിത്യവുമൊത്തുകൂട്ടം. 16

നിറച്ചു സാപ്പെട്ടു മുറുക്കവാനായ്
പുറത്തളത്തിൽ സ്ഥിതിചെയ്തിടുമ്പോൾ
മറഞ്ഞുനില്ക്കും നൃവരൻ ശ്രവിക്കെ-
പ്പറഞ്ഞു ഭൂമീസുരരിപ്രകാരം:— 17

“ഹിമാചലംതൊട്ടഥ സേതുവോളം
ക്രമാൽ തിരഞ്ഞീടിലുമിത്രമാത്രം
അമായസൌന്ദര്യരസം നിറഞ്ഞ
കുമാരിയെക്കാണ്മതസാദ്ധ്യമത്രേ.’ 18

പുരന്ധ്രിമുത്താമവൾതാൻ ധരിക്കും
സ്ഫുരൽപ്രഭാ ഭാസുരകങ്കണത്തെ
കരപ്രകാശം തനിയേ ജയിച്ചു
നിരർത്ഥമാക്കുന്നു സുവർണ്ണശബ്ദം. 19

ചെവിക്കടയ്ക്കൽത്തലവെച്ചു കണ്ണിൽ
ഭവിച്ച നാനാരസധാടിയാലും
സുവിദ്രുമോഷ്ഠാധരകാന്തിയാലും
ദ്രവിക്കുമുള്ളം മൃഗജാതികൾക്കും. 20

പനങ്കുലയ്ക്കൊത്തരയിൽക്കവിഞ്ഞു
ഘനത്തിൽ നില്പോരളിനീലകേശം
ഘനത്തിനും മാമുനിമാർമനസ്സിൻ-
ഘനത്തിനും ഹാനിയണയ്ക്കുമൊപ്പം. 21

സ്ഫുടിച്ച താരുണ്യമുദിക്കുമപ്പെൺ-
കൊടിക്കെഴും മെയ്യൊരു നോക്കുകണ്ടേൻ,
തടിൽപ്രകാശപ്രകരം തറയ്ക്കും-
പടിക്കു, മൽക്കണ്ണുകൾ മഞ്ഞളിച്ചു. 22

'മനോഹര'ക്ഷ്മാവരനൊത്തു നിത്യം
വിനോദലീലാവിധിയാചരിപ്പാൻ
മനോഹരാംഗീകുലദീപമാമീ-
'വിനോദിനി'പ്പെൺമണിതന്നെ വേണം. 23

മുറയ്ക്കു ഞാനിത്തിരുമുമ്പിലെത്തി-
ക്കുറച്ചിതിൻ തത്വമുണർത്തിയാലോ?
ഉറച്ചുപോയ്, നാളെയിതോതുമെന്നെ-
പ്പുറത്തു തള്ളിക്കിലുമില്ല ഖേദം.'' 24

ധരാസുരന്മാരഥ വാർത്ത നിർത്തി
നിരാമയം നിദ്രയിലാണ്ടു വേഗം
പുരാ ധരിയ്ക്കാത്ത വികാരമേതോ
നരാധിപന്നുള്ളിലിടം പിടിച്ചു. 25

ദവാഗ്നിയെപ്പോലതു കത്തിനീറി-
ജ്ജ്വാൽ പടന്നുൾത്തടമാക്രമിച്ചു,
അവാച്യമാം മന്മഥബാധയേററാൽ
ഭവാദൃശാദൃക്കുമൊഴിച്ചിടാമോ? 26

''വിനോദിനിപ്പെൺമണിയേതുനാട്ടിൻ-
വിനോദവിത്തായ് വരുമേതു വംശം?

'മനോഹര'ക്ഷ്മാപനു ചേൎന്നതായ് സ-
ജ്ജനോത്തമൻ വിപ്രനുരച്ചുവല്ലോ. 27

ഒളിച്ചുനില്ക്കും നില വിട്ടിതെല്ലാം
വിളിച്ചു ചോദിക്കുകിലെന്തു ദോഷം?
വെളിപ്പെടും സൂത്രമിതാകെ, നെററി-
ചുളിച്ചിടും ഗൌരവലക്ഷ്മിയാളും. 28

വരട്ടെ, നേരം പുലരട്ടെ, വിപ്രൻ
വരട്ടെ,യപ്പോളറിയാം സമസ്തം''
അരക്ഷണംകൊണ്ടിടമോൎത്തുടൻ തൻ-
പുരത്തിലെത്തീ പുരുചിന്തയോടേ. 29

'വിനോദിനി' 'വിനോദിനീ'ത്യതിമനോജ്ഞമന്ത്രം സദാ
മനോഹര'മനോഹരൻ' ദൃഢമുരുക്കഴിച്ചങ്ങിനെ
മനോജസുമനോജപസ്രജമണിഞ്ഞഹോ നിദ്രവി-
ട്ടിനോദയവിനോദിയായ് നിശ കഴിച്ചു 'പൃത്ഥ്വീ'ശ്വരൻ.

## രണ്ടാം സൎഗ്ഗം

വിമതകുലവിമാഥി, മാരദേവ-
പ്രമദ സമാധിയുണൎന്നപോലിരുന്നാൻ
സുമശരകൃതദണ്ഡമാൎന്നു നിദ്രാ-
ശ്രമപടുസാക്ഷികഷായിതാക്ഷിയോടും. 1

സ്മരവിശിഖമഹാഗ്നിതന്റെ ധൂമോ-
ല്ക്കരമഷിയേററകണക്കു കാന്തി മങ്ങി

നരവരനെയുഷസ്സിലീ ക്ഷണം ചെ-
ന്നരമനയിൽ പെട്ടവോർ പരം പരുങ്ങി. 2

തിരുവടിയുടെ ഭാവഭേദമൂല-
പ്പൊരുളറിവാൻ കൊതിപൂണ്ട തജ്ജനങ്ങൾ
ഒരുവനുമിതു ചെന്നുണർത്തിയില്ലാ;
ഗരുഡനൊടീച്ചകൾ കാര്യ്യമോതുകെന്നോ! 3

നടകളിലൊഴിയാത കാവൽനില്ക്കും
ഭടരെ വിളിച്ചരുൾചെയ്തു രാജവര്യ്യൻ,
"ഉടനിഹ ചില വിപ്രരെത്തുമെന്നാൽ
തടയരുതെൻസവിധത്തിലാനയിപ്പിൻ." 4

മനുജവരമഹാജ്ഞ കേട്ടു മൂർദ്ധാ-
വനുസരണേന കുനിച്ചൊഴിഞ്ഞു ഭൃത്യർ,
അനുനിമിഷമിളാസുരാഗമം കാ-
ത്തനുപമധൈര്യ്യസമുദ്രമൊന്നുലഞ്ഞു. 5

മതിമുഖി ഹൃദി തിങ്ങി വാഴ്കമൂലം
പതിവുപടിയ്ക്കുമതേത്തു പററിയില്ലാ;
ക്ഷിതിപതി നിജ രാജ്യകാര്യ്യമെല്ലാ-
മതിധൃതിയോടു കഴിച്ചൊരുങ്ങി വാണു. 6

"ജനപരിവൃഢ! ഹേ! കലമ്പിടായ്കി-
ജ്ജനമിതുണർത്തുവ,നന്തണൻ വരില്ലാ,
ജനകനസുഖമെന്നു രാത്രി കേട്ടാ-
ജ്ജനപദമെത്തുവതിന്നു മണ്ടി വിപ്രൻ." 7

ചിരനടനവശാൽ തളൎന്നു സിന്ധു-
ത്തിരയിലിനൻ മറയുന്ന വേളയോളം
ധരണിസുരവിചാരമഗ്നനായോ-
രരചനു ബുദ്ധി മടുത്തു ചിന്തയായി. 8

"ഉടനടി കഴിയേണ്ട കാൎയ്യമിന്നേ-
യ്ക്കിടയിവനേകിയതാണബദ്ധമെല്ലാം;
മടയരിതു പഠിച്ചിടട്ടെയോരോ-
തടവുകളോൎത്തിനി നീട്ടിടൊല്ല കാൎയ്യം. 9

ജവമൊടു വഴിപോക്കരായ വിപ്ര-
പ്രവരരെയാസകലം വരുത്തിയാലോ
ശിവശിവ! പലദിക്കു പററിടേണ്ടു-
ന്നവരെ വലയ്ക്കുകവയ്യ; വേണ്ട വേണ്ടാ." 10

ദ്വിജവരനണയാത്ത ഹേതുവാലും,
ദ്വിജവരനന്തിയിൽ വന്നുദിക്കയാലും,
പ്രജകളുടെ പതിയ്ക്കിരട്ടിയായി
രുജ,യതിനെന്തു നിവൃത്തിമാൎഗ്ഗമുള്ളു? 11

സുചിരമഥ മഹീശനുഗ്രചിന്താ-
രചിതശിലാകൃതി,പോലിരുന്നു പിന്നെ
ഉചിതമതികളിൽ പ്രധാനിയാം തൽ-
സചിവനെയങ്ങു വരുത്തിയിത്ഥമോതി:— 12

"നലമുടയ 'വിനോദിനീ'തി നാമം
കലരുമൊരംഗനയുണ്ടു പാരിലെങ്ങോ;

അലസമിഴിയലങ്കരിച്ചു നാട്ടം
കലവുമറിഞ്ഞു വരേണമഞ്ചുനാളിൽ. 13

വകതിരിവു തികഞ്ഞ ചാരർ പോയി-
സ്സകലദിഗന്തരവും തിരഞ്ഞിടട്ടെ;
വികലത കലരാത്ത വാജിരത്ന-
പ്രകരമവർക്കു കൊടുക്ക വേണ്ടപോലെ.” 14

അരുളിന മൊഴികേട്ടു, മന്ത്രി പോയി-
ത്തെരുതെരെ വിട്ടിതു ചാരരെ ക്രമത്തിൽ;
ഒരുദിനമൊരുവർഷദീർഘമായി-
ക്കരുതി വസിച്ചു മനോഹരാവനീശൻ. 15

അവനിപനൊരുപാടുനാളിവണ്ണം
വിവശത പൂണ്ടമരേണ്ടിവന്നതില്ല;
ജവഗതിയിലൊരശ്വമേറി മൂന്നാം
ദിവസമുഷസ്സിലണഞ്ഞു ചാരവൃദ്ധൻ. 16

“ജയജയ ജഗതീന്ദ്ര! കാശിരാജാ-
ന്വയമണിയാണു വിനോദിനീകുമാരി;
പ്രിയമൊടു ജനകൻ വളർത്തിടുന്നു
നയനസുഖപ്രദചന്ദ്രലേഖപോലെ. 17

മഴപൊഴിയുവതിൻ വിധത്തിലിമ്മ-
ട്ടുഴകൊഴുകീടിന തമ്പുരാട്ടിമാരേ
പഴമിഴികൾ മുളച്ചനാൾമുതൽക്കി-
ക്കിഴവനു കണ്ടറിവില്ല തമ്പുരാനേ!” 18

ഇളയുടെ വര,നീവചസ്സു കേട്ടി-
ട്ടളവുപെടാത്ത കുതൂഹലം ഭവിച്ചു,
കളരുചികളിയാടിടുന്ന പട്ടും-
വളയു,മവന്നു കൊടുത്തു തൃപ്തനാക്കി. 19

പടുത തടവിടുന്ന ചാരനോടായ്
ഝടുതി വരുന്നതിനാജ്ഞചെയ്തു പിന്നെ
കിടുകിടെയിളകീടുമുള്ളമോടാ-
മടുമൊഴിയാൾക്കൊരു കത്തു തീർത്തിതേവം:— 20

“സതികളതിരസാലണിഞ്ഞ മാലേ!
മതിമുഖി! മഞ്ജുളഗാത്രി! കേൾക്ക ബാലേ!
ക്ഷിതിസുരർ ചിലരോതി നിന്മനോജ്ഞ-
ദ്യുതിവിലസും തനു കണ്ടമട്ടിലായി. 21

നവലലിതവിലാസലക്ഷ്മി നിത്യം
നവരസമാടിന കൊച്ചുകൂത്തരങ്ങേ!
ഭവതിവിഷയമായ് കഠോരചിത്തോ-
ദ്ഭവപരിപീഡയറിഞ്ഞതാദ്യമായ് ഞാൻ. 22

ഉലയുക പതിവില്ല പോരിലെന്നെ,-
യുലർനിരയേററു ചടച്ചിതായതിപ്പോൾ,
അലസമിഴി! ഭവൽപ്രസാദലേശം
വിലസുകിലെന്നുടെ ജീവിതം കൃതാർത്ഥം. 23

ലളിതസുഭഗമായ് കുളുത്ത നിൻകൈ-
ത്തളിരിവനുള്ള കരത്തിനാൽ പിടിപ്പാൻ

മിളിതരസമെനിക്കു സാദ്ധ്യമാമോ
കിളിമൊഴി! ചൊൽക മടിച്ചിടാതെ വേഗം." 24

ഒരുവനുമറിയാതെ തമ്പുരാട്ടി-
ത്തിരുകരതാരിലിതേകി,യക്കുമാരി
തരുമൊരു മറുകത്തു വാങ്ങി വേഗം
വരുവതിനായഥ വിട്ടു ചാരനെത്താൻ. 25

ജവമൊടതു നൃപാത്മജയ്ക്കു നൽകീ-
ട്ടവളുടെ ലേഖനമിങ്ങണച്ചു ചാരൻ,
അവനിപ,നനുരാഗസംഭ്രമോദ്യ-
ന്നവപുളകത്തൊടതാശു വാങ്ങി നോക്കി. 26

"അനഘഗുണ! ഭവാന്റെ പത്രസാരം
മനസി ധരിച്ചതിമോദമങ്കുരിച്ചു,
ജനകനുടെയധീനമാർന്ന കന്യാ-
ജനമഭിലാഷമുരയ്ക്കിലെന്തു സാദ്ധ്യം? 27

കുവലയവിശിഖപ്രസന്നമാകും
തവ പടമൊന്നിവൾ കണ്ടു ദൈവഗത്യാ.
ഭുവനമിതിലെഴും വധൂസമൂഹം
സ്വവശമണഞ്ഞിടുമായതൊന്നു കണ്ടാൽ. 28

അതുമിതുമുരചെയ്യുമന്തണന്മാർ
കുതുകമവർക്കു കുറച്ചു തോന്നിയെന്നാൽ,
അതു മുഴുവനുമുള്ളതെന്നുറച്ചാ-
ലതുലമതേ! ചതി പറ്റിടാമൊട്ടുക്കം. 29

ഗുരുജനമിതു സമ്മതിക്കിലെല്ലാ-
തരുണികളും തല താഴ്ത്തുമെൻെറ മുമ്പിൽ
ഉരുകരുണകലർന്ന കാശിനാഥൻ
തിരുവടി നമ്മളെ രക്ഷചെയ്തിടട്ടേ.” 30

രാകാശാരദശർവ്വരീശമുഖിതൻ
കത്തൊന്നു വായിച്ചവാ-
റാകാംക്ഷാഫലസിദ്ധിവന്നതുകണ-
ക്കുത്സാഹമാർന്നൂഴിപൻ

വൈകാതാത്മജയെത്തനിക്കു തരുവാൻ
മര്യാദപോലക്ഷണം
ശ്രീകാശീശനു കത്തയച്ചു മറുക-
ത്തോർത്തോർത്തു പാർത്തീടിനാൻ. 31

---

## മൂന്നാംസർഗ്ഗം

ശ്രീകാശിമന്നനുടെ നന്ദിനി തപ്തഹേമ-
നീകാശനിർമ്മലകൃശാംഗി വിനോദലോല
ലോകാവലീവിപുലഭാഗ്യവിശേഷലക്ഷ്മി
ശോകാർത്തയായിതു ‘മനോഹര’ചിന്തയാലേ. 1

ഛായാവിലോകനദിനം മുതലാമഹാൻെറ
ജായാപദത്തിലണവാൻ കൊതി പൂണ്ടിരിക്കേ
ആയാസഹീനമവിടുന്നതപേക്ഷചെയ്താ-
ലായാമിനീശമുഖിതൻ സുഖമെന്തു ചൊൽവൂ! 2

സന്തോഷമുണ്ടു, വിരഹവ്യഥയുണ്ടു, താത-
നെന്തോതുമെന്നൊരു പരിഭ്രമമുണ്ടു ചിത്തേ,
പന്തോടിടഞ്ഞ മുലയാളിവയൊക്കെമൂലം
ചിന്തോദധി,യ്ക്കുടിയിലാണ്ടതുപോലെയായി. 3

ഹേ! മത്തകാശിനി! ധരിക്കുക നീ, യഥാൎത്ഥ-
പ്രേമത്തിനുള്ള വഴിയത്ര തെളിഞ്ഞതല്ല;
ധീ മുട്ടിടുംപടി 'മനോഹര'ഭൂപനച്ഛ-
നീമട്ടിലാണു മറുപത്രമയച്ചതാശ്ചേ! 4

"ചാരൻവഴിയ്ക്കെഴുതിവിട്ടൊരെഴുത്തു കിട്ടി-
സ്സാരം ഗ്രഹിച്ചു പരിതുഷ്ടി ഭവിച്ചു ചിത്തേ;
പാരം പ്രിയംകലരുമെന്മകളെബ്ഭവാനു
ദാരങ്ങളാക്കുവതിനത്ര തരപ്പെടില്ല. 5

മൈകാന്തിയാൽ മിഴിതെളിഞ്ഞു കുമാരിമാരെ-
യേകാൻ തുടങ്ങുകിലൊട്ടുക്കമെബദ്ധമാകും;
ഭൂകാന്തരിൽ ഭുജപരാക്രമമാണു മുഖ്യം
ഹേ കാന്തവിഗ്രഹ! ഭവാനിതറിഞ്ഞുകൂടേ? 6

ശ്രീജാനകീരമണവംശജനാമയോദ്ധ്യാ-
രാജാവിനെൻമകളെ നൽകണമെന്നു മോഹം
ആജാനുബാഹു, ബഹുവിക്രമി, യോഗ്യനാമ-
ബ്ഭൂജാനി ശൂരതയിലെൻകിടനിൽക്കുമത്രേ." 7

ചിന്തിച്ചിടാത്തവിധമീ മറുകത്തു കണ്ടു
ചിന്തി ജ്വലിച്ചു നൃപനുൾക്കടരോഷവഹ്നി;

അന്തിച്ചുകപ്പുടയ പശ്ചിമപുഷ്കരത്തിൻ
പന്തികൾ പാൎത്ഥിവഗഭീരമുഖം ചുവന്നു. 8

കോപാതിരേകമൊടു ഭൂപതിതൻശരീര-
മാപാദചൂഡമൊരുപോലെ വിറച്ചിതപ്പോൾ;
ഹാ! പാൎശ്വവാസികൾ നടുങ്ങി;യുടൻ തിരിഞ്ഞു
ഭൂപാലനോതി നിജമന്ത്രിയൊടിപ്രകാരം:— 9

“തമ്പോറടിയ്ക്കു, കുഴലൂതുക, കാശിരാജ്യം
വമ്പോരടിച്ചിഹ പിടിക്കണ,മിന്നു പോണം;
മുമ്പോട്ടു വെയ്ക്കുമടി പിമ്പു വലിച്ചിടാത്ത
വമ്പോലുമെൻ വിപുലസേന പുറപ്പെടട്ടേ. 10

പോരാടുവാൻ പടയുമൊത്തു വരുന്നിതെന്നു
വാരാണസീനൃപനു കത്തുമയയ്ക്കു ശീഘ്രം;
വീരാഹ്വയാം വിജയലക്ഷ്മിയെ ഞാൻ വരിച്ചു
പോരാ;മതേവരയുമങ്ങു ഭരിയ്ക്കു രാജ്യം. 14

ശ്രീരാമ! രാക്ഷസകുലാന്തക! താരകാരേ!
മാരാന്തക! ത്രിദിവമാന്നെഴുമെൻപിതാവേ!
പോരാ പടുത്വമടിയന്നു;തിനാൽ ഭവാന്മാർ
ധാരാളമെന്നിലിടചേൎക്ക കൃപാബലത്തെ.” 12

ആ മാന്യമന്നനുടെ ജന്യവിദഗ്ദ്ധസൈന്യ-
സാമാന്യമുന്നത രസാന്വിതമന്നൊരുങ്ങി;
സാമാനമേററിയെരു,തൊട്ടക,മാന,യശ്വ-
മീ മാതിരിയ്ക്കൊരു പെരുമ്പട യാത്രയായി. 13

നാകം മറച്ച പൊടിതൻപടലം, ഗജാശ്വ-
ലോകങ്ങൾതൻധ്വനി, കളമ്പടിയൊച്ചയേവം
ഭൂകമ്പമാംപടി നടന്നു പടയ്ക്കിടയ്ക്കായ്
ശ്രീകണ്ഠനെന്നവിധമുണ്ടു വിരാടഭൂപൻ. 14

ശൃംഗാരയോനിരിപുവിൻ തലയിൽ തിളങ്ങും
ഗംഗാംബുവിൽ പ്രതിഫലിച്ചതിലാടി നിത്യം
തുംഗാഭ്രകോലുമൊരു കാശിയിൽ വന്നു ഭേരീ-
ശൃംഗാരവത്തൊടു വിളിച്ചിതു പോരിനായി. 15

മുന്നിട്ടയച്ചൊരു പടക്കുറിയുണ്ടു തട്ടി-
മിന്നിച്ച പോർവിളിയുമുണ്ടിവരണ്ടുകൊണ്ടും
ഉന്നിദ്രകോപമൊടു സൈന്യവുമൊത്തു കാശി-
മന്നിന്നധീശനുമണഞ്ഞിതൊരശ്വമേറി. 16

ഈ വൎത്തമാനമഥ തോഴികൾ ചെന്നു നാല-
ഞ്ചാവൎത്തി നമ്മുടെ വിനോദിനിയോടുരച്ചാർ;
ആവൎത്തമദ്ധ്യമറിയാതെയകപ്പെടുന്ന
കൈവൎത്തനെന്നപടി സാദ്ധ്വി പരിഭ്രമിച്ചു. 17

ശാതോദരീമണി കുറച്ചിട കണ്ണടച്ചി-
ട്ടേതോ നിനച്ചപടി വാണിതനങ്ങിടാതെ;
ജാതോല്ലസൽപുളകകഞ്ചുകഗാത്രിയായി-
ച്ചേതോവികാരഭരമോടെഴുന്നേറ്റുപോയാൻ. 18

പാരാളുമാറിരുപെരുങ്കടലേറ്റു തമ്മിൽ
പോരാടുവാൻ തുനികിലെന്നവിധത്തിലപ്പോൾ

വാരാണസീവരവിരാടചമൂസമൂഹം
ധാരാധരോല്ക്കടരവത്തൊടടുത്തു മുട്ടി 19

അംഭോജബന്ധു, തിരമാലയടിച്ചുതുള്ള-
മംഭോധിയിൽ പ്രതിഫലിക്കുകിലെന്നപോലെ
ദംഭോളിയൊത്ത കരവാളുകളബ്ഭടൌഘ-
സ്തംഭോപമാനകരപംക്തിയിലുജ്ജ്വലിച്ചു. 20

വെട്ടുന്നു വെട്ടുകൾ, തടുപ്പതിനാഞ്ഞു കൂട്ടി-
മുട്ടുന്നു, മുട്ടുകളിൽ വെട്ടിമുറിച്ചിടുന്നു,
തട്ടുന്നു വാളുകൾ ഗളങ്ങളിൽ, നാഡിയെല്ലാം
പൊട്ടുന്നു, ചോര പുഴപോലെയൊലിച്ചിടുന്നു. 21

ദ്രോഹംതുടങ്ങുമൊരിടത്തിടിമിന്നൽപോലെ-
യാഹന്ത മാറു,മരിചൂഴുകിലിപ്രകാരം
വ്യൂഹംതകർത്തു, പടവെട്ടി വിരാടമന്നൻ
ദേഹം ധരിച്ച കടുവീരരസം കണക്കേ. 22

വാളിൻെറ വീശലിലൊരമ്പതുമശ്വമോടും
കോളിൻെറ ശക്തിയിലൊരമ്പതുമാളെവീതം
ആളിച്ചുപാഞ്ഞ ചെറുഭൂപതി ശത്രുസൈന്യ-
പാളിപ്രമാണിയുടെ കണ്ഠമരിഞ്ഞുവീഴ്ത്തി. 23

രാശീകൃതാഖിലനൃപാലകശൌര്യമഗ്ര-
കാശീശനും രിപുകുലത്തെമഥിച്ചിടുന്നു;
ശീശീരവത്തൊടു വിളങ്ങിന തൽകൃപാണം
ഹാ! ശീഘ്രമെത്തുമരിസൈനികനാഥകണ്ഠേ. 24

സേനാധിപൻെറ തല കൊയ്യുവതിന്നു കാശി-
ഭൂനാഥനോങ്ങിയൊരു വജ്രസമാനഖഡ്ഗം
സേനാനിയൊത്തൊരു 'മനോഹര'നാഞ്ഞുതട്ടി
വാനാണ്ട വാളിനു സമാനമദൃശ്യമാക്കി. 25

കാശിക്ഷിതീശനുടെ കണ്ഠതലം മുറിപ്പാൻ
വീശിത്തിളങ്ങിന വിരാടഭടോഗ്രഖഡ്ഗം
ക്ലേശിച്ചുതട്ടിയകലത്തു മറിച്ചു കേശാ-
കേശി പ്രചണ്ഡരണമാടിയ കൊച്ചുഭൂപൻ. 26

"വാളെൻെറ വാളകലെയാ, യൊരുവാളു നൽകു-
മാളെ,ൻെറ നാടു പകുതിയ്ക്കുവകാശിയല്ലോ"
ചീളെന്നിതോതുമൊരു കാശിനൃപൻെറ കൈകഠം
താളെന്നമാതിരി പിടിച്ചിതു യുദ്ധവീരൻ. 27

"ഊക്കീടെഴും നൃപനെ നാമിഹ ബന്ധനസ്ഥ-
നാക്കീ, പരന്ന നിജസൈന്യമിതാ പറന്നു;
നോക്കീടുമീ വിജയലക്ഷ്മിയെയാദരിപ്പിൻ,
താക്കീടുവിൻ പടഹ,മിപ്പട നമ്മഠംനേടീ." 28

ശൂരക്ഷിതീശനുടെ കല്പന കേട്ടു പാരാ-
വാരത്തൊടൊപ്പമലറീ നിജസൈനികന്മാർ:
പാരഞ്ചുമാറു പടഹധ്വനി കാഹളത്തിൻ
ഘോരസ്വനത്തൊടിടചേൎന്നുടനേ മുഴക്കീ. 29

വീരാവനീശവിജയാദിമയാത്രയിങ്കൽ
വീരാളിയായ മൃദുപട്ടു വിരിച്ചപോലെ

പോരാളിമാരുടെ തുടുത്തൊരു രക്തധാരാ-
പൂരായിതം പടുപടക്കളമാകമാനം. 30

കട്ടക്കറോരരുധിരത്തറയിൽക്കരേറി-
ച്ചുട്ടറ്റ ഭൂമിപതി നോക്കി നടന്നിടുമ്പോൾ
വട്ടംതിരിഞ്ഞപടി നിന്നു, പടക്കളത്തിൽ
പെട്ടന്നു കണ്ടിതൊരുപെൺകൊടിതൻ മൃതാംഗം. 31

'ഹാ ഹാ പറ്റിച്ചു പൊന്നോമനമകളിവ'ളെ-
ന്നോതി വാരാണസീന്ദ്രൻ
മോഹാലസ്യത്തിൽ വീണാ,നതുപൊഴുതു വിരാ-
ടാവനീജീവനാഥൻ
സ്നേഹാധിക്യത്തൊടച്ഛൻ തിരുവടിയെയെടു-
പ്പിച്ചു ദുർവ്വാരദുഃഖ-
സ്വാഹാകാന്തപ്രദീപ്താനനനരികിലെഴും
രാജധാനിക്കു പോയാൻ. 32

## നാലാം സർഗ്ഗം

രാജധാനിയിലണഞ്ഞു സത്വരം
പൂജനീയനുപചര്യ ചെയ്യുവാൻ
വ്യാജഹീനകരുണാർദ്രമാനസൻ
രാജപുംഗവനനുജ്ഞ നൽകിനാൻ. 1

"വീശുവിൻ, കുളിർഹിമാംബു വീഴ്ത്തുവിൻ,
പേശുവിൻ മൃദുലസാന്ത്വനോക്തികൾ,

ആശു ബോധമുളവാകുമല്പമൊ-
ന്നേശുകില്ല ബലവാൻ നൃപാലനിൽ.” 2

ഏവമൊക്കെയരുൾചെയ്തു ഹന്ത! തൻ-
ജീവനാഥ നിവസിച്ച മേടയിൽ
സാവധാനമൊടു പൂകിനാൻ രുജാ--
ദാവവഹ്നിപരിദഗ്ദ്ധമാനസൻ. 3

തത്തവിട്ട മണിപഞ്ജരംകണ-
ക്കത്തമോന്നതവിചിത്രമേടയെ
മത്തകാശിനിയൊഴിഞ്ഞുകാൺകയാ-
ലത്തൽ മൂത്തു നൃപനശ്രു തൂകിനാൻ. 4

‘കുട്ടിമാൻമിഴി കിടന്നിരുന്നൊരീ-
ക്കട്ടിലിൽ ചെറുതിരുന്നിടട്ടെ ഞാൻ;
കിട്ടിയില്ല മമ മോഹനാംഗിയൊ-
ത്തൊട്ടിടയ്ക്കിതിലിരിയ്ക്കുവാൻ തരം. 5

അല്ലയോ പറക കട്ടിലേ! നിന-
ക്കില്ലയോ ചെറുതുമല്ലൽ മാനസേ?
പല്ലവാംഗിയെ വഹിച്ചിരുന്ന നിൻ-
നല്ല കാലമിനി വന്നുകൂടുമോ? 6

മുത്തണിസ്തനയുഗം പതിഞ്ഞതായ്
മെത്തമേലരിയ പാടു കാണ്മു ഞാൻ
ചിത്തമോഹിനി കമിഴ്ന്നതിൽ കിട-
ന്നത്തൽപോക്കിയതിന്റെ ലക്ഷണം. 7

കാതരാക്ഷിയുടെ കണ്ണുനീരിനാൽ
ശീതളം തലയിണപ്പുറം തുലോം;
ഹേ! തവാക്ഷിയണിനീർ തുടയ്ക്കുവാൻ
പ്രീതനായ തവ നാഥനില്ലയോ? 8

കഷ്ടമെൻപ്രിയയിവൻനിമിത്തമീ-
യിഷ്ടബന്ധുനിരയെ ത്യജിച്ചതേ;
ദുഷ്ടനാമിവനെ രക്ഷചെയ്ക നീ-
യഷ്ടമൂർത്തിഭഗവൻ! നമോസ്തുതേ. 9

നീരജാക്ഷിയിവൾകാരണം, കട-
ഞ്ഞോരയെത്രവളരെച്ചൊരിഞ്ഞു ഞാൻ?
പാരമന്പുടയ ഭദ്രകാളിയും
സ്വൈരമൊന്നു തെളിയാഞ്ഞതെന്തുവാൻ? 10

പൂതഗാത്രിയുടെ ജന്മഹേതുവാം
താതഭൂപനെ വധിച്ചതില്ലഹോ;
പാതകത്തിനു തുനിഞ്ഞ മൽഭട-
ക്കൈ തടുപ്പതിനു ബുദ്ധിമുട്ടി ഞാൻ. 11

പന്തിടഞ്ഞമുലയാൾ ചിരിച്ചുകൊ-
ണ്ടന്തികത്തിലമരാതിരിക്കുകിൽ
എന്തിനിന്നു മമ രാജപട്ടവും
ദന്തി,വാജി,ധനസഞ്ചയങ്ങളും? 12

ഓമലേ! മമ വിനോദിനിപ്രിയേ!
കാമലേഖനമയച്ച കയ്യിനാൽ

മാമകാംഗമുടനേ തലോടണേ
കോമളാംഗമൊരുകണ്ണു കാട്ടണേ!' 13

മാലകത്തു സഹിയാതെ മേദിനീ-
പാലനിത്ഥമുരചെയ്തു നിൽക്കവേ
നീലവേണിയൊരു തന്വിയാൾ മറ-
ശ്ശീല നീക്കിയതിവേഗമെത്തിനാൾ. 14

അഞ്ചിതാനനസുധാംശുവിൻ പുതു-
പ്പുഞ്ചിരിക്കളൂർനിലാവുതൂകിയും,
കിഞ്ചിദക്ഷികളിൽ നീരണിഞ്ഞുമ-
ക്കുഞ്ചിതാളക തെളിഞ്ഞുമേവിനാൾ. 15

ആവലാതി പലതോതി വാണൊരാ-
ബ്ഭുവലാരിയെഴുന്നേററു സത്വരം
കേവലം മതിമറന്ന മട്ടില-
പ്പൂവലംഗിയെ മിഴിച്ചുനോക്കിനാൻ. 16

'സങ്കടസ്ഥിതിയറിഞ്ഞു വാസവൻ
തൻകളാംഗികളിലൊന്നയച്ചതോ,
പങ്കജാസ്ത്രമറിമായമോ, വൃഥാ-
ശങ്കയോ, ബത കിനാവുകാൺകയോ; 17

നെഞ്ചലിഞ്ഞണയുമദ്രിപുത്രിയോ,
പഞ്ചബാണജയവൈജയന്തിയോ,
ചഞ്ചലാഭയൊരു രൂപമാണ്ടതോ,
ചഞ്ചലാക്ഷി മമ ജീവനാഥയോ?' 18

ഇത്തരം പലതുമോർത്തുനിൽക്കമ-
സ്സത്തമൻെറ നില കണ്ടു സാദ്ധ്വിയാൾ
ചിത്തശങ്കയകലുംവിധം സുധാ-
സത്തണിസ്സുമധുരോക്തിചൊല്ലിനാൾ:— 19

"ഹേ! മനോഹര! ഭവാൻെറ നിസ്തുല-
പ്രേമമൊന്നു കരുതും 'വിനോദിനി'
ക്ഷേമമോടു തവ മുന്നിലുണ്ടിതാ!
മാമകപ്രതിമ താൻ രണാങ്കണേ 20

ക്ലാന്തയായഴലിൽ നീന്തുമെന്നിലെൻ-
കാന്തനുള്ള നിലയൊന്നു കാണുവാൻ
ഭ്രാന്തബുദ്ധിയിവൾ ചെയ്ത സാഹസം
സ്വാന്തമുത്തൊടു പൊറുക്കണേ ഭവാൻ. 21

കേണു ഹന്ത! വിലപിച്ചു മെത്തമേൽ
വാണുകൊണ്ട തവ കോമളാനനം
കാണുവാൻ കൊതിപൊറാ,ഞ്ഞകം പൊരി-
ഞ്ഞാണു വാണതു മറയ്ക്കകത്തു ഞാൻ." 22

തൂമരന്ദമടികുമ്പിടും വിധം
താമരാക്ഷിയുരചെയ്ത വാക്കിനാൽ
രോമഹർഷതനുവായ് നൃപൻ മഹാ-
പ്രേമഹർഷബഹുമാന വിസ്മയാൽ. 23

"ഹന്ത! മൽപ്രണയശക്തിയീവിധം
പന്തണിസ്തനി! പരീക്ഷചെയ്തുയോ?

അന്തണൻെറ മൊഴി കേട്ടമാത്രതൊ-
ട്ടെന്തവസ്ഥകൾ കഴിച്ചുകൂട്ടി ഞാൻ.” 24

എന്നുരച്ചു കുതുകാബ്ധിമഗ്നനായ്
ചെന്നു മന്ന,നലസേക്ഷണാന്തികേ;
കുന്നുതോററമുലയാൾ പരിഭ്രമി-
ച്ചൊന്നു മാറുകിലുമൊന്നു പുൽകിനാൻ. 25

മന്നവൻെറ പരിരംഭണത്തിന-
ക്കന്നൽനേർമിഴി തുണച്ചിടായ്കിലും
ഭിന്നഭാവമൊടൊഴിഞ്ഞുമാറിയി-
ലുന്നതപ്രണയബന്ധശക്തിയാൽ. 26

“തച്ഛലപ്പണിയിലാണ്ടു ബോധമ-
ററച്ഛനുണ്ടു മരുവുന്നു സുന്ദരി!
ഇച്ഛയൊത്ത പരിചര്യചെയ്തു നീ-
യച്ഛമാനസനു ബോധമേകണം” 27

കൂറിണങ്ങിയ നൃപോക്തി കേട്ടകം
നീറി,വെമ്പി നടകൊണ്ടു തന്വിയാൾ;
കേറിവന്ന സമയത്തെയുള്ളമേ
മാറിയൊപ്പമെഴുനെള്ളി മന്നനും 28

ക്ഷീണനായ ജനകൻെറ മേനിയെ-
ശ്ശോണപാണിയിണയാൽ തലോടിനാൾ,
വീണതോററ മൃദുനിസ്വനത്തിനാ-
ലേണനേർമിഴി വിളിച്ചു താതനേ. 29

“വിണ്ണിലാണ്ട മമ ജീവനൌഷധം
മണ്ണിലേക്കു തനിയേ പതിയ്ക്കയോ!
കണ്ണിണയ്ക്കമൃതധാരയാകുമെ–
ന്നുണ്ണിമാൻമിഴി മരിച്ചതില്ലയോ!” 30

“ചത്തതില്ല മകൾ പോർക്കളത്തിലെൻ-
പുത്തനാം പ്രതിമയാണു കണ്ടതും;
ചിത്ത മോദമെഴനേൽക്കുകച്ഛനീ-
യത്തൽകൊണ്ടു പിളരുന്നിതെന്മനം”. 31

വ്യാമോഹം തീർന്നു കാശിക്ഷിതിപതി മകൾതൻ
മൂർദ്ധ്നി ചുംബിച്ചു, വീര-
ശ്രീ മോഹിയ്ക്കും വിരാടാവനിവരനെ രസം-
പൂണ്ടു കെട്ടിപ്പുണർന്നാൻ;
ആമോദാശ്രുക്കൾ തൂകിത്തരുണതരുണിമാർ-
തങ്കരംചേർത്തു വിട്ടാൻ:
പ്രേമോദഞ്ചൽപുതുപ്പുഞ്ചിരിയോടവർ കടാ-
ക്ഷിച്ചിതന്യോന്യമൊപ്പം. 32

# അജാമിള മോക്ഷം

(വഞ്ചിപ്പാട്ട്)

---

വാരണവദനൻ സിദ്ധചാരണവിനുതൻ വിഘ്ന-
വാരണവിരുതൻ ചാരു വിനായകനും, 1

കാരണപുരുഷനായുമീപ്രപഞ്ചത്തറവാട്ടിൽ
കാരണവനായുമുള്ള കേശവൻ താനും, 2

മൂന്നു ലോകത്തിനുമെല്ലാമൂന്നുപോലേ വിളങ്ങിടും
മൂന്നുകണ്ണൻ തമ്പുരാനും തുണച്ചീടേണം. 3

വാണിമാതാവേനിൻതൃക്കൺകോണിവനിൽ പതിക്കേണം
വാണിയിതില്ലെന്നാലൊന്നും ഗുണപ്പെടുമോ? 4

മഞ്ഞുമാമലതൻ ഭാഗ്യപുഞ്ജമായ ദേവിതന്റെ
മഞ്ജുളാംഗമടിതൊട്ടു മുടിയോളവും 5

മാഞ്ഞുപോകാതെപ്പോഴുമെൻനെഞ്ഞുതന്നിൽ
(കുടികൊൾവാൻ
കഞ്ജമൊക്കും തൽക്കഴൽകൾ കുനിഞ്ഞിടുന്നേൻ. 6

കാളിപെററ മകനായിക്കേളികേട്ട വ്യാസൻതാനും
കാളിടും കൌതുകത്തോടും കളിയ്ക്കു ചിത്തേ. 7

ഭാരതീനാഥനും ദൈത്യവൈരിവര്യന്മാരെല്ലാരും
നാരദാദിമുനീന്ദ്രരും സഹായംവേണം. 8

ഓടമേറിക്കാററുകൊൾവാൻ മോടിയോടെഴുന്നള്ളീടും
മാടഭൂപർ തിരുവുള്ളത്തോടു കേൾക്കുവാൻ 9

പട്ടോടൊത്ത തൃക്കഴലിൽപ്പെട്ട ഭക്തിയോടു വഞ്ചി-
പ്പാട്ടിതൊന്നു പാടീടുന്നു കേട്ടുകൊണ്ടാലും. 10

വല്ലതും ചൊല്ലിയാലിബ്‌ഭൂവല്ലഭക്കു ബോധിക്കില്ലാ
വല്ലഭത്വമിവരെപ്പോലില്ല മററാക്കും. 11

നല്ലതായി വരാനെൻെറ നെല്ലുവായിൽ തേവർതാനും
നല്ലപോലെ തൃക്കടാക്ഷത്തെല്ലയക്കേണം. 12

തുള്ളപ്പാട്ടും കിളിപ്പാട്ടും കൃഷ്ണപ്പാട്ടുമുള്ളകാലം
വള്ളപ്പാട്ടിലാക്കും രസം കൊള്ളില്ലെന്നില്ലാ 13

ജാതിഭേദമല്ലാ കാൎയ്യം, നല്ലോരൎത്ഥം, ഭാവം, രസം,
നൂതനാലങ്കാരം, പാകമൊക്കെയിണക്കി 14

വേണ്ടമട്ടിൽ പദംവെച്ചുംകൊണ്ടണഞ്ഞാൽ കുറത്തിയും
രണ്ടുപക്ഷമില്ലാ മോദമാക്കുമുണ്ടാക്കും. 15

പോരാ നേരമ്പോക്കുമാത്രം പാരാകവേനിറഞ്ഞുള്ള
നാരായണൻ തൻ മഹിമാവാരായുന്നവർ 16

നേരായേറിയില്ലിക്കാലത്താരാലതിൻമൂലം ഞാനാ-
നാരായണമാഹാത്മ്യത്തെപ്പറഞ്ഞീടുന്നേൻ,— 17

മന്നിതിൽ പണ്ടജാമിളനെന്നുപേരായൊരു ഭൂമി-
വൃന്ദാരകനുളവായി വിശിഷ്ടനായി; 18

നാന്മാറകളഭ്യസിച്ചു ബ്രഹ്മതേജസ്സുജ്വലിച്ചു
നാന്മുഖനാണെന്നു തോന്നുമകലെക്കണ്ടാൽ. 19

ധൎമ്മമാൎഗ്ഗം പിഴച്ചുള്ള കൎമ്മമൊന്നും നിനയ്ക്കാതെ
ധൎമ്മദാരങ്ങളുമൊത്തു വസിച്ചു വിപ്രൻ; 20

കാലത്തേററു കുളിച്ചൂത്തു മേലശേഷം ഭസ്മംപൂശി
നാലമ്പലം പുക്കു ഭക്ത്യാ നമസ്കരിക്കും; 21

കാലമല്പം കളയാതെ കാലകാലഭഗവാൻെറ
കാലടിത്താർ നിരൂപിച്ചു ജപിക്കും പിന്നെ; 22

ഉച്ചയായാൽ ജപം നിർത്തി സ്വച്ഛയാം തൻധർമ്മപത്നി
വെച്ചുനൽകും ചോറുമുണ്ണും ജപിക്കും വീണ്ടും. 23

ഉത്തമനാമദ്വിജേന്ദ്രൻ പാർത്തിടും ഗൃഹാന്തികത്തിൽ
പൊത്തുകളിൽ പൊറുക്കുന്ന തത്തകൾപോലും 24

ശാസ്ത്രവേദപുരാണങ്ങൾ മാത്രമുച്ചരിക്കുമേവം
ധാത്രീസുരരെങ്ങുമില്ലാ, തർക്കമില്ലല്ലോ. 25

ഇപ്രകാരം ചിൽപ്രഭാവസുപ്രസന്നമതിയാകും
വിപ്രവര്യനൊരുനാളിൽ ചമതയ്ക്കായി 26

കാട്ടിലകംപുക്കനേരം കാട്ടിലുള്ള മഹാലക്ഷ്മീ-
മട്ടിലൊരു സുന്ദരാംഗി ദൃഷ്ടിയിൽ പെട്ടു 27

പെണ്മണിയാമവളെക്കണ്ടമ്മഹീസുരേന്ദ്രൻ തന്നെ-
ത്താൻമറന്നാൻ ബ്രഹ്മംകണ്ട മുനിയെപ്പോലെ. 28

പെട്ടെന്നങ്ങുമിങ്ങുമെങ്ങുമൊട്ടുമേ കാൽ നീങ്ങാതായി
കാട്ടുതീയിന്നുള്ളിൽപെട്ട കുട്ടിമാൻപോലെ. 29

അന്തണൻെറ കുററമല്ലാ, ചന്തമേറുമവൾക്കൊത്ത
പന്തണിസ്തനിമാരില്ലാ പാരിലെങ്ങുമേ. 30

മയിലിനുള്ള ഭംഗിയേറും പീലിയേക്കാൾ പത്തിരട്ടി
ചേലിയന്ന തലമുടി ചീകി മിനുക്കി 31

കെട്ടിപ്പിൻകഴുത്തിൽമുട്ടുംമട്ടിലിട്ട കെട്ടു കണ്ടാൽ
കാട്ടിലുള്ള തേൻകൂടിനെക്കാട്ടിലും കേമം. 32

തൊണ്ടിപോട്ടേ ചോരപൊട്ടുന്നുണ്ടിതിലെന്നാരുമോക്കും
ചുണ്ടിലുള്ള ശോഭചോരും കിണ്ടമാക്കുവാൻ 33

പല്ലോടേററു തോൽവി പററി വല്ലപാടും ചാവാനല്ലോ
നല്ല മുത്തു തുങ്ങുന്നതാ നാസികത്തുമ്പിൽ. 34

കത്തും കാന്തി കലൎന്നുള്ളോരത്തന്വിതൻ കഴുത്തിങ്ക-
ലൊത്തുകൂടിയെല്ലായ്പ്പോഴും കുളൎമ ചേൎത്തു 35

ഉത്തുംഗമാം മുലത്തട്ടിൽ ചേൎത്തണഞ്ഞു കളിക്കുന്ന
മുത്തുമാലയ്ക്കുള്ള ഭാഗ്യം വാഴ്ത്തുവാൻ വയ്യാ. 36

കന്ദബാണസൃഷ്ടിയാമസ്സുന്ദരിതൻ ദേഹകാന്തി
കൊന്നപ്പൂവെ നാട്ടിൽനിന്നു കെട്ടുകെട്ടിച്ചു. 37

തങ്കറൌക്കയ്ക്കുള്ളിൽ തിങ്ങിസ്സങ്കടപ്പെട്ടുഴലുന്ന
കൊങ്ക കണ്ടാൽ സലാംപോടും പങ്കജാസ്ത്രനും. 38

പച്ചക്കല്ലുവളയിട്ടു മെച്ചമാകും തൽകരത്താർ
വെച്ചിടുന്ന കഴുത്തല്ലോ കഴുത്തായതു്. 39

കഞ്ജബാണതാതൻ കൃഷ്ണൻ നെഞ്ഞലിഞ്ഞു സമ്മാനിച്ച
മഞ്ഞപ്പട്ടുടുത്ത ഭംഗി പറഞ്ഞാൽ തീരാ. 40

പട്ടിടഞ്ഞക്കാലാലൊന്നു തൊട്ടുകൊണ്ടാൽ ഗതിയായി
മട്ടലർസായകശാപം പെട്ടവൎക്കെല്ലാം. 41

ദേവദാസീവൎഗ്ഗത്തിലുള്ളാവരാംഗീമണിയോടു
ദേവനാരിമാരും കൂടിത്തിരിഞ്ഞുനോക്കാ. 42

രംഭയാണോ കേമി? രണ്ടു രംഭയുണ്ടു തലകീഴായ്
തൻപദംപിടിച്ചുകൊണ്ടു തപംചെയ്യുന്നു. 43

പൂവെതൃത്ത കയ്യിനാലേ പൂവറുക്കമവഠം മിഴി
പ്പൂവെറിഞ്ഞാഠം സാധുവാം ഭൂദേവൻതൻനേരേ. 44

കാമനപ്പോഠം ലാക്കുനോക്കി ക്കാമിനിതൻ കൺവഴിക്കു
കേമനാമബ് ഭൂസുരൻെറ കരളിൽക്കേറി. 45

കൂത്തുമൂത്തുള്ളസ്ത്രമോരോന്നോത്തെടുത്തു മൂച്ചകൂട്ടി
പേത്തുപേത്തു തറച്ചിതു ചിത്തത്തിൽതന്നെ. 46

പങ്കജാസ്ത്രകടുബാണസംഘമേററു വശംകെട്ടു
പെങ്കിടാവിന്നടുത്തെത്തിപ്പറഞ്ഞു വിപ്രൻ: — 47

"മങ്കമാർതൻമുടിക്കെട്ടിൽ തങ്കിടുന്ന തങ്കമാലേ!
തിങ്കഠംമുഖി! കേട്ടാലുമെൻ സങ്കടങ്ങളെ. 48

നിങ്കടാക്ഷച്ചൂണ്ടലിട്ടു പങ്കജാസ്ത്രമുക്കുവൻതാ-
നെങ്കരളാം മത്സ്യത്തിനെപ്പിടിച്ചുവല്ലോ. 49

തീങ്കഴിപ്പാൻ തുടങ്ങുന്നു താൻകിടന്നു പിടയുന്നു
നിങ്കനിവിസ്സാധുവിങ്കലങ്കുരിക്കേണം. 50

എള്ളളവും കൃപയില്ലാതുള്ളമിട്ടു തുള്ളിച്ചീടും
കള്ളനവൻ കളിയ്ക്കേണ്ടും പുള്ളിയല്ലല്ലോ. 51

കൊങ്കരണ്ടും മാറടക്കിശ്ശങ്കയെന്ന്യേ പുണരാഞ്ഞാ-
ലെങ്കഥ കഴിയ്ക്കുമിപ്പോഠം കങ്കേളിബാണൻ. 52

കുന്നുതോററ നിൻമുലകളിന്നുമാത്രം തന്നാൽ പോരാ
എന്നുമെനിയ്ക്കുതു തീറായ്ത്തന്നുകൊള്ളേണം. 53

ഭാസുരാംഗിമൌലേ! പരിഹാസമാക്കിശ്ശുദ്ധനാമി
ബ് ഭൂസുരൻതന്നപേക്ഷയെയുപേക്ഷിക്കൊല്ലേ." 54

കൃത്യബോധംവിട്ട വിപ്രനിതഥമോത്തും വാക്കു കേട്ട
മത്തകാശിനിയ്ക്കിളകീ ചിത്തമന്നല്പം. 55

മാറി മാറി വരന്മാരെ സ്വീകരിക്കും തേവിടിശ്ശി-
മാരിലൊന്നായുള്ളവൾക്കു മാരമാലുണ്ടോ? 56

അത്ഭുതാംഗിയവൾക്കെന്തോ വിപ്രനിൽ തെല്ലനുരാഗ-
മുത്ഭവിച്ചു സൂക്ഷ്മമോർത്താലത്ഭുതംതന്നേ. 57

മന്മഥൻെറ പോക്കിനൊരു നന്മതിന്മനോട്ടമില്ലാ
ബ്രഹ്മതേജസ്സിനും ശക്തി കുറച്ചല്ലല്ലോ. 58

ചിത്തരംഗം കുളുത്തവളുത്തരമൊന്നുരിയാടാ-
തത്തരത്തിലടുത്തെത്തിപ്പിടിച്ചുപൂട്ടി. 59

മഞ്ഞിനൊത്ത കുളുർമേനി നെഞ്ഞണച്ചു പുണൎന്നപ്പോൾ
നഞ്ഞുതിന്ന മത്സ്യംപോലെ മയങ്ങി വിപ്രൻ. 60

സ്വൎഗ്ഗമെന്നും മോക്ഷമെന്നും തൎക്കിക്കുന്നതെല്ലാം നാരീ-
വൎഗ്ഗത്തിലാണിരിപ്പെന്നോരുറപ്പുമായി. 61

പൊൻകുടത്തോടടങ്കംവെട്ടും കൊങ്കരണ്ടുംഞെക്കിപ്പുൽകി-
പ്പെണ്ണുകൊടിയായുറപ്പിനെ ബലപ്പെടുത്തി. 62

നിൎജ്ജനമാമാവനത്തിലജ്ജഗന്മോഹിനി ഭൂമീ-
നിൎജ്ജരനോടൊരുമിച്ചു രസിച്ചലാത്തി 63

കാട്ടിൽവെച്ചും, തിരിച്ചെത്തി വീട്ടിൽവെച്ചുമവർ കാട്ടി-
ക്കൂട്ടിയൊരു കാമകേളീഗോഷ്ഠികളെല്ലാം. 64

നന്മചേരുംപടിചൊൽവാൻ നമ്മോലാവില്ലൊന്നുകൊണ്ടും
മന്മഥനെ വിസ്തരിച്ചേ മതിയാവുള്ളൂ. 65

വാരനാരിയവൾക്കന്ന്യപൂരുഷനിൽ കണ്ണുചെന്നി-
ല്ലാരണന്നിൽഭ്രമം വാച്ചു രമിച്ചു വാണു. 66

സ്വന്തമാകും കുലധർമ്മമന്തണൻതാൻ വെടിഞ്ഞപ്പോൾ
സ്വന്തധർമ്മമവളും കൈവിടേണമല്ലോ. 67

ധർമ്മപത്നിയേയും തന്റെ ധർമ്മത്തേയും വെടിഞ്ഞവൻ
കർമ്മശക്ത്യാ വേശ്യതന്റെ ഗൃഹത്തിൽ വാണാൻ. 68

മദ്യപാനം ശീലമായി, മത്സ്യമാംസങ്ങളും തിന്നും,
കൃത്യമൊന്നു പിഴച്ചെന്നാൽ പുളിപ്പു തീരും. 69

കോകിലാലാപിനി വെച്ചു കൈകളാൽ കുഴച്ചുരുട്ടി-
യേകിടുന്ന ചോറല്ലാതെ ഭുജിക്കയില്ലാ. 70

അന്തരംഗത്തിങ്കൽ 'കാന്ത, കാന്ത'യെന്നതല്ലാതെക-
ണ്ടന്തണന്നില്ലയ്യോ മററു ചിന്തയൊന്നുമേ. 71

ചിത്തമേകാഗ്രമായ്നിന്നാൽ മുക്തി കൈവരുന്നതാകി-
ലിദ്വിജൻതനിക്കു മോക്ഷം സിദ്ധമാം നൂനം. 72

പുഷ്ടരാഗത്തോടുമേവമൊട്ടുകാലം കഴിഞ്ഞപ്പോൾ
കുട്ടികളുമുണ്ടായ്വന്നിതെട്ടുപത്തെണ്ണം. 73

കൊററിനേകി യവററിനെപ്പോററുവാൻ കഴിവില്ലാതെ
കുററുകാരൻ കുറഞ്ഞൊന്നു ചുററലിലായി. 74

ബുദ്ധികൊണ്ടു നിരൂപിച്ചു സൂത്രമൊന്നു കണ്ടെത്തിനാൻ;
ബുദ്ധിമാന്മാർ വിചാരിച്ചാൽ ബുദ്ധിമുട്ടുണ്ടോ? 75

തട്ടിപ്പറിച്ചുടക്കാനും കട്ടുനേടുവാനുമയ്യോ
ദുഷ്ടമതി നിശ്ചയിച്ചു കഷ്ടമേ കഷ്ടം! 76

വീട്ടുതോറും തരംനോക്കിച്ചാടിവീഴും വല്ലതും ക-
ണ്ടീടുമെങ്കിലെടുത്താശു കുതിച്ചുമണ്ടും. 77

കൂട്ടുകൂടാതൊരാൾതന്നെ കാട്ടുമാൎഗ്ഗേ വരുന്നാകിൽ
തട്ടിക്കൈകൊലൊടിച്ചിട്ടു തട്ടുമെപ്പേരും. 78

കൊന്നല്ലാതെ മുതൽ കിട്ടില്ലെന്നനില വന്നുപെട്ടാൽ
കൊന്നിടാനും മടിക്കില്ലാ ദുൎന്നയശീലൻ 79

കുക്ഷിപൂരണത്തിന്നായിട്ടക്ഷിതിസുരൻതാൻ കൊന്ന
പക്ഷിമൃഗങ്ങൾ തൻ സംഖ്യ പെരുപ്പംതന്നെ. 80

പുഞ്ചിരിപ്പൂവിതറുന്ന പിഞ്ചുകുഞ്ഞുങ്ങളെക്കണ്ടാൽ
കൊഞ്ചിക്കൊഞ്ചിക്കൈക്കലാക്കി കൊടുങ്കാടേറും. 81

മോതിരവും തളവളകാതിലയും കൈക്കലാക്കും
പൈതലിനെശ്ശിവ! ശിവ! പറവാൻ വയ്യാ. 82

കള്ളസ്സാക്ഷി കഥിച്ചീടും കള്ളാധാരം ചമച്ചീടും,
കള്ളന്ന്യായം കൊടുത്തീടും കള്ളനാമവൻ. 83

രണ്ടു ജന്മമുണ്ടാവുകകൊണ്ടു 'ദ്വിജ'നായിടുന്നു
രണ്ടുജന്മമിതിൽപരം വരേണ്ടതുണ്ടോ? 84

ഹീനകൎമ്മനിധി മന്നിൻവാനവനന്നൊരുകാലം
ദീനമൊന്നു പിടിപെട്ടു കിടപ്പിലായി. 85

ഏതുതരം ചികിത്സകൾ ചെയ്തുനോക്കിയിട്ടും ഭേദ-
മേതുമില്ലാ ധരാസുരൻ മരിയ്ക്കാറായി. 86

നാഡിയെല്ലാം തളൎന്നുപോയ്, ധാടിയെല്ലാമകന്നുപോയ്,
താടിയെല്ലും പല്ലും നീണ്ടു, പേടിയാം കണ്ടാൽ. 87

യാത്രാകാലമടുത്തടുത്തെത്തിയപ്പോൾ കാലദൂതർ
തത്ര വന്നു തിക്കുകൂട്ടി പത്തുനൂറെണ്ണം. 88

വട്ടക്കണ്ണിട്ടുരുട്ടിത്തീക്കട്ട ചുററും പറപ്പിച്ചു
കുട്ടിത്തിങ്കൾവടിവാർന്ന ദംഷ്ട്രകൾ കാട്ടി. 89

ഊക്കനായ കുഴൽപോലെ മൂക്കിനോട്ടവലുതാക്കി
നാക്കു നീട്ടിപ്പലകപ്പല്ലിളിച്ചുകാട്ടി, 90

അസ്ഥിമാല കുടൽമാല മസ്തകങ്ങൾകോർത്ത മാല
ഇത്തരങ്ങൾ ചാർത്തീട്ടുള്ള കഴുത്തിട്ടാട്ടി, 91

പാറയേക്കാൾകട്ടികൂടീക്കാറിനേക്കാൾ കറുപ്പുള്ള
ഘോരമെയ്യിൽ ചോരവസ്ത്രം ചേരവേ ചുററി; 92

ദണ്ഡമോങ്ങിശ്ശൂലം നീട്ടി, വണ്ണമേറും പാശം വീശി
ചണ്ഡമാമിരിമ്പുലയ്ക്ക ചുഴററിക്കാട്ടി 93

റെതിസിംഹവ്യാഘ്രാദിയാം ജന്തുക്കളെക്കുത്തിക്കോർത്ത
കുന്തമാകാശത്തിൽ മുട്ടും പന്തിയായ് പൊക്കി 94

തീമയമായ് വായിൽനിന്നു ധൂമമേററം വമിച്ചയ്യോ
ധൂമകേതുക്കളെപ്പോലെ ഭീമമൂർത്തികൾ 95

പൊട്ടിച്ചിരിച്ചായുധങ്ങൾ തട്ടിമുട്ടിശ്ശബ്ദംകൂട്ടി
കെട്ടിക്കൊണ്ടുപോവാനവർ വട്ടവും കൂട്ടി. 96

ക്രോധമൂർത്തികളാം കാലദൂതരെക്കണ്ടതിഭീത്യാ
സാധുവിപ്രൻ കണ്ണു രണ്ടുമിറുക്കെച്ചിമ്പി. 97

ചാക്കടുത്തു ഭാര്യയേയും മക്കളേയും വിട്ടുപോവാ-
നുൾക്കളത്തിലുളവായ ദുഃഖമെന്തോതാം! 98

പത്തു മക്കളുള്ളതിൽവെച്ചേറ്റവും വാത്സല്യമാണു
പത്താമത്തെ കുമാരനിൽ ധാത്രീദേവന്ന്. 99

കണ്ണു മറഞ്ഞീടുംമുമ്പായുണ്ണിയാമവന്റെ പുതു-
വെണ്ണയൊത്ത മൃദുമേനി പുണർന്നുകൊൾവാൻ 100

നാരായണനെന്നുതന്നെ പേരായുള്ള കുമാരനെ
'നാരായണാ'യെന്നു മെല്ലേ വിളിച്ചു വിപ്രൻ. 101

അന്നേരത്താവീട്ടിലുണ്ടായ്വന്ന കോലാഹലം ചൊൽവാ-
നെന്നാലാവില്ലനന്തൻതാൻ വന്നാലുമാകാ. 102

കൌതുകമാം ശംഖനാദം കാതുകളിൽ കേട്ടനേരം
ഭൂതധാത്രീദേവൻ മിഴിയുടൻ തുറന്നു. 103

കണ്ണനുള്ള കോമളാംഗം പൂർണ്ണമായിട്ടപ്പോൾ കണ്ട
കണ്ണിനുള്ള പുണ്യപൂരം ഗണ്യമോ തെല്ലും? 104

കാർമുകിലിൻ നിറമൊത്ത പൂമേനിതൻ കാന്തിവായ്പും
വാർമുടിയിൽ തിരികിടും മയിൽപീലിയും, 105

ലോകമെല്ലാം തീർത്തു രക്ഷിച്ചാകമാനം മുടിയ്ക്കുവാൻ
പാകംപോലൊന്നിളകുന്ന പുരികങ്ങളും, 106

സൽകൃപയാം സുധാസത്തിനുത്ഭവസ്ഥാനമാം തൃക്കൺ-
പാൽക്കടലിൽ കടാക്ഷമാം തിരമാലയും, 107

ചക്രം, ശംഖം, ഗദ, പത്മമിക്കാണ്മവ ധരിച്ചുല-
കൊക്കെ രക്ഷിയ്ക്കുന്ന നാലു തൃക്കരങ്ങളും, 108

നെഞ്ഞത്തുച്ചു ചാർത്തീട്ടുള്ള മഞ്ജുളമാം മാലകളും
മഞ്ഞപ്പട്ടാൽ മറച്ചുള്ള മദ്ധ്യഭാഗവും, 109

ഭക്തിയോടു ഭജിച്ചെന്നാൽ സക്തിപോലെയെല്ലാംനൽ
ശക്തികൂടും മൃദുലമാം തൃക്കഴൽത്താരും [കാൻ

ഏവമൊന്നല്ലിരുനൂറുദേവദേവന്മാരെബ്ഭൂമീ
ദേവനന്നു കണ്ടു കണ്ണുതെളിഞ്ഞു പാരം. 111

നാരായണചാരുരൂപധാരികളാമവരെല്ലാം
സാരൂപ്യം ലഭിച്ച പുണ്യസാരന്മാരല്ലോ. 112

വിഷ്ണുദൂതരവർ ചൊന്നാർ ദണ്ഡപാണിദൂതരോടു
"വിഷ്ണുഭക്തനെത്തൊടൊല്ലേ വികൃതങ്ങളേ! 113

ഭീഷണിക്കും ഭീഷണമാം വേഷമേവം കാട്ടിക്കൃത്യ-
ദൂഷണത്തിനൊരുമ്പെട്ട ദുരാത്മാക്കളേ! 114

ക്രുദ്ധവായു ദുഷിപ്പിയ്ക്കാതിദ്ധരയെ വിട്ടുകൊൾവിൻ
ക്രുദ്ധരായാൽ ചീത്തയാണിക്കൂട്ടരോർക്കണം 115

ക്രൂരവർഗ്ഗങ്ങളേ! നിങ്ങൾ ദൂരെപ്പോവിനല്ലെന്നാകിൽ
ഘോരവിഷ്ണുതേജസ്സിനാൽ നീറാകും ഞങ്ങൾ". 116

കാലദൂതരവർ ചൊന്നാർ "കാലഭേദംതന്നേ ദുഷ്ട-
ശീലനാരാണ,വനായീ വിഷ്ണുവിന്നിഷ്ടൻ. 117

തട്ടിപ്പറി, കത്തിക്കൊല, കട്ടിദ്രോഹം, കളവെന്നീ-
ദുഷ്ടവൃത്തി വിഷ്ണുഭക്തിച്ചടങ്ങായ്ത്തീർന്നു! 118

വേട്ട പതിതന്നെ വിട്ടു ചേട്ടയാകും വേശ്യയൊത്തു
കൂട്ടുകെട്ടു മോക്ഷത്തിനുള്ളുത്തമമാർഗ്ഗം! 119

കള്ളമോതിത്തിണ്ടിത്തിന്നു കള്ളന്ത്രാണമെല്ലാംചെയ്തു
കൊള്ളയിട്ടാൽ വൈകുണ്ഠത്തിൽ കടന്നുകൂടാം! 120

ചക്രപാണിസ്തുതിവേണ്ടാ നാക്കുകൊണ്ടു ദാസിയോടു
ചക്കരവാക്കുരച്ചെന്നാൽ മുക്തി സിദ്ധിക്കും! 121

നന്മ തിന്മയൊന്നായ്തീൎന്നു ധാൎമ്മാധൎമ്മഭേദം നിന്നു
നമ്മൾക്കെല്ലാം രാജിവെച്ചു നടക്കാം വേഗം." 122

"നാരായണദൂതർ ചൊന്നാർ 'നാരായണാ' എന്നനാമ-
മാരണൻെറ നാവുകൊണ്ടൊന്നുച്ചരിച്ചില്ലേ? 123

എന്തു ദോഷം ചെയ്താലും ശ്രീകാന്തനാമം ജപിച്ചെന്നാ-
ലെന്തു വാദം വിഷ്ണുലോകമവനാണല്ലോ". 124

അന്തകഭടന്മാർ ചൊന്നാ"രന്തമെത്തുംനേരം ലക്ഷ്മീ-
കാന്തനാമം ചൊന്നാൽ മോക്ഷം കരസ്ഥമെങ്കിൽ 125

ശിക്ഷയായീ കാൎയ്യമെല്ലാമിക്ഷിതിയിലുള്ള ധൎമ്മ-
വൃക്ഷമുടൻ മുറിച്ചിട്ടു വിറകുപൂട്ടാം. 126

എന്നു ഭുവിൽ ജനിയ്ക്കുന്നി,തന്നുതൊട്ടു ചാകുവോളം
തോന്നുംമട്ടു ചെയ്തുകൂട്ടാം ദുൎന്നയമുള്ളോർ. 127

ചാകട്ടെത്താൽ 'നാരായണ' വാക്കെടുത്തു പ്രയോഗിയ്ക്കാം
തക്കിടികാർ നിങ്ങളെത്തും മുഷ്ടടിക്കാനും. 128

നിങ്ങൾ ചൊല്ലുംപോലെ കേൾപ്പാൻനിങ്ങളുടെദൂതർ വേ
ഞങ്ങൾ കാൎയ്യം സാധിയ്ക്കാതെ മടങ്ങുമെന്നോ? [ണം

എന്നുരച്ചുകൂട്ടർ മുന്നോട്ടൊന്നുരണ്ടു ചോടുവെച്ചു
നിന്നുപോയീ, ചൂടുകൊണ്ടടങ്ങുക്കാൻ വയ്യാ. 130

ജാതമായ ജാള്യത്തോടു ദൂതരപ്പോൾ കുതിച്ചോടി
പ്രേതനാഥനോടീവാൎത്ത പറഞ്ഞിതെല്ലാം. 131

ധൎമ്മരാജാവതു കേട്ടു ഘൎമ്മനീററിൽ കുളിച്ചുടൻ
“കൎമ്മദോഷമെന്നുരച്ചു കരം കടിച്ചു. 132

മാപ്പപേക്ഷിച്ചിപ്പോൾത്തന്നെറിപ്പോട്ടൊന്നങ്ങയക്കേണം
കോപ്പുരാട്ടിക്കഴുതകൾ കളഞ്ഞു കാൎയ്യം. 133

വിഷ്ണുശബ്ദം കേട്ടെന്നാകിലക്ഷണംതാൻ തിരിക്കേണം;
വിഷ്ണുദൂതരുൾചെയ്താൽ പറവാനുണ്ടോ? 134

എന്നിരിക്കേ സാരൂപ്യത്താൽ ധന്യരാകുമവരോടു
ചെന്നുകേറിപ്പിടിച്ചല്ലോ ചണ്ഡാളന്മാരേ! 135

കാൎയ്യമോൎക്കാതങ്ങുമിങ്ങും കേറിച്ചെന്നു കലമ്പുന്ന
കാൎയ്യസ്ഥന്മാർവഴിക്കാണു കുഴക്കമെല്ലാം. 136

ഈശ്വരൻെറ നാമം ചൊല്ലാതീശ്വരനെ സ്മരിക്കാതെ
വിശ്വത്തിങ്കൽ ദേഹചിത്തവാക്കുകളാലേ, 137

ഘോരകൃത്യം ചെയ്വോനാണീ നരകത്തിന്നവകാശി
വേറെയുള്ള വകക്കാരെ വെറുപ്പിക്കാമോ?” 138

ദൂതർ ചൊന്നാർ:–“സ്വാമിൻ! ഞങ്ങൾചെയ്തതെറുപൊ
പാതകങ്ങൾ നമുക്കെല്ലാം പററിപ്പോയേവം [റുക്കേണം

എത്രമാത്രം ചെയ്തു ഘോരകൃത്യമിവനതിൻഫല-
മിത്രവേഗം റദ്ദായ്പോമെന്നോൎത്തതില്ലൊട്ടും” 140

അന്തകനും ചൊന്നാൻ“ശുദ്ധമന്തന്മാരാംപിള്ളർ നിങ്ങ-
ളെന്തറിഞ്ഞു മായാമയൻതൻതിരുപ്പുകൾ! 141

വേടുറച്ചു കരിങ്കാതൽക്കൂട്ടം വൃക്ഷം നിറഞ്ഞുള്ള
കാടൊരൊററ തീപ്പൊരിയാൽ കരിയുന്നില്ലേ? 142

ഒററത്തുള്ളി വിഷമുള്ളിൽ പററിയെങ്കിൽ ശക്തിമാനും
ചെററുനേരംകൊണ്ടു ചുററിച്ചത്തീടുന്നില്ലേ? 143

കട്ടുറുമ്പും തുമ്പിക്കയ്യിൽ പെട്ടു കടിച്ചെന്നാൽ മദം-
പൊട്ടും ഗജരാജാവും തീപ്പെട്ടുപോവില്ലേ? 144

കട്ടിയായ രോഗം വന്നുപെട്ടു ചക്രംതിരിയുമ്പോ-
ളൊട്ടു മരുന്നാലേ സൌഖ്യപ്പെട്ടീടുന്നില്ലേ? 145

അപ്രകാരം നൂറുകോടി ദുഷ്പ്രവൃത്തിക്കുള്ള ദോഷം
ക്ഷിപ്രം നീങ്ങും ഭഗവാൻെറ സൽപ്രസാദത്താൽ. 146

ശ്രീമണാളൻതൻെറ തിരുനാമജപംപോലെയൊന്നു-
മാമയം തീരുവാനുള്ള മരുന്നില്ലല്ലോ." 147

ശ്രാദ്ധദേവൻതൻെറ വാക്യം ശ്രദ്ധപൂണ്ടു കേട്ടു ദൂതർ
ബദ്ധമോദം 'നാരായണ പാഹി'യെന്നോതി. 148

അന്നുതൊട്ടുള്ളുട്ടർ വിഷ്ണുവിന്നെഴും സഹസ്രം പേരി-
ലൊന്നു കേട്ടാലവിടംവിട്ടൊളിച്ചു മണ്ടും. 149

ബ്രാഹ്മണനെ വിഷ്ണുദൂതർ പൊന്മയമാം തേരിലേററി-
ച്ചെമ്മേ വൈകുണ്ഠമാം പരബ്രഹ്മത്തിൽ ചേർത്തു. 150

നാരായണശബ്ദംകൊണ്ടീയാരണനു മോക്ഷം കിട്ടി;
നാരായണനാമം നിത്യം ജപിച്ചുകൊൾവിൻ. 151

നാരായണാ നാരായണാ നാരായണാ നാരായണാ
നാരായണാ നരകാരേ തുണയ്ക്ക നമ്മെ. 152

# ഒരു പൊല്ലീസ് ഇൻസ്പെക്ടരുടെ വധം*

മററാരായാലുമൊക്കാത്തൊരു നിലയിലതി-
ശ്രദ്ധയായ് നീതിമാർഗ്ഗം
തെററാതേ ചക്രവർത്തിത്തിരുവടി പരിപാ-
ലിപ്പൊരിബ് ഭാരതത്തിൽ
"ഈററാബെ"ന്നുള്ള ദിക്കുണ്ട;തു വളരെവട-
ക്കാണു; കേട്ടാകിലുള്ളം
ചെററാടിട്ടും പടിക്കീയിടെയവിടെ നട-
ന്നോരു വൃത്താന്തമോതാം. 1

ദൂരം പോയി,ക്കടെപ്പുള്ളികൾ ചിലതു പിരി-
ച്ചാത്മഗേഹത്തിലെത്താൻ
നേരം പോരാതുഴന്നാനൊരുവ,നവനഹോ
സഞ്ചി രണ്ടുണ്ടു കയ്യിൽ;
പാരം പേടിച്ചു, തട്ടിപ്പറി വഴിയിൽ നട-
പ്പുള്ളതായോർത്തു, രക്ഷാ-
ഭാരംപേറുന്ന പോല്ലീസ് പരിഷകൾ മരുവും
സ്റ്റേഷനിൽച്ചെന്നുകേറി 2

മത്തന്മാരായ്ത്തകർത്തങ്ങിനെ മരുവുമൊരാ-
ക്കൂട്ടർതൻമുന്നിലായ്ത്താൻ
വിത്തം മെല്ലെന്നിറക്കി,ബ്ബഹുവിനയമൊടാ-
പ്പാന്ഥനേവം പറഞ്ഞാൻ:—

*ഇതു് ഒരു വാസ്തവകഥതന്നെയാണു്

"സത്തന്മാരാം ഭവാന്മാർക്കിവനുടയ പണ-
സ്സഞ്ചി സൂക്ഷിച്ചുനൽകാൻ
ചിത്തം മന്ദിച്ചിടാതേ കനിയണ,മിവനി-
ല്ലന്യരാരും സഹായം." 3

ദോഷം തെണ്ടിപ്പിടിക്കുന്നവരുടെ തലയാ-
ളാകുമിൻസ്പെക്ടരൊട്ടും
രോഷം തട്ടാതുരച്ചാൻ; "പണമിവിടെ വൃഥാ
വാങ്ങിവെക്കുന്നതല്ല;
ശേഷം പേരിങ്ങിരിക്കപ്പുരജനഭയമോ;
സഞ്ചി താൻതന്നെ വെച്ചീ-
സ്റ്റേഷൻപാറാവുകാരൊത്തിരവിവിടെയുറ-
ങ്ങാ;മിറങ്ങാമുഷസ്സിൽ." 4

ധീരേവം കേട്ടു ധൈര്യത്തോടുമവനവരാൽ-
ദ്ദത്തമാം മെത്തതന്മേൽ
നേരേ കേറിക്കിടന്നാൻ; പണമുടയതതിൻ
ചോട്ടിലും നീട്ടിവെച്ചാൻ;
പോരേറെക്കണ്ട പോല്ലീസ്സധിപതിയഥ തൻ-
കീഴിലുള്ളോരെയെല്ലാം
ചാരേ ശീഘ്രംവിളിച്ചിട്ടതുമിതുമവരോ-
ടോതിനാൻ ഗൂഢമായി. 5

പോല്ലീസിൻസ്പെക്ടർ കൂട്ടാളികളൊടു മറപോ-
ലിപ്രകാരം സ്വകാര്യം
ചൊല്ലീടും വാക്കു കേൾക്കായ്കിലുമവനതിൽവെ
ച്ചുള്ളിലാട്ടം കടന്നു;

സല്ലീലം മററു ജോലിക്കവർ മുഴുവനുമാ-
　　രാത്രിയേർപ്പെട്ടനേരം
മല്ലീബാണാന്തകസ്വാമിയെ മനസി നിരു-
　　പിച്ചു മുററത്തിറങ്ങി. 6

തിണ്ണം തൻകൊച്ചുകുഞ്ഞുങ്ങളെ വലിയ മര-
　　ഞ്ചാടി മാറത്തടക്കം-
വണ്ണം പാന്ഥൻ പണസ്സഞ്ചിയെ നിജതനുവിൽ
　　ചേർത്തുറപ്പിച്ചുകെട്ടി;
വണ്ണംകൂടിസ്സമീപത്തമരുമൊരു മര-
　　ക്കൊമ്പിലാക്കമ്പമുള്ളം
പൊണ്ണൻ പൊത്തിപ്പിടിച്ചങ്ങിനെ കയറിയിരു-
　　ന്നീടിനാൻ വീഴ്പ്പടക്കി. 7

മിണ്ടാതിൻസ്പെക്ടർ വന്നാൻ ഝടിതി; പഥികനെ
　　സ്റ്റേഷനിൽക്കണ്ടിടാഞ്ഞി-
ട്ടുണ്ടായോരുഗ്രകോപത്തോടുമവനവനെ-
　　ത്തന്നെയാദ്യം ശപിച്ചു;
“പണ്ടാരം വെച്ചുപോട്ടേ കഴു; കഴുതകളെൻ-
　　കീഴിലുള്ളോരശേഷം
തെണ്ടാനോ പോയ?—താട്ടേ—പിഴയിട്ടവനവ-
　　ക്കൊക്കെയും, നാളെയാട്ടെ.” 8

എന്നോതിത്തെല്ലുമുമ്പേ പഥികനവനപേ-
　　ക്ഷിച്ച മെത്തപ്പുറത്തായ്
ച്ചെന്നോരോരോ വിചാരത്തൊടു വെറുതു കിട-
　　ന്നീടിനാ,നക്ഷണത്തിൽ

വന്നോത്രുക്കൻതളച്ച്യയ്ക്കവനുടനടിമ-
        പ്പെട്ടു മെയ്യൊന്നു ചാച്ചാ;-
നന്നോടിച്ചെന്നു നിദ്രാംഗനയവനിയലം
        കണ്ണു തിണ്ണന്നടച്ചു. 9

“വന്നില്ലാ മൂപ്പ,രെന്തോകഥ”; “വരുമുടനേ”;
        “തന്റെറയീയൊച്ച”,“യങ്ങോർ
തന്നില്ലേ വേണ്ടോരക്കല്പന?”; “തടിമടലൻ
        കൂക്ക്മൊയ്‌പ്പോക്കുപോലെ”;
“നന്നിത്തക്കം”, “വിളക്കെന്തിനു?” “യുണ-
        ത്തേണ്ട”; “വാറം കയ്യിലില്ലേ?”
എന്നിത്ഥം ഹന്ത! പൊല്ലീസ്പ്രജകറംകശ്ശുകശെ-
        പ്പേശിനാരത്തരത്തിൽ. 10

മേലാളെക്കാത്തു കാത്തങ്ങിനെ പല നിമിഷം
        പാത്തു; പിന്നെപ്പൊറുപ്പാൻ
മേലാതായീ; കടുംകൈകളിൽ മനമെഴവോ-
        ക്കെഷമതാപം പ്രസിദ്ധം;
മേലാലെക്കാൎയ്യമോൎക്കാതവരൊരസിയുമായ്-
        ച്ചെന്നു മെല്ലെക്കഴുത്തിൻ-
മേലായാഞ്ഞൊന്നുവെട്ടീ! തലയുടനുടലോ-
        ട്ടുള്ളബന്ധം വെടിഞ്ഞു! 11

കത്തിക്കാളുന്ന ദാവാനലനൊടുകിടയായി-
        ച്ചുട്ടു വല്ലാതിരമ്പി-
കത്തിച്ചാടുന്ന ചോരപ്പുഴയുടെ കൊടുതാ-
        യുള്ളൊഴുക്കത്തിനാലും,

തത്തിത്തള്ളിച്ചടിക്കും പൃഥുകരചരണ-
ത്തല്ലിനാലും കലുക്കം
ഹത്തിൽത്തട്ടാത്തൊരിക്കൂട്ടരെ യമഭടരായ്
മാററിയാൽദ്ദോഷമുണ്ടോ? 12

ദ്രോഹത്തിൽക്കണ്ണുറച്ചുള്ളവരിതു വകകവ-
ക്കാതെ ഹാഹാ! പണത്തിൻ
മോഹത്താൽത്തപ്പലായീ; പുനരതു കിടയാ-
ഞ്ഞപ്പൊഴും തപ്പലായീ;
ദേഹത്തിൽത്തപ്പിനോക്കുമ്പൊഴുതിലൊരിടിവാ-
ളേററതിൻമട്ടു പോല്ലീസ്-
വ്യൂഹത്തിൻ മട്ടു മാറീ, ദ്രുതമവരിലൊരാൾ
ദീപവും കൊണ്ടുചെന്നു. 13

'തെററീ, കാൎയ്യം; പറഞ്ഞിട്ടിനിയൊരു ഫലമി-
ല്ലുഗ്രമായോരബദ്ധം
പററീ; ദൈവം ചതിച്ചൂ; പരമശിവ! മൃതി-
പ്പെട്ടതിൻസ്വക്കൂരല്ലോ;
ചുററീ; ചുററിക്കുമാപ്പുള്ളികളൊഴിവു നിന-
പ്പോളവും കാണ്മതില്ല!'
ചെററീവണ്ണം കുഴങ്ങുന്നളവതിലുടനേ
മറെറാരുത്തൻ പറഞ്ഞു:— 14

"പട്ടിക്കൂട്ടംകണക്കെക്കരയുവതുശിര-
ന്മാൎക്കു ചേൎന്നുള്ളതല്ലാ;
കാട്ടിത്തന്നാമഹാനീ ഗുരുവതിലിനി നാ-
മാചരിക്കേണ്ട മാൎഗ്ഗം;

കൂട്ടിക്കെട്ടേണമിക്കണ്ടതു മുഴുവനുമീ-
മെത്തയിൽത്തന്നെ, മുമ്പിൽ-
ക്കുട്ടികളെത്തിക്കഴിച്ചുള്ളൊരു കുഴിയിൽ മുറ-
ക്കിട്ടുടൻ തട്ടിമൂടാം." 15

ധരാളം സമ്മതിച്ചു സകലമിതഹോ
കെട്ടു കെട്ടിപ്പുറപ്പെ-
ട്ടാരാവം ലേശമേശാതവരതിദ്രുതിയിൽ-
സ്സംസ്ഥരിച്ചാർ, തിരിച്ചാർ;
ഹേ! രാവേ! കൃഷ്ണവർണ്ണം കലരുകിലുമധ-
ർമ്മങ്ങളിൽ സാക്ഷിയായ് നീ
തീരാനെന്തേ കളങ്കിക്കുടയ ദയിതയായ്
പാർക്കയാലായിരിക്കാം! 16

എല്ലാടത്തും സമീക്ഷിച്ചുളവിലൊരുവനും
കണ്ടതില്ലെന്നുറച്ചി-
ട്ടുല്ലാസത്തോടുറങ്ങീ; നരബലി പരിശീ-
ലിച്ച മർത്ത്യാശരന്മാർ?
എല്ലാം കാണുന്നതായിട്ടൊരുവനുപരിയു-
ണ്ടെന്ന കാര്യം വിചാരി-
ച്ചില്ലാ പാവങ്ങ;ളെന്തേ കഥ മനുജനെഴു-
ന്നജ്ഞതക്കററമുണ്ടോ? 17

മാസാദ്യം സ്റ്റേഷനിൽപ്പെട്ടൊരു പണി പരിശോ-
ധിക്കുവാൻ സുപ്രഭാത-
ശ്രീ സാനന്ദം വിളങ്ങുന്നളവവിടെയസി-
സ്റ്റാണ്ടു സൂപ്രേണ്ടു വന്നു;

ശ്വാസാപേതം മരത്തിന്മുകളിലധിവസി-
ച്ചോനൊരാശ്വാസപൂർവ്വം
"ഹേ! സാഹേബ്ജി! സലാം!മീയഗതിയിലലിവു-
ണ്ടാവണേ!" യെന്നുരച്ചാൻ. 18

'ആരിപ്പോളെങ്ങുനിന്നിങ്ങിനെ പറയുവതെ'-
ന്നന്തരാ ചിന്തചെയ്താ-
സ്സൂരിപ്രൌഢൻ കുഴങ്ങുന്നള,"വിവിടെയിതിൻ
മോളി"ലെന്നോതി വീണ്ടും;
ഗീരിൻമാർഗ്ഗം പിടിച്ചിട്ടുപരി മിഴിയെറി-
ഞ്ഞപ്പൊളാശ്ചര്യഭാവം
പൂരിച്ചസ്സാധു"കാര്യം പറയുകട;നിറ-
ഞ്ഞീടുകെ"ന്നാജ്ഞനല്കി. 19

"ബോധിപ്പിപ്പാൻ കുറച്ചുണ്ടു;തിനിയിവിടെനി-
ന്നാകിലൊക്കില്ല; കണ്ണും
രോധിച്ചു മഞ്ഞുകൊണ്ടും, നിശി ചെറുതുമുറ-
ങ്ങായ്കകൊണ്ടും മഹാത്മൻ;
ബാധിക്കും പ്രാണദണ്ഡക്കയർവഴി കയറി-
പ്പോന്നതൊ; നങ്ങിറങ്ങാൻ
സാധിക്കില്ലപ്രകാരം; കനിവൊടൊരു നെടും-
കോണി കല്പിച്ചിടേണം." 20

അക്കല്യാത്മാവിനല്പം ഘൃണയു,മതിദയയും,
ക്രോധവും കൂടിവന്നാ-
ത്തക്കത്തിൽത്തത്സമീപത്തമരുമിരുവരിൽ
തൽക്ഷണം കണ്ണയച്ചാൻ

പൊക്കംകൂടുന്ന വൃക്ഷത്തൊട്ടു കിടപ്പൊരുത്തും
കോണിയൊന്നാബ്ഭടന്മാർ
വെക്കം പോയ്ക്കൊണ്ടുവന്നാരതുവഴി വഴിയായ്
മെല്ലെ മെല്ലെന്നിറങ്ങി. 21

താനാദ്യം സ്റ്റേഷനിൽപ്പുക്കതു,മവരൊളിവിൽ-
ച്ചൊന്നവാക്കിൽബ്ഭയപ്പെ-
ട്ടുന്നാപേതം മരം പുക്കതു,മവർ കുഴികു-
ത്തീടുവാൻ പോയ ലാക്കും;
താനാണെന്നോർത്തു തെററായ്ക്കുലപതിയെ വധം-
ചെയ്തതും, മെത്തയൊത്താ-
സ്സേനാനാഥന്റെ ദേഹം കുഴിയിലഥ കുഴി-
ച്ചിട്ടതും പാന്ഥനോതി. 22

കല്പാന്തക്കോളടിച്ചിട്ടിളകിടുമുദധിക്കൊ-
പ്പമത്യുഗ്രകോപാൽ
കെല്പാന്നുള്ളൊരു സാഹിബിൻമിഴിയിണ ബഡവാ-
ഗ്നിക്കു തുല്യം ജ്വലിച്ചു;
നൽപ്പായക്കപ്പൽ പായുംപടി ജവമൊടവൻ
സ്റ്റേഷനുള്ളിൽക്കടന്നു;
പിൽപ്പാടുണ്ടായ കോലാഹലനില പറവാ-
നാക്കുമേ ശക്യമല്ല. 23

അക്കേസ്സിൽപ്പെട്ട നാലാളെയുമുടനുടനേ
കൈവിലങ്ങിട്ടു വേഗം
തെക്കേമൂലയ്ക്കൽ മൂടീടിന കുഴിയിലെഴും
പണ്ടമെല്ലാമെടുത്തു

അക്കേമെൻതാൻ നടത്തീടിന നടവടിതൻ
ശക്തിയാൽ നാരകത്തിൽ
പുക്കേറ്റെസ്സന്തപിക്കുന്നതിനു കഴുമരം
കേറിനാർ നാലുപേരും. 24

ഈവണ്ണം വേലിതന്നേ വിളവുകളശനം-
ചെയ്യുതിന്നായ്മുതിൎന്നാൽ
ദൈവം നിസ്തുല്യശക്ത്യാ നിജഹൃദി കരുതി-
ച്ചെയ്യുന്നും യുക്തമത്രേ;
ഏവനും പൂൎവ്വജന്മാൎജ്ജിതസുകൃതഫലം-
പോലെ വിത്താദിസൎവ്വം
കൈവന്നീടും, പരസ്വക്കൊതി പെടുകിലിതേ-
മട്ടു കഷ്ടത്തിലാകും. 25

—:o✳o:—

# പട്ടിക്കഥ.

പണ്ടെതോ പട്ടിയായിട്ടൊരു കുറുനരി തെ-
ല്ലിഷ്ടമായ്, ദൈവഗത്യാ
രണ്ടാളും പൂർണ്ണരാഗത്തൊടു സുചിരമിരു-
ന്നീടിനാ,രപ്പൊഴക്കം
ഉണ്ടായ് പട്ടിക്കു ഗർഭം; പ്രസവമതിനഹോ
നാടു പററില്ല; കണ്ടാൽ
കൊണ്ടൂതല്ലെന്നു വേണ്ടൂ; കണവനവളെയും
കൊണ്ടു വൻകാടു പുക്കാൻ. 1

പുലിയുടെ വലിയൊരു മടയിൽ
പുലിയില്ലാതുള്ള തക്കവും നോക്കി;
നലമൊടു ദയിതയെയാക്കി-
പ്പലപല സൂത്രങ്ങളോർത്തവൻ പാർത്താൻ. 2

ശീഘ്രം, ഢം ഢം നിനാദത്തൊടുമുലകു തക-
ർത്തിനാൻ വീട്ടുകാരൻ,
വ്യാഘ്രത്തെക്കണ്ടു ഭീത്യാ കിടുകിടെ വിറപൂ-
ണ്ടാർത്തയായ്പ്പട്ടിയപ്പോൾ
ഉൾക്കാമ്പാടിക്കരഞ്ഞാൾ; തദനു കുറുനരി-
ക്കുട്ടനേവം പറഞ്ഞാൻ:—
"ദുഃഖിക്കേണ്ടോമലേ! നീ, പുലി വരുമധുനാ
നിൻെറ മോഹം ഫലിക്കും. 3

അന്തിവന്നണകിലേവനും പ്രിയേ!
സ്വന്തഗേഹമതിൽ വന്നു ചേർന്നിടും;

എന്തിനിന്നു വെറുതേ വിഷാദമെൻ-
പന്തണിസ്തനി! കരഞ്ഞിടേണ്ട നീ!" 4

ഗീരേവം കേട്ടു ചിത്താകുലതയൊടവിടെ-
ത്തന്നെ നിന്നാൎത്തചക്ഷു-
സ്സോരോരോന്നേവമുള്ളിൽക്കരുതി,"യിതു മഹാ-
വിസ്മയം പാൎത്തുകണ്ടാൽ;
ആരാണെന്നെപ്പിടിപ്പാൻ പടുതയൊടു വസി-
ക്കുന്നിതെൻവീട്ടിലോൎത്താ-
ലാരുണ്ടെന്നോടെതിൎപ്പാൻ? അതിബലികഠം ജഗ-
ത്തിങ്കലുണ്ടായിരിക്കാം. 5

രണ്ടാളുണ്ടീവരില്ല വാദ;മിവരോ-
ടൊററയ്ക്കു ചെന്നേൽക്കുകിൽ
കുണ്ടാമണ്ടി ഭവിച്ചുപോക;മവിവേ-
കത്തിന്നു പങ്കില്ല ഞാൻ;
വേണ്ടാ; സൂൎയ്യനുദിച്ചുപൊങ്ങുകിൽ വെളി-
പ്പെട്ടീടുമെല്ലാ,മഹം
മിണ്ടാതിങ്ങിനെ വാഴ്കയാണുചിതമീ
രാവൊക്കയും ശുദ്ധമായ്. 6

തിങ്ങിന വീൎയ്യപയോധിയിൽ
മുങ്ങിന പുലിയാം മൃഗാളിയുവഭൂപൻ
ഇങ്ങിനെ പലതുമുരച്ചഥ
മങ്ങിന മനമാൎന്നു മെല്ലെ നടകൊണ്ടാൻ. 7

മന്ദം മന്ദം നടക്കുന്നളവപരസൃഗാ-
ലൻ വഴിക്കെത്തിമുട്ടി-
ച്ചൊന്നാ,“നീരാവിലെങ്ങോട്ടരുളുക പുലിയ-
ച്ഛൻ പുറപ്പെട്ടതിപ്പോറം?
പൊന്നോമൽപുത്രനേയും പ്രിയദയിതയെയും
കാണുവാൻ സൂതിഗേഹം
തന്നിൽപ്പോകുന്നുവല്ലീ? തിരുമകനിരുപ-
ത്തെട്ടു ചെന്നീലയെന്നോ?” 8

“എന്തോതേണ്ടു സഖേ! സൃഗാലക! ഭവാൻ
സൂത്രപ്രയോഗത്തിനാ-
ലെൻതാപത്തിനു ശാന്തിമാർഗ്ഗമുടനുണ്ടാ-
ക്കേണെ;മല്ലായ്കിലോ
കാന്താപുത്രരെയും ഭവാനെയുമഹം
കൈവിട്ടിതാ യാത്രയായ്;
എന്തോ വീട്ടിലിരിക്കുവാൻ പൊറുതിയി-
ല്ലെന്നുള്ള സന്ദർഭമായ്. 9

പൊയ്യല്ലെന്നെ മുഴക്കനെക്കറുകറെ-
ത്തിന്നീടുവാനാശവെ-
ച്ചയ്യോ! രണ്ടു മൃഗങ്ങളുണ്ടു കുടികൊണ്ടീ-
ട്ടിന്നിതെൻമന്ദിരേ;
നിയ്യാണെങ്കിൽ മരിച്ചു; ഞാനൊരുവിധം
ചുററിത്തിരിച്ചീടിനേൻ;
വയ്യേ വയ്യവർ ചൊല്ലിടും കടുഗിരം
കേട്ടാൽ നടുങ്ങും ജനം.”

"തെററിപ്പോയ, ഭവാനെൻപുലികുലമകുടീ-
രത്നമേ! ജാതിമാൎഗ്ഗം
തെററിപ്പോയ് വഞ്ചകക്കൂട്ടരിലൊരുവനഹോ
പട്ടിയേ വേട്ടമൂലം
ചുററിത്തെണ്ടിച്ചിരംനാളവനുമവളുമാ,-
യപ്പൊളോ ഗൎഭമായീ;
പേററിൻകാലം സമീപിച്ചതുപൊഴുതവിടെ-
ച്ചെന്നു വാഴുന്നതാവാം." 11

"നേരാണോ ജംബുകോത്തംസക! പൊളിയുരചെ-
യ്തെന്നെ വഞ്ചിച്ചിടൊല്ലേ"
"ശ്രീരാമസ്വാമിയാണെ,ൻപ്രിയയുടെ മുഖമാ,-
ണച്ഛനാണമ്മയാണെ;
നേരാണിച്ചൊന്ന"തെന്നാൽ വരികവരികെടോ!
മൽഗൃഹത്തിൽക്കടപ്പാ-
നാരാ?ണാരാകിലുംതാനവരെയുടനിവൻ
ഭസ്മമാക്കുന്നതുണ്ടു". 12

എന്നും പറഞ്ഞവിടെനിന്നു തിരിച്ചുമണ്ടി-
ച്ചെന്നാൻ കുറുക്കനൊരുമിച്ചു പുലിപ്രവീരൻ;
അന്നേരമാസ്സരമ കേണുതുടങ്ങി,യപ്പോഠം
ചൊന്നാൻ മഹാകപടശാലി കുറുക്കനേവം:— 13

"തേനോലുംവാണിമാർചൂടിനമകുടമഹാ-
രത്നമേ! നീ വിഷാദി-
പ്പാനെന്തേ മൂലമീസ്ത്രീപ്രകൃതി കളക;ശാർ-
ദൂലമെത്തീടുമിപ്പോഠം;

ഞാനെൻസൈന്യത്തിൽനിന്നായിരമതിവിരുത-
ന്മാരെയിക്കാട്ടിലോരോ
സ്ഥാനത്തായ് നിർത്തിയിട്ടുണ്ടവർ പുലിയെയുടൻ
കൊണ്ടുവന്നേകിടും തേ!" 14

ഇതുകേട്ടു പരിഭ്രമിച്ചിതെല്ലാം
ചതികൂട്ടും പണിയെന്നു തീർച്ചയാക്കി
മതിവിട്ടവിടുന്നൊരോട്ടമിട്ടാ-
നതികഷ്ടം! ബഹുശ്ശൂരനാം പുലീന്ദ്രൻ. 15

ഒപ്പം പാഞ്ഞൂ സഹായിക്കുറുനരി; പിടികൂ-
ടീടുവാനെന്നു കല്പി-
ച്ചപ്പാവം കല്ലുമുള്ളെന്നിവകളെ വകവെ-
ക്കാതെ നില്ക്കാതെയോടീ;
അല്പംനേരം കഴിഞ്ഞപ്പൊഴുതു തന്റെ തളർ-
ന്നാർത്തനായിക്കിടപ്പാ-
യപ്പോഴയ്ക്കും കിതച്ചങ്ങിനെ നിജസവിധേ
ചെന്നുചേർന്നാൻ കുറുക്കൻ 16

"ശിവശിവ! ബഹുകഷ്ടം കാര്യമേതും ഗ്രഹിക്കാ-
തവികലഭയമുൾക്കൊണ്ടീവിധം പിന്തിരിച്ചാൽ
ഭവനമതിലിരിപ്പാൻ ലാക്കുകിട്ടില്ല; കൊട്ടാ-
രവുമപരകരത്തിൽപ്പെട്ടു കഷ്ടത്തിലാകും". 17

"വീട്ടിൽപ്പാർത്തില്ലയെന്നാകിലുമൊരു തകരാ-
റില്ലെടോ! വല്ല പേരും
തട്ടിക്കൊല്ലാതിരുന്നാൽ മതി; തവ വചനം
കേട്ടതും തൃപ്തിയായീ"

"കഷ്ടം! ശാർദ്ദൂലവർഗ്ഗോത്തമ! കുറുനരിതൻ
ഭീഷണിച്ചൊല്ലു കേട്ടീ-
മട്ടിൽപ്പേടിച്ചു മണ്ടീടിന തവ നിലയി-
ല്ലായ്മ വല്ലായ്മതന്നേ. 18

കാലടിത്തളിർ ഭജിച്ചു വാഴുമടിയന്റെ
വാക്കു പൊളിയായ്‌ധരി-
ച്ചീലയോ തിരുമനസ്സിൽനിന്നവന്നുരച്ചു-
താണു ശരിയെന്നതും?
കാലദോഷ;മിതിനിത്രമാത്രവുമുപായ-
മൊന്നടിയനോതിടാം
വാലു രണ്ടുമൊരുമിച്ചു കെട്ടുകവിടുത്തെ-
യ്യും പുനരിവന്റെയും. 19

നിസ്സന്ദേഹം ഗമിക്കാം;മുദവസിതസമീ-
പത്തിലാപത്തു വന്നാ-
ലിസ്സാധുജ്ജംബുകപ്പുച്ഛന്നു പകുതി ഭവി-
ക്കേണമെന്നാണു മോഹം;"
"ഇസ്സൂത്രം പററി;യാരെങ്കിലുമൊരു തകരാ-
റിന്നൊരുങ്ങില്ല"യെന്നോ-
ത്തുത്സാഹാൽ വാലുകെട്ടിപ്പുലി കുറുനരിയൊ-
ത്തെത്തിനാൻ സ്വാത്മഗേഹേ. 20

പട്ടിക്കിക്കുറി പേടിമൂത്തു മരണം
ചിന്തിച്ചു ദുഃഖാർത്തയായ്-
പ്പൊട്ടിക്കേണുതുടങ്ങിനാ,ളുടനിദം
ഭർത്താവു പേർത്തോതിനാൻ!—

"കാട്ടിൽക്കാണുകിലക്ഷണം പുലിയെ മൽ-
സ്സൈന്യാധിപൻ വിക്രമൻ
കെട്ടിക്കൊണ്ടുവരും വരാംഗി വെറുതേ
കേഴേണ്ട കേഴേക്ഷണേ!" 21

പെട്ടന്നീവാക്കുകേട്ടാപ്പുലി ഝടിതി കുതി-
ച്ചോടിനാൻ; പിൻപുറത്തെ-
ക്രോഷ്ടാവോ തട്ടിമുട്ടിത്തല തവിടുപൊടി-
ഞ്ഞാർത്തനായ്ച്ചത്തുപോയീ;
കൂട്ടക്കാരെക്കുറിച്ചേഷണി പറകിലിതിൻ-
വണ്ണമാണേ കലാശം;
നാട്ടാരേ! നിങ്ങൾ മററുള്ളവരിലെഴുമസൂ-
യാദരത്തെത്ത്യജിപ്പിൻ! 22

# രത്നാവലി

## ഏഴാം സൎഗ്ഗം

---

ഇത് ആകെ എട്ടുസർഗ്ഗമുള്ള ഒരു കാവ്യമാണ്. സാഹിത്യലോകത്തിൽ സുപ്രസിദ്ധന്മാരായ ചങ്ങരംകോത കൃഷ്ണൻകൎത്താവ് (ആദ്യത്തെ രണ്ടുസൎഗ്ഗം), കുണ്ടൂർ നാരായണമേനോൻ ബി. എ. (3-ം, 4-ം സൎഗ്ഗങ്ങൾ), കാത്തുള്ളിൽ അച്യുതമേനോൻ (5-ം, 6-ം സൎഗ്ഗങ്ങൾ) ഇവരാണ് ആദ്യത്തെ ആറു സൎഗ്ഗം എഴുതീട്ടുള്ളത്. ഇതിൻെറ പൂൎവ്വകഥ ഇതാണ്:—

കാമന്ദികാനഗരത്തിൽ അൎത്ഥദത്തൻ എന്ന വൈശ്യപ്രഭുവിൻെറ ഏകപുത്രനായ ധനദത്തൻ യൌവനാരംഭത്തിൽതന്നെ അച്ഛൻെറ വമ്പിച്ച സ്വത്തിന്നവകാശിയായിവരികയും, ചില സേവകന്മാരുടെ വലയിൽപെട്ട്, മദ്യപാനം, വ്യഭിചാരം, ചൂതാട്ടം ഈ മൂന്നുകൊണ്ടും ക്ഷണത്തിൽ സൎവ്വസ്വവും നശിപ്പിച്ചു പാപ്പരായിത്തീരുകയും ചെയ്തശേഷം പിച്ചതെണ്ടിത്തുടങ്ങി. ആ കൂട്ടത്തിൽ ചന്ദനപുരത്തിലെത്തി ഒരു വൈശ്യപ്രഭുവിൻെറ വീട്ടിൽ കയറിച്ചെന്നപ്പോൾ, അദ്ദേഹം ആളെ അറിഞ്ഞ്, തല്ക്കാലസ്ഥിതികളൊന്നും ധരിയ്ക്കാതെ തറവാട്ടുമഹിമയും കണ്ടാലുള്ള യോഗ്യതയുംമാത്രം പ്രമാണിച്ചു തൻെറ മകളായ രത്നാവലിയെ കല്യാണംകഴിച്ചുകൊടുത്തു. ധനദത്തനാകട്ടെ, കുറച്ചുദിവസം അവിടെ താമസിച്ചശേഷം സ്വരാജ്യത്തു

O3വ,1:5



പോയി കുലത്തൊഴിലായ കച്ചവടം ചെയ്തിരിപ്പാൻ ശ്വശുരനോടപേക്ഷിച്ചു, കുറെപ്പണവും വാങ്ങി ഭാൎയ്യയേയും സഹായത്തിന്നു് ഒരു വൃദ്ധദാസിയേയുംകൂട്ടി പുറപ്പെട്ടുകയും, വഴിക്കുവെച്ചു് ഒരു കാട്ടിൽകയറി ഉപായത്തിൽ പണ്ടങ്ങൾ അഴിച്ചുവാങ്ങിച്ചു വൃദ്ധയേയും രത്നാവലിയേയും ഒരു വലിയ കുണ്ടിൽ തള്ളിയിട്ടുകയും, കയ്യിൽ കിട്ടിയ പണവും പണ്ടങ്ങളും കൊണ്ടുപോയി വീണ്ടും ചൂതുകളിച്ചും, മദ്യപിച്ചും, വേശ്യക്കുകൊടുത്തും സകലവും നശിപ്പിക്കുകയും ചെയ്തു. ഇതിന്നുശേഷമുള്ള കഥയാണ് നമ്മുടെ കവി ആരംഭിക്കുന്നത്.

കലികയറിയതിൻകണക്കു കാന്തൻ
കലിതഭയംകലരുന്ന കാനനത്തിൽ
വലിയൊരു കുഴിതന്നിൽ വിട്ട രത്നാ-
വലിയുടെ വസ്തുത തെല്ലു വിസ്തരിക്കാം. 1

പ്രണയമൊടു പരിഗ്രഹിച്ചു നിത്യം
പുണരുവതിൽ പെരുമാറുമക്കഴുത്തിൽ
പ്രണമൊടു കിടയായ് പിടിച്ചുതള്ളും
കണവനവൻ കലിയോ! കടുംപിശാചോ!! 2

പല കളവു, കവച്ചു, തല്ലു, കുത്തി-
ക്കൊല മുതലായ് ഖലർ ചെയ്വതുണ്ടസംഖ്യം;
അലഘുഗുണമെഴും സ്വകാന്തയേക്കാൾ
വില കനകത്തിനു വെക്കുവോർ ചുരുങ്ങും. 3

കഴൽ കരമിവതൊട്ടു തൻകഴുത്തിൻ-
കുഴൽവരെയെല്ലുകളൊക്കെയും നുറുങ്ങി

MUL 290602
UNIVERSITY LIB... 7 MAR 2003 CHENNAI-600 00...

അഴലണുവുമറിഞ്ഞിടാതെ സാധു-
ക്കിഴവി മരിച്ചിതു വീണമാത്രതന്നിൽ. 4

പടുകുഴിനടുവിൽ പതിച്ചനേരം
മടുമൊഴിയാൾക്കൊരു ബോധഹാനി പറ്റി;
ഒടുവിലവളുണർന്നു വീണതല്ലോ
കടുതരസങ്കടവങ്കടൽക്കയത്തിൽ. 5

കുവലയമിഴിതൻ ഹൃദന്തരാളേ
വിവശതയാം കടുവഹ്നി കത്തിയാലും
നവനവമൊഴുകുന്ന ബാഷ്പപൂരം
ലവമപി വറ്റിയതില്ല ചിത്രമോർത്താൽ. 6

പെരിയൊരു ധനവാൻ ധനത്തിനേക്കാ-
ളരിമയിൽ വെച്ചു വളർത്ത പൊന്നുപുത്രി
കിരികരിവൃകസൈരിഭോഗജാഗ്രൽ-
ഗിരിതലഗർത്തഗയായ് നിനച്ചിതേവം:— 7

'മഹിതശുഭദമായ വേളിനാൾതൊ-
ട്ടഹിതമൊരക്ഷരമോതിടാത്തൊരെന്നെ,
അഹി നിജവളപോലെ, വിട്ടുപോവാൻ
നഹി നഹി ഹേതു ശിരോവിലേഖമെന്യേ. 8

നെടിയൊരു നിലയത്തിൽ വാസനപ്പൂ-
മ്പൊടി വിതറും മൃദുപട്ടുമെത്ത പോയി,
കുടിലത കലരുന്ന കാട്ടുവള്ളി-
ച്ചെടികൾപെടും കുഴിയായ് കിടപ്പിതിപ്പോൾ. 9

വസുമതിയിലണഞ്ഞനാൾമുതൽക്കെൻ-
പ്രസുവിലുമേറിന വത്സലതയുമേന്തി
സുസുഖമൊട്ടു വളർത്ത വൃദ്ധയിമ്മ-
ട്ടസുവെ വെടിഞ്ഞിതു ഹന്ത! ഞാൻനിമിത്തം. 10

കണവനു മമ ദീപ്തരത്നഭൂഷാ-
ഗണമതിലാഗ്രഹമെങ്കിലൊന്നുരച്ചാൽ
തൃണസമമതു ഞാൻ കൊടുക്കുമല്ലോ;
ഘൃണ കലരാതിതു ചെയ്തതെന്തിനയ്യോ! 11

വരഗുണമബലാജനത്തിനോർത്താൽ
വരഗുണമാണനിതില്ല വാദമേതും;
വരനിതുവിധമായ് ത്യജിക്കുമിന്ദീ-
വരമിഴിമാരുടെ ജീവിതം നികൃഷ്ടം. 12

തനുവിതു തനിയേ പരിത്യജിച്ചാ-
ലനുഭവമാം നരകങ്ങളെന്നു കേൾപ്പൂ;
അനുദിനമഴലാണ്ടിരുന്നിടേണം
മനുജരഹോ! മരണംവരുംവരയ്ക്കും'. 13

ഇതിപലതുമകക്കുരുന്നിലോർത്ത-
സ്സതിമുടിമാലിക മാലടക്കി മന്ദം
മതിയിലഗജയെ സ്മരിച്ചു മെല്ലൊ-
ട്ടതിവിവശം ലതയിൽ പിടിച്ചു കേറി- 14

ഹഹഹ! ജനവിഹീനമുഗ്ര,നാനാ-
വിഹഗമൃഗാഹികലാന്ധകാരമിശ്രം

ഗഗനതലമണഞ്ഞവാറു മുമ്പേ
ഗുഹയിൽ വസിച്ചതു മെച്ചമെന്നു തോന്നി. 15

ജനകജനനിമാർ വസിച്ചപോരും
ജനപദമെത്തുവതിന്നു സംഭ്രമത്താൽ
ഘനഭയദവനായനത്തിലൂടെ
ഘനസമവേണി നടന്നു മന്ദമന്ദം. 16

അതുലകഠിനമാം സ്തനദ്വയത്തിൽ
കുതുകമൊടെത്തിയ ചക്രവാകയുഗ്മം
പുതുമധുമൊഴിതൻ മുഖേന്ദുവീക്ഷി-
ച്ചതുസമയം സഭയം തിരിച്ചുമണ്ടി. 17

കരിണികളവൾതൻ നടപ്പു കണ്ടും
ഹരിണികളീക്ഷണഭംഗി കണ്ടുമെത്തി;
ഹരിയൊടു കിടയാം കടിസ്ഥലം ക-
ണ്ടെരിയുമൊരുള്ളൊടു മണ്ടി രണ്ടുമൊപ്പം. 18

വലിയൊരു ഭുജഗം വിശേഷരോമാ-
വലിയുടെ മട്ടുകൾ കണ്ടടുത്തു വന്നു,
സലിലധരമയൂരപിഞ്ഛശങ്കാ-
കലിതമനസ്സോടൊഴിച്ചു കേശഭംഗ്യാ. 19

കമലഭവനവൾക്കു ദേഹരക്ഷാ-
ക്രമമവൾതൻതനുവിൽ പ്രതിഷ്ഠചെയ്തു;
സ്വമനസി പല ചിന്തയോടു സന്ധ്യാ-
സമയമടുത്തളവെത്തിനാൾ ഗൃഹത്തിൽ. 20

"വരനെവിടെ വയസ്സിയെങ്ങു രത്നാ-
ഭരണസമുച്ചയമെങ്ങിതെന്തു കഷ്ടം!
കരയരുതു കഥിയ്ക്ക?"യെന്നുരയ്ക്കേ-
പ്പുരഭൃതഭാഷിണി താതനോടു ചൊന്നാൾ:— 21

"പുരുഗുണനിധിയായ കാന്തനോടും
പെരുകിന കൂറുകലന്ന വൃദ്ധയോടും
ഒരു വിപിനമണഞ്ഞു പോയിടുമ്പോൾ
വിരുതിയലും ചില ചോരർ വന്നെതൃത്തു. 22

ചിലർ മമ വരനെപ്പിടിച്ചുകെട്ടി-
ബ്ബലമൊടു കാട്ടിനകത്തുകൊണ്ടുപോയി
വിലപെരുകിടുമെൻ വിഭൂഷണൌഘം
ചിലരവർ തട്ടിയെടുത്തു പാഞ്ഞു പിമ്പെ. 23

ഹതർ ചിലർ പിടിച്ചൊരന്ധകൂപേ
ദ്രുതമഥ ഞങ്ങളെ വീഴ്ത്തി; വൃദ്ധയപ്പോൾ
പതനബലവശാൽ മരിച്ചു; ഞാനോ
ലതകൾ പിടിച്ചൊരുമട്ടു കേറിവന്നു" 24

തള്ളിക്കുണ്ടിൽപ്പതിപ്പിച്ചൊരു നിജപതിയെ-
പ്പററി മാതാപിതാക്കൾ-
ക്കുള്ളിൽ ദുശ്ചിന്തതോന്നായ്വതിനനൃതവച-
സ്സൊന്നു ചെല്ലേണ്ടിവന്നു;
പുള്ളിക്കേഴാക്ഷിയാളാം പ്രിയസുതയെ മഹാ-
സങ്കടത്തിൽക്കടാക്ഷം
കൊള്ളിച്ചമ്പോടു രക്ഷിച്ചൊരു ഗിരിസുതയെ-
സ്സംസ്മരിച്ചാർ പിതാക്കൾ. 25

# എട്ടാം സർഗ്ഗം

ഭർത്താവു വേർപെട്ടിതു, തസ്കരന്മാർ
ഗർത്താന്തരേ വീഴ്ത്തി വിഷാദമേററി,
തത്താതമാതാക്കളിതോർത്തു പുത്രീ-
ചിത്താനുസാരം പരിചര്യചെയ്താർ! 1

എല്ലായ്പ്പൊഴും കൂടെയിരുന്നു പൂന്തേൻ-
ചൊല്ലാൾക്കകക്കാമ്പുഴലാതിരിപ്പാൻ
ഉല്ലാസമേകും പ്രിയതോഴിമാരായ്
നല്ലാരിൽ നാലാളെ വിളിച്ചുനിർത്തി. 2

കൊണ്ടൽക്കറുപ്പേന്തിനകുന്തലാൾത-
ന്നിണ്ടൽക്കു തല്ക്കാലശമം വരുത്താൻ
പണ്ടത്തെയെണ്ണത്തിലുമെട്ടിരട്ടി-
പ്പണ്ടത്തെ നിർമ്മിച്ചുകൊടുത്തു താതൻ. 3

എന്താകിലും താമരസായതാക്ഷി
വെന്താളുമുള്ളോടു ദിനം നയിച്ചു;
സന്താപമൊന്നല്ല, വരൻ വെടിഞ്ഞു
ഹന്താതികഷ്ടം കബളം പറഞ്ഞു. 4

പേറിൻദിനംതൊട്ടതിവത്സലത്വം
പേറിപ്പുലർത്തുന്ന പിതാവിനോടും
വേറിട്ടൊരാൾകാരണമീയസത്യം
കേറിക്കഥിപ്പാനിട വന്നുവല്ലോ. 5

എല്ലാം വിചാരിച്ചൊരു ജീവിതാശ-
യില്ലാതെയായ്വന്നിതവർക്കു കഷ്ടം;
നല്ലാർകുലത്തങ്കമണിക്കിവണ്ണം
വല്ലായ്മ വേധാവു വിധിച്ചുവല്ലോ. 6

നെന്മേനിവാകപ്രസവംവണങ്ങും
നന്മേനിയാളുച്ചതിരിഞ്ഞൊരിക്കൽ
വന്മേടയിൽ ജാലകസീമ്നി തല്പം-
തന്മേൽ ശയിച്ചൊന്നു പുറത്തു നോക്കി. 7

ചുട്ടുള്ള പീയൂഷമശിക്കിലെന്ന-
മട്ടുള്ളിലപ്പോളുളവായ് വികാരം;
വിട്ടുള്ള തൻവല്ലഭനുണ്ടു മോശ-
പ്പെട്ടുള്ള ഭാവത്തൊടു വന്നിടുന്നു. 8

പെട്ടന്നുറങ്ങും സഖിമാരെയെല്ലാം
വിട്ടന്നു തന്വംഗി പടിക്കലെത്തി;
മട്ടഞ്ചിടുംവാണി മിഴിക്കു ലക്ഷ്യ-
പ്പെട്ടമ്പരന്നായവനിത്ഥമോർത്തു. 9

‘അല്ലാ ചതിച്ചു! കുഴിയിൽ ത്യജിച്ച
മല്ലാക്ഷി ഹാ! ഹന്ത! മരിച്ചതില്ല;
വല്ലായ്മ ഞാൻ ചെയ്തതു തീർച്ചയായും
ചൊല്ലാതിരിക്കില്ല, പിഴച്ച കാര്യം. 10

കാട്ടിൽ പ്രവർത്തിച്ചതിനുള്ള ശിക്ഷ
പാട്ടിൽ കിടക്കായ്വതിനോടിയെന്നാൽ

ആട്ടിപ്പിടിയ്ക്കും, നൃവരൻെറ മുൻപിൽ
കൂട്ടിഗ്ഗമിയ്ക്കും, ശിവരാമ രാമ!'. 11

ഏവം നിനച്ചുള്ളമെരിഞ്ഞു കത്തും
ഭാവം നതാംഗീമണി കണ്ടറിഞ്ഞു;
കൈവന്ന സന്തോഷവിഷാദമിശ്ര-
മീവണ്ണമശ്രുക്കൾ പൊഴിച്ചുരച്ചു:- 12

"ഒട്ടും വിഷാദിയ്ക്കരുതെൻഹൃദന്തം
പൊട്ടും ഭവാനീനില നിന്നുവെന്നാൽ;.
മുട്ടും മനസ്സാകിലുമങ്ങു ദോഷം
തട്ടുന്ന വാക്കൊന്നു കഥിയ്ക്കുമോ ഞാൻ! 13

വൻകാട്ടിലായ് തസ്കരർ വന്നു സൂര്യ-
സങ്കാശരത്നാഭരണങ്ങളേയും
ഏകാന്തനേയും പിടികൂടിയെന്നു
ശങ്കാവിഹീനം കബളം പറഞ്ഞേൻ. 14

തള്ളിബ് ഭവാൻ വിട്ടളവിൽ ഭവാനീ-
യുള്ളിൽ കൃപാസത്തൊടു കാന്തമൂലം
എള്ളിൻസമംപോലെ പതിച്ചു പിന്നെ
വള്ളിക്കുടിൽക്കെട്ടു പിടിച്ചു പോന്നേൻ. 15

സ്നേഹത്തഴപ്പൂന്ന ഭവാൻ പിരിഞ്ഞു
മോഹത്തിനൊക്കുംപടി വാണതില്ലേ?
ദേഹത്തിനൊട്ടുണ്ടു ചടപ്പു, കാന്തി-
വ്യൂഹത്തിനും തെല്ലൊരുലച്ചൽ പററി. 16

വിത്തം കരത്തിങ്കലൊട്ടുങ്ങിയെന്നാൽ
ചിത്തം പൊരിഞ്ഞങ്ങുഴലേണ്ട മേലിൽ;
അത്തത്വമിങ്ങോട്ടറിയിയ്ക്കിൽ വേണ്ടും
വിത്തത്തെ ഞാൻ വാങ്ങിയയച്ചുകൊള്ളാം"! 17

പൂമട്ടു തൂകുംപടി ഗൽഗദത്തോ-
ടീമട്ടു പെണ്മൌലി പറഞ്ഞനേരം
ആമർത്ത്യന്റാംദൌഷ്ട്യമകന്നു, ദീപ-
സ്തോമത്തിനാൽ കൂരിരുളെന്നപോലെ. 18

ബുദ്ധിഭ്രമം തീർന്നഥ ശാപമോക്ഷം
സിദ്ധിച്ചപോലദ്ധനദത്തവൈശ്യൻ
വർദ്ധിച്ചെഴും ഭീബഹുമാനപൂർവ്വം
ശുദ്ധിയ്ക്കൊരുന്നാമവളോടു ചൊന്നാൻ:—. 19

"ഏണീവിലോലാക്ഷി! മദീയപുണ്യ-
ശ്രേണീവിലാസായിതദിവ്യരൂപേ!
കേണീടൊലാ നീ തവ പാദദാസ-
നാണീയിവൻ മേലിൽ മരിയ്ക്കുവോളം. 20

ഞാനന്നു ചെയ്തൊരപരാധമെല്ലാം
തേനഞ്ചിടുംവാണി! പൊറുക്കണം നീ:
മാനംവെടിഞ്ഞീയടികൂപ്പുമെന്നെ-
യാനന്ദപൂർവ്വം പരിപാഹി! നാഥേ! 21

പൂവഞ്ചുമോമന്മൃദുഗാത്രി! നിന്നി-
ലേവം മനശ്ശുദ്ധിയണച്ചനേരം

ആ വൻഗുണം തെല്ലറിയേണ്ട ബുദ്ധി
ദൈവം നമുക്കേകിയതില്ല കഷ്ടം”. 21

എന്നൎത്ഥമോതി പ്രിയതൻ സമീപേ
ചെന്നിഷ്ടമോടൊന്നു പുണൎന്നു ഗാഢം;
കുന്നിച്ച മോദത്തോടു രണ്ടുപേരു-
മൊന്നിച്ചു താതാന്തിക മെത്തിവേഗം. 23

ആ മാതാവും പ്രിയജനകനും ഹൎഷബാഷ്പാമൃതത്താൽ
ജാമാതാവിൻസുഭഗതനുവെ ക്ഷാളനംചെയ്തു ഭംഗ്യാ
സീമാതീതപ്രണയഭരനാം കാന്തനൊന്നിച്ചുവാഴും
പൂമാതോടൊത്തവളനുദിനം ചിന്ത്ചെയ്താളിവണ്ണം.

“സാക്ഷാൽ കൎത്താവു കല്പിച്ചൊരു നരനെ മമോ-
പാന്തമെത്തിച്ചുതന്നു
രക്ഷാകൎത്താവു നാരായണനിവളെയവ-
ന്നേകി വേണ്ടുംപ്രകാരം
അക്ഷാമശ്ലോകനായച്യുതനൊരു വിരഹ-
ക്കയ്യു കാട്ടിപ്പകിട്ടീ
ശിക്ഷാഭാഗം ചുരുക്കീട്ടൊടുവൊരുവിധമീ-
ഞങ്ങളെച്ചേൎത്തിണക്കീ.” 25

—:(:):—

# തീവണ്ടി

ഘോരാഗ്നിയല്ല, പടയല്ലി,ടിയല്ലി,തുഗ്ര-
വാരാശിയല്ല,രിയ ഭൂമികുലുക്കമല്ല,
പാരാളിട്ടും ചുഴലിയല്ലിതു പിന്നെയെന്താ,-
ണാരാൽ വരുന്നു പുകവണ്ടി;യതാണു ഘോഷം. 1

താരിന്മകൾക്കു കളിമണ്ഡപമാണു, ചക്രം
നേരിട്ടു നില്പവരിലൂന്നി മൃതിപ്പെടുത്തും,
ഭൂരിപ്രമോദമരുളുന്നു നിജാശ്രിതർക്കു,
ശൌരിയ്ക്കുമിശ്ശകടരാജനുമെന്തു ഭേദം? 2

കുക്ഷിസ്ഥലോകനികരത്തൊടുമാത്മശീർഷ-
നിക്ഷിപ്തഗംഗയൊടുമുഗ്രതയോടുമേവം
അക്ഷിസ്ഥലിംഗമൊടുമൊത്തൊരിതാർത്തരെത്താൻ
രക്ഷിച്ചുവേണ്ട വഴി ചേർക്കുമുമേശനത്രേ. 3

നില്ലാതെ രാപ്പകലുമുണ്ടു നടപ്പു, വേഗം
ചൊല്ലാവതല്ല,നരനുത്തമമിത്രമല്ലോ,
എല്ലാററിനേയുമൊരുപോലെ വഹിയ്ക്കുമേവ-
മെല്ലാം നിനയ്ക്കിലിതു മാരുതദേവനാവാം. 4

ധൂമക്കരിങ്കുഴലിലഗ്നികണപ്രസൂന-
സ്തോമം ധരിച്ചതു മുറയ്ക്കു പുറത്തു കാട്ടി,
തുമഞ്ജനാദമൊടു മണ്ഡപമേറിയാടി
ഹേമം ഹരിയ്ക്കുമിതു നല്ലൊരു ദാസിതന്നെ. 5

തെണ്ടാനിറങ്ങി നിലയംപ്രതി നിന്നു, നല്ല
ഘണ്ടാരവാകലിതശംഖരവം മുഴക്കി,
ഉണ്ടാമതൃപ്തിയൊടു 'ഹൂ ഹൂ' വിളിച്ചു മണ്ടും
പണ്ടാരമെന്നു പറയാം പുകവണ്ടിതന്നെ. 6

ധൂമക്കുഴൽപൃഥുകിരീടമണിഞ്ഞു, മേഘ-
ശ്യാമപ്രചണ്ഡതനുവാണ്ടു,ലറിഗ്ഗഭീരം,
സാമർത്ഥ്യമോടിളകിയാടി രസംപൊഴിയ്ക്കു-
മാമട്ടു പാക്കിലിതു വൻകരിവേഷമാവാം. 7

ദേവപ്രമാണിയുടെ തോതിലിളാതലത്തെ-
യേവം മഹീവലവിമാഥി ഭരിച്ചിടുമ്പോൾ
ആ വമ്പനുള്ളൊരു വിമാനസമാനമായി-
ത്തീവണ്ടിയിക്ഷിതിയിൽ വന്നു പിറന്നതല്ലോ. 8

—✳—

ശ്രീ

# കുംഭകോണ യാത്ര.

ധാരാളംപ്രകാരംപൊങ്ങുമെൻശ്വശുരനാം
സബ്ജഡ്ജനന്താഹ്വയൻ
ദാരാപത്യസമന്വിതംമരുവിടും
ശ്രീകുംഭകോണാലയേ
താരാധീശ്വരവക്ത്രയാംദയിതയും
തത്സോദരീയുഗ്മവും
താരാളുംതനുവാണ്ടൊരെൻതനയനും
കൂടിപ്പുറപ്പെട്ടു ഞാൻ. 1

പുത്രൻതൻമുഖദർശനത്തിനുകൊതി-
ച്ചാമാന്യനുംമാനിനീ-
ഗോത്രംതന്നിൽവിളക്കുപോലെവിലസും
തൽക്കാന്തയും പാർക്കവേ
സൂത്രക്കൈകളെടുത്തൊഴിഞ്ഞമരുവാൻ
വയ്യെന്നുചിന്തിച്ചുഞാൻ
യാത്രയ്ക്കുള്ളൊരുദുർഘടസ്ഥിതിഗണി-
ച്ചീലാകുറച്ചെങ്കിലും. 2

ഉച്ചത്തീയ്യിലെരിഞ്ഞുഞങ്ങൾചെറുവ-
ണ്ണൂരെത്തിയങ്ങേക്കര-
യ്ക്കുച്ചത്തിൽപ്പണിചെയ്തുനില്പൊരുനെടും
പാലംകടന്നുജവാൽ
മെച്ചത്തോടമരുംദിവാകരകരം
തട്ടിത്തപിച്ചോമന-
പ്പച്ചക്കുട്ടിയിളന്തളിക്കുസമമാ-
യേററംതളർന്നീടിനാൻ. 3

വല്ലാതുള്ളതിരക്കിൽവല്ലവിധവും
വണ്ടിയ്ക്കകംചാടിവീ–
ണെല്ലാരുംസുഖമായിരുന്നു,സുഖമെ–
ന്നോതാമതിന്നെങ്കിലോ
ഉല്ലാസത്തോടുവീശിയുംകുളുർമല–
പ്പാലേകിയുംപാൽമൊഴി–
കല്ലാമെൻപ്രിയകൊച്ചുകുട്ടനിയലും
ക്ഷീണംകളഞ്ഞീടിനാൾ. 4

ഭുവമ്പുംപടിയന്ത്രമാകിയകിരീ–
ടത്തെദ്ധരിച്ചുഗ്രമാം
തീവണ്ടിക്കരിവേഷമൊന്നിളക।യാ–
ടിക്കുളകിയോട്ടുംവിധൌ
പൂവഞ്ചും പുതുപുഞ്ചിരിപ്പൊലിമയാൽ–
പ്പൊന്നോമനപ്പുത്രന–
ന്നാവണ്ടിയ്ക്കകമാന്നൊരാളുകളില–
ത്യാനന്ദമേററീടിനാൻ. 5

കൂട്ടംതിക്കുകുറെശ്ശമിച്ചു, വഴിയേ
തീവണ്ടിശബ്ദിച്ചുകൊ–
ണ്ടോട്ടുംതോറുമുറങ്ങുമുണ്ണി,യുണരും
നിന്നീടിലെന്നായിതേ
കാട്ടുംകേറിമറിഞ്ഞൊരഞ്ചരമണി–
യ്ക്കാപ്പോത്തനൂരെന്നപേർ
തേടുംസ്റ്റേഷനണഞ്ഞു, ദുർഘടമിറ–
ങ്ങിക്കേററമുണ്ടാട്ടിശി. 6

പിന്നത്തെക്കഥയെന്തു ചൊൽവതു തിര-
യ്യോക്കളും തിരക്കിൻനടു
ക്കന്നൊത്തിൻനടമാരൊടും ശിശ്രുവൊടും
കൂടീട്ടിറങ്ങീടിനേൻ
പുന്നശ്ശേരിയിൽ നമ്പിയാകിയമഹാ-
വിദ്വൽപ്രദീപത്തെ ഞാൻ
മിന്നൽക്കൊത്തൊരു നോക്കുകണ്ടു കുശലം
ചൊല്ലിപ്പിരിഞ്ഞുക്ഷണം. 7

കെട്ടി,പ്പേറുകഴിഞ്ഞു കുട്ടിയെയെടു-
ത്തുള്ളോരുനല്ലാരെയും
കെട്ടിപ്പേറിയഭാണ്ഡവും പലവിധം
പാത്രങ്ങളുംകൊണ്ടഹൊ!
കട്ടിപ്പാറ കരംകൊടുത്ത തനുവും
മേൽമീശയും പൂണ്ടെഴും
തട്ടിപ്പേറിയ പട്ടർതൊട്ടപരദേ-
ശിക്കൂട്ടരൊട്ടല്ലഹോ! 8

സാമാനങ്ങളെടുത്തു പോട്ടർനടകൊ-
ണ്ടീടുന്നതിൻപിന്നിലാ-
യാമാത്രസ്ഥ്ഫ മാററവണ്ടി മരുവും
ദിക്കിൽ പ്രവേശിച്ചു ഞാൻ
സാമാന്യത്തെയതിക്രമിച്ചിരുപതും
പത്തൊമ്പതുംവീതമായ്-
ബ്ഭീമാകാരർ തിരക്കിടുന്നമുറിയാ-
ണാവണ്ടിയിൽസ്സർവ്വവും. 9

കോലം തോറെറാരു കോലമുള്ളതമിഴ-
ന്മാരും,തമിഠംസ്ത്രീകളും
ജാലംപോലൊരുജാലമുണ്ടിനിയുമാ-
വണ്ടിയ്ക്കകം പൂകുവാൻ
നാലഞ്ചൂഴമിടംതിരഞ്ഞതിനിട-
യ്ക്കങ്ങോട്ടുമിങ്ങോട്ടുമാ-
യാലംപാടി നടന്നു നോക്കിയൊടുവിൽ
ബുദ്ധിക്ഷയം പൂണ്ടു ഞാൻ. 10

അന്നേരത്തതിശക്തിയോടൊരു കൊടു-
ങ്കാററും മഹാവൃഷ്ടിയും
വന്നേറെപ്പൊടിപാററി,യാലിലകണ-
ക്കേററംവിറച്ചു ജനം
നിന്നേറീടിനവാശിയോടു ശിശുവും
കേഴാൻ തുടങ്ങീടിനാൻ
നന്നേനന്നിതുപോലെയുള്ളൊരുമന-
ശ്ചാഞ്ചല്യമുണ്ടാകുമോ? 11

'തെററീവണ്ടി,തണുപ്പുചേന്നതമിഴൻ-
ദിക്കിൽത്തരംകെട്ടുഞാൻ
ചുററീനിശ്ചയ'മെന്നുവെച്ചുഴലവേ
ദൈവാജ്ഞകൈക്കൊണ്ടൊരാഠം
'ചെററീറൂമിലെയേറലാ,മിടമിരു-
ക്കെ'ന്നോതി,ഞാനായതിൽ-
പ്പുററീ,ബാലകഠംബാലനൊത്തബലമാർ
കേറും മുറിയ്ക്കുള്ളിലും. 12

ഒററപ്പാലമിതിപ്രസിദ്ധനഗരേ
മുൻസ്വപ്പുതൻ ജോലിയിൽ-
ക്കുററംതീൎന്നൊരു ദണ്ഡപാണിയിതിപേർ
പെററുള്ളൊരാപ്പിള്ളതാൻ
തെററെന്നെന്നെവിളിച്ചു കേററിയതഹോ!
സൌജന്യവാരാശിത-
ന്നാററംകണ്ടൊരു ശാന്തനാകിയചെ-
റുപ്പക്കാരനാണാപ്പുമാൻ. 13

ഈറോഡിൻഗതിവിട്ടു മററുവഴിയിൽ-
ച്ചേരുന്നൊരാസ്സന്ധിയാ-
മീറോഡെന്നൊരുടിക്കിലെട്ടരമണി-
യ്ക്കീവണ്ടിചെന്നെത്തിടും
ജ്ജോറോലൂന്നൊരുപാലമുണ്ടതുകട-
ന്നെത്തീടിൽമുക്കാൽമണി-
ക്കൂറോളംകഴിയേണ,മന്ത്യറയിലിൽ-
ത്തീവണ്ടിനീങ്ങീടുവാൻ. 14

മുമ്പോതീടിനപിള്ള,വണ്ടിമുറിയെ-
പ്പെട്ടന്നുപൂട്ടിയ്ക്കയാ-
ലമ്പോ! തിങ്ങിഞെരുങ്ങിടാതമരുവാൻ
സൌകൎയ്യമായ്‌രാത്രിയിൽ
വമ്പോടോടിനവണ്ടിതെല്ലിട തുലോം
മന്ദിച്ചിഴഞ്ഞീടിനാൻ
തമ്പോക്കിൻതരഭേദഹേതു തരസാ
ചോദിച്ചറിഞ്ഞേനഹം. 15

വെള്ളിപ്പേമഴപെയ്തിട്ടുംപടി പണം
    വാരുന്നതെക്കിന്ത്യറെയിൽ-
പ്പുള്ളിക്കാർ പുകവണ്ടിവെച്ചുവരുമാ-
    വിസ്തീൎണ്ണമാൎഗ്ഗങ്ങളിൽ
തള്ളിക്കേറിജലപ്രവാഹ, മതിനാ-
    ലീറോഡിനും തൂക്ക്ലിനാ-
പ്പുള്ളിയ്ക്കും നടുവേകടുത്തൊരുവിപ-
    ത്തുണ്ടായിപോലത്ഭുതം. 16

മാരിയ്ക്കുള്ള മഹാകരുത്തിലൊരുനൂ-
    റോളം മയിൽദ്ദൂരെയായ്
വാരിയ്ക്കുള്ളൊരുവാസമാം ചിറമുറി-
    ഞ്ഞൂക്കോടുവാന്നു ജലം
ഏരിക്കുട്ടർവരും വഴിയ്ക്കുപലതു-
    ണ്ടക്കുട്ടരെച്ചേൎത്തഹോ!
പാരിയ്ക്കും പടപോലെ പാതിനിശയിൽ-
    പ്പെട്ടെന്നു പാഞ്ഞെത്തിപോൽ. 17

മാട്ടുംമേട്ടുകളും കലക്കിവരുമാ-
    കല്പാന്തകാലാനുജ-
ന്നാട്ടും മാട്ടമനേകമാളുകളുമ-
    ന്നാഹാരമായ്ത്തീൎന്നുപോൽ
നാട്ടും മൂടിയിരമ്പിവന്നു റയിലിൻ-
    മാൎഗ്ഗത്തൊടേററായതിൻ
കൂട്ടംമോടിമുടിച്ചു നാലരമയിൽ-
    ദ്ദൂരംതകൎത്തീടിനാൻ. 18

രണ്ടുണ്ടിസ്സമയത്തിനൊത്തുപതിവാ-
യങ്ങോട്ടുമിങ്ങോട്ടുമായ്
മണ്ടുംവണ്ടികളെന്തു കഷ്ട,മവയീ-
വൈതണ്ണിയിൽച്ചാടുകിൽ!
രണ്ടും പത്തുമിൻട്ടുമന്യ ശരിയായ്-
പ്പാസ്സായി,ദൈവേച്ഛയാ
പണ്ടും വണ്ടിമറിഞ്ഞതനർത്ഥമണയി-
ല്ലിക്കമ്പനിക്കാക്കഹോ! 19

രണ്ടാഴ്ചയ്ക്കു ഗതാഗതത്തിനിതിനാൽ
വൈഷമ്യമായി മുറ-
യ്ക്കുണ്ടാക്കീ പുതുതായമാർഗ്ഗ, മത്തുറ-
ച്ചിട്ടില്ല വേണ്ടുംവിധം
കുണ്ടാമണ്ടി ഭയന്നു മന്ദഗതിയായ്-
പ്പോകുന്നതിക്കാരണം
കൊണ്ടാകുന്നു, നവീനപദ്ധതികളിൽ-
സൂക്ഷിച്ചുപോകേണ്ടയോ? 20

ഒന്നുക്കോട്ടുചരിച്ചു രണ്ടരമണി-
യ്ക്കാത്തൂസ്സിനാപ്പിള്ളിയിൽ-
ച്ചെന്നു,വീണ്ടുമിറങ്ങണം കയറണം,
നാലാമതാണിപ്പണി;
മൂന്നൂറാളുകളുള്ളതിൻ നടുവിലാ-
യെൻകൂട്ടരൊന്നിച്ചുഞാ-
നന്നൂനം പിണയാതെ വണ്ടിയിലിടം
തേടിപ്പിടിച്ചീടിനേൻ. 21

സഞ്ചാരത്തുണയായിരുന്ന ഗുണവാൻ
മുൻസിപ്പുയാത്രോക്തിയോ-
ടെഞ്ചാരത്തു പത്തുകെവന്നൊരുസലാം
നൽകിപ്പിരിഞ്ഞൂ ക്ഷണം;
അഞ്ചാവുന്നതിനൊന്നുരണ്ടു നിമിഷം
മുമ്പായി,വമ്പാളിടും
തഞ്ചാവൂരിലണിഞ്ഞിതിത്ര രസികൻ
സ്റ്റേഷൻ തുലോം ദുല്ലഭം. 22

സോമശ്രീ ചിതറുന്ന വൈദ്യുതമഹാ
ദീപങ്ങളും, പൂച്ചെടി-
സ്തോമത്തിൽപ്പെരുമാറിവന്നിടുമില-
ങ്കാറവും,ജലസ്തംഭവും,
പൂമങ്കക്കളിരംഗമായിവിലസും
തൂമുററവും,ഭംഗിയായ്-
വ്യോമംമുട്ടിയകെട്ടിടപ്പരിഷയും
പാത്താൽ മനോമോഹനം. 23

ബാലാദിത്യനടപ്രവീരനുദയാ-
ദ്രീശത്തിരശ്ശീലതൻ
മേലായിത്തലകാട്ടിടുംപൊഴുതിറ-
ങ്ങേണ്ടുന്ന ദിക്കായിതേ;
ചേലാളുന്നൊരു വാജിവണ്ടി വരവും-
കാത്തങ്ങു നിൽപ്പുണ്ടതിൽ
സ്ഥൂലാനന്ദമൊടേറിയെത്തിദയിതാ-
താതൻെറ വാസസ്ഥലേ. 24

ശിഷ്ടപ്രാഭവശാലിയാം ശ്വശുരനും
    തൽഭാൎയ്യയുംമക്കളും
പുഷ്ടപ്രേമമൊടുണ്ണിയെത്തെരുതെരെ-
    കൈമാറി മാറേററിനാർ
ഇഷ്ടപ്പെട്ടവർതൻസമാഗമസുഖ-
    ത്താലേവഴിയ്ക്കേററൊരാ-
ക്കഷ്ടപ്പാടുകൾവിസ്മരിച്ചുസുഖമായ്
    രണ്ടാഴ്ചപാർത്തുവയം. 25

ശ്രീകുംഭേശ്വരനാമധേയമിയലും
    കൈലാസശൈലേശനും
വൈകുണ്ഠത്തെവെടിഞ്ഞു തത്ര മരുവും
    ശ്രീശാർങ്ഗ്യും,ഭംഗിയിൽ
തൂകുംഭൂരികൃപാമൃതപ്പെരുമഴ-
    ക്കോളാൽധനാധീശ്വര-
ശ്രീ കമ്പിട്ടൊരു കുംഭകോണമഹിമാ-
    വേതാനു മോതാവതോ? 26

കാവേരിത്തരവാടൊരെട്ടുവഴിയായ -
    ഭാഗിച്ചതിൻനീർദ്ധനം
കൈവേറിട്ടുടനാകവേ കടലടി-
    യ്ക്കാഹാരമാകാതഹോ!
പോവേണ്ടുന്ന വഴിയ്ക്കധോഗതികളായ്
    നില്ക്കുന്ന കണ്ടങ്ങളിൽ
ശ്രീവേണ്ടാളമുദിച്ചിടുംവിധ മുതി-
    ർത്തുൽക്കർഷമേറുന്നതേ. 27

തഞ്ചാവൂർപ്പെരുജില്ലയാസകലവും
പ്രത്യേകമിദ്ദേശവും
കെഞ്ചാറില്ല ജലത്തിനായ് ജ്ജലധര-
ത്തോടിജ്ജലത്തള്ളലിൽ:
പഞ്ചാഭിഖ്യകഠോരഭൂതമവിടെ-
ബ്ബാധിയ്ക്കുമാറില്ലപോൽ
പഞ്ചാസ്ത്രപ്രതിയോഗിതാൻതലയ്ക്കല-
ച്ചേവംകടാക്ഷിച്ചിതോ? 28

മാനത്തുള്ളൊരു മാരിമാത്രമവലം-
ബിച്ചീക്കൃഷിജ്ജാലിചെ-
യ്ത്ത,നപ്പെട്ടുവരാതെനമ്മൾ തലത-
ല്ലീടുന്നു വർഷംപ്രതി
സാനന്ദം പുഴവെള്ളമങ്ങിനെതിരി-
ച്ചി,ദ്ദിക്കകാർദ്ദുർഗ്ഗലട-
സ്ഥാനം നീക്കിരസിച്ചിടുന്നു മലയാ-
ളക്കാർമഹാദ്ദുർഭഗർ! 29

'അച്ഛിന്നാകരശക്തിയാലെ മലയാ-
ളത്താർ കൃഷിക്കാർകളി-
ക്കിച്ഛിയ്ക്കുൻറപടിയ്ക്കുനീരുതവീശേ-
യ്യാമൽത്തപിപ്പിയ്ക്കുറീർ
തച്ഛിദ്രപ്പുണിയെങ്കളിണ്ടെനടവാ-
തെ'ന്നോതിമാർത്താണ്ഡനെ
പുച്ഛിയ്ക്കുംപടിപച്ചയോടുതലയി-
ട്ടാട്ടുന്നുനെല്ലിദ്ദിശി! 30

ഉൽപ്പന്നപ്രിയമാൻ ഗംഗയൊരുമി-
ച്ചൂഴിമഹാലക്ഷ്മിയാം
നൽപ്പച്ചപ്പടമൊന്നുടുത്തു സുഖമാം
മട്ടിൽശ്ശയിയ്ക്കുംവിധം
അല്പംപോലുമുണങ്ങിടാതെയനിശം
നീരോടി നിന്നീടുമീ-
നെൽപ്പുഞ്ചക്കളികാണ്മവർക്കിതമാം
നേത്രോത്സവംസാരമോ? 31

എങ്ങും നമ്മുടെനാട്ടിലുള്ള കൃഷിയും
സസ്യാദിവർഗ്ഗങ്ങളും
തെങ്ങുംനല്ലകവുങ്ങുമുണ്ടതുകളെ-
പ്പെട്ടെന്നുകാണുംവിധൌ
പൊങ്ങുംകേരളവിഭ്രമംഹൃദി;സദാ
തണ്ണീരിൽമുക്കോളവും
മുങ്ങുംനെൽസ്ഥിതികാണ്കിലാഭ്രമമുടൻ
നീങ്ങാതിരുന്നീടുമോ? 32

മങ്ങാതുള്ളൊരുപുഷ്പമാല്യനികരം
തൂകുന്നസൌരഭ്യമു-
ള്ളങ്ങാടിത്തെരുവുണ്ടു,കോവിലിനടു-
ത്താവീഥിനേത്രോത്സവം!
അങ്ങാനന്ദമിയന്നു വണ്ടികയറി-
പ്പോകാംയഥാവാഞ്ഛിതം
മുങ്ങാം ശീതളമായ് മനോജ്ഞതരമാം
കാവേരിതൻവാരിയിൽ. 33

ദിക്കാകെ ഫലപുഷ്ടിചേൎത്തിട്ടു,മിട-
　　യ്ക്കല്പംകലങ്ങീടിലും
മുക്കാലുംസമയത്തുമുഗ്ദ്ധമുഖിയാ-
　　യേററംപ്രകാശിച്ചിട്ടും
ധിക്കാരംകലരാതെ തന്നിലണകിൽ-
　　സ്സൌഖ്യം ദ്വിധാ നൽകുമാ-
ത്തൂക്കാവേരിവിശിഷ്ടയാണിഹവിഭാ-
　　ഗത്താൽച്ചുടച്ചീടിലും. 34

ഞാനന്നെൻമധുവാണിയാം ദയിതയോ-
　　ടൊന്നിച്ചു കുഭേശ്വരൻ
സാനന്ദം മരുവുന്ന കോവിലിലകം
　　പൂക്കൊക്കയുംനോക്കിനേൻ:
ഊനംവിട്ടൊരുമണ്ഡപപ്രകരവും
　　പ്രാകാരവുംഗോപുര-
സ്ഥാനംതൊട്ടു വിശാലശാലകളുമീ-
　　ശ്ലോകത്തിലാക്കാൻപണി! 35

ശ്രീകത്തും നവരത്നസഞ്ചയലസൽ-
　　ഭൂഷാവിശേഷങ്ങളാൽ
നാകസ്വാമിധനുസ്സിനുള്ളസുഷമാ-
　　പൂരംപരത്തിപ്പുരം
ലോകങ്ങഠംക്കൊരനുഗ്രഹത്തിനരുളും
　　ശ്രീകണ്ഠനെ ക്കാന്തയാ
സാകം കണ്ടു നമിച്ചു താഴെയെഴുതും
　　ശ്ലോകം സമൎപ്പിച്ചു ഞാൻ. 36

'വങ്കുംഭീശപരചമ്മമേന്തിയഭവാ-
നേയുംഭവൽക്കാന്തയായ്-
പ്പൊങ്കുംഭസ്തനിമാർകുലാഭരണമാം
ശ്രീഗൌരിയമ്മാളെയും
തങ്കുംഭക്തിയൊടൊത്തമട്ടുകരുതി-
പ്പോരുന്നൊരാളാണ് ഞാ-
നെങ്കുംഭേശപര! കുംഭിപാതനരകം
പോക്കിത്തുണയ്ക്കേണമേ.' 37

ത്ര്യക്ഷൻ കാഞ്ചനവാഹനത്തി,ലുമയോ-
ടൊന്നിച്ചെഴുന്നള്ളവേ
ലക്ഷംപൂരുഷരും വധൂനികരവും
തിക്കിത്തിരക്കുന്നതേ
നക്ഷത്രങ്ങളൊടൊത്തമട്ടിലതിലു-
ണ്ടഞ്ചെട്ടുപേർ നാരിമാർ
നക്ഷത്രാധിപലേഖപോലൊരുവളു-
ണ്ടക്കൂട്ടർതൻനായിക. 38

കണ്ണാൽക്കണ്ടറിവില്ലെനിയ്ക്കുവളെയെ-
ന്നാലെന്തു,ബാലാമണി-
പ്പെണ്ണാണെന്നുഗണിച്ചുഞാന,തുശരി-
പ്പെട്ടു,മഹാവിസ്മയം
വിണ്ണാളുന്നൊരുകേളിപൊക്കിരസിക-
ന്മാരാംപണക്കാക്കകം
പുണ്ണാകുംപടികണ്ണുയച്ചുമിവരന്ത-
ന്നാവാസമിങ്ങാണുപോൽ. 39

തട്ടിപ്പേറിയദാസിമാരവർകട-
ക്കണ്ണാൽവിടന്മാക്കെ-
ത്തട്ടിൽഭ്രാന്തിവളത്തി രത്നമയമാം
പൂമേനിമിന്നിച്ചഹോ!
തട്ടിൽക്കേറി മനോജ്ഞഗാനരസമോ-
ടാടീടിനാർ,ദേവനീ
മട്ടിൽക്കേളിനടത്തിടുന്നതു മഹാ-
സന്തോഷമാകുന്നുപോൽ. 40

ചെന്നഞ്ചാറുദിനംകഴിഞ്ഞസമയം
കാറുംമഴച്ചാറലും
കുന്നഞ്ചുന്ന കടുത്തകാററുമിടചേ-
ന്നോററംത്ണുപ്പേററിനാർ
അന്നല്ലാംവരെ'ഹിന്ദു'തൊട്ടപലനൽ-
പ്പത്രങ്ങഠം വായിച്ചിരി-
യ്ക്കുന്നല്ലാതെപുറത്തിറങ്ങി നടകൊ-
ണ്ടീടാൻശ്രമിച്ചീലഞാൻ. 41

മററുള്ളാദ്ദിവസങ്ങളഞ്ചുമണിയാ-
യെന്നാകിൽവണ്ടിയ്ക്കകം
പററും, ചുററിയടിച്ചു ദിക്പ്രകൃതിയും
മററും നിരീക്ഷിച്ചിടും
മുററും വീഥികഠംവൃത്തികെട്ടവഷളാ-
ണെന്നാകിലും കോവിലിൻ-
ചുററും നെൽവയലിൻവിലാസമിയലും
പന്ഥാവുമൊന്നാന്തരം. 42

മാമാങ്കക്കുളമുണ്ടതിന്നരികിലായ്-
ബ്ബാലാമണിപ്പെണ്ണുതൻ
കാമാങ്കക്കളമെന്നപോലെ വിലസും
വന്മേടയുണ്ടത്ഭുതം
ശ്രീമാനാഢ്യമുരച്ചതിൽസ്സുകൃതസം-
പൂർത്തിയ്ക്കുമുണ്ടുന്നു, തൻ-
ശ്രീമാനാഢ്യമിളച്ചുമൂഢനപരേ
മുങ്ങിക്കുഴങ്ങുന്നതേ. 43

ഈബാലാമണിതൻപ്രസിദ്ധനടനം
കണ്ടീടുവാൻപൂരുഷ-
സ്ത്രീബാലാവലിദൂരദിക്കുകളിൽനി-
ന്നെത്തുന്നതായ് കാൺകയാൽ
ശ്രീബാലാമണിവണ്ടിയെന്നുനവമാ-
യീരണ്ടുതീവണ്ടിയ-
പ്പൂബാണപ്പുരമിത്രമെന്നതുകണ-
ക്കോടുന്നുരാവാവുകിൽ. 44

ഒന്നായൂഴിഭരിച്ചപുണ്യവതിയാം
വിക്ടോറിയാരാജ്ഞിയാ-
തൻനാമം നിലനിർത്തുവാൻ പലതരം
സൂത്രങ്ങൾചെയ്യുംവിധം
നന്നായുള്ള സമസ്തവസ്തുവിന്നുമാ-
ബ്ബാലാമണിപ്പേരുചേ-
ക്കിന്നായി,പുരുഭാഗ്യമേവമധികം
പേക്കില്ല പാക്കുംവിധൌ. 45

ചേടിയ്ക്കുള്ളൊരു വീഥി വിട്ടു ചെറുതൊ
ന്നോടിയ്ക്കിലാസ്സത്രീയും
ധാടിയ്ക്കൊത്തൊരു ഡാക്ടർതൻെറ രസികൻ
വീടും സമീക്ഷിച്ചിടാം
പേടിയ്ക്കാതെമദാമ്മയെദ്ദയിതയായ്–
ക്കയ്യ്ക്കൊണ്ടുപാക്കും നെട്ടു–
ങ്ങാടിസ്സ്ഡാക്ടർ സുശീലനാണു,പണവും
മുട്ടാതെകിട്ടുന്നുപോൽ. 46

ഉദ്യാനാമലലക്ഷ്മിതൻെറസവിധേ
കാവേരിതൻവക്കിലായ്
വിദ്യാശാലവിളങ്ങിടുന്നുവിബുധാ
ഗാരംവിറയ്ക്കുംവിധം
ഹൃദ്യമോദമുയർത്തിടുംനവമലർ–
ക്കാവിൻനടുക്കായെഴും
പദ്യാപങ്ക്തി,വിഹാരഭൂമി,യിവയെ–
ന്നുഠംക്കാമ്പിലുണ്ടിപ്പൊഴും. 47

ശ്രീമാനാംശ്വശുരൻെറ കുഞ്ഞുമകഠംതൻ–
ചോരുണിനായും,ജഗൽ–
ക്ഷേമാനന്ദനിദാനമാം ശിവപദം
കൈക്കൂപ്പുവാൻ വേണ്ടിയും
ആ മാസത്തിൽനടത്തുമുത്സവമഹാ–
ഘോഷങ്ങഠം കണ്മാനുമായ്
സ്സീമാതീതരസം ചിദംബരപുരം
പ്രാപിച്ച ഭാഗ്യത്തിനാൽ. 48

ശീതക്കാററി,ടി,മാരിയെന്നിതുകളെ-
ക്കൂസാതെമൽപ്രേയസീ-
താതൻ,തൻപ്രിയയൊത്തു നിശ്ചിതദിനം
യാത്രയ്ക്കൊരുങ്ങീടിനാൻ
പ്രാതഃകാലമൊടൊത്തു നിത്യമണയും
വണ്ടിയ്ക്കു പോയീടുകിൽ
ശ്രീതഞ്ചുന്ന ചിദംബരത്തു ശരിയായ്-
പ്പത്തിന്നുചെന്നെത്തിടും. 49

മൂർത്തിപ്പെട്ടമഹേശഭക്തിരസമെ-
ന്നിപ്പാരിലെപ്പേരിലും
കീർത്തിപ്പെട്ടൊരു'നന്തനാരു'ടെമഹാ
സായൂജ്യസിദ്ധിസ്ഥലം
ആർത്തിപ്പെട്ടവരെത്തുണപ്പതിനുമാ-
കാന്തൻ കൃപാവൈഭവം
പൂർത്തിപ്പെട്ടമരുംചിദംബരസഭാ-
സ്ഥാനം മഹാപാവനം. 50

സ്വർണ്ണത്താൽക്കൃതമായ്നടേശരരുളും
ഗംഭീരസിംഹാസനം,
സ്വർണ്ണത്തേരുകൾ,ദീപയഷ്ടികൾ,പവ-
ന്മാലാകലാപങ്ങളും,
സ്വർണ്ണത്താഴിക,പൊൻവിളക്കു,കനക-
ക്കുളരോടനേകായിരം
സ്വർണ്ണത്തേർ,വൃഷ,മശ്വ,മാനക,ളിതാ
സ്വർണ്ണക്കളിപ്പന്തലോ!! 51

പാരം ഭംഗിയിലാക്കലേശമകുടൻ
ചാർത്തുന്നൊരുദ്ദീപ്രമാം
വൈരംപൂശിയ പുത്തനാമൊരുതരം
നെററിപ്പടം കാണുകിൽ
സൈ്വരംതങ്ങടെനായകൻതിരുമുടി-
സ്ഥാനംപിടിച്ചപ്പൊഴാ-
ത്താരശ്രേണിയടുത്തുപാളയമടി-
ച്ചെന്നൊന്നുതോന്നുംദൃഢം. 52

ചൊല്ലത്തക്കവിധംപണപ്പലിശയും
വസ്തുക്കളുംമററുമി-
ങ്ങില്ലത്രേ,ചിലവുണ്ടു രൂപശരിയായ്
നൂറായിരത്തിൽപ്പരം
കൊല്ലത്തിൽച്ചിലവുള്ളസംഖ്യ വഴിവാ-
ടായ്ക്കിട്ടുമെന്തത്ഭുതം!
മുല്ലത്താർശരവൈരിതൻെറ മഹിമാ-
വാക്കാനുമോക്കാവതോ? 53

നാട്ടുക്കോട്ടൊരുചെട്ടിയാണിവിടെയി-
പ്പൊൻമാരിപെയ്യിച്ചവൻ,
കേട്ടുറംക്കെട്ടഴിയേണ്ട, കേരളധനം
കാക്കുന്നഭൂതങ്ങളേ!
ഊട്ടുന്നു വഴിപോക്കരെ പ്രതിദിനം
മൃഷ്ടാന്നമായ്,മേൽക്കുമേൽ
നാട്ടുന്നു സുകൃതദ്ധ്വജം സുരപുര-
ത്തിങ്കൽക്കരേറീടുവാൻ. 54

കൂട്ടം നിഷ്കളഭക്തിപൂൎവ്വമവിടെ
ക്ഷേത്രത്തിലോരോതരം
കേടുംപോക്കി നവീനവേല പലതും
ചിന്തിച്ചുചെയ്യിച്ചഹോ!
വീടുംകെട്ടി വിശാലശാല പണിയി-
ച്ചൂട്ടുംനടത്തിസ്സുഖ-
ത്തോടുംകൂടിവസിച്ചിട്ടുന്നിതിരുപ-
ത്തഞ്ചായി സംവത്സരം. 55

വണ്ണംകൂടിയകല്ലു,വണ്ടി വഴിയാ-
യിങ്ങാനയിപ്പിച്ചുടൻ
വെണ്ണക്കല്ലിനു തുല്യമാക്കിയതിനാൽ
ക്ഷേത്രം പുതുക്കീടുക,
എണ്ണപ്പെട്ട സുവൎണ്ണരത്നരജത-
ക്കൈവേല ചെയ്യിച്ചുയീ-
വണ്ണം മുപ്പതുലക്ഷമിന്നുവരെയാ-
യപ്പിച്ചിതാപ്പുണ്യവാൻ. 56

ഓരുമ്പോലെ തുടങ്ങിവെച്ചോരു മരാമ-
ത്തൊക്കയും പൂൎത്തിയായ്-
ത്തീരുമ്പോഠം തലവണ്ടിരൂപയിനിയും
പോം പത്തുലക്ഷം ദൃഢം.
ആരുണ്ടിങ്ങിനെ രൂപവാരിവിതറി-
ദ്ധൎമ്മംനടത്തീടുവാ-
നാരുണ്ടിങ്ങിനെയീശകാൎയ്യനിനവോ-
ടായുസ്സു പോക്കുന്നവൻ? 57

സത്യം, ബുദ്ധി, മനഃപരിഷ്കൃതി, മഹൌ-
ദാൎയ്യം, വചോധാടി, സൽ-
ക്കൃത്യം, നല്ലപഠിപ്പുതൊട്ടസൽഗുണം
തിങ്ങുന്നൊരച്ചെട്ടിയാർ
നിത്യം സ്വൎണ്ണമുതിൎത്തിടും കഥകളെ-
ക്കേട്ടമ്പരന്നീശനാ-
യത്യന്തംവിനയൊത്തൊടെൻറവക-
യിപ്പത്ഥ്യമേകീടിനേൻ. 58

പൈ തിന്നും പറയന്നുപോലുമവിടു-
ന്നുൾത്തുന്ന സൽബ്ഭക്തിയും
കൈതിങ്ങിക്കവിയും വരപ്രകരവും
കല്പിച്ചതായ് മുന്നമേ
ഐതിഹ്യം പറയുന്നവാൎത്തശരിയാ-
ണൊന്നാകിൽ, മോക്ഷേച്ഛയാം
പൈതിന്നുന്നൊരുപാവമാമടിയനെ-
ക്കാക്കാത്തതെന്തീശ്വരാ!' 59

കൂറേറുന്നകുശേശയാസ്തരിപുവെ-
ക്കുമ്പിട്ടു കുട്ടിയ്ക്കുടൻ
ചോറേകി സ്സുഖമായി ഞങ്ങളശനം
ചെയ്തുച്ചവണ്ടിയ്ക്കുതാൻ
കേറേണംദൃഢമെന്നുവെച്ചധൃതിയാ-
യൊപ്പിച്ചുമാറി, ത്തിരി-
ച്ചാറേകാൽമണിയായവാറു സരസം
ചെന്നെത്തിവാസസ്ഥലേ. 60

ജായാസോദരരോട്ടുകൂടിയവരിൽ
ജ്യേഷ്ഠൻെറജന്മർക്ഷമാം
ശ്രീയാളും ദിവസേ വണങ്ങി വഴിവാ-
ടെന്തെങ്കിലും ചെയ്യുവാൻ
സായാസം പരദേശി 'ശാമി'മലയെ-
ന്നോതീടുമദ്രിക്കിൽഞാൻ
പോയാനന്ദഭരേണപോന്നിത,ധികം
ദൂരത്തിലല്ലസ്ഥലം. 61

താതൻതാൻവരുമെന്നുവെച്ച രസമാം
നാഗസ്വരംസൽഫല-
വ്രാതം, വെററിലപാക്കു, പൂക്കളിവയ-
ന്നാട്ടാരൊരുക്കീടിനാർ
ശ്രീതങ്കം കുഴൽവായിൽവെച്ച വിരലും
രന്ധ്രങ്ങളിൽച്ചേർത്തുകൊ-
ണ്ടൂതത്തക്കനിലയ്ക്കുനില്ക്കുമവന-
ള്ളാതങ്കമെന്തോതിടാം? 62

ഉദ്ദേശംഫലിയായ്കിലുംതനയരിൽ-
സ്സൽക്കാരവഷംചൊരി-
ഞ്ഞദ്ദേശസ്ഥർ പിതാവിലുള്ള ബഹുമാ-
നത്തെപ്പുറത്താക്കിനാർ
ഇദ്ദേശത്തിലെമട്ടിലല്ലവർ, മഹോ-
ദ്യോഗസ്ഥരിൽബ്ഭീതരാ-
ണദ്ദേഹത്തിലനന്തഭക്തിയുമവ-
ർക്കുണ്ടെന്നതിന്നത്ഭുതം? 63

കാലേസ്സ്നാനവിധിയ്ക്കൊരുങ്ങി വെളിയിൽ
ച്ചെന്നാശുനോക്കീടവേ
പാലേലുംനരയായപുഞ്ചിരിയൊടാ-
ക്കാവേരിയുണ്ടങ്ങുമേ
പ്രാലേയക്കുളുർവാരിയിൽക്കുളികഴി-
ച്ചീ,ശാത്മജപ്രാഭവ-
ത്താലേറെത്തലപൊക്കിനില്പൊരുധരാ-
ഭാഗത്തുചെന്നെത്തിഞാൻ. 64

മല്ലീബാണവിരോധിതൻകിടപിടി-
പ്പാനോ,ജഗത്തൊക്കയും
സല്ലീലംമിഴികൊണ്ടു കണ്ടുസതതം
പാലിയ്ക്കുവാൻവേണ്ടിയോ
വല്ലീകാന്തനയന്നദിക്കിൽ നിവസി-
ച്ചീടുന്നതെന്നാക്കുമേ
ചൊല്ലീടാനെളുത,ല്ലയന്നിലയിൽ-
സ്സർവ്വർക്കുമുണ്ടാം ഭ്രമം. 65

ഇക്കണ്ടോരു ചരാചരങ്ങൾ മുഴുവൻ
സൃഷ്ടിച്ചു രക്ഷിച്ചു,തീ-
ത്തൃക്കണ്ണിൽപ്പൊടിഭസ്മമാക്കിനപര-
ബ്രഹ്മസ്വരൂപൻ ശിവൻ
നക്കപ്പോളയെടുക്കുമെന്നു ശരിയാം
വണ്ണംഗണിച്ചോതിയോ-
രക്കല്യാശയനല്ല കാൽത്തളിരിൽ ഞാൻ
കുമ്പിട്ടുകൂപ്പീടിനേൻ. 66

ചെന്തീയിൻപൊരികൊണ്ടു തീൎത്തതുകണ-
ക്കീ,യഗ്നിഭൂവത്ഭുതം
ചിന്തീടുന്ന പതക്കമാലികയണി-
ഞ്ഞീടുന്നു വക്ഷസ്ഥലേ
പന്തീരാണ്ടുതപസ്സുചെയ്തിതുധരി-
ച്ചാലും, വരാംഗികളേ
മുന്തീടുന്നൊരുവാൾക്കുമിങ്ങിനെ പകി-
ട്ടുണ്ടാകയില്ലാ ദൃഢം. 67

അംഗാരാക്ഷസുതൻെറ സന്നിധിയിലാ-
സ്തോത്രങ്ങൾ പാടീടിനാർ
ഭാഗാപേതരസേന വേദപഠനം
ചെയ്യുന്ന വിപ്രാൎഭകർ
ശൃംഗാരപ്പൊടിയിട്ട ബാലവനിതാ-
ഗാനത്തിനെക്കാട്ടിലും
തുംഗാനന്ദമണച്ച ഭക്തിരസമോ-
ടെന്തുണ്ടെതിൎത്തീടുവാൻ? 68

വേദാഭ്യാസവിശിഷ്ടവേലയിലെഴും
വിപ്രാൎഭകൎക്കൊക്കയും
മോദാൽ ബ്ഭക്ഷണമെണ്ണതേപ്പുമുതലായ്-
സ്സൎവ്വത്തെയും നൽകിയും
ഭൂദാനാദികളെണ്ണമററനുദിനം
ചെയ്തും സദാ സ്വാമിതൻ-
പാദാംഭോജയുഗം ഭജിച്ചി,വിടെയും
പാൎപ്പുണ്ടൊരാൾചെട്ടിയാർ. 69

പൊന്നോടിട്ടുചിദംബരത്തുവിമല-
ശ്രീവാരിവൎഷിപ്പതായ്
മുന്നോതീടിനചെട്ടിയാരുടെപിതൃ-
ഭ്രാതാവുതാ,നീമഹാൻ
മന്നോർമന്നരുമഞ്ചിടുംപടി ധനം
വീശുന്നൊരിക്കൂട്ടകാർ
തന്നോളം സുകൃതംതേച്ചു മറെറാരുവക-
ക്കാൎക്കില്ല പാൎക്കുംവിധൌ. 70

ക്ഷേത്രത്തെപ്പുതുതാക്കയുംപലവിധം
ലോഹങ്ങളാൽപ്പണ്ടവും
പാത്രക്കൂട്ടവുമെന്നുവേണ്ടപലതും
യാനങ്ങളുംതീൎക്കയും
യാത്രക്കാൎക്കശനാദിനൽകയുമിതേ
മട്ടിൽഗ്ഗുണംനേടുവാൻ
സൂത്രംനോക്കിവിതച്ചു രൂപ രസമോ-
ടഞ്ചാറുലക്ഷം വരെ. 71

ഈവണ്ണം കനകം കൊടുത്തു സുകൃതം
വാങ്ങുന്ന കച്ചോടമി-
പ്പാവങ്ങൾക്കുവിധിച്ചതല്ല,കഴിവു-
ണ്ടായാലുമാർചെയ്തിടും?
ആവത്തക്കതു ചെയ്കയെന്നുകരുതി
സ്വാമിയ്ക്കൂഴുംതൃപ്പദ-
പ്പൂവത്യന്തസുഖംഭജിച്ചുകൃതിയോ-
ന്നേകി ത്തിരിച്ചേനഹം. 72

‘വല്ലിയ്ക്കൊത്തൊരുവല്ലിതൻതന്റവില്ലും,
ഘോരാസുരാധീശർതൻ
കല്ലിന്നൊത്തവപുസ്സിലും,തരമറി-
ഞ്ഞെത്തുന്ന തൃക്കൈകളാൽ
അല്ലിത്താരെതിർകാക്കൽവീഴമടിയ-
ന്നുള്ളോരഘശ്രേണിയെ-
ത്തല്ലിത്തല്ലിയുടൻ ദചിഷാംബുജ!ഭവാ-
നെല്ലാമകറേറണമേ!’ 73

കൈവല്യാത്മകനേകനെങ്കിലുമതിൽ-
സ്സങ്കല്പഭേദത്തിനാൽ
ശൈവം,വൈഷ്ണവമെന്നുരണ്ടുപിരിവായ്
നില്ക്കുന്നുവല്ലോ ജനം
ആ വർഗ്ഗങ്ങളിൽവൈഷ്ണവപ്പിരിവുകാർ
തൻനാഥനായ്നിസ്തുല-
ശ്രീ വർദ്ധിച്ചൊരുശാർങ്ഗപാണി മരുവും
ക്ഷേത്രത്തിലും പോയി ഞാൻ 74

ആകാശോൽക്കടമണ്ഡലത്തിന്റെ നെടും-
തൂണിട്ടതിൻമട്ടിലും
നാകാധീശപുരത്തിലേയ്ക്കുകയറും
വൻകോണിയെപ്പോലെയും
പ്രാകാരോരഗവർദ്ധനങ്ങിനെവിട്ട-
ത്തീടുംഫണംപോലെയും
ശ്രീകോളും പതിനൊന്നുവൻനിലയെഴും
തൽഗ്ഗോപുരം ഭാസുരം 75

പാലാഴിത്തിരുമങ്കയൊത്തു ഭഗവാൻ
രാവിൽശ്ശയിച്ചീടുമാ-
ലീലാഗാരമതീവമോഹനമതിൽ-
പ്പല്യങ്കമുണ്ടുത്തമം
മേലാപ്പോട്ട രസക്കുടുക്കകൾ,ഹൃളോ,
പ്പിത്ര്യാദിയുണ്ടോതുവാൻ
മേലാത്തോരു വിശേഷമട്ട മൃദുല-
പ്പട്ടൊത്തപൂമെത്തയും. 76

വെണ്ണക്കല്ലുകൾകൊണ്ടുതീർത്തൊരിടയ-
പ്പെണ്ണുങ്ങൾ തൻരൂപവും
കണ്ണൻതൻെറ മനോജ്ഞരൂപവുമതിൽ-
ശ്ശോഭിപ്പതുണ്ടപ്പൊഴും
കണ്ണന്നാണതിശീതളാമൃതരസം
ധാരാളമായ്‌വീഴ്ത്തീടും
വണ്ണം നിസ്തുലസൌഖ്യമാർന്നതതിനി-
പ്പോകില്ല ചാകുംവരെ. 77

തെല്ലുംതിക്കപെടാതടുത്തുഭഗവാൻ
തന്നേയു,മന്നാട്ടുകാർ
ചൊല്ലുംകോമളവല്ലിതാർമകളേയും
സേവിച്ചിതാ നിർമ്മദാ
അല്ലുംനൽപ്പകലാകമാറുപരിശോ-
ഭിയ്ക്കുന്നനേകായിരം
കല്ലുംപൊന്നുമണിഞ്ഞമൂർത്തികളിലീ-
ശ്ലോകദ്വയംചാർത്തിനേൻ. 78

'പ്രത്യംഗം നവരത്നമാലകൾകണ-
ക്കില്ലാതെവാരിദ്ധരി-
ച്ചത്യന്തംതെളിയുന്നു നീ ദയിതയൊ-
ത്തെന്താണിതിന്നത്ഭുതം?
നിത്യം നിങ്ങൾ വസിച്ചിടുന്നിതു മഹാ-
രത്നാകരത്തിൽസ്സുഖം
സത്യംനോക്കുകിലൂഴിമൂന്നിലുമെഴും
സമ്പത്തുനിമ്പത്നിതാൻ. 79

മിന്നീടുംതവകല്പമാലകളെനി-
യ്ക്കെന്തിന്നു,നിൻകാന്തയാൾ
ചിന്നീടുന്നവിഭൂതിസർവ്വമടിയൻ
പുല്ലായ്ഗ്ഗണിയ്ക്കാംവിഭോ!
പിന്നീടൊട്ടുതകാത്ത മിത്രദയിതാ-
പുത്രാദിയുംനിഷ്ഫലം
നിന്നീടൊത്ത പദാംബുജത്തോടു ലയം
നൽകേണമേ മാധവാ!. 80

മത്ഭാഗ്യാഗ്രജതന്നെവേട്ടമരുവും
വി. ശങ്കരൻനായരാം
സത്ഭാവാംബുധി,ബീയെയാർന്നമതിമാൻ
മദ്രാസിലുദ്യോഗവാൻ
തത്ഭാഗ്യോദയമൂർത്തിയാംദയിതയ-
ന്നച്ഛന്നടുത്താകയാ-
ലുത്ഭാസിച്ചൊരുകുംഭകോണനഗരേ
വന്നെത്തിനാനാദരാൽ. 81

തെങ്ങോലത്തടിമാടരായ്ത്തമിഴതാൻ
പേശും വകക്കാരൊഴി-
ഞ്ഞെങ്ങോട്ടേയ്ക്കു തിരിഞ്ഞുനോക്കിടുകിലും
കാണാത്തൊരാപ്പട്ടണേ
അങ്ങോർവന്നതെനിയ്ക്കുശുക്രദശയായ്,
നാനാവിശേഷം പറ-
ഞ്ഞങ്ങോരോ രസമായകാഴ്ചകൾസമീ-
ക്ഷിപ്പാനൊരാളായി മേ. 82

പാപത്തിൻ പടുശക്തികൊണ്ടു പുലരാൻ
കാലത്തെഴുന്നേററുനൽ-
സാപത്തിൽസ്സുഖവുംകളഞ്ഞുകുളിർവെ-
ള്ളത്തിൽകുളിച്ചങ്ങിനെ
ശ്രീപത്മാക്ഷികൾ നാൽമ്പനോററുപഴവും
മററുംഭുജിച്ചീടുമാ-
ച്ചാപത്തിൽത്തിരുവാതിരയ്ക്കിവിടെയും
തെല്ലുണ്ടു കോലാഹലം. 83

അന്നാകുന്ന ചിദംബരത്തിനുമ-
മ്പാരാണ്യമായെത്രയോ
നന്നായുള്ള മഹോത്സവംകൊടിയിറ-
ക്കീടുന്നൊരാറാട്ടുനാൾ
അന്നാകുന്നിതുപന്തിരണ്ടുഭഗവാ-
ന്മാരൊത്തു തേരിൽതെളി-
ഞ്ഞൊന്നായിട്ടെഴുനള്ളിടുന്നബഹളം
ശ്രീകുംഭകോണത്തുമേ. 84

മേലോതിടിനശങ്കരാഖ്യനുമിവൻ
താനുംപ്രിയംചേൎന്നിട്ടു-
ന്നാലോലാക്ഷികൾഭാൎയ്യമാരുമവർതൻ-
കീഴുള്ള കുഞ്ഞുങ്ങളും
ചേലോലുന്നമഹോത്സവത്തിലെയെഴു-
ന്നെള്ളിപ്പുതൻഘോഷമൊ-
ന്നാലോകിപ്പതിനായ്ത്തിരിച്ചുകുതിര-
സ്സാട്ടേറി യേറുംമുദാ. 85

പൊങ്കട്ടിക്കസവുള്ള പട്ടുമയമാം
നൽക്കഞ്ചുകം ചാൎത്തിയും
തങ്കപ്പുള്ളികളുള്ളദാവണിയുടു-
പ്പൂഞ്ചേലയായ്ചുററിയും
എങ്കഞ്ജേക്ഷണയുംസഹോദരികളും
സാക്ഷാൽത്തമിൾസ്ത്രീകളോ-
ടങ്കംവെട്ടിന വേഷമോടു ബഹളം
കാണ്മാൻ പുറപ്പെട്ടതേ. 86

മാനംപൂണ്ടെഴുമച്ഛനും ജനനിയും
ലാളിച്ചു വിദ്യാധനം
ദാനംചെയ്തുവളൎത്തിനായകരെയും
കല്പിച്ചുതൽപ്പുത്രിമാർ
ഊനംവിട്ടുമണാളരൊത്തൊരുസവാ-
രിയ്ക്കായ്പ്പുറപ്പെട്ടവാ-
റാനന്ദാമൃതസാരധാരചൊരിയും
കൺകൊണ്ടുകണ്ടാരവർ. 87

പോയാരാൽത്തെരുവീഥിപുക്കസമയ-
ത്താൾക്കൂട്ടമെന്തോതിടാ-
'മായായെ'ന്നു പറഞ്ഞുവണ്ടികൾതെളി-
പ്പോരന്നുചുററീടിനാർ
ശ്രീയാളുന്നൊരുശാർങ്ഗപാണിഭഗവൽ
ക്ഷേത്രാന്തികത്തോളമ-
ന്നായാസത്തൊടുവണ്ടിചെന്നിതവിടു-
ന്നങ്ങോട്ടുപോകാൻപണി. 88

കൂററിന്നുള്ളവരൊത്തിറങ്ങിമലവെ-
ള്ളത്തിൻെറതള്ളിച്ചയോ-
ടാററിന്നുള്ളൊരൊഴുക്കുപോലെയണയു-
ന്നാൾക്കൂട്ടമക്കൂട്ടുകാർ
മാററിത്തന്നവഴിയ്ക്കു, സൂചിവഴിയെ
നൂലെന്നമട്ടല്ലവും
മാററിത്തം കലരാതെ ഞങ്ങൾനടകൊ-
ണ്ടെത്തി വിശേഷസ്ഥലേ. 89

എണ്ണാങ്കോഷ്ണകരപ്രഭാപടലിയെ-
ത്തോല്പിച്ച മത്ത്യാക്ഷികൾ-
ക്കുണ്ണാകുംപടി ദീപ്തരത്നഖചിത-
പ്പൊൻതേരിലേറിസ്സുഖം
വാണാമൂർത്തികൾപന്തിരണ്ടുമൊരുമി
ച്ചുള്ളൊരുയാത്രോത്സവം
കാണാനുള്ളൊരുകാഴ്ചയാണു നിയതം
കണ്ണുള്ളവക്കൊക്കയും. 90

വ്യാപാരിത്തലവക്കുമേവിലമതി-
സ്സൂത്തക്കതെല്ലാത്തതായ്-
ദ്ദീപാളിപ്രഭപെററ രത്നനികരം
കോർത്തുള്ളപണ്ടങ്ങളെ
ആപാദം വഴിപോലണിഞ്ഞുമധികം
ശേഷിച്ചപോയായത-
ശ്രീപാരിച്ച രഥങ്ങളിൻപടികളിൽ-
ക്കുട്ടിക്കിടക്കുന്നുതേ. 91

സ്വർണ്ണത്തേരുകളിൽദ്ദിവാകരകരം
തട്ടിപ്പുറപ്പെട്ടിടും
വർണ്ണത്താൽദ്വിഗുണീഭവിച്ച രുചിയോ-
ടാളും വധൂസംഘവും
കർണ്ണത്തിന്നമൃതായവാദ്യനിരയും
വിപ്രാദിനാനാതരം
വർണ്ണത്തിൻസ്തുതിഗാനവുംതകൃതിയും
നിസ്തുല്യമെന്നോതിടാം. 92

ചാരത്തെത്തിവണങ്ങിടുന്ന സമയം
പൂമാലയും ഭസ്മവും
സാരത്തോടവർനൽകുമായതു ധരി
ച്ചീടും മടിയ്ക്കാതെഞാൻ
ചാരത്തുമലർപന്തിരണ്ടുകറിയി
മ്മട്ടിൽപ്രസാദിയ്ക്കയാൽ
നേരത്തേ മുരുകൻെറകാരണവനാം
പൂശാരിയായിത്തീൻ ഞാൻ 93

ദേവന്മാരുമിടയ്ക്കുദേവികളുമു-
ണ്ടെല്ലാക്കുമോരോകൃതി-
യ്ക്കാവശ്യംവരു,മത്രകണ്ടുകൃതിചെ-
യ്തൊപ്പിക്കുവാൻദുഘടം
ഏവക്കുംപറയാവതാംനിലയിലീ-
പ്പട്ട്യംചമച്ചാദരാ-
ലാ,വന്നീടിനമൂത്തികൾക്കുമുഴവൻ
വെവ്വേറെനൽകീടിനേൻ. 94

'വാദത്തിന്നുവഴിപ്പെടാത്തവിധമായ്
മേവുന്നചിദ്രൂപമേ!
വേദത്തിൻപൊരുളേ! മുനീന്ദ്രമനമാ-
മാമ്പൽക്കു പൂന്തിങ്കളെ!
പാദത്താർബഹുഭക്തിയാൽപ്പണിയുമി-
പ്പാവത്തിലുൾപ്പെട്ടിടും
ഖേദത്തീക്കനലാറുമാറിഹപൊഴി-
ച്ചാലുംകടാക്ഷാമൃതം.' 95

ചീത്താളുംപടുഘോഷമാനെന്നുഴമെഴ
ന്നള്ളിപ്പുകണ്ടിങ്ങുതാൻ
പാത്താൽദുഘടമാണു,വീട്ടിലുടനേ.
ചെന്നാലുമെന്നിങ്ങിനെ
മാത്താണ്ഡൻ സ്വകരത്തിനാലറിവുത-
ന്നപ്പോളതിൻവാസ്തവം
പാത്താമാത്രയിൽവണ്ടികൾക്കുമണ-
ഞ്ഞോടിച്ചുപോന്നു ജവാൽ. 96

കൊച്ചിശ്ശീമയിലിപ്പൊഴും ജനവരി
പൂട്ടൽക്കുരണ്ടാഴ്ച്ചതാൻ
വെച്ചിട്ടുണ്ടതൊരാഴ്ച്ചയാക്കിയധുനാ
ബ്രിട്ടീഷിലക്കാരണം
പിച്ചിപൂമലർഗാത്രിയാം ദയിതയൊ-
ത്താശ്ശങ്കരാഖ്യൻമഹാൻ
മച്ചിത്തത്തിനുമാന്ദ്യമേററിമദിരാ-
ശിക്കായ്ഗ്ഗമിച്ചീടിനാൻ. 97

ദുർഗ്ഗർവ്വം കലരാത്ത കാന്തമുതൽപേ-
രൊന്നിച്ചു ഞാനാസ്സുധീ-
വർഗ്ഗപ്രൌഢനൊടും പ്രസൂജനമൊടും
യാത്രോക്തിയോതി ദ്രുതം
ഭർഗ്ഗൻതൻചരണാരവിന്ദയുഗളം
ധ്യാനിച്ചു ദുർയ്യോധന
സ്വർഗ്ഗംപോലെസുഖംകഴിച്ചുഴലെഴും
യാത്രക്കൊരുങ്ങീടിനേൻ. 98

ഓതത്തക്കൊരുബുദ്ധിമുട്ടുകളുമട-
ക്കത്തിൽബ്ഭവിച്ചീല മേ
പ്രാതഃകാലമിയന്നമൂന്നരമണി-
യ്ക്കീറോഡിൽവന്നെത്തിയാൽ
ശീതക്കാററുമസഹിച്ചൊരഞ്ചുമണിയാ-
വോളംപൊറുത്തീടിലും
ചേതസ്സൌഖ്യമിയന്നുതൃശ്ശിവപുരേ-
മദ്ധ്യാഹ്നമെത്തീടിനേൻ. 99

ഹേ കുംഭേശ്വര! ഹേ ചിദംബരസഭാ-
  നാഥ!ത്രിലോകീപതേ!
വൈകുണ്ഠേശ്വര! ശാർങ്ഗചാപ! ഭഗവൻ!
  സ്വാമിൻ! ഷഡാസ്യ! പ്രഭോ!
ഹേ കുന്നിൻപ്രിയപുത്രി! ഹേ ജലധിജേ
  നിങ്ങൾക്കെഴും വാർത്തയി-
ന്നാകുമ്പോല്ലരചെയ്തൊരീയടിയനെ-
  സ്സംരക്ഷചെയ്യേണമേ.

ഉൽപ്പത്തിസ്ഥിതിനാശകാരകപദ-
  ശ്രീഭക്തനായ് വിഷ്ണുവിൻ-
തല്പത്തിന്നുസമാഖ്യനായ്, സ്സുകവിയായ്,
  നിഷ്ടന്മഷസ്വാന്തനായ്,
വ്യുൽപ്പത്തിക്കടലാകുമെൻശ്വശുരന-
  ന്നേല്പിക്കയാൽത്തീർത്തിതാ-
തല്പത്തിൽച്ചെറുതായൊരിക്കൃതിസമ-
  ർപ്പിയ്ക്കുന്നു ഭക്ത്യാസമം.

# മദിരാശി കടൽക്കര

---

മിടുക്കുകൾ പലേതരം കരയിൽവെച്ചു കാട്ടീടിലും
മടുക്കുമിവനോടെതൃത്തിടുകിൽ മുഷ്കരാം കൂട്ടരേ!
അടുക്കരുതു പോകയെന്നരുളിയാഴി, തൻകൈകളാൽ
തടുക്കുവതുപോലെയത്തിര കളിപ്പതുണ്ടെപ്പൊഴും. 1

അടിക്കടൽനിറഞ്ഞെഴും വിലപിടിച്ച കല്ലൊക്കെ വ-
ന്നടിച്ചു കവരാതിരിപ്പതിനു കാവലായങ്ങിനെ
അടിക്കടിയമന്നിടും പടകൾ വാളലയ്ക്കുംപടി-
യ്ക്കടിച്ചിളകി മിന്നിടും തിരകൾ കാൺകിലുള്ളഞ്ചിടും 2

ഇടംവലമൊരേപടിയ്ക്കുയരമോടെഴും പൂച്ചെടി-
ത്തടങ്ങൾ പെടുമാവഴിയ്ക്കുടയ മോടിയെന്തോതിടാം!
പടന്ന ചില പിച്ചകക്കൊടികൾ നാലുപാടും പെടു-
ന്നിടങ്ങളിൽ നടന്നു നോക്കിടുകിലോടുമേതാടലും. 3

നടപ്പു മതിയാവുകിൽ ചെറുതിരിക്കുവാൻ പൂച്ചെടി-
യ്ക്കിടയ്ക്കു ചില ചാരുബെഞ്ചുകൾ നിരത്തിവെച്ചുള്ളതിൽ
അടക്കമൊടിരുന്നു തന്മിഴികൾ പുത്തനാം നോവലിൽ
കടത്തി മരുവുന്നതുണ്ടവിടെയുള്ളറച്ചൊട്ടുപേർ. 4

തടിച്ചു മുലപൊക്കി നല്ലരയൊതുക്കി വെൺതുവലിൻ-
പൊടിപ്പുടയതൊപ്പിമേൽ പുതിയ പൂക്കൾവെച്ചങ്ങിനെ
അടിയ്ക്കടിയുമാടതൻ ഞെറിപിടിച്ചു പെൺതത്തതൻ-
പടിയ്ക്കു മൊഴിയോതി വന്നിതു മദാമ്മമാർ നൂറുപേർ. 5

കടൽക്കരയിൽ വന്നപാടവരവക്കു വെച്ചുള്ളതാ-
മിടത്തിൽ മരുവീടിനാർ ചിലർ, നടന്നുകൊണ്ടാർ ചിലർ,
ഇടയ്ക്കിടെയിണക്കമുള്ളവരെയോർത്തു വെൺതാർമിഴി-
ക്കടെക്കളികൾകൊണ്ടു തൻവരവു കാത്തു പാർത്തീടിനാർ. 6

വെടിപ്പൊട്ടുമുടുപ്പു,മാ വലിയ തൊപ്പിയും നാൾക്കുനാൾ
വടിയ്ക്കുമൊരു താടിയും തിരുകിവെച്ച മേൽമീശയും
കടിച്ചൊരു ചുരുട്ടുമായ് വടികൾവീശി വന്നെത്തിനാർ
ചൊടിപ്പൊട്ട ചെറുപ്പമാം ധ്വരകൾ നൂറുനൂററമ്പതാൾ.

അടുത്തണയവേ പുതുച്ചിരി പൊഴിച്ചു കൈത്താരുടൻ
കൊടുത്തു, മടവാർ പിടിച്ചൊരു വഴിക്കു പോകുന്നുതേ
കടുത്ത പടതന്നിൽ വെച്ചുയിർ വെടിഞ്ഞു വാനിൻപടി-
യ്ക്കെടുത്തു കഴൽവെച്ചിടും വിരുതരെപ്പിടിക്കും പടി. 8

ഒരുത്തനണയുന്നതിന്നൊരു മിനുട്ടു വൈകിക്കയാ-
ലൊരുത്തി മിഴിനീരണിഞ്ഞലകളെണ്ണി വാണീടിനാൾ;
കരുത്തനവനോടിവന്നു,വൾ തെളിച്ചമാണ്ടീടുവാൻ
പെരുത്തവത ചൊല്ലിടുന്നിതു കഴൽക്കു കൂപ്പുന്നുതേ. 9

മുതുക്കിയൊരു പെണ്ണിനോടിളയൊരാണിലുള്ളം പതി-
ഞ്ഞൊതുക്കമൊടതോതിടാതതുമിതും പറഞ്ഞങ്ങിനെ
പതുക്കെയവനൾക്കുളം തെളിയുമാറു കാട്ടീടുമ-
പ്പുതുക്കളികൾ കാണുകിൽ തലകുലുക്കുമയ്യമ്പനും. 10

ശരാശരിയകക്കൊഴുപ്പുടയ കൂട്ടർ വേർപാടിലെ-
പ്പുരാതികൾ പറഞ്ഞുകൊണ്ടഴൽ കരഞ്ഞു തീർത്തീടുവാൻ

ഒരാളുമണയാത്തതായിട്ടമിടങ്ങറം തേടീടിനാർ;
കരാറുകറം നടത്തിനാർ ചിലരട്ടത്തന്നാറം വേറംക്കുവാൻ

തുടങ്ങുകിൽ മുടങ്ങിടാതൊരുവനോത്തു ചെയ്യേണ്ടതാം
ചടങ്ങുകറം ചുരുക്കമെല്ലൊരുവറം പാട്ടിലായീട്ടവാൻ;
മടങ്ങുമിവരാകി,ലപ്പണികളൊക്കയും ചെയ്തു കീ-
ഴടങ്ങുമവരൊത്തുചേന്നവിടെ ലാത്തിടുന്നു ചിലർ, 12

മലയ്ക്കുകമുലയ്ക്കുമത്തടിപെടുന്ന പൊണ്ണൻധചര-
യ്ക്കുലയ്ക്കുയെതുമെയ്യെഴന്നൊരു മദാമ്മ കൈവന്നതേ;
തലയ്ക്കു നരപൂണ്ട പത്തറുപതായ മൂപ്പുക്കു വാർ-
മുലയ്ക്കു മികവെത്തിടാത്തൊരുവളാണു പൊണ്ടാട്ടിയാറം.

തടിച്ചപിടിയാനയൊത്തൊരു മുതുക്കിയാറംതൻെറകൈ-
പിടിച്ചൊരു ചെറുപ്പമാം ധചര വരുന്നു പാപ്പാൻപടി;
ചൊടിച്ചു നിലവിട്ടു പൂങ്കണചൊരിഞ്ഞു മൂപ്പാരിടം
മുടിച്ച കൊലകൊമ്പനാരുടെ പണിത്തരം മേത്തരം. 14

ചെറുപ്പമുളവററമെയ്യഴകു കാണികറംക്കേതുമേ
വെറുപ്പകലരാത്തതാം നില നടപ്പുടുപ്പിത്തരം
പൊറുപ്പൊടു നടക്കുവോരിണകളുണ്ടു താർമങ്കയാറം
പൊറുപ്പതിനു തീർത്തതാം പുതിയകെട്ടിടംപോലവെ! 15

എടുത്തരിയൊരായമാർ തിരയടിച്ചു മാറുന്നതി-
ന്നടുത്തു മിനുസംപെടും മണലിൽ വെയ്ക്കുമ'ബ്ബേബി'കറം
ഉടുത്തുകിൽപിടിച്ചു പുഞ്ചിരിചൊരിഞ്ഞുചാഞ്ചാടിനൽ-
ളുടുത്തൊരടി മെല്ലവേ മണലിൽ വെച്ചിഴയ്ക്കുന്നതേ. 16

മുതിച്ച് ചെറുതുള്ളതാകിയ കിടാങ്ങൾ കൈവിട്ടുടൻ
കുതിച്ചലകൾ വന്നിടുന്നതുവരയ്ക്കുമോടീടവേ
ചതിച്ച ചെറുപൈതലെന്നുടനുരച്ചു കാവൽക്കെഴു-
ന്നതിൽ ചിലർ പിടിയ്ക്കുവാൻ പിറകെയോടിയെ
ത്തീടിനാർ. 17

തൊടാനവളടുക്കുകിൽ ചിരിപൊഴിച്ചവൻ പാഞ്ഞിടും,
വിടാതെയവളാവതിൻപടി കിതച്ചു പിന്നാലെയും,
കിടാങ്ങളുടെയിത്തരം കളികൾ കാൺകിലുള്ളം കുളുർ-
ത്തിടാത്തവരൊരുത്തരില്ലുലകിലേതു കൂട്ടത്തിലും. 18

നിറം, കന,മുയർച്ചയോടുടൽവലിപ്പവും ചേർന്നതായ്-
പ്പറഞ്ഞപടി പാഞ്ഞിടും കുതിരപൂണ്ടെഴും വണ്ടികൾ
കുറഞ്ഞതൊരു നാലു നൂറണിയണിയ്ക്കു നിർത്തീട്ടതും
തുറന്നതിലിരുന്നു വൻധ്വരകൾ കാററുകൊള്ളുന്നതെ. 19

മിടുക്കു കടുകോളമില്ലൊരുപരപ്പുമൂപ്പായി, മേ-
ലെടുക്കുവതിനൊന്നരപ്പുലമിറച്ചിയില്ലിത്തരം
വിടുക്കഴുതപോലെഴും കുതിര ചേർന്നിഴഞ്ഞെത്തിടും
ജടുക്കകൾ കണക്കുനോക്കിടുകിലുണ്ടൊരയ്യായിരം. 20

വരുന്നിതു പറന്നിടുംപടി ചവിട്ടുവണ്ടിയ്ക്കുമേ-
ലിരുന്നു പലമോടിയിൽ പലവഴിയ്ക്കുമൊട്ടേറെയാൾ;
തെരുന്നനെ വിടുന്നവാറിണപിണങ്ങി വീണൂഴി തൻ-
വിരുന്നു ചിലരേററുകൊണ്ടുടനെയേററു മണ്ടീടിനാർ. 21

പകൽക്കുടയവൻ മറഞ്ഞളവു ചെപ്പടിക്കാരനും
പകയ്ക്കുമൊരുമട്ടുയർന്നിതു വിളക്കു നൂറായിരം;

മികച്ച കനിവോടു ചേൎന്നുലകു കാത്ത വിക്ടോറിയാ-
പ്പുകഴ്പ്പൊലിമ പൂത്തനാമുടലെടുത്ത പൊങ്ങുംപടി. 22

രാവഞ്ചാറായി, വണ്ടിക്കുതിരനിര കള-
മ്പിട്ടടിച്ചോട്ടമായീ,
പൂവഞ്ചുംമേനിമാരും കണവരുമിണവി-
ട്ടങ്ങുമിങ്ങും പിരിഞ്ഞു;
പൂവമ്പൻതൻ പുറപ്പാടിനു നെടുകുടയായ്
പൊന്തിടും തിങ്കളൊന്നി-
ച്ചാവമ്പേറും കിഴക്കൻകടലവിടെ വിള-
ങ്ങീടിനാൻ മോടിയോടും. 23

# ആരോഗ്യസ്തവം.

പടുകേരളസൽക്കവീന്ദ്രരെല്ലാം
പെടുമർത്ത്യോത്തമരത്നമാലയിങ്കൽ
നടുനായകമായ് വിളങ്ങിനില്ക്കും
നടുവത്തച്ഛന ഹന്ത! ദീനമെന്നോ!' 1

നെടുഭക്തിയൊടീശ്വരങ്കലർപ്പി-
ച്ചിടുമുൾത്താരെഴുമിദ്വിജേന്ദ്രനേവം
കടുതാം പദരോഗമേററു കഷ്ട-
പ്പെടുവാൻ സംഗതിവന്നതെന്തു കഷ്ടം! 2

അനഘത്വ,മുദാരബുദ്ധി, ധർമ്മം,
ജനരഞ്ജിപ്പു, ജഗന്നിവാസഭക്തി
വിനയം മുതലായതൊത്തവർക്കും
വിന,യേവം വിധിവെച്ചിടുന്നുവല്ലോ!! 3

പരരോഗശമം വരുത്തുമിക്ഷ്മാ-
സുരവൈദ്യൻ ഗദമാണ്ടു കേണിടുന്നു;
ശരണാഗതരിൽധനംവിതയ്ക്കും
ഹരനും തെണ്ടിനടന്ന കാലമില്ലേ? 4

പതിവായ് മൃദുവായ് പദങ്ങൾ വെയ്ക്കും
മതിമാനി,ക്കവിവീരനിപ്രകാരം
അതിയായൊരു പാദദോഷമേല്ക്കു-
ന്നതിനെന്താണൊരു ഹേതു പാർത്തുകണ്ടാൽ? 5

ഭുവനത്രിതയം ചമച്ചു നന്നാ-
യവനംചെയ്തമരുന്നൊരാദിനാഥേ!
തവ നിർമ്മലപാദഭക്തനാമീ-
യവനീദേവനെ നീ മറന്നുവെന്നോ? 6

ഒരു വിപ്രകുലപ്രമാണി, വൃദ്ധൻ,
കരുണാശീതളമാനസൻ, സുധീന്ദ്രൻ,
ഉരുഭക്തനിതൊന്നുമദ്രികന്യേ!
കരുതാതിത്തരമിട്ടലട്ടിടാമോ? 7

പരമിക്കവിയോടസൂയയുണ്ടോ
പരമേഷ്ഠിപ്രിയതൻപ്രിയം നിമിത്തം?
പരചിന്മയി! നിങ്ങൾ മാതരെല്ലാം
പരമാത്മത്തിലൊരൊററ വസ്തുവല്ലേ? 8

അണിയുന്ന ചെരിപ്പുകൊണ്ടൊരെള്ളിൻ-
മണിയോളം ചെറുതായ പൊട്ടു പൊട്ടി;
പണി നന്നിതു; നീ വളർത്തി വേഗാ-
ലണിമാടിക്കളി കാലിലോ കളിപ്പു. 9

പുരുഭക്തിയൊടും പ്രദക്ഷിണത്തിൽ-
പ്പെരുമാറുന്ന പവിത്രമാം പദത്തിൽ
പെരുതാം വ്യഥയെക്കൃപാദിശാസ്ത്ര-
പ്പൊരുളേ! നീയരുളുന്നതെന്തു കഷ്ടം! 10

പരമേശ്വരി! നീയെടുത്തു വേദം,
പരമാം വേദന ഭക്തനും കൊടുത്തു

ചരണാംബുജസേവ ചെയ്തിലേവം
വരണം, തെല്ലു കവിച്ചു വെച്ചിടേണം. 11

പദഭക്തരിൽ നല്ലതാം നടപ്പേ
സദയം നീയരുളുന്ന ചട്ടമുള്ളു;
ഇദമെന്തു വിചിത്രമാണു നാഥേ!
ഗദമേകീട്ടതു നീ മുടക്കിയല്ലോ. 12

ചരണത്തിൽ വിഷം കടക്കിലെന്താ-
ണരമൊന്നമ്മ കനിഞ്ഞു കണ്ണയച്ചാൽ;
വരമെയ്യണിനാഗമൊന്നു വന്നീ-
ഗ്ഗരളജ്ജ്വാല വലിച്ചെടുക്കുമല്ലോ. 13

തരുണൌഷധനാഥശേഖരൻതൻ
തിരുമെയ് പാതിപകുത്ത പാവനാംഗി!
കരുതീടുകിലിഗ്ഗദത്തെ മാററാ-
നരുതെന്നായ് വരുമോ നിനക്കു നാഥേ! 14

വരശൈലസുതേ! മഹൌഷധത്തിൻ-
നിര നിന്തിാതനിലുത്ഭവിച്ചു നിൽപ്പൂ;
അരമാത്രയിലാസ്സഹോദരന്മാർ
സരസം വന്നിതു സൌഖ്യമാക്കുമല്ലോ, 15

കരുണാമൃതബിന്ദു തൂകിടും നി-
ന്നരുണാക്ഷിക്കടയൊന്നിളക്കിയെന്നാൽ.
ഒരു കാര്യവുമിന്നസാദ്ധ്യമല്ലെ-
ന്നരുളും സിദ്ധവചസ്സു സത്യമാമോ? 16

സരസീരുഹസംഭവൻ വരയ്ക്കും
വരയും മാററിവരച്ചു നേരെയാക്കാൻ
പരമേശ്വരി! നീ വിദഗ്ദ്ധയാണെ-
ന്നരചെയ്യുന്നതിനർത്ഥമില്ലയെന്നോ? 17

സ്മിതചന്ദ്രിക തൂകിടുന്ന പൂർണ്ണാ-
മൃതരശ്മിപ്രതിമാനമാം മുഖത്തെ
ഹതദുർവ്വിധിചേർത്ത ദുഃഖമേഘാ-
വൃതമായെങ്ങിനെ ഞങ്ങൾ കണ്ടിടേണ്ടൂ? 18

കുലദൈവപദാർച്ചനത്തിനായി-
പ്പുലരും മുമ്പു കുളിക്കുമിദ്വിജേന്ദ്രൻ
പലനാൾ കുളിമുട്ടിവാണിടുന്നീ-
നിലയിൽ സങ്കടമങ്കുരിയ്ക്കുമാർക്കും. 19

ഫലിതങ്ങൾ നിറഞ്ഞ സാരവാക്യാ-
വലി തൂകുന്ന ഗഭീരശാന്തശീലൻ
കലിതാമയനായ് കരഞ്ഞിടുമ്പോ-
ളലിയാതുള്ളൊരു നിർമ്മനം കടുപ്പം. 20

കുളിയൂണുമുറക്കവും വെടിഞ്ഞുൾ-
ത്തളിരേകാഗ്രമതായ്ത്തപിച്ചിടുന്നു;
മിളിതാദരമിദ്വിജൻെറ മുമ്പിൽ
തെളിവോടെന്തു വരാത്തതംബികേ! നീ? 21

ശരിയല്ലിതു നീ ദ്വിജേന്ദ്രമൌലി-
ക്കരികിൽ സത്വരമിന്നു സാനുകമ്പം

പരിചയ്യകഠം ചെയ്തിടുന്നതെല്ലാം
പരിശോധിയ്ക്ക സുഖംവരുംവരേയ്ക്കും. 22

നവലേപനമൊന്നിനിപ്പുരട്ടാൻ
തവ കാഷായകരാബ്ജമായിതെന്നാൽ
ജവമായതിനാൽ ഫലം ലഭിയ്ക്കും;
ശിവജായേ! മടിയാശ്ശ ഭക്തലോലേ! 23

മൃതജീവനമായ നിങ്കടാക്ഷാ-
മൃതമല്പാല്പമിടയ്ക്കിടെത്തളിച്ചാൽ
ദ്രുതമന്നമശിച്ചിടായ്കിലും താൻ
സുതനുക്ലാന്തി വെടിഞ്ഞു ശക്തനാകും. 24

പനിമാമലതൻസുതേ! കരത്താർ
കനിവോടൊന്നു പുറത്തണച്ചുവെന്നാൽ
തനിയേ സുഖമാം; ചിദാത്മസാരം
കിനിയും നിങ്കരമെങ്ങു? രോഗമെങ്ങോ? 25

ഇക്കണ്ടീടുന്നതെല്ലാം മിഴിമുനയടിയാൽ
തീൎത്തു കാത്തീടുമമ്മേ!
മുക്കണ്ണൻതൻ മടിത്തട്ടിനു പൊലിമവിത-
ച്ചമ്പുമെൻ തമ്പുരാട്ടി!
തക്കത്തിൽ തൃക്കടക്കൺകളിയൊടു നടുവ-
ത്തച്ഛനുള്ളോരഴൽപ്പാ-
ടൊക്കെത്തീൎക്കേണമെന്നല്ലിനിയുമറുപതാ-
ണ്ടൂഴി വാഴിച്ചിടേണം. 26

# കവനകൌമുദിക്ക് ഒരു ഉപദേശം

(സാരജ്ഞൻ)

അല്ലേ കൌമുദി! നിൻമനോജ്ഞതനുവിൽ
ശ്രീകേശവാഭിഖ്യനാം
ചൊല്ലേറും കവിയന്തരിച്ച ചരമ-
ശ്ലോകങ്ങൾ വായിച്ചു ഞാൻ;
ഉല്ലേഖം കവികൾക്കനേകവിധമായ്-
ത്തോന്നീട്ടുമെന്നാകിലും
തെല്ലേതാണ്ട,തിരിൽക്കവിഞ്ഞ നിലയു-
ണ്ടപ്പദ്യജാലങ്ങളിൽ. 1

വാനാണ്ടീടിന കേശവാഖ്യകവിയെൻ-
ചങ്ങാതിയാണെങ്കിലും,
ഞാനാമാന്യവിയോഗമോർത്തു വളരെ-
ദ്ദുഃഖിപ്പതുണ്ടെങ്കിലും,
നാനായോഗ്യർ നിറഞ്ഞ കേരളമിതിൽ-
"സർവ്വം നശിച്ചെ"ന്നുര-
പ്പാനാള;ല്ലതു ചൊല്ലുവാൻ പ്രളയമി-
ങ്ങെത്താതെയൊത്തീടുമോ? 2

"ആ വമ്പൻ പ്രാസയുദ്ധക്കളമതിൽ വിജയം
പൂണ്ടു ഭേരീരവത്താൽ
ഭുവഞ്ചിപ്പിച്ചിതെന്നും" പറയുവതു മഹാ-
ബദ്ധമിത്ഥ്യാപ്രലാപം;

“ഏവം ശബ്ദാൎത്ഥഭംഗിത്തികവൊടു കവനം
തീൎത്തു ഹൃത്തോഷമേകാ-
നേവനും സാദ്ധ്യമല്ലെ”ന്നഹഹ! പറവതും
ശുദ്ധമേ ബുദ്ധിമോശം. 3

പ്രാസം വേണ്ടെന്നൊരാളും, പരമതു വളരെ-
ബ്ഭംഗിയാണെന്നു വീതാ-
യാസം പ്രാസം പ്രയോഗിപ്പൊരു കവിവരനും
തങ്ങളിൽ പോരടിച്ചു;
ആ സംഗ്രാമത്തിൽ മദ്ധ്യസ്ഥത തടവി മഹാ-
മാന്യനായ് വാണിജിഹ്വാ-
വാസംചെയ്യുന്നൊരാൾ വന്നവരിരുവരെയും
രാജിയാക്കിപ്പിരിച്ചു. 4

എന്നാലോ, വാസനക്കാർ കവികളിലൊരുവൻ-
പോലുമീപ്രാസസമ്പ-
ത്തിന്നാളോളം വെടിഞ്ഞില്ല,തു കരുതുകിലി-
പ്പോരിലാൎക്കാണു മെച്ചം?
എന്നാലോചിച്ചിടാതിങ്ങപജയജയകാ-
ൎയ്യങ്ങൾ ഖണ്ഡിച്ചുരച്ചാൽ
നന്നാമോ? മാന്യരാകും സഹൃദയരതിനെ-
സ്സമ്മതിയ്ക്കുന്നതാണോ? 5

ആ ‘ലക്ഷ്മീഭായി’തന്നിൽച്ചിലതിതുവിധമായ്-
ച്ചേൎത്തു ഘോഷിച്ചിരുന്നു;
ശ്രീലക്ഷ്മിക്കെട്ടിലമ്മയ്ക്കൊരുസമയമതിൻ-
മാൎഗ്ഗമിത്തെററു പററാം;

വൈലക്ഷണ്യത്തിലിമ്മാതിരിയെഴുതിവിട്ടും
പദ്യജാലങ്ങളെല്ലാം
നീ ലക്ഷ്യംവിട്ടു കൈക്കൊൾവതു സമുചിതമോ
കൌമുദിപ്പെൺകിടാവേ! 6

സാരസ്യം, സുഗമത്വ,മുത്തമമനോ-
ധർമ്മം, പഴക്കം, ലസൽ-
സാരള്യം മുതലാം ഗുണങ്ങൾ തികവായ്-
പ്പദ്യങ്ങൾ തീർത്തീടുവാൻ.
വീരന്മാർ പലരുള്ള വാ“റിനിയതി-
ന്നില്ലാരു”മെന്നോതുമ-
ഗ്ഗീരന്യായ,മതിൽക്കുറച്ചതിശയോ-
ക്തിയ്ക്കും പുളിപ്പായ്വരും. 7

കൃത്യത്തിൽ ബഹുനിഷ്ഠയുണ്ടു, നിതരാം
സംഗീതസാമർത്ഥ്യമു,-
ണ്ടത്യന്തോദ്യമശീലമുണ്ടു, ദൃഢമാം
വ്യുല്പത്തിയുണ്ടോർക്കുകിൽ,
സ്തുത്യം ബുദ്ധിവിലാസമു,ണ്ടൊരുവിധം
പദ്യങ്ങളും തീർത്തിടാം;
സത്യം കേശവപിള്ള മൽപ്രിയസഖ-
ന്നിച്ചൊന്നതത്രേ ഗുണം. 8

# ഉ പ കോ ശ

## ഉത്തരഭാഗം

### ഒന്നാം സഗ്ഗം

ഇതു, പൂൎവ്വഭാഗം ഉത്തരഭാഗം ഇങ്ങിനെ രണ്ടു ഭാഗങ്ങളും, പൂൎവ്വഭാഗത്തിൽ 3-ം, ഉത്തരത്തിൽ 2-ം സഗ്ഗങ്ങളും ഉള്ള ഒരു കാവ്യമാകുന്നു. പൂൎവ്വഭാഗം മുഴുവനും കവിതിലകൻ കുണ്ടൂർ എഴുതിയതാണ്. നമ്മുടെ 'ഒട്ടു'വിനു കിട്ടിയതു നടുവാണ്. ഒടുവിലെ സഗ്ഗം കാത്തുള്ളിൽ അച്യുതമേനോനവർകൾ എഴുതിയതുമാകുന്നു. ഉപവഷ്പുത്രിയായ ഉപകോശ എന്ന ബ്രാഹ്മണകന്യകയെ വിവാഹംചെയ്ത വരരുചി, ഐന്ദ്രവ്യാകരണം ഭൂമിയിൽ പെട്ടന്നു നഷ്ടമാവുകനിമിത്തം പാണിനിയോടു വാദത്തിൽ തോല്ക്കുകയും, തനിക്കു വീണ്ടും ജയം കിട്ടുവാൻ ശിവാനുഗ്രഹം സമ്പാദിക്കുന്നതിന്നു, തന്റെ ലോകൈകസുന്ദരിയായ ഭാൎയ്യയെ വിട്ടു തപസ്സിന്നു പോവുകയും ചെയ്തതാണ് ഇതിലെ പൂൎവ്വകഥ.

ഘോരാടവിക്കുകമണഞ്ഞു തപസ്സുചെയ്തു
സാരാൎത്ഥസിദ്ധിവരുവാൻ പതി പോയശേഷം
നാരായണാച്യുത! ഭവന്മൃദുശയ്യയെന്ന്യേ
പോരാ കഥിപ്പതിനുദാരകഥാവിശേഷം. 1

'ശ്രീകണ്ഠബാണരിപുവോടു വരങ്ങൾ വാങ്ങി
യാകുന്നവേഗമണയാമഹമെന്നു ചൊല്ലി

പോകുന്ന വല്ലഭനെ വല്ലഭ ബാഷ്പപൂരം
തൂകുന്ന തന്മിഴികളാലനുയാത്രചെയ്തു. 2

പ്രാണാധികപ്രിയതമൻെറ മനോഹരാംഗം
കാണാതെയാംവരെയുമാനിലതെററിടാതെ
കേണാശ്രു ശോണനിറമാം മിഴികൊണ്ടു നോക്കി-
യേണായതാക്ഷി നിജഗേഹമണഞ്ഞു മന്ദം. 3

തീക്കുണ്ഡമെന്നവിധമാളിടുമുള്ളൊടൊത്തു
നോക്കുന്ന ദിക്കുമുഴവൻ നിജകാന്തനെന്ന്യേ
ആക്കുഞ്ജരേന്ദ്രനടയാളൊരു വസ്തു കണ്ടീ,-
ലാക്കും നവീനവിരഹാർത്തിയസഹ്യമല്ലോ. 4

ചേടീജനങ്ങളുടെ വാഗമൃതാഭിഷേകം
വാടീടുമുറംത്തളിരിനൊട്ടു തണുപ്പു ചേർത്തു;
ചൂടീടുവാനവർ കൊടുത്തൊരു പൂക്കൾകൊണ്ടു
കോടീരശേഖരപദാച്ചനമാചരിച്ചാൾ. 5

പാലാടൽപൂണ്ടമൃദുവാണി വിയോഗവഹ്നി-
ജ്വാലാസമൂഹപരിതപ്തഹൃദന്തയായി
കാലാരിയെക്കരുതി രാത്രി കഴിച്ചുകൂട്ടും
നാലാറുനാഴിക വെളുപ്പിനു ഗംഗതേടും 6

മുങ്ങിക്കുളിപ്പുളവു മുക്തിവിഭൂഷയാളിൽ
പൊങ്ങിത്തിളങ്ങുമതിശീതളരോമഹർഷം
'മങ്ങിത്തുടങ്ങിയിവളെ'ന്നു നിനച്ചു ഗംഗ
ഭംഗിയ്ക്കു ചാർത്തിയ നവാഭരണങ്ങൾപോലെ 7

സ്നാനാദിശൌചവിധി സത്വരമാചരിച്ച്
മീനാളിട്ടംമിഴി മികച്ചൊരു ഭക്തിപൂർവ്വം
സൂനായുധാന്തകകുടുംബിനിതൻ പദാബ്ജ-
ധ്യാനാനിരുദ്ധതയൊടുച്ചവരെക്കഴിയ്ക്കും. 8

'ഭർത്താവുതൻ പകുതിമേനിയധീനമാക്കി-
ച്ചിത്താനുമോദമരുളും ഗിരിരാജകന്യേ!
തത്താദൃഗാധിപരിപീഡിതയാകുമെൻെറ
വൃത്താന്തമൊന്നുമവിടുന്നറിയുന്നതില്ലേ? 9

ഈശപ്രസാദമുളവാക്കി വരം വരിപ്പാൻ
ക്ലേശപ്പെട്ടുന്നിതതികോമള,നെൻമണാളൻ,
ശ്രീശങ്കരീ! ത്രിപുരസുന്ദരി! നീയതിന്നു
ലേശം കനിഞ്ഞു തരസാ തരമാക്കിടേണം. 10

കാന്തൻെറ ദുസ്സഹവിയോഗദവാഗ്നി കത്തി
സ്വാന്തം കരിഞ്ഞു പൊരിയാകുവതിന്നുമുമ്പേ
ശാന്തസ്വഭാവിനി! ജഗത്ത്രയതീവ്രദുഃഖ-
ധ്വാന്തപ്രഭാകരരുചേ! കനിയേണമെന്നിൽ. 11

നാരീകുലാഭരണമാം തിരുമേനിയല്ലാ-
താരീവധൂജനവിഷാദമറിഞ്ഞൊഴിപ്പാൻ?
ദുസ്സാരീകൃതം മമ വിയോഗജദുഃഖഭാരം
ദൂരീകരിച്ചു, ശുഭമേകുക ലോകനാഥേ!' 12

കന്ദർപ്പനാശനവിലാസിനിയോടിവണ്ണം
മന്ദം സഗൽഗദമുണർത്തു, മശിയ്ക്കുമല്പം,

സൌന്ദൎയ്യപൂൎവ്വലഹരീസ്തവമാദിയായി-
സ്സൌന്ദൎയ്യശാലിനി ജപിച്ചിട്ടുമച്ചയായാൽ. 13

അന്തിയ്ക്കുമുമ്പുമിതുപോലെ കളിച്ചു നല്ല
പന്തിയ്ക്കു സാദ്ധ്വി നിയമങ്ങരം സമാചരിയ്ക്കും;
ചിന്തിയ്ക്കുകിൽ സ്വകൃതകൎമ്മപരിശ്രമത്തിൽ
മുന്തിക്കടന്നിതുപകോശ മുനീന്ദ്രരേയും. 14

ലാവണ്യസാരമുടൽപൂണ്ടതുപോലെ മിന്നു-
മാ വൎണ്ണനീയവരവൎണ്ണിനിയന്നൊരിയ്ക്കൽ
സൌവൎണ്ണകാന്തിപെരുമസ്തമയാൎക്കശോഭാ-
വൈവൎണ്ണ്യയായ് നദിയിലേയ്ക്കു ഗമിച്ചിരുന്നു. 15

ചണ്ഡാംശുബാഢവദവോഗ്രർ, 'കുമാരമന്ത്രി',
'ദണ്ഡാധിപൻ', 'നൃപപുരോഹിത'നെന്നു മൂന്നാരം
ചണ്ഡാലബുദ്ധികരം ശനിപ്പിഴയാൽ കലേശ-
തുണ്ഡാഗമേ വഴിയിൽവെച്ചൊരു നോക്കുകണ്ടു. 16

ഭൂഷാവിഹീനമഥ നിൎഗ്ഗുണചിൽപ്രകാശം
യോഷാവിശേഷവടിവാൎന്നു വരുന്നപോലെ
ദോഷാകരാനനയണഞ്ഞതളവത്ഭുതാൎദ്ര-
തോഷാബ്ധിവീചികളിൽ മുങ്ങി മനം മയങ്ങി. 17

സ്ത്രീവൎഗ്ഗരത്നമവളോടു ലയിപ്പതിന്നു
മൂവൎക്കുമുള്ളിലഭിലാഷമുദിച്ചിതൊപ്പം;
ആ വൎത്തമാനമവളല്പമറിഞ്ഞു മാട-
പ്രാവപ്പരുന്തിനുടെ ലാക്കറിയുന്നപോലെ. 18

ഉണ്ടായ മോഹമവർ മൂവരുമങ്ങുമിങ്ങും
മിണ്ടാതെ മൌനവിധി നിർഭരമാചരിച്ചു;
രണ്ടാമതെന്നനില വിട്ടെഴുമാത്മചിന്താ-
കൊണ്ടായിരിയ്ക്കു,മവർ യോഗരതാഢ്യരല്ലോ. 19

'നേരം കവിഞ്ഞിതിനി നാം പിരികെ'ന്നുരച്ച-
ന്നേരം ക്രമത്തിനു പിരിഞ്ഞവരൊററയായി
സ്വൈരം കളിച്ചവഠം വരുംവഴി കാത്തുനിന്നാർ
സാരംഗിതൻ വഴിയി ലുഗ്രവൃകങ്ങഠംപോലെ. 20

കൊള്ളിത്തീകൊണ്ടു കോറംപടി കൊടിയ മിഴി-
ക്കോണെ തൻകോമളാംഗേ
കൊള്ളിച്ചോരക്കഠോരപ്രകൃതികഠം സമയം-
വൈകിയാൽപ്പോകുമെന്നായ്
ഉള്ളിൽച്ചിന്തിച്ചിരുട്ടാംവരെയവഠം നദിയിൽ-
പ്പാത്തു; മൌഢ്യാന്ധകാര-
പ്പുള്ളിക്കാർ നൂറുവട്ടം ഭയദർ, നിശയിലെ
പ്രേതഭൂതാദിയേക്കാഠം. 21

വേരോടിട്ടു,ള്ളിചാരദ്രുമമിലനിറയെ
പ്പൂത്തുനില്ക്കുന്നനേര-
ത്താരോ പിന്മാറിടുന്നൂ ചപലമതു ഫലി-
പ്പിയ്ക്കുവാൻ നോക്കിടാതെ
ആരോമൽത്തനപിയാളാമവളുടെ സുഘൃണ-
ഗ്രാമസാമ്രാജ്യസമ്പ-
ത്തോരോന്നോരോന്നു ചിന്തിച്ചവരതിനു വളം
ചേർത്തു പാർത്താർ തരത്തിൽ. 22

സ്നാനംചെയ്താർദ്രമാം പൂന്തുകിലിലണിമുല-
ച്ചെപ്പൊളിപ്പിച്ചു ഭീത്യാ
മാനഞ്ചും കൺമുനത്തെല്ലുകളവിടവിടെ-
ച്ചേർത്തുവന്നാൾ കൃശാംഗി
ധ്യാനത്തിന്നാണിയായ്ത്തൻഹൃദി വിലസുമുമാ-
ദേവിയെബ്ഭക്തിയോട-
ന്ന്യൂനം പുത്തൻകരിങ്കുവളമലർനിരയാൽ
പ്പൂജചെയ്യുന്നപോലെ. 23

മത്തേഭപ്രൌഢസഞ്ചാരിണി സഭയമട്ട-
ത്തീടവേ മാരമാലാൽ
മത്തേറിക്കാത്തുനിൽക്കും ത്രിപുരസദൃശരിൽ-
പ്പൂർവ്വനാം മന്ത്രിവര്യൻ
സത്തേറും സാദ്ധ്വിയാളെപ്പഥി സപദി തട്ട-
ത്തീടിനാൻ, സാധുവപ്പോൾ
ചിത്തേ ചിന്തിച്ചു ചിത്തോത്ഭവരിപുദയിതാ-
രൂപമാപാദചൂഡം. 24

'ഭൂ തിങ്ങും ജംഗമസ്ഥാവരനിരയിൽ വിറ-
ഞ്ഞുജ്വലിയ്ക്കുന്നമായേ!
പാതിവ്രത്യോഗ്രധർമ്മം പരിചൊടു പരിപാ-
ലിച്ചുപോരും പവിത്രേ!
നീതിയ്ക്കൊക്കാത്തൊരിച്ചെയ്വതു ഝടിതി നിരോ-
ധിച്ചു നിൻദാസിയാമെൻ-
ഖ്യാതിയ്ക്കൂനം ഭവിയ്ക്കാത്തൊരുവിധമവനം-
ചെയ്ക ലോകൈകനാഥേ!', 25

ദൂരത്തെങ്ങാനുമാക്കീ വരനെ, യബലയാ-
മെന്നെ നീയൊററയാക്കീ,
ചാരത്താഠംപ്പാർപ്പു ചേരാത്തൊരു വഴിനടുവേ
നേരവും രാത്രിയാക്കീ
ക്രൂരത്വം പൂണ്ട ദുർമ്മൂത്തിയെ യിവളൊടെതി-
ത്തീടുവാൻ വിട്ടയച്ചൂ
താരത്തൽപ്പെട്ട തൃക്കാലുകഠം കരുതുമവ-
ക്കേവമോ ചെയ്യുതും നീ? 26

ബാധിയ്ക്കും ബാധ നീക്കിത്തരണമുടനതി-
ന്നംബികേ! ഹന്ത! നിന്നാൽ-
സ്സാധിയ്ക്കില്ലെങ്കിലെന്നെത്തവപദകമല-
ത്തോടു ചേർത്തീടവേണം
ഹാ! 'ധിശ്ധിശ്ശോഹ'മെന്നിങ്ങിനെ പലതുമക-
ക്കാമ്പിലോതുന്ന സാദ്ധ്വി-
യ്ക്കാധിയ്ക്കററംവരുംമാറുടനൊരുവഴിതോ-
ന്നിച്ചു കുന്നിൻകുമാരി. 27

മല്ലപ്രായൻ തടുത്തോരളവിലുദിതമാം
ശോകസംഭ്രാന്തിയെല്ലാം
ചെല്ലപ്പെണ്മൌലി താൽക്കാലികസരസവിലാ-
സോദയത്താൽ മിനുക്കി
മുല്ലപ്പൂമൊട്ടൊളിയ്ക്കും രദനനിര കുറ-
ഞ്ഞൊന്നു കാട്ടി,സ്സ്മരൻ ത-
ന്നല്ലൽപ്പാടേറുമാറിങ്ങിനെ മൃദുമധുരാ-
ലാപസാരം പൊഴിച്ചു:— 28

"മല്ലാസ്ത്രസ്വാമി കൌതുഹലമൊട്ടടൽ വഹി-
ച്ചെത്തിയോ മുന്നിലിപ്പോ-
ളല്ലാ ! മന്ത്രീന്ദ്രനല്ലേ ? ഹരിഹരി ! ചെറുതൊ-
ന്നമ്പരന്നമ്പിനേൻ ഞാൻ;
നല്ലാർവർഗ്ഗം ഭവാന്മാർക്കനവരതമധീ-
നത്തിലാണെന്നിരിക്കേ
വല്ലാതിബ്ബ്രാഹ്മണസ്ത്രീകളെ വഴിയിൽ വിരോ-
ധിപ്പതിന്നെന്തു ബന്ധം? 29

പാരിൽപ്പെണ്ണുങ്ങളേക്കാൾപ്പുരുഷനു ബലമു-
ണ്ടെന്നു ചിന്തിച്ചിവണ്ണം
ചാരിത്ര്യധ്വംസനംചെയ്യുതു സമുചിതമ-
ല്ലാർക്കുമെന്നോർക്ക ധീമൻ !
ചേരില്ലീവൃത്തി യുഷ്മാദൃശരഖിലമറി-
ഞ്ഞോർകളാണമ്മപെ-
ങ്ങന്മാരില്ലേ ഹന്ത ! നിങ്ങൾക്കവരെ ഹൃദി നിന
ച്ചെന്നെ വിട്ടങ്ങയക്കൂ." 30

ഏവം നീലാരവിന്ദായതമിഴിയുരചെ-
യ്തീടവേ മന്ത്രി ചൊന്നാൻ:—
"'ഹേ ! വന്ദ്യ !' സമ്മതിച്ചൂ തവ മൊഴിയിലട-
ങ്ങുന്ന തത്വങ്ങളെല്ലാം
പൂവമ്പൻ ശൂരനല്ലോ; ഭവതിവിഷയമായ്
തീക്ഷ്ണബാണം പ്രയോഗി-
ച്ചാ വമ്പൻ 'നിന്നെവിട്ടീടരുതരുതു പിടി'-
യ്ക്കെന്നു കല്പിച്ചിടുന്നു. 31

പാരിൽസ്സൌന്ദൎയ്യസാരം പ്രകൃതിരചിതമാം
നാണ്യമാണായതേറെ-
ക്കോരിസ്സൂക്ഷിച്ചുകൂടാ തരമൊടു പെരുമാ-
റീടണം നാൾക്കുനാളിൽ;
നീരിത്താരമ്പനാജ്ഞാകരനതു പരിശോ-
ധിക്കുവാനുണ്ടുപേക്ഷ-
ക്കാരിൽക്കുററം ചുമത്തും കടുതര,മതിനാൽ
വിട്ടയയ്ക്കില്ല നിന്നെ'. 32

സാമത്തിൽത്താനുരച്ചീടിന മൊഴി വിഫല-
പ്പെട്ടതായ്ക്കണ്ടുനേരം
സാമൎത്ഥ്യത്തോടു മന്ദസ്മിതരുചി ചിതറി-
ക്കൊണ്ടു വീണ്ടും പറഞ്ഞാൾ:—
"പ്രേമത്തിൻ ശക്തികൊണ്ടോ പെരുകിന പരിഹാ-
സേച്ഛകൊണ്ടോ ഭവാനി-
ന്നീമട്ടിൽച്ചെയ്തതെന്നൊന്നറിവതിനുപയോ-
ഗിച്ചൊരെൻ സൂത്രമൊത്തു. 33

ദേഹം മാംസാസ്ഥിമജ്ജാമിളിതമലമയം
മായയാൽ മേനികൂട്ടി-
സ്സാഹംകാരം ഭരിയ്ക്കുന്നിതു വഷളരതിൽ
പ്പൂജ്യനാമേകനേവം
മോഹം തോന്നുന്നതായാലതു ബത ! നിരസി-
ച്ചീടുവാനാരൊരുങ്ങും
സ്നേഹം സ്വല്പം ഭവാനീയഗതിയില്ലുളവായ്-
വന്നതെൻ ഭാഗ്യമല്ലോ. 34

ഹേ! മൎത്ത്യപ്രൌഢ! മന്മന്ദിരമിവിടെയടു
ത്താണു, ഗേഹസ്ഥരെല്ലാം
ശ്രീമത്താകും വസന്തോത്സവനിശി ബഹളം
കാണുവാൻ നിൎഗ്ഗമിക്കും;
കാമത്തെദ്ധൈൎയ്യമറ്റക്കൊണ്ടതുവരെയുമട-
ക്കീട്ടുകാരാവിലൊന്നാം-
യാമത്തിൽ ഗൂഢമെത്തീടുക മമ നിലയേ
സാദ്ധ്യമാക്കാമഭീഷ്ടം." 35

ഉള്ളിൽ കയ്പും പുറത്തൊക്കയുമകമലിയും
രാഗവും ചേൎന്നു ഭംഗ്യാ
വള്ളിക്കെട്ടിൽപ്പഴുത്തങ്ങിനെ വിലസുമൊര-
ക്കാഞ്ഞിരക്കായപോലെ
പുള്ളിക്കേഴാക്ഷി ചൊല്ലീടിന മിനുമിനുസ-
ച്ചൊല്ലിലുള്ളം മയങ്ങി-
ത്തള്ളിക്കേറുന്ന തണ്ടാർശരരസലഹരി-
ക്കുള്ളിലായ് പുള്ളിയപ്പോൾ. ൩൬

"എന്നാൽ വേഗം ഗമിച്ചീടുക വഴിയിലിരു-
ട്ടത്തു സൂക്ഷിക്കണം നീ"-
യെന്നാരാൽ മന്ത്രി മന്ത്രിച്ചഹഹ! സവിനയം
മാറി മാൎഗ്ഗം കൊടുത്തു;
കുന്നാളും കൊങ്കയും തൻപൃഥുലജഘനവും
സമ്മതിക്കുന്ന വേഗാൽ-
ത്തന്നാഗാരമെത്തുന്നതിനവൾ കുതുകാൽ
സത്വരം യാത്രയായി. 37

അല്പം ദൂരം ഭയപ്പെട്ടിളകിയ മിഴിയും
ഹൃത്തുമൊത്തെത്തിയപ്പോൾ
തൽപ്പന്ഥാവിൻ നടുക്കായ് ധരണിവരപുരോ
ധസ്സു രോധിച്ചുനിർത്തി
സർപ്പപ്രൌഢൻ ഗ്രസിച്ചീടിലുമൊടുവിൽ വിമോ-
ചിച്ചു ശോഭിച്ചുനില്പോ-
രപ്പത്മദ്വേഷിതന്നെ സ്സജലജലധരം
ചെന്നു മൂടുന്നപോലെ. 38

വണ്ടാർപൂവേണി വേർവിട്ടൊഴിവതിനു പരീ-
ക്ഷിച്ചു നോക്കാതിരുന്നീ-
ലുണ്ടായീലാ ഫലം ചെററ,വനമലർശര-
ഭ്രാന്തു മൂത്തോരുമൂലം;
കൊണ്ടാടിത്തൻപകിട്ടാൽ സുമുഖിയവനെയും
വിശ്വസിപ്പിച്ചു രാത്രൌ
രണ്ടാംയാമത്തിലെത്തുന്നതിനനുമതിയും
നൽകി വീണ്ടും നടന്നു. 39

മൂന്നാമത്തെക്ഖലൻതൻ വരവു കരുതിയ-
സ്സാദ്ധ്വിയാൾ ഭീതിശാന്തി-
യ്ക്കുള്ളന്നാം ദേവീപദാബ്ജസ്മരണമൊട്ടു നട-
ക്കുമ്പൊഴെത്തിത്തുടുത്തു
താനാദ്യം താനുരച്ചീടിന മൊഴി ഫലിയാ-
ഞ്ഞുത്സവംനാളിലല്ലിൻ-
മൂന്നാംയാമത്തിലെത്തുന്നതിനവനെ നിയോ-
ഗിച്ചു വേഗം തിരിച്ചു. 40

ദുരന്ത കഷ്ടസങ്കടക്കടൽനടുക്കിലും ധാരയായ്
നിരന്തരമൊലിച്ചിടും നയനവാരിപൂരത്തിലും
മരന്ദമൊഴി സത്വരം കളികഴിച്ചു തന്മന്ദിരാ-
ന്തരം തരമോടെത്തിനാൾ, വിവശയായി വീണീടിനാൾ.

കടുത്തൊരു പരിഭ്രമം ഹൃദി കലൻ മൃഗ്ദ്ധാംഗിത-
ന്നടുത്തു നിജചേടിമാർ ഝടിതിയോടിയെത്തീടിനാർ;
എടുത്തു ചിലർ കൈകളിൽ ചിലർ ഹിമാംബുവീശി,ശ്രമം
കെടുപ്പതിനു നോക്കിനാർ, ചിലർ മലച്ചു നിന്നീടിനാർ.

'മതിസ്സു മതിമങ്ങിടും തവ മുഖാംബുജം വാടിയി-
സ്ഥിതിസ്സു മിഴിനീരിനാൽ മലിനമാകുവാനെന്തഹോ!
മതിസ്സുതുലവിഭ്രമം വരികിലെന്നപോലൂഴിയിൽ-
പ്പതിസ്സുവതിനും ശുഭേ! പറക ബന്ധമെന്തെന്നു നീ'. 43

ഇതി പ്രിയസഖീജനം മനമുലഞ്ഞു ചോദിച്ചവാ-
റതിപ്രണയപൂർവ്വകം മിഴിതുറന്നു നോക്കീടിനാൾ;
ഉദിച്ചൊരു സുബോധമോടവളുണർന്നെഴുന്നേറ്റുടൻ
ഗദിച്ചു നിജതോഴിമാരൊടു സഗൽഗദം തൽഗദം:— 44

"അമായതരഭക്തിയാലകമലിഞ്ഞു ഞാൻ സന്തതം
ഹിമാചലകുമാരികാഭജനമാചരിപ്പീലയോ?
അമാന്തമഖിലേശ്വരിസ്സലിവു നമ്മിലില്ലായ്കിലി-
ദ്ദിമാസമുഴലേണമോ മമ വരൻ കൊടും കാനനേ? 45

മനോഭവസമാനനാം പ്രിയതമൻെറ വേർപാടിനാ-
ലനോപമവിഷാദമുണ്ടതു സഹിച്ചപോരുന്നു ഞാൻ;

മനോബലപരീക്ഷചെയ്യതിന്നു വീണ്ടുമോരോവിധം
വിനോദവഴിവെച്ചിടുന്നിതു വിശിഷ്ടവിശേഷശാരി. 46

കുമാരസചിവൻ മഹാബലമെഴുന്ന ദണ്ഡാധിപൻ
ക്ഷമാവരപുരോഹിതൻ ത്രിവിധമിത്തരം മൂർത്തികൾ
മമാഗമനവേളയിൽപ്പഥി തടുത്തുനിർത്തീടിനാർ;
സുമായുധമദാന്ധരായ്പ്പലതുമെന്നോടോതീടിനാർ. 47

കടുത്ത മമ സങ്കടസ്ഥിതിയശേഷമോതീടിലും
തടുത്ത ഖലബുദ്ധികൾക്കലിവു ലേശമേശായ്കയാൽ
അടുത്തൊരു മധൂത്സവക്ഷപയിലിങ്ങു വന്നീടുവാൻ
കൊടുത്തിതനുവാദമാവിധമൊഴിഞ്ഞുപോന്നീടിനേൻ. 48

അപായമണയാതെയിസ്സുജനത്തെ നന്നാക്കുവാ-
നുപായവഴിയൊന്നു ഞാൻ കരുതിവെച്ചിരിപ്പുണ്ടെടോ!
കൃപാജലധിയച്യുതൻ പരമനുഗ്രഹിച്ചീടണം
സുപാടവമെഴുന്നൊരെൻസഖികളും സഹായിക്കണം.'' 49

ഉദന്തമിദമാര്യമസ്സുദതി മന്ദമോതീടിനാൾ
തദന്തരമുരച്ചു തൻവികടസൂത്രമാർഗ്ഗത്തെയും,
ഹൃദന്തമുരുകിപ്പൊരിഞ്ഞവളശിച്ചതില്ലൊട്ടു,മാ-
പദന്തപരിചിന്തയാൽ നിശിയിൽ നാസ്തിയായ് നിദ്രയും.

അഭദ്രമണയാതെകണ്ടഖിലകാര്യസാദ്ധ്യത്തിനായ്-
ശ്ശുഭക്രിയകൾ വല്ലതും സുദൃഢമാചരിച്ചീടുവാൻ
സുഭക്തയവൾ വൈശ്യനെപ്പലരെയാനയിപ്പിച്ചുടൻ
സ്വഭർത്തൃനിഹിതം ധനം തരികയെന്നു ചൊല്ലീടിനാൾ.

സ്മരിച്ചു മദനാഗ്നിയാൽക്കരളെരിഞ്ഞ വൈശ്യാധിപൻ
ചിരിച്ചു വിഗതത്രപൻ പ്രതിവചസ്സുചൊന്നാനിദം:—

"ശരിയ്ക്കു പതിതന്നൊരദ്ധനമശേഷവും ഞാൻ തരാ-
മൊരിയ്ക്കലിവനെക്കുറിച്ചഭിനിവേശമുണ്ടാകണം." 52

പൊട്ടുന്നനവെയീവിധം വണിഗധീശനോതീടവേ
നട്ടങ്ങിയ നതാംഗിയാറം മുഖവികാരഭേദങ്ങളെ
മിട്ടുക്കൊട്ട മറച്ചുവെച്ചൊരു പകിട്ടു കാട്ടി ദ്രുതം
കൊട്ടത്തിതവനെത്തുവാൻ സമയമന്ത്യയാമാഗമേ. 53

വണിക്കു ഗതനായവാറതിവിചിത്രമാം വഞ്ചന-
പ്പണിയ്ക്കു കരുതുന്നൊരാക്കുശലബുദ്ധിയാളക്ഷണം
പണിയ്ക്കുന്നെ വരുത്തി വൻതരു മുറിച്ചു മുമ്മൂർത്തികറം-
ക്കണിയ്ക്കാണി കിടക്കുമാററിയ പെട്ടി തീർപ്പിച്ചുതേ. 54

ഹിമാംബു, കുളർചന്ദനം, പുഴുക, നല്ല കസ്തൂരിയും
സമാസമമെടുത്തതിൽ കരിയുമെണ്ണയും ചേർത്തഹോ!
സുമാറൊരു പറയ്ക്കു കണ്ടതിവിശേഷമാം കജ്ജളം
സുമാംഗിയവറംചൊല്കയാൽ സഖികറം സംഭരിച്ചീടിനാർ.

അനർഘഗുണമേന്തുമാദ്വിജവധൂടി കല്പിയ്ക്കയാൽ-
ക്കനെക്കെയതിൽ മുക്കിനാർ ചെറിയ നാലുവസ്ത്രങ്ങളും
മനസ്സിലുമയേയുമസ്സുകൃതി കാന്തനേയും സദാ
നിനച്ചു മരുവീടിനാളവറം മധൂത്സവം രാവതും. 56

'പാർത്താൽ നമ്മെയമക്കുവാൻ ബലമെഴ-
ന്നിക്കുട്ടർ ചുററിയ്ക്കയാൽ-
ച്ചീർത്താളും ഭയമോട്ട ഞാനമൊരുമ-
ട്ടേവം ചമച്ചീടിനേൻ;
ഒത്താലൊത്തിതു ഭാരമൊക്കെയവിടെ-
യ്ക്കാകുന്നു സാക്ഷാൽ ജഗൽ-
കർത്താവേ! ബത മേന്മ കാട്ടിടുകയ-
ല്ലെ'ന്നോതി വാണാളവറം. 57

---

# കിരീടധാരണമഹോത്സവം

സന്തോഷാംഭോധിവീചീനിരകളിലിളകി-
ത്തുള്ളുവിൻ നാട്ടുകാരേ !
ചിന്തോദഗ്രാനലജ്വാലയിലെരിയുകിലും
സർവ്വവും വിസ്മരിപ്പിൻ !
എന്തോതാം പഞ്ചമൻ ജോർജ്ജവനിപനെഴുനെ-
ള്ളുന്നുതേ; തൃക്കടാക്ഷ-
ബ്ബന്തോവസ്ഥിട്ടു പാലിച്ചിടുവതിനഖിലേ-
ശങ്കലത്ഥിച്ചുകൊൾവിൻ. 1

രണ്ടാളാംഗ്ലേയരിബ്ഭാരതമഹിതമഹീ-
ചക്രവത്തിത്വമാന്നാ,-
രുണ്ടായിട്ടില്ല ഡൽഹിപ്രഥിതപുരിയിൽവെ-
ച്ചുള്ള പട്ടാഭിഷേകം;
കണ്ടാലും പഞ്ചമൻജോർജ്ജവനിപനതിനി-
ന്നാദ്യയോഗം ലഭിച്ചു;
കൊണ്ടാടും ചക്രവത്തിത്തിരുവടിയെയിതിൻ-
മൂലമായ് മേലിലെന്നും. 2

പാരാവാരം കടന്നിട്ടനവധിവഴി ദൂ-
രത്തു തൻപത്നിയാക-
ന്നാ രാജ്ഞീമൌലിയൊന്നിച്ചതികതുകമെഴ-
ന്നെള്ളുവാനുള്ള മൂലം

നേരായോർത്തീടിലാത്മപ്രജകളിൽ വിലസും
ഭൂരിവാത്സല്യസത്താ-
ണീരാജ്യക്കാർക്കു പൂർവ്വാധികമിതിലുളവാം
രാജഭക്തിപ്രകർഷം 3

സ്വർഗ്ഗംതൊട്ടുത്തരാശാപതിയുടെ നിലയിൽ
ഭാരതക്ഷ്മാതലത്തിൽ
ദുർഗ്ഗംപോലുല്ലസിക്കും സുമഹിതഹിമവാൻ
തന്റെ പുണ്യത്തിടമ്പേ!
ഭർഗ്ഗൻതൻ ഭാഗ്യസത്താകിയ ഭഗവതി! നീ
ഭാവുകം ഭാരതോർവ്വീ-
വർഗ്ഗസ്നേഹത്തിനാൽ താൻ പുതിയൊരു പതിയിൽ
ചേർക്കണേ നിഷ്കളങ്കം 4

ജാതിപ്രഖ്യാതിസമ്പൽസ്ഥിതികൾ കരുതിടാ-
താശ്രിതന്മാർക്കശേഷം
നീതിന്യായത്തണുപ്പനർഹമരുളുമൊരീ-
ഉഷ്ണസാമ്രാജ്യവൃക്ഷം
ഭൂതിശ്രീകാളമേഘപ്രഭനുടെ കരുണാ-
വൃഷ്ടിയാൽ ശുഭ്രകീർത്തി-
പ്പൂ തിങ്ങിസ്സൽഫലശ്രേണികളോടു നെടുനാൾ
വാഴ്ക വാട്ടംവരാതെ. 5

---

## പള്ളിപ്പുറത്തുവെച്ചു തീപ്പെട്ട സാമൂതിരിപ്പാടുതമ്പുരാൻ തിരുമനസ്സിലെ മെഡലിന്ന് അൎഹതപ്പെട്ട

# പദ്യങ്ങൾ

ശ്രീമാഹാത്മ്യപ്രകടിതമഹാഹൂണസാമ്രാജ്യലക്ഷ്മീ-
പ്രേമാവേശാൽ പകലുമിരവും തൻകരം ചേൎപ്പതാരോ?
കാമാരാതിത്തിരുനയനമായ്മിന്നിടും മൂൎത്തിയാരാ-
ണാമാൎത്താണ്ഡൻ ശുഭമരുളണം ചക്രവൎത്തിക്കു മേന്മേൽ.

മുട്ടന്മാരായ് മുടിയഴകെഴും കൂട്ടരായ് ധൃഷ്ടരായി
ബ്രിട്ടന്മാരെന്നൊരുവക ജനം മുന്നമുണ്ടായിരുന്നു;
തിട്ടം കാലം പറക വിഷമം, ക്രിസ്തുവിൻ മുമ്പിലത്രേ;
ബ്രിട്ടൺരാജ്യാഭിധയവരിൽനിന്നക്ഷിതിയ്ക്കുത്ഭവിച്ചു. 2

റോമന്മാരെന്നിതരജനമിച്ചൊന്ന വൎഗ്ഗത്തിനേക്കാൾ
കേമന്മാരാണവരടരിലിക്കൂട്ടരെക്കീഴടക്കി?
സാമൎത്ഥ്യത്തോടിവരെഴുമിടം കാത്തു നാന്നൂറുവൎഷം
ക്ഷേമത്തിന്നൊത്തതു പലതുമന്നക്ഷിതിക്കേപ്പെടുത്തി. 3

ഭീമന്മാരായ് പടയിലൊഴിയാതുള്ള ജൎമ്മൻവകക്കാ-
രാമന്നന്നാളിടയിടയിൽ വന്നാക്രമിച്ചോരുമൂലം
റോമന്മാർ പോയിതു പുതുവകക്കാരിലിംഗ്ലീഷുവൎഗ്ഗം
ശ്രീമൽബ്രിട്ടൺ ക്ഷിതിയിലമിതസ്ഥൈൎയ്യപൂൎവ്വം വസിച്ചു.

എന്നാൽശാഖാത്രയമൊടു പുരാ വാണൊരീഹൂണരെല്ലാ-
മൊന്നായൊാറക്ഷിതിവരനധീനത്തിലായ്ത്തീൎന്നു പിന്നെ;
നന്നായ്നാനാഹൂണനിരമഹാനാക"മാൽഫ്രഡ്ഡു"ണച്ചാ-
നന്നാൾതൊട്ടാമഹിയിൽ മഹിതൈശ്വൎയ്യവും കൂടിവന്നു

ആ രാജ്യത്തിന്നധിപതികളായ്"ഹാനവർ"ക്ഷ്മാപവംശ-
ക്കാരായിട്ടിപ്പൊഴുതിലിരുനൂററാണ്ടിനേതാണ്ടടുത്തു;
മാരാരാതിപ്രണയിനി കൃപാപൂർവ്വമംഭോധിതന്നിൽ
പാരാറാട്ടുംവരെയുമിവരെത്തന്നെ വാഴിച്ചിടട്ടെ! 6

ഒന്നാമത്തെക്ഷിതിപനവരിൽ സോഫിയാരാജ്ഞിയാാംത-
ന്നൊന്നാംജോജ്ജന്നടിധകലരും പുത്രനാണത്രയല്ലാ
ഇന്നാടിപ്പോാം സ്വപദരജസാ പൂതമാക്കും നൃപനും
തന്നാമംതാ,നതുവഴി ജയിക്കേണമന്നാമമെന്നും. 7

ആ രാട്ടോരായിരമൊടെഴുനൂറെററുമാറും തികഞ്ഞു-
ള്ളോരാവഷം മുതലൊരു പതിമൂന്നുകൊല്ലം ഭരിച്ചു;
നേരായ് നാട്ടാക്കൊരുപടി ധനം നഷ്ടമായന്നു"തെക്കൻ
വാരാശിയ്ക്കുള്ളൊരുകുമള"യെന്നോതുമേപ്പാട്ടമൂലം. 8

രണ്ടാംജോജ്ജായ് ക്ഷിതിപതിയതിൽപിന്നെ,
മുപ്പത്തിമൂന്നാ-
ണ്ടുണ്ടായീ തൽഭരണമതഹോ ഘോരയുദ്ധപ്രസിദ്ധം;
കൊണ്ടാടത്തക്കൊരുനയമെഴും ക്ലൈവുതാൻപ്ലാസിയുദ്ധം
കൊണ്ടാംഗ്ലേയക്കൊടിസുദൃഢമായ്നാട്ടിയീന്നാട്ടിലന്നാാം

മുമ്പായിന്ത്യാധരയിലിവരെത്താൻ വരിച്ചാജ്ജയശ്രീ
തമ്പാദാബ്ജം തരമൊട്ടുമമേരിക്കയാം ദിക്കിൽവെച്ചാാം;
വമ്പാളുംകെൽപ്പടയൊരു പരന്ത്രീസുകാർതോറെറാഴിച്ചാ-
രമ്പാ ഹുണക്കഖിലജയമായ് തീന്നി"തേഴാണ്ടു യുദ്ധം."

ഭൂവിൻഭാരം പരമരുപതാണ്ടേററ മൂന്നാമനാം ജോ-
ജ്ജാവിമ്മോംഹാൽ പുതുകരമമേരിക്ക നൽകാൻ വിധിച്ചു;

ആ വിഖ്യാതക്ഷിതിയിൽ വിലസും വീരരോ സമ്മതിപ്പാൻ
ഭാവിയ്ക്കാതെ ഭയദസമരത്തിന്നു സന്നദ്ധരായാർ. 11

സ്വാതന്ത്ര്യേച്ഛാവശഗരവർതൻ പോരിലീഹൌണയുദ്ധ–
ശ്രീതന്ത്രത്താലൊരു ഫലവുമുണ്ടായതില്ലായതല്ലാ
ചേതംതട്ടിപ്പടയിലിടിവായ്ത്തീർന്നിതക്കൂട്ടകാർതൻ
സ്വാതന്ത്ര്യത്തെ സ്വയമഴലൊടും സമ്മതിക്കേണ്ടിവന്നു.

അന്നാളേറെപ്പുകഴിന പരന്ത്രീസുകാർ മത്സരത്താൽ
കൊന്നാരല്ലോ നിജനൃപതിയെബ്ഭാര്യയോടൊത്തുകഷ്ടം!
തന്നാട്ടിന്നുള്ളധിപനിലയിൽ തീർന്ന നെപ്പോളിയൻതാൻ
വന്നാൻ കപ്പൽപ്പടകളൊടുമീ ഹൂണരായ് പോരടിപ്പാൻ.

വാരാശിപ്പോരറിയുമവരിൽ ശ്രേഷ്ഠനായുള്ള നെൽസൺ
പോരാടിത്തൻമൃതിയൊടുജയശ്രീയെയും കയ്യണച്ചാൻ;
പോരാ നെപ്പോളിയനുസമരാന്ത്യത്തിൽവെല്ലിങ്ടന–
കാരാഗാരസ്ഥിതിയുമരുളീ ഭൂമിയിൽ ക്ഷേമമായി. [ന്നാം

പത്താണ്ടുർവ്വീവലയഭരണംചെയ്തു നാലാമനാം ജോർ–
ജ്ജത്താളത്തിൽ സചിവഭരണം തന്നെയാണെന്നുരയ്ക്കാം;
തത്താദൃക്കാം മഹിമ മഹിയിൽച്ചേർത്ത തീവണ്ടിയാക്കും
ചിത്താശ്ചര്യം വരുമൊരുനിലയ്ക്കാദ്യമനുഭവിച്ചു. 15

നാലാംവിച്യം നലമൊടു ഭരിച്ചീടിനാനേഴ കൊല്ലം
ചേലാംമട്ടിൽ ചില പുതുഗ്ഗ്രണം പാർളിമെണ്ടിന്നു കിട്ടി;
ആ ലാക്കിൽത്താനടിമകളെ വിൽക്കുന്നൊരസ്സമ്പ്രദായം
മേലാതാക്കീ പുതിയ നിയമം സാധുരക്ഷയ്ക്കുമായി. 16

മാതാവെപ്പോലഖിലജനവും ചിന്തചെയ്യും പുളപ്പ-
മാതാം വിക്ടോറിയയറുപതും നാലുമാണ്ടൂഴി വാണാൾ;
ഓതാവല്ലാപ്പതിയ ഭരണത്തിൻെറ നാനാഗ്ഗുണൌഘം
നീതാനമ്മേ! സുകൃതിനി! സുഖിച്ചാലുമാസ്വഗ്ഗലോകേ. 17

"എല്ലാ സക്കാർപണികളിലുമീനാട്ടിലുള്ളോരെ വെക്കാ-
നില്ലാവണ്ണാദികനിനവതിൽ പ്രാപ്തിമാത്രം ഗണിക്കും"
ഉല്ലാസത്താൽ ഭവതിയിവിടെപ്പട്ടമേററന്നു ചൊന്നാ-
ച്ചൊല്ലാണിന്നും പ്രജകളുരുവിട്ടീടുമാ വേദവാക്യം. 18

ഘോരന്മാരായ്ക്കുരുതൽ കുറയും നാട്ടുയോദ്ധാക്കൾ ശണ്ഠ-
യ്ക്കാരംഭിച്ചാരതു ബത ഫലപ്പെട്ടതില്ലോർത്തപോലെ:
പാരം ഭാഗ്യപ്പൊലിമ വരുമാറന്നുതൊട്ടിദ്ധരിത്രീ-
ഭാരം കയ്യേററിതു ഭവതി,യാക്കൂട്ടർതാൻ നന്മചെയ്തു. 19

വക്കാണത്തിന്നൊരുവഴി കൊടുക്കാതെയീ രാജ്ഞിവാഴ്കേ-
ത്തെക്കാമാഫ്രിക്കയിലൊരു മഹാഘോരയുദ്ധം തുടങ്ങി;
അക്കാലം തൻപ്രജകൾ പടയിൽച്ചത്തതായ് കമ്പിവന്നാൽ
ദുക്കാലീക്ഷിച്ചനുദിനമഹോ ബാഷ്പപൂരം പൊഴിക്കും. 20

എന്നല്ലാ വൻപടയിൽ മൃതരാം ഘ്ഗണർതൻ ഭാര്യമാക്കാ-
യന്നന്നേകം വിപുലധനവും നല്ലൊരാശ്വാസവാക്കും;
ഇന്നല്ലാരിന്മണിയുടെ ദയാപൂവ്വസൽകൃത്യമിമ്മ-
ട്ടൊന്നല്ലിന്നക്കഥ കരുതിയാൽ കോൾമയിക്കൊള്ളുമാക്കും.

ഈ രാജ്ഞിയ്ക്കുള്ളൊരുസുകൃതസവ്വസ്വമെഢ്വഡ്,പിന്നെ-
പ്പാരാവാരം ചുഴലുമൊരിളയ്ക്കൊമ്പതാണ്ടീശനായി;

പോരാ തെല്ലും സുകൃതമവനിയ്ക്കിസ്സമാധാനകാര-
ക്ഷ്മാരാട്ടാത്മേപ്രിയനിലയിൽനൂററാണ്ടുവാണില്ലയല്ലോ! 22

മാതാവുള്ളോരളവിലുളവായ്പ്പന്നൊരാബ്ബ്വാവർയുദ്ധം
ജാതാനന്ദം ജനപതി ജയോൽകൃഷ്ടമാം മട്ടൊതുക്കി;
ശ്രീതാവുംതൻനയമൊഴിമഹാശക്തികൾക്കൊക്കയും താൻ
നേതാവായ്ത്തീന്നവരൊടഖിലം സഖ്യമുണ്ടാക്കിവെച്ചു. 23

ബ്രിട്ടീഷുഗീവരരുടെ മഹാരാജ്യഭാരക്രമത്തിൽ
പെട്ടീടും സൽഗുണനികരമക്കമ്പെനിക്കാർമുതൽക്കേ
തട്ടീടുന്നു ക്ഷിതിയിതി,ലിതിന്നുള്ള സാമ്രാജ്യപട്ടം
കെട്ടീ വിക്ടോറിയ,യതുമുതൽക്കുള്ളണം പൂൎണ്ണമായി. 24

തല്ലുന്നില്ലാ പഥികരെ വൃഥാ കണ്ഠഭാഗത്തു ഞെക്കി-
ക്കൊല്ലുന്നില്ലാ മുതലുകളെടുത്തീടുവാൻ തസ്കരന്മാർ;
മല്ലുങ്കാട്ടിപ്പല്ലശ്രുനിണവുമായമ്പലംതോറുമിപ്പോൾ
ചെല്ലുന്നില്ലാ മദമൊടു മതംമാററിടും മുഷ്കരന്മാർ. 25

വാളും തോക്കും വലിയ വടിയും കുന്തവും കൂടെ നാല-
ഞ്ചാളുംവേണ്ടാ വഴിയിലെവിടെസ്സഞ്ചരിച്ചീടുവാനും;
കാളും ധ്വാന്തം തടവിന നിശാകാലവും ശക്തിമാനേ-
ക്കാളും ധൈൎയ്യത്തൊടുമബലമാക്കങ്ങുമിങ്ങും നടക്കാം. 26

“ദൈവാജ്ഞയ്ക്കൊത്തൊരു മമ മതം സ്വീകരിക്കേണമി
പ്പോൾ
ചാവാനായിദ്രുതതരമൊരുങ്ങേണമല്ലെന്നു വന്നാൽ”
കൈവാളോങ്ങിക്കടുതരവചസ്സിപ്രകാരം പ്രയോഗി-
ച്ചാവാസന്തേ വരുമൊരു മതഭ്രാന്തരിക്കാലമില്ലാ. 27

നാരിക്കൂട്ടം മരുവുമവിടെ സ്വൈരമായ്ച്ചെന്നു കേറി-
ച്ചാരിത്രത്തിന്നറുതിയുളവാക്കുന്നതില്ലാരുമിപ്പോൾ;
താരിത്തേൻവാണികളൊടു കടന്നാക്രമിക്കുന്ന മൎത്ത്യ-
ന്മാരിൽ ശിക്ഷാനിയമമതിയായ് ദൃഷ്ടിവെയ്ക്കുന്നുവല്ലോ.

ആറും നാലും ശിവ! ശിവ! ധരിച്ചീടുവാൻ ബുദ്ധിയില്ലാ-
തേറും മൌഢ്യത്തികവിനൊടധൎമ്മങ്ങൾചെയ്യുന്നതെല്ലാം
മാറും വിദ്യാഭ്യസനമുളവായീടിലെന്നോൎത്തു ദേശം-
തോറുംവിദ്യാലയവുമൊരുപാടേപ്പെട്ടുത്തുന്നു നിത്യം. 29

രോഗം വന്നാലഗതികൾ ചികിത്സയ്ക്കു സാധിച്ചിടാതേ
യോഗംപോലെ ശമനവഴിയെപ്പാൎത്തുതാൻ പാൎത്തിരുന്നു;
വേഗം രോഗം ശമനവഴിയിൽ ചേക്കുമാസ്സത്രിയുൎവ്വീ-
ഭാഗംതോറും സതതമധുനാ ധൎമ്മവൈദ്യം തരുന്നു. 30

അന്നന്നുണ്ടാം വിവരമറിയിച്ചീടുവാനാളയയ്ക്കു-
ന്നൊന്നല്ലാതില്ലതിനു ചിലവും പാടുമെന്തായിരുന്നു?
ഇന്നക്കാൎയ്യം വളരെ ലഘുവായ് രണ്ടുപൈകൊണ്ടുനേടാ-
മെന്നല്ലിപ്പോൾ വിവരമറിയാമാറണക്കമ്പി വിട്ടാൽ. 31

ക്ഷാമംകേറിപ്പിടിപെടുകിലും മൎത്ത്യ മൂൎത്തുള്ള ശത്രു-
സ്തോമം കാൽവെക്കിലുമതു ജവാൽ കമ്പിമൂലം ധരിക്കാം;
ക്ഷേമംചേരുംപടി വിവിധമാം ധാന്യവും

സൈന്യവും കൊ-
ണ്ടാമന്നിങ്കൽ ജവമൊടണവാനുണ്ടു തീവണ്ടിയിപ്പോൾ.

കേവഞ്ചിക്കും കടകടരവംപൂണ്ടിഴഞ്ഞെത്തിടുന്നോ-
രാ വണ്ടിക്കും നിരവധിദിനംകൊണ്ടു ചെല്ലേണ്ട ദിക്കിൽ

ആവശ്യംപോലൻറദിനമണച്ചിങ്ങമെത്തിച്ചിടുന്നാ-
ത്തീവണ്ടിക്കുളെള്ളാരു സുഖമുരയ്ക്കാവതല്ലേവനാല്പം. 33

കാലാഗാരം കണവനണകിൽ കാന്തയെജ്ജീവനോട-
ജ്വാലാമാലാവിലസിതഹുതാശങ്കലപ്പിച്ചിരുന്നു;
കാലാവസ്ഥയ്ക്കബലകളെയമ്മട്ടകാലേ വധിപ്പാൻ
മേലാ മേലാലിതി നിനവൊടാക്കൃത്യമേ നിത്തലാക്കി 34

ഏഴാമെഡ്വഡ്വനിപനെഴും പുണ്യപൂരം പുമാനായ്
താഴാതുണ്ടായൊരുസുകൃതിയാം പഞ്ചമൻ ജോജ്ജിദാനീം
കീഴാചാരക്രമമൊട്ട കിരീടത്തെയിങ്ങും ധരിപ്പൂ
വാഴാറായീടണമിഹ ശതാബ്ദങ്ങളിത്തുംഗഭാഗ്യൻ. 35

കുട്ടിക്കാലംമുതലുദധിയിൽസ്സഞ്ചരിച്ചന്ന്യനാട്ടിൽ-
പ്പെട്ടിട്ടുള്ളോരനവധി വിശേഷങ്ങഠം താൻ കണ്ടറിഞ്ഞു
കിട്ടില്ലന്ന്യക്ഷിതിപനിതുപോലുള്ള സൌകര്യ്യ,മൂഴി-
ത്തട്ടിൽപ്പാടേ ക്ഷിതിപനുളവായ് നാവികക്ഷ്മാപനാമം.

അഞ്ചാംജോജ്ജിൻ ജനനമറുപത്തഞ്ചിലാകുന്നു നാല്പ-
ത്തഞ്ചാണക്ഷ്മാപനു തിരുവയസ്സാമഹാൻ പ്രേമപൂർവ്വം
വഞ്ചാരുതാം വളരെ വളരും മേറിയെബ്ഭാഗ്യസമ്പൽ-
സഞ്ചാരത്തിന്നൊരു സരണിയായ്വേട്ടു തൊണ്ണൂററി
മൂന്നിൽ. 37.

മുത്തശ്ശിയ്ക്കുള്ളരിയ തിരുനാമത്തൊടാട്ടിക്കിലാന്നോ-
രിത്തന്വംഗീകുലമണി ശുഭപ്രാജ്ഞയാം രാജ്ഞിയല്ലോ;
ചിത്തംചേരുന്നിവരുടെ പുതുപ്രേമഭാഗ്യോദയത്തിൻ
സത്ത,ന്നോമത്തനയവടിയായ് കണ്ടിതോരാണ്ടിനുള്ളിൽ.

ഉണ്ടായ് രണ്ടാമതുമൊരുമകൻ പിന്നയോ കന്യയാലൊ-
ന്നുണ്ടായ് മൂന്നാം തനയരവളെപ്പിന്തുടന്നുത്ഭവിച്ചു;
കൊണ്ടാടത്തക്കൊരുഗുണമെഴുന്നിക്കിടാങ്ങൾക്കമേന്മേൽ
തണ്ടാർമാതിൻകണവനരുളീടേണമക്ഷീണസൌഖ്യം. 39

ദൂരത്തായീ പ്രജകളുമിളാപാലരും കൂട്ടമായി-
ത്താരത്തൽപ്പെട്ടൊരു തിരുമുഖം കാണ്മവാൻ കാത്തിരിപ്പൂ;
ചാരത്തെത്തീട്ടവരിലനുകമ്പാമൃതം തൂകുവാനി-
ന്നേരത്തോർത്തീടിന തിരുമനസ്സിൻെറനൈമ്മല്യമോക്കിൻ

പാരാവാരത്തിൻ മറുകരയ്ക്കുള്ളൊരീ യാത്രതന്നിൽ
തീരാതുള്ളോരസുഖമുളവാമെങ്കിലും ശങ്കയെന്ന്യേ
സാരാസാരജ്ഞതയൊടു വരൻതന്നൊടൊന്നിച്ചു വന്നോ-
രീ രാജ്ഞിക്കും സകലജനവും വന്ദനം ചൊല്ലിടേണം. 41

ക്ഷേമമോദന്തം സകലമറിവാൻ കാന്തനിങ്ങെത്തിടുമ്പോൾ
പ്രേമോദഞ്ചൽപുളകമിളകും ഭാരതോർവ്വിക്കു നൂനം
ആമോദാംഭോനിധിയിലുയരും കോളിലുൾപ്പെട്ടു മുങ്ങും
നാ,മോതേണം സകലവിധമാം മംഗളം ഭംഗിയോടെ. 42

അല്ലേ! വിഷ്ണോ! ഭുവനഭരണത്തിന്നു ബാദ്ധ്യസ്ഥനങ്ങു-
ന്നല്ലേ? നിൻജോലിയിലധികമിബ്ഭൂവരൻ ചെയ്യതില്ലേ?
കില്ലേലാതുള്ളലിവൊടു കടാക്ഷിക്ക നീ ഭൂപതീന്ദ്ര-
ക്ക്ലേശാതെ പ്രിയതമയുമൊത്തായുരാരോഗ്യസൌഖ്യം. 43

കാലാരാതിത്തിരുവുടൽ പകുന്നൊരു നാഥേ! കടാക്ഷ-
ശ്രീലാസ്യം നീ തുടരുക മഹാരാജ്ഞിയാം രംഗഭൂവിൽ;
പാലാഴിക്കോളെതുവുകളെഴും ഹൂണസാമ്രാജ്യമെന്നും
വേലാതീതപ്രമദമഹിതൈശ്വര്യമാജ്ജിച്ചിടട്ടേ. 44

—:(:):—

# ലക്ഷ്മീവിലാസശതകം*

അപ്പം, മലപ്പൊടി, കരിമ്പ്, പഴം, ഗുളം, തേൻ
പാൽപ്പായസം മുതലനേകപദാത്ഥജാലം
താൽപ്പര്യമൊടു കളർകുമ്പ നിറച്ചു വന്നെ-
ന്നാലംപ്പുവിൽ നിന്നു കനികത്തുക കുംഭിവക്ത്ര! 1

കാറൊത്ത കാന്തികലരും കമലേക്ഷണൻെറ
മാറത്തു കേറി മരുവും മലർമങ്ക മുന്നം
കൂറൊത്ത കാന്തനു കുതൂഹലമുത്ഭവിക്കു-
മാറി,ത്തരം മധുരവാചകമോതി മന്ദം:- 2

"ലോകത്തിനേകഗുരുവായ ഭവാനെ നിത്യം
പാകത്തിൽ ഞാൻ പരിചരിക്കുക കാരണത്താൽ
ശോകത്തിനില്ല വഴിയെങ്കിലു,മെന്മനസ്സി-
ലാകാത്തതായൊരു വിചാരമുദിച്ചിടുന്നു. 3

പാലാഴിലും കടലിലെപ്പൊഴുമാവസിയ്ക്ക-
മൂലം തണുപ്പു പിടിപെട്ടു വപുസ്സിനെല്ലാം

---

* 1080-ാമതു കൊല്ലത്തിൽ കേരളവമ്മ സി. എസ്. ഐ. വലിയ കോയിത്തമ്പുരാൻ തിലമനസ്സിലെ ഷഷ്ടിപൂത്തി പ്രമാണിച്ച് ഉണ്ടാക്കി സമപ്പിച്ചതാണിതു്.

നാലഞ്ചു നാളിവിടെനിന്നു കരഞ്ഞു മാറി
ക്കാലം കഴിപ്പതിനു തെല്ലൊരു മോഹമുള്ളിൽ. 4

അന്നാളൊരിയ്ക്കലചലാത്മജ ദേവനാരീ-
വൃന്ദത്തൊടൊത്തിവിടെ വന്നളവെന്നെ നോക്കി
മന്ദം ചിരിച്ചു കളിയായ് 'ജലജന്തു'വെന്നു
ചൊന്നാ,ളതിൽ ചെറുതു കണ്ടിതമുണ്ടു ചിത്തേ. 5

എന്നല്ല, നിത്യമൊരുമിച്ചു രസിച്ചുവാഴും
മന്നിന്നുമുണ്ടു മഹദാശ മനക്കുരുന്നിൽ
തന്നഗ്രവിഗ്രഹമെനിയ്ക്കൊരു കണ്ണു കാട്ടി-
ത്തന്നീടുവാനതിലെന്നെയിരുത്തുവാനും" 6

ശ്രീദേവിയിങ്ങിനെ പറഞ്ഞുകഴിഞ്ഞനേരം
ഭൂദേവിയും ചെറുതുരച്ചിതു ഭക്തിപൂർവ്വം:—
"ഹേ ദേവദേവ! കരുണാലയ! വിശ്വമൂർത്തേ!
പാദേ വണങ്ങുമിവളിൽ കനിയേണമല്പം 7

പട്ടും തൊഴുന്ന ഭവദീയപദാരവിന്ദം
തൊട്ടും തലോടിയുമഹം ബഹുകല്പകാലം
കിട്ടും നിരന്തരമനോരഥസിദ്ധിയെന്നോ-
ത്തൊട്ടും വിഷാദമണയാതെ വസിച്ചിടുന്നു. 8

പണ്ടെൻ വിശാലതനു ശുദ്ധിവരുത്തുവാനായ്
രണ്ടുഴമിബ് ഭുവനനാഥയെ വിട്ടുതന്നു;

വണ്ടൊത്തവൎണ്ണ! മമ ദുൎദ്ദശകൊണ്ടിദാനീം
പണ്ടത്തെ മട്ടുകളശേഷവുമിങ്ങു മാറി. 9

അന്യോന്യമൈക്യമൊരുദിക്കിലുമില്ല, ധൎമ്മ-
ത്തിനുള്ള സക്തിയുമഹോ വളരെക്കുറഞ്ഞു,
എന്നല്ല താവകപദാംബുജഭക്തിപോലു-
മെന്നിൽ ജനിച്ചിടുമവൎക്കു ചുരുക്കമായി. 10

ഏകന്നു തെല്ലൊരഭിവൃദ്ധി വരുമ്പൊഴന്യ-
നാകുന്ന ദുഷ്ക്രിയ നടത്തുമവന്റെ നേരെ;
ആകാത്ത സംഗതിയിലാശ മുഴുത്തു കുത്തി-
ച്ചാകുന്നിതെന്റെ ശിശുവൎഗ്ഗമതീവ കഷ്ടം! 11

സൎവ്വം സഹിച്ചു ദിവസങ്ങൾ നയിച്ചിടുന്നു,
'സൎവ്വംസഹാ'ഭിധ നമുക്കു യഥാൎത്ഥമായി;
സൎവ്വാധിനാഥ! സരസീരുഹചാരുനേത്ര!
നിൎവ്വാഹമില്ലിനിയതാണിതുരപ്പതിപ്പോൾ. 12

മുഷ്കാളിടുന്ന കഠിനൻ കലി വന്നു, കാട്ടു-
തീക്കാളിടുംപടി പടൎന്നു പിടിച്ചിതെങ്ങും;
ഇക്കാലമായവനെയെങ്ങിനെ നിഗ്രഹിക്കാം
ദുഷ്കാലശക്തി വിവരിക്കുകിലററമുണ്ടോ! 13

ബാധാപടുത്വമവിടുന്നു കൊടുക്കമൂല-
മേതാകിലും കലികുറച്ചു കലമ്പൽക്കൂട്ടും;

ശ്രീ തന്നെ വന്നു മമ കയ്യിലിരുന്നു സാക്ഷാൽ
ചൈതന്യരാശി വിതറീടുകിലൊട്ടു ഭേദം." 14

അംഭോധിനന്ദിനിയുമൂഴിയുമിപ്രകാര-
മമ്പോടുരച്ച മൊഴി കേട്ടു മൃദുസ്മിതാർദ്രം
അംഭോജസംഭവഗിരീശസുരേശമുഖ്യ-
സംഭാവിതൻ സരസവാങ്മധു കോരിവീഴ്ത്തി:- 15

"അല്ലേ രമേ! പ്രിയതമേ! തവ വാക്കുകേട്ടാ-
ലല്ലെന്നു ചൊല്ലുവതിനില്ല നമുക്കു ധൈര്യം;
കല്യാണി ഹേ! ധരണി! നിന്മതവും തരക്കേ-
ടില്ലൊട്ടുമെൻദയിതയെത്തവ തന്നയസ്ത്വാം. 16

എന്നാൽ കുറച്ചു നിരൂപിച്ചിതു തീർച്ചയാക്കാം,
മന്നിൽ ജനിയ്ക്കുകിൽ മഹാ വിഷമത്തിലാകും;
മുന്നം ധരിത്രിയുടെ നന്ദിനിയായ് പിറന്നി-
ട്ടന്നെത്രമാത്രമഴലാണ്ടു മമ പ്രിയേ നീ. 17

പിന്നീടു ഞാൻ യദുകുലോത്ഭവനായകാല-
മെന്നോമലേ! പരിണയത്തിനു മുമ്പിലായി
നിന്നെപ്പിടിച്ചു ശിശുപാലനു നൽകുമെന്നോ-
ർത്തന്നുള്ള ചുട്ടു കഷണിച്ചതുമോർമ്മയില്ലേ? 16

അന്നുള്ള കാലമതിദുർഘടമല്ല പാർത്താ-
ലിന്നത്തെ മട്ടുകൾ ധരിത്രി കഥിച്ചതല്ലോ;

ധന്യത്വമാൎന്ന മലർമാനിനിയാണു താനെ-
ന്നൊന്നും നിനച്ചിടുകയില്ലവനെജ്ജനിച്ചാൽ. 19

മാനുഷ്യനാരികളൊടൊത്തു സുഖാസുഖങ്ങ-
ളൂനം വെടിഞ്ഞനുഭവിച്ചു തിരിച്ചു പോരാൻ
തേനൊത്തവാണി! ഭവതിയ്ക്കതിമോഹ,മെന്നാൽ
ഞാനിന്നിതോതിയതുകൊണ്ടിളകേണ്ട തെല്ലും 20

ഒന്നുണ്ടു പക്ഷെ,യതുമിന്നു തുറന്നുചൊല്ലാം;
മുന്നത്തെ യാത്രകളിൽ ഞാനൊരുമിച്ചുപോന്നു;
ഇന്നായതിന്നു തരമില്ല കലിയ്ക്കു നാമും
ചെന്നെത്തിയാൽ പ്രബലതയ്ക്കു കുറച്ചിൽതട്ടും. 21

കാലക്രമേണ കലിമൂത്തു മനുഷ്യരാകം-
നാലും മറന്നു കുലധൎമ്മവിഹീനരായി
ഭൂലോകമായതിനു ബാധകൾപോലെ യാമ-
ക്കാലത്തു കൽക്കി വടിവായൊരു പോക്കപോകും.

അന്നേ നമുക്കിനി മഹീതലവാസമുള്ളു
തന്വീമണേ! ഭവതി പോയ്‌വരികിച്ഛപോലെ;
ഒന്നാണു ദൂഷ്യ,മവിടുത്തെ ഹിതത്തിനൊത്തു
വന്നീടുകില്ല വരനായി വരുന്ന മൎത്ത്യൻ. 23

എന്നാലുമൂഴി,യതിഭക്തിയോടേവമെല്ലാം
ചൊന്നാലതിന്നു വിപരീതമുരച്ചുകൂടാ;

ചെന്നാലുമെൻപ്രിയതമേ! മമ വാസഗേഹം
തന്നന്തികത്തിലൊരിടത്തു ജനിച്ചുകൊൾക. 24

പാരിച്ച രൂപഗുണമുള്ള, തിളച്ചിടേണ്ടാ,
ഭൂരിപ്രസിദ്ധി വരുവാനതുതന്നെ പോരും;
പാരേഴരണ്ടിനുമനശ്വരഭൂതി ചേർക്ക-
മാരോമലേ! ഭവതി നിർദ്ധനയാകയില്ലാ." 25

എന്നീവിധം മധുവിമാഥി കഥിച്ചനേരം
വന്ദിച്ചു ഭൂമി പദതാരിൽ നമസ്കരിച്ചു;
ഇന്ദീവരാക്ഷിമണിയിന്ദിര ഗൽഗദാർദ്രം
ചൊന്നാളിദം വിരഹദുഃഖവിചാരപൂർവ്വം:- 26

"പ്രാണാധികപ്രിയമെഴും തവ വക്ത്രപത്മം
കാണാതെനിക്കൊരു വിനാഴിക നീങ്ങുകില്ലാ;
ക്ഷോണീവിഷാദപരിശാന്തി നിനച്ചു ഭൂമൌ
വാണീടുവൻ സുചിരമെന്നു പറഞ്ഞുപോയ് ഞാൻ.

ഓർത്തോളമെൻെറ ഹൃദയം തകരുന്നിതയ്യോ,
ഭർത്താവിനെപ്പിരികയെന്നതശക്യമെന്നാൽ"
ഇത്ഥം കഥിച്ചളവു കോമളചിത്തയാമ-
സ്സാദ്ധ്വിയ്ക്കു ഹന്ത! നയനേ സലിലം നിറഞ്ഞു. 28

തങ്കക്കവിൾത്തടമണിഞ്ഞവിടുന്നു വീണു
കൊങ്കത്തടങ്ങളെ നനച്ചിതു ബാഷ്പപൂരം;

തങ്കൈകളാലതു തുടച്ചുടനമ്മവെച്ചു
തങ്കാന്തതൻ വ്യസനശാന്തി വരുത്തി നാഥൻ. 29

ഈരേഴുരണ്ടു ഭുവനങ്ങളിലും നിറഞ്ഞ
മായയ്ക്കുകൂടി വിപുലാർത്തി ഭവിച്ചതോർത്താൽ
മായാസമുദ്രമതിൽ വീണലയുന്ന ശഷ്പ-
പ്രായങ്ങൾ മർത്ത്യർ കഷ്ടണിപ്പതിലെന്തു ചിത്രം? 30

തണ്ടാരിൽമാനിനി നരാംഗനയായ് പിറക്ക-
ന്നുണ്ടെന്ന വസ്തുത തരത്തിലറിഞ്ഞു പററി
പണ്ടങ്ങു കൂടെയുളവായവർ 'തങ്ങൾ കൂടെ-
യുണ്ടെ'ന്ന ഭാവമൊടു വന്നു നിരന്നു നിന്നു. 31

ദുഗ്ദ്ധാംബുരാശിയതിൽനിന്നു പിറന്നതല്ലോ
മുഗ്ദ്ധാമൃതാംശു ഭുവനോത്സവമായ ചന്ദ്രൻ,
ബദ്ധാദരം വദനമാക്കണമെന്നു ചൊല്ലി-
സ്സിദ്ധാന്തമായൊടുവിലങ്ങനെ നിശ്ചയിച്ചു. 32

ചന്തംകലന്ന ചെറുമുത്തുകളുണ്ടസംഖ്യം
ദന്തങ്ങളാക്കിയവയെ സ്ഥിരമായി വെച്ചു;
ധ്വാന്താരിയൊത്ത പവിഴക്കൊടിയുണ്ടതാശു
ദന്താംബരത്തിനുമെടുത്തിതപേക്ഷമൂലം. 33

വാത്സല്യമോടു മലർമങ്ക വളർത്തിടുന്ന
മത്സ്യങ്ങളുണ്ടു നയനാതിസുഖപ്രദങ്ങൾ;

നേത്രങ്ങളാക്കുവതിനായവയും സഹസ്ര-
പത്രങ്ങളും സരസമൊപ്പമപേക്ഷചെയ്താർ. 34

എന്താണു വേണ്ടതിനിയെന്നു വിചാരമായി-
ച്ചെന്താരിൽമാനിനി കുറെക്കുഷണിച്ചുപോയി;
കാന്താന്തികത്തിലിതു ചെന്നുപറഞ്ഞ നേരം
ഞാന്താനിതിൻവിധി കഥിയ്ക്കുവനെന്നുരച്ചു. 35

കണ്ണാക്കിവെച്ച പൃഥുരോമയുഗത്തിനെത്താൻ
സ്വർണ്ണാരവിന്ദമുകുളങ്ങൾ മുലയ്ക്കുമാക്കി;
തിണ്ണം ജഗദ്വിജയമാക്കു ലഭിയ്ക്കുമെന്നു
കണ്ണും സ്തനങ്ങളുമതേമുതൽ മത്സരിച്ചു. 36

ഗാനത്തൊടൊത്തു നളിനത്തിനകത്തു പൂക്കു
തേനുണ്ടു മണ്ടുമൊരു വണ്ടുകളുണ്ടസംഖ്യം;
മാനിച്ചു മാധവി നിജാളകമാക്കി മാന്യ-
സ്ഥാനത്തു വെച്ചിതവയെസ്സഹജപ്രിയത്താൽ. 37

അബ്ധിയ്ക്കകത്തടിയിലുള്ളൊരു കൂരിരുട്ടീ-
വൃത്താന്തമഞ്ജിനെയറിഞ്ഞരികത്തണഞ്ഞു,
പ്രത്യക്ഷമായളവു ചന്ദ്രമുഖം സമീക്ഷി-
ച്ചത്യന്തഭീതിയൊടു പിന്നിലൊളിച്ചുമാറി. 38

ഐരാവതം വിബുധനാഥനെ വിട്ടുമാറി
വാരാശിപുത്രിയുടെ സന്നിധിതന്നിലെത്തി

പോരാൻ തനിയ്ക്കു തരമില്ലഥ തൻ്റനടപ്പ
നേരായ് സഹോദരി പകത്തണമെന്നുരച്ചു. 39

നാൽക്കൊമ്പനാന നലമോടഭിലാഷമോതി
സ്വർഗ്ഗത്തിലേയ്ക്കു നടകൊണ്ടിതു മന്ദമന്ദം;
കൽക്കണ്ടഭാഷിണി നിജോഗ്രസഹോദരോക്തി
കൈക്കൊണ്ടു യാനരസികത്തമുടൻ പഠിച്ചു. 40

നീലാരവിന്ദമിഴിയാളുടെ മാതൃഭാവം-
കോലുന്ന പാൽക്കടലൊരുത്തമവൃദ്ധയായി
ബാലാന്തികത്തിൽ വടികുത്തിയണഞ്ഞു മെല്ലേ
മാലുററ മാനസമൊട്ടുച്ചമുരച്ചിതേവം:- 41

"കുഞ്ഞേ വരൂ, മടിയിലല്പമിരിയ്ക്കുകെൻ്റ
നെഞ്ഞത്തെഴും വലിയ ചൂടു കുറച്ചു മാററൂ"
സഞ്ജാതകൌതുകമുടൻ മടിയിൽ കരേററി-
ട്ടഞ്ഞൂറവട്ടമൊരുമിച്ചവളുമ്മ വെച്ചു. 42

പിന്നെപ്പതുക്കെ മകൾതൻ മുഖമൊന്നു പൊക്കി-
സ്സൌന്ദര്യലക്ഷ്മിയുടെ മട്ടുകൾ നോക്കി നോക്കി
കണ്ണീരൊഴുക്കിയിളകുന്ന ശിരസ്സുമായി-
ത്തിണ്ണെന്നു തൊണ്ടവിറയോട്ടമുരച്ചിതേവം:- 43

"എൻപ്രാണനും തനുവുമെൻ്റ മനസ്സുമെല്ലാ-
സമ്പത്തുമെൻ്റ മകളാണതറിഞ്ഞുകൂടേ?

എൻപുത്രി,യാനിലയിലെന്നെവെടിഞ്ഞുപോയാൽ
ഞാൻ പിന്നെയേതുവിധമിങ്ങു കഴിച്ചിടേണ്ടു? 44

പണ്ടെന്റെ കുട്ടിയിരുവട്ടമഹോ പിരിഞ്ഞ-
തുണ്ടായ ദുഃഖമിനിയും മറവായതില്ല;
വീണ്ടും തുടങ്ങുകിലിതിന്നവസാനമുണ്ടോ?
പണ്ടത്തെ മാതിരിയെനിക്കു സഹിച്ചുകൂടാ. 45

ഇബ്ഭൂമിയാണിതിനു കാരണ,മൊന്നു പൊങ്ങി-
ത്തദ്ഭാഗമാസകലമൂക്കൊടു മുക്കിടും ഞാൻ;
മദ്ഭാഗധേയഫലമായ കുമാരിതന്റെ
സദ്ഭാവമൊക്കെ വഷളാക്കിയതുഴിയല്ലേ?" 46

വാർദ്ധക്യവും വ്യസനവും നിജപുത്രിതന്നിൽ
വർദ്ധിച്ച വത്സലതയും കലരുന്നമൂലം
ക്രുദ്ധിച്ചു രണ്ടു മൊഴി പാൽക്കടലോതിയപ്പോൾ
ബദ്ധാദരം കമല സാന്ത്വനവാക്കുരച്ചു:- 47

അമ്മേ! പ്രസീദ ഗുണശാലിനി! നിർമ്മലാംഗി!
ഇമ്മേദിനിയ്ക്കു ചെറുതും പിഴയില്ല നാഥേ!
വന്മാൽ മുഴുത്തു സഹിയാതെ വരുംദശയാം
തന്മോചനത്തിനു നിനപ്പതു കുററമാമോ? 48

ഇയ്യൂഴി കഷ്ടമവസാനയുഗം ചടച്ചു
വയ്യാതെയായുടൽ ഞെരിഞ്ഞു മനം കരിഞ്ഞു

ചെയ്യേണമൊട്ടു തുണയെന്നൊരപേക്ഷ ചെയ്താൽ
വയ്യെന്നു ഞാൻ പറവതെങ്ങിനെ ചൊല്ലുകമ്മേ!

മാതാവിനോടു പിരിയുന്നതിലുള്ള ദുഃഖ-
മോതാവതല്ലതു നിനപ്പതിനും പ്രയാസം;
ജാതാദരം ധരണി ചൊൽവതു കേട്ടിടുമ്പോഠം
ഭൂതാനുകമ്പയതിനാലുലയുന്നു ചിത്തം. 50

സ്വാത്ഥംവെടിഞ്ഞുമപരൻെറ ഗുണത്തിനായി
നിത്യം പരിശ്രമമെടുക്കിലതാണു ധമ്മം;
ദൈത്യാരികഠംക്കു സുഖമായ് വരുവാൻ സ്വദേഹം
മർദ്ദിപ്പതിന്നനുവദിച്ചതുമമ്മയല്ലേ? 51

ഇത്തത്വമൊക്കെയവിടേയ്ക്കറിയാ,മിതെല്ലാം
ചിത്തത്തിൽനിന്നു മറവായതു ചിത്രമോത്താൽ"
ഇത്ഥ്യേവമാത്മജ നയത്തിലുരച്ചനേര-
മുൽത്താർ തെളിഞ്ഞു കലശാബ്ധി കഥിച്ചിതേവം:--

"എന്നോമനപ്രിയസുതേ! സുഗുണക്കുഴമ്പേ!
നിന്നോടു വേർപിരികയെന്നതു വന്നനേരം
എന്നുള്ളിലുററ കടുസങ്കടവായ്പിനാൽ ഞാൻ
ചൊന്നോരു വാക്കുകഠം കുറച്ചു കടന്നുപോയി. 53

മാപ്പേകണേ ധരണി! ഞാൻ പടുവൃദ്ധയല്ലേ?
മൂപ്പേറവോരതുമിതും പറയുന്നതല്ലേ?

അല്ലേതരം ഭവതിയിൽ കൃപയുണ്ടെനിയ്ക്കും
മൽപുത്രിരത്നമിനി മെയ്യിലണിഞ്ഞുകൊൾക. 54

വാൎദ്ധക്യചാപലവശേന കുറച്ചിദാനീം
ക്രുദ്ധിയ്ക്കുകൊണ്ടു മുഷിയേണ്ട വത്സ ധരിത്രി!"
ഇത്ഥം കഥിച്ചു മകൾതൻ സവിധത്തിൽവെച്ചു
മൂൎദ്ധാവിലാൎദ്രത കലൎന്നു മുകൎന്നു ചിത്രം. 55

ക്ഷാന്തിപ്രധാനഗുണയാം ക്ഷമയാരുതന്നെ-
യെന്തൊക്കെയോതുകിലുമക്ഷമയാകയുണ്ടോ?
സിന്ധുപ്രകോപവിനയോക്തികൾ രണ്ടുകൊണ്ടും
സന്തോഷമേവ സുമതിയ്ക്കു ഭവിച്ചതുള്ളു. 56

ഏവം മഹീതലമഹാനില കണ്ടനേരം
ശ്രീവാണിടുന്ന ഭവനം വളരെത്തെളിഞ്ഞു
ഈ വത്സയോടു കലഹിച്ചതു തെററിയെന്ന
ഭാവംകലൎന്നു രമയോടു പറഞ്ഞു വീണ്ടും:— 57

"ഇദ്ധാത്രിയും ഭവതിയും ശരിയാണെനിയ്ക്കു
സിദ്ധാന്തമില്ലൊരുവരോടുമൊരിത്തിരിക്കും;
ക്രുദ്ധിച്ചതത്ര വകവെക്കരുതുൎവ്വിതന്നേ
ശുദ്ധീകരിപ്പതിനു യാത്രതിരിയ്ക്കു വേഗം. 58

എന്നംഗശുഭ്രരുചി മത്സുത കൊണ്ടുപോണ,-
മെന്നല്ല, മന്മൃദുത വാക്കിനുമാക്കിടേണം,

എന്നാൽ ക്ഷമാതലമതിൽ ഭവതിയ്ക്കു തുല്യം
സൌന്ദൎയ്യസാരമൊരുവൾക്കു വരുന്നതല്ലാ.” 59

ഈ യോഷമാരുടെ വിവാദവിധം ശ്രവിച്ച
പീയൂഷമുണ്ടരികിലങ്ങിനെ നിന്നിരുന്നു;
ശ്രീയോടു പാൽക്കടൽ പറഞ്ഞതു കേട്ടുഞെട്ടി-
ബ്‌ഭീയോടുമുൾഭ്രമമൊടും സുധയേവമോതി:— 60

“വാരാശിപുത്രി! തവ ഭൂതലയാത്രതന്നിൽ
ഗീരായ്‌വരേണമഹമെന്നു നിനച്ചിരിക്കേ
ക്ഷീരാബ്ധിയാം ജനനിയെന്നഭിലാഷസിദ്ധി-
ക്കാരാൽ തടസ്ഥമരുൾചെയ്തതു ഭംഗിയായോ? 61

ഈ ലാക്കു തെററുകിലെനിയ്ക്കിനിയേതുകാലം
ഭൂലോകദൎശനസുഖാനുഭവം ലഭിയ്ക്കും;
ഹേ ലക്ഷ്മി! ഹേ ജനനി! നിങ്ങളിതൊന്നുകൂടി-
യാലോചനാവിഷയമാക്കണമെന്നപേക്ഷ. 62

താരാധിപൻ വദനമായ നിലയ്ക്കു ഗോക്ക-
ളാരാല്വരേണമതു ഞാൻ പറയേണ്ടതുണ്ടോ ?”
ഓരോന്നിവണ്ണമുരചെയ്ത സുധാരസത്തെ-
ഗ്ഗീരായിരിപ്പതിനു പാൽക്കടൽ സമ്മതിച്ചു. 63

പൊൽത്താരിൽമാനിനി സഹോദരവൎഗ്ഗമെല്ലാ-
മൊത്താശു യാത്രതുടരും കഥയങ്ങു കേട്ടു

പ്രദ്യുമ്നനമ്മയുടെ കോമളമെയ് തലോടി
നിത്യം സ്വമാതൃപരിചാരകനായ് ഭവിച്ചു. 64

പൂമെത്തയായ ഭുജഗാധിപനാദിശേഷൻ
സാമർത്ഥ്യവാപ്തിനൊടു ചെയ്തൊരപേക്ഷമൂലം
രോമാവലിയ്ക്കു നിജപുത്രനെ നിശ്ചയിച്ചു
പൂമാതിനെന്തിനി മനോഹരതയ്ക്കു വേണ്ടൂ? 65

വൈകുണ്ഠനീവക സമസ്തവുമൊത്തുനോക്കി
ശ്രീകണ്ഠമത്ര ശരിയായി വരായ്കമൂലം
'ആകട്ടെ, കണ്ഠമതിനെന്നുടെ പാഞ്ചജന്യ-
മാകട്ടെ'യെന്നരുളിയങ്ങിനെതന്നെയാക്കി. 66

ഇത്ഥം കവിപ്രവരർ വെച്ചു പുകഴ്ത്തിടുന്ന
വസ്തുക്കളൊക്കെയുമിണങ്ങിയ മോഹനാംഗി
പൃത്ഥ്വീതലത്തിലൊരു രാജകുലത്തിലുള്ള
മത്തേഭയാനയുടെ ഗർഭഗയായ് ഭവിച്ചു. 67

ഇഗ്ഗർഭമേററമളവുതാൻ ജനനീവപസ്സി-
ലുൽകൃഷ്ടശോഭയുളവായതിലെന്തുചിത്രം?
ചക്കപ്പഴം മുറിയിൽവെച്ചുഥ പൂട്ടിയാലും
തൽഗന്ധമെങ്ങിനെ പുറത്തു വരാതിരിയ്ക്കും! 68

ഈവണ്ണമസ്സുകൃതവാരിധി പത്തുമാസ-
മാവുമ്പോഴേയ്ക്കുമതിശോഭനഗാത്രിയായി

കൈവല്യദായിയുടെ വല്ലഭ വന്നു മർത്ത്യ-
സ്ത്രീവേഷമായവതരിച്ചിതു സന്മുഹൂർത്തേ. 69

പൊന്നോമനശ്ശിശുവിനെ പ്രസവിച്ചനേരം
തന്നമ്മ വേദന കുറച്ചുമറിഞ്ഞതില്ലാ;
ഉന്നിദ്രസൌഖ്യമിതസൌഖ്യമിതെന്ന ഭേദം
തോന്നിപ്പതും പ്രകൃകിയാകിയ ദേവിയല്ലോ. 70

ചോരക്കിടാവിനുടെ കോമളമെയ്‌വിലാസം
നേരിട്ടുകണ്ടവരശേഷവുമമ്പരന്നു;
ഭൂരിപ്രഭാപ്രകരമോടിതുപോലെ പണ്ടു
പാരിൽ പിറന്നൊരു മനുഷ്യകുമാരിയുണ്ടോ? 71

പൂർണ്ണേന്ദുവിൻെറ ശിശുവോ, കനകക്കഴമ്പോ,
മിന്നൽക്കൊടിപ്രകൃതിയോ, കനലിൻെറ സത്തോ,
അർണ്ണോജബാണനുടെ വല്ലഭയോ, പിറന്ന-
തെന്നൊക്കെയും ബഹുജനം ബഹുധാ കഥിച്ചു. 72

നീന്തിത്തുടിച്ചു കുളുർമെയ്യണിധൂളിജാല-
മേന്തിത്തുടങ്ങിയുടനേ ചെറുമുട്ടുകുത്തി
സന്തോഷമേതവനുമുള്ളിലുദിയ്ക്കുമാറു
ചെന്താരിൽമാതു മൃദുപുഞ്ചിരിയും തുടന്നു. 73

കല്പാന്തകാലമിഹിരാഭ കലന്നുവാഴ-
മിപ്പെൺകുലോത്തമ വളന്നിതൊരാറുമാസം

താല്പൎയ്യവായ്പിനൊടു മാധവിതൻെറ നാമം
കല്പിച്ചു പേരിടുവതിന്നധികാരമുള്ളോർ. 74

പഞ്ചായുധൻെറ ജനയിത്രി പരിശ്രമിച്ചു
ചാഞ്ചാടി മന്ദമടി വെപ്പതിനും തുടങ്ങി;
പഞ്ചാരപോൽ മധുരമാകിയ കൊഞ്ചൽവാക്കൊ-
രഞ്ചാറുരച്ചുവിട്ടുമുള്ളലിയും വിധത്തിൽ. 75

കാണുന്ന കൂട്ടർ ശിശുവെക്കരതാരിലേന്തി-
ച്ചേണാൎന്ന മേനി നിജമേനിയൊടൊന്നണയ്ക്കും
ഏണാങ്കസത്തു നിറയുന്നൊരു കായൽതന്നിൽ
വാണാലെഴുന്ന സുഖമുള്ളിനു സംഭവിക്കും. 76

മായാപ്രപഞ്ചകടുയന്ത്രമതിൽ കുരുങ്ങി-
ക്കായാശയങ്ങളുലയുന്ന ജനത്തിനെല്ലാം
മായാകുമാരിയുടെ മോഹനമേനി കണ്ടാ-
ലായാസമാസകലമപ്പൊഴുതസ്തമിക്കും. 77

ആതങ്കമോടു ദിവസംപ്രതി കൂലിവേല-
ചെയ്തേറവും വിവശരാമവരും നിദാനം
പൈതൽക്കെഴുന്ന കുളൂർമെയ്യൊരുകണ്ണു കാണും
പൈദാഹവിസ്മൃതിയൊടങ്ങിനെതന്നെനില്ക്കും. 78

കുത്തും പശുക്കളും, മഹിഷങ്ങളും, വൃഷങ്ങളെന്ന-
ല്ലെത്തിക്കടിക്കുമൊരു പട്ടികളും പാമ്പിതെല്ലാം

ഇത്തന്വിതന്നരികിലെത്തുകിൽ വിസ്മയിച്ചു
വർത്തിക്കുമെന്തിനിനിയിതിൽപ്പരമൊന്നു വേണ്ടു? 79

ഈവണ്ണമത്ഭുതഗുണങ്ങളിണങ്ങിയോര-
സ്ത്രീവൃന്ദമാലിക മുറയ്ക്കു വളർന്നു വന്നു;
കൈവന്ന സർവ്വജനമോഹനയൌവനാഢ്യേ
ലാവണ്യസാരമുടൽ പൂണ്ടതുപോലെയായി. 80

ഇമ്മാൻകിശോരമിഴിമൌലിയിതിന്നിടയ്ക്കു
ജന്മാർജ്ജിതസ്ഥിതിയിൽനിന്നു കുറച്ചുയർന്നു,
സന്മാന്യനായ് സരസനായ് വിലസുന്ന ചന്ദ്രൻ
ചെമ്മേ ശിവൻ്റെമുടിയിൽ കുടികൊണ്ടപോലെ.

ത്രൈലോക്യദീപിക കണക്കു വിളങ്ങിടുന്നീ-
ലോലാക്ഷിയാൾക്കു വരനാകുവതാരിവണ്ണം
മാലോകരേ വെറുതെയോർത്തു കുഴങ്ങിടേണ്ട
ചാലോടു നല്ല സിതയേ ചിതമായിണങ്ങൂ. 82

ക്ഷോണീതലത്തിൽ വരുവാൻ തരമാകയില്ലെ-
ന്നാണാദിയിൽ കമലനാഭനുരച്ചതല്ലോ;
പ്രാണപ്രിയാവിരഹസങ്കടമോർത്തു ലോക-
ത്രാണപ്രിയൻ ക്ഷിതിയിൽ വാഴ്‌വതിനായുറച്ചു. 83

താൻ പോയി വേറെയൊരു രാജകുലത്തിലുള്ള
മാമ്പേടനേത്രയുടെ നന്ദനനായ് പിറന്നു;

അംഭോജയോനിയിതറിഞ്ഞു നിറഞ്ഞ മോദാൽ
തൻഭാമിനീമണിയൊടേവമുരച്ചു മന്ദം:– 84

"ഹേ വാണി! മൽപ്രിയതമേ! കഥ കേട്ടതില്ലേ
ശ്രീവാസുദേവനധുനാ നരനായ് ജനിച്ചു;
നീ വേഗമസ്സുകൃതിതൻ തിരുനാവിൽ മേവു–
കാവുന്നവണ്ണമുപചാരമവശ്യമല്ലോ." 85

സ്രഷ്ടാവിവണ്ണമരുൾചെയ്തതു കേട്ട വാണി
പുഷ്ടപ്രമോദമൊടു യാത്രതുടൎന്നു വേഗം
ചട്ടററ മാനുഷരമാരമണൻെറ നാവി–
ലൊട്ടേറെ വിശ്രുതി വരുംപടി വാണുകൊണ്ടാൾ.

ഭൂലക്ഷ്മിയെബ്ഭുവനനാഥനൊടൊത്തുചേൎപ്പാ–
നാലസ്യമബ്ജഭവനേതുമടിച്ചതില്ലാ;
ശൈലത്തിൽനിന്നൊഴുകുമാററിനെയബ്ധിതന്നിൽ
ചേലൊത്തു ചേൎക്കുവതിനാൎക്കു ഞെരുക്കമുള്ളു? 87

കുംഭസ്തനീമണിയുമിച്ചെറുതമ്പുരാനും
ദാമ്പത്യമാൎന്നു സുചിരം സുഖമായിരുന്നു;
സമ്പത്തു, മെയ്യഴകു, ബുദ്ധിവിലാസവിദ്യാ–
സമ്പത്തിവയ്ക്കിരുവരും വിളഭൂമിയായി. 88

സന്താനമേകിടുകിൽ മായയിൽ മുങ്ങി മുങ്ങി–
പ്പൊന്താതെയായ് പൊറുതിമുട്ടിടുമെന്ന ഭീത്യാ

ഹന്താബ്ജയോനിയൊരു സന്തതിയെക്കൊടുത്തീ-
ലെന്താവതിദ്ധരണിതൻെറ ദശാവിശേഷം! 89

മൎത്ത്യാംഗനാവടിവെടുത്തനിലയ്ക്കു താനും
ഭൎത്താവുമായ് പിരികിലുള്ളഴലിൻപ്രകാരം
ബോദ്ധ്യപ്പെടുത്തിവിടണം ദൃഢമെന്നുറച്ചു
സിദ്ധാന്തിയായ വിധിയീയിണയെപ്പിരിച്ചു. 90

നാലഞ്ചുവൎഷമതിതീവ്രവിയോഗവഹ്നി-
ജ്വാലയ്ക്കുണക്കുവിറകായിവർ വാണുകൊണ്ടാർ;
ലീലാപുമാൻെറ മറിമായവിധങ്ങൾ ബുദ്ധി-
ശാലിക്കുമോൎത്തറിയുവാൻ വളരെ പ്രയാസം! 91

ധീരത്വമോടു വിരഹക്കടൽ നീന്തിയെത്തീ-
ട്ടീ രണ്ടുപേരുമൊരുമിച്ചു രമിച്ചു വീണ്ടും
പാരിച്ചൊരക്കലിമലം കളവാനൊരുങ്ങീ
പാരിൽ കനിഞ്ഞു ശുഭവിത്തു വിതയ്ക്കുവാനും. 92

പെണ്ണുങ്ങളിൽ പ്രഥമയാകിയ രാജ്ഞി താനും
പുണ്യോൽക്കരപ്രകൃതിയാകിയ തമ്പുരാനും
എണ്ണിക്കഥിക്കിലവസാനമണഞ്ഞിടാത്ത-
വണ്ണം ഗുണങ്ങളവനിക്കു വരുത്തിവെച്ചു. 93

നാരായണൻ ദയിതയോടൊരുമിച്ചു ദുഗ്ദ്ധ-
വാരാശിവിട്ടവനിയിൽ സ്ഥിതിചെയ്കമൂലം

ഘോരാസുരാധിപരിതേ തരമെന്നുവെച്ചു
പോരാടുവാൻ പടകളോടൊരുമിച്ചുട്ടത്തു. 94

പേടിച്ചരണ്ടമരരോടിയൊളിച്ചു ധാതാ-
വോടിച്ചരിത്രമറിയിച്ചളവബ്ജയോനി
കൂടില്ല നാം കരുതിയാലിതുചെന്നു തിങ്കൾ-
ചൂഡൻെറ സന്നിധിയിലോതണമെന്നുരച്ചു. 95

മുക്കണ്ണനിക്കഥയറിഞ്ഞളവാശു മൂന്നാം-
തൃക്കണ്ണു തെല്ലു തെളിവോടു തുറന്നുനോക്കി;
ഇക്കഷ്ടമാരറിയുമീശ്വര! ലക്ഷ്മിയാകു-
മുൾക്കൃഷ്ടമൂർത്തിയുടനേ ചുടുചാമ്പലായി. 96

"ഹാ വഞ്ചകൻ വിധിയറിഞ്ഞു ചതിച്ചു ഭാഗ്യ-
ശ്രീവഞ്ചി ദുഃഖനദിതന്നിൽ മറിഞ്ഞുപോയി"
ഈവണ്ണമുള്ളുരുകിയെത്ര ജനം കരഞ്ഞി-
താവണ്ണനീയഗുണരാശി മറഞ്ഞനേരം. 97

തൽക്കാന്തയോടുമൊരുമിച്ചു തിരിച്ചുചെല്ലം
ചിൽക്കാതലെന്നു പുരവൈരി നിനച്ചു, പക്ഷേ
തൃക്കാൽപിടിച്ചവനി ചെയ്തൊരപേക്ഷകേട്ടി-
ട്ടുൾക്കാമ്പലിഞ്ഞു മധുസൂദനനേവമോതി:— 98

"ഖേദിക്കൊലാ, ധരണി! ചെറവുമഹം തദീയ-
ഭൂതിയ്ക്കു നൂററിരിപതാണ്ടു തികച്ചു വാഴാം,

ബാധിയ്ക്കുമക്കലിയെയല്പമമച്ച്ചെയ്യാം,
ബോധിയ്ക്കു മൂഢജനമൌഢ്യമൊഴിച്ചുവെക്കാം. 99

ഈവണ്ണമോതിയിവിടത്തിലിരുന്നിടുന്നു
കാർവണ്ണനായ കമലാപതി കഞ്ജനാഭൻ;
ദേവേശനാകുമവിടുന്നു തുറന്നുരച്ചോ-
രാവാക്കിനൊത്തവപതാണ്ടിനിയും വസിക്കും. 100

ശുഭം.

ലക്ഷ്മീസഹായകരുണാമൃതധാരകൊണ്ടു
"ലക്ഷ്മീവിലാസശതകം" കൃതിചെയ്തിതേവം,
ഇക്ഷ്മാനിവാസികളിതിന്നകമേ കിടക്കും
സൂക്ഷ്മാത്ഥമോത്തു രസമാന്നു വസിച്ചുകൊഠംവിൻ

# ആൎയ്യാഗീതി

---

അഗപതിസുകൃതപതാകേ!
ഭഗവതി! ഭവ്യേ! ഭവാനി! ഭവദയിതേ!
വിഗതവ്യാജം കഴൽതൊഴ-
മഗതിയിവ,ന്നമ്മയാണൊരവലംബം. 1

ആഗമഗൂഢപ്പൊരുളേ!
രാഗമനോജ്ഞാംഗി! രോഗിയാമെന്നിൽ
വേഗമയയ്ക്കുക ഭവകടു-
രോഗമകററും കടാക്ഷപീയൂഷം. 2

ഇരവും പകലും തവ പദ-
സരസീരുഹചിന്തമാത്രമുൾക്കാമ്പിൽ
വരണമതിന്നായ്വരതനു!
വരമരുളേണം വരപ്രിയേ! വരദേ! 3

ഈരേഴുലകമഹാമര-
വേരേ! വേദാന്തസത്സുധാധാരേ!
പോരേ വിഷമിപ്പിച്ചതു
ചാരേ വന്നത്തൽ തീൎത്തു കാത്താലും 4

ഉണ്ണിപ്രായത്തുള്ളോരു
മണ്ണിൽക്കളിവിട്ടനാൾ മുതൽക്കമ്മേ!
നണ്ണിക്കരുത്തും കഴലിണ-
കണ്ണിൽക്കാണിച്ചീടാത്തതതികഷ്ടം! 5

ഊതിവിളങ്ങിന കനക-
ജ്യോതിസ്സിടയുന്ന നിന്മനോജ്ഞാംഗം
ഭൂതിമയം മമ കാട്ടി
പ്രീതിയൊടെന്നുൾത്തമസ്സൊഴിച്ചാലും. 6

ഋണബന്ധത്തിന്നിണയായ്-
പിണയും ഭവബന്ധമെന്നപണ്ണേ ! നീ
ക്ഷണമപി തവ രൂപനിരൂ-
പണമൊന്നേകീടിലക്ഷണം തീക്കാം. 7

എളിയവനുന്നതനാകും,
പൊളിയും സമ്പന്നനർദ്ധനിമിഷത്തിൽ
കളിയല്ലമ്മേ ! തൃക്കൺ-
കളികളിലുലകം കിടന്നു മറിയുന്നു. 8

ഏഷണി, ദുരഹങ്കൃതി, പര-
ദൂഷണ,മപകാരബുദ്ധിയിവയെല്ലാം
ഭൂഷണമാക്കും കലിയുടെ
ഭീഷണി പററാതെ കാക്കുകെൻകാളി ! 9

ഐഹികവിഷയങ്ങളിലതി-
മോഹിതനായ് ഞാൻ കിടന്നു വലയുന്നു;
പാഹി കൃപാവതി ! പാർവ്വതി !
ദേഹി ഭവൽഭക്തി ഭക്തജനലോലേ ! 10

ഒരു കുറി തവ പദപങ്കജ-
സുരുചിരപാംസുക്കളാൽ തുടച്ചീടിൽ
പെരുകിന ദുരിതക്കറ പോയ
പൊരുൾ കാണിച്ചീടുമെൻ മനോമുകുരം. 11

ഓങ്കാരാമൃതവല്ലി-
പ്പൂങ്കാവേ! നിൻപാദാബ്ജയുഗളത്തേ
താങ്കാണട്ടേ സുകൃത-
ത്തേൻകാമിച്ചലയുമെൻ മനോഭൃംഗം. 12

ഔചിത്യത്തൊടു തവഗുണ-
വൈചിത്ര്യം വാഴ്ത്തുവാൻ ഫലിക്കാതേ
ശോചിക്കുന്നേൻ, പാൽക്കടൽ-
വീചിക്കെതിർവാഗ്വിലാസമരുൾകെന്നിൽ. 13

അംബ! കുരുംബേ! ജഗദവ-
ലംബനമൂൎത്തേ! നമോസ്തു തേ നിത്യം;
ത്ര്യംബകസുകൃതവിശേഷാ-
ഡംബരമേ! പാഹി പാഹി പരമശിവേ! 14

അസ്ഥികലാപനു ജഗദുദ-
യസ്ഥിതിസംഹാരശക്തി ചേൎത്ത ശിവേ?
അസ്ഥിരസുഖമൃതകീട്ടമൊ-
രിസ്ഥിതി തീൎത്തേകണേ സദാനന്ദം. 15

അനുദിനമാൎയ്യാഗീതിയി-
തനുപമഭക്ത്യാ ജപിപ്പവൎക്കെല്ലാം
അനുകമ്പാനിധി പാൎവ്വതി-
യനുകൂലിച്ചഖിലസൌഖ്യമരുളീടും. 16

# ചിററൂർ നമ്പൂതിരിപ്പാട്

## അഞ്ചാം സൎഗ്ഗം

---

കൊച്ചിശ്ശീമയിൽ പെരുവനത്തുള്ള സുപ്രസിദ്ധമായ ചിററൂർമനക്കൽ കുറെക്കാലംമുമ്പു വാസുദേവൻ നമ്പൂതിരിപ്പാട് എന്നൊരു മഹാനുണ്ടായിരുന്നു. ഇദ്ദേഹം പുലരാൻ പത്തുനാഴികയുള്ളപ്പോഠം കുളിച്ച് ദേവീഭജനം ചെയ്യുകയും, ബ്രാഹ്മണൎക്ക വിധിച്ച സകല കൎമ്മങ്ങളും ശരിയായനുഷ്ഠിക്കുകയും ചെയ്തിരുന്നതു കൂടാതെ, ഐഹിക വിഷയങ്ങളിൽ ആസക്തി കുറക്കുകയും ചെയ്തിരുന്നു. 'പ്രജായൈ ഗൃഹമേധിനാം' എന്ന നിലയ്ക്കുമാത്രമാണ് ഈ വിശിഷ്ടൻ ഗൃഹസ്ഥാശ്രമം ദീക്ഷിച്ചിരുന്നത്. അതുനിമിത്തം യൌവനത്തിലപ്പുള്ള അന്തൎജ്ജനം തൃപ്തിപ്പെടാതെ ഇദ്ദേഹത്തെ ഐഹികസുഖാനുഭവങ്ങളിലേക്കാകൎഷിക്കാൻ ശ്രമിച്ചതിന്നു ചില തത്വോപദേശങ്ങളെക്കൊണ്ടു് സമാധാനിക്കുകയേ ഈ മഹാൻ ചെയ്തിരുന്നുള്ളു. സുഭഗനും യുവാവുമായ തൻെറ പ്രിയതമൻ ഇത്രയും വിരക്തനാകാൻ വല്ല ഗൂഢകാരണങ്ങളുമുണ്ടോ എന്നു ശങ്കിച്ച് അതൊന്നു പരീക്ഷിക്കണമെന്ന് അന്തൎജ്ജനം നിശ്ചയിക്കുകയും, ഒരു ദിവസം പുലരാൻ പത്തുനാഴികയുള്ളപ്പോഠം കുളിക്കാൻപോയ ഭൎത്താവിൻെറ പിന്നാലെ ഉപായത്തിൽ പോയി അദ്ദേഹത്തിൻെറ പ്രവൃത്തികളെ സൂക്ഷിച്ചുകൊണ്ടിരിക്കയും ചെയ്തു. കുളി കഴിഞ്ഞു് നെയ്ത്തിരി

വിളക്കു കത്തിച്ചു ഭഗവതീഭജനം ചെയ്തിരുന്ന ഭർത്താവിൻെറ മുമ്പിൽ കറുത്ത ചേലയുടുത്ത ഒരു സ്ത്രീരൂപം പ്രത്യക്ഷപ്പെട്ടു. പതിവ്രതയായ അകത്തുള്ളആൾ പരിഭ്രമിച്ചു തൻെറ ഭർത്താവിന്ന് ഒരു ചണ്ഡാലിയോടു സംസർഗ്ഗമുണ്ടെന്ന് ആ സാധു ധരിച്ചുവശാവുകയും, അതു തൻെറ കൂടെ ഉണ്ടായിരുന്ന ദാസിയോടു പറകയും ചെയ്തു. ആ വഴിക്കതു പുറത്താകയും, നാട്ടിലൊക്കെ സംസാരമാകയും ചെയ്തതോടുകൂടി യോഗക്കാരായ നമ്പൂതിരിമാർ അന്നു നാടുവാണിരുന്ന മഹാരാജാവിനെ വിവരം അറിയിക്കുകയും, അദ്ദേഹം അതിവിശിഷ്ടനായ വാസുദേവൻ നമ്പൂതിരിപ്പാട്ടിലെ വരുത്തി 'ദോഷശങ്ക'യുള്ളതായി ഒരു വിധം മനസ്സിലാക്കുകയും ചെയ്തപ്പോൾ, അദ്ദേഹം തൻെറ ശുദ്ധിയെ തെളിയിക്കാൻ അഗ്നിപ്രവേശം ചെയ്‌വാനുറച്ചിരിക്കുന്നതായി പ്രസ്താവിക്കുകയും, അതു സ്ഥിരനിശ്ചയമാണെന്നു കാണിക്കാൻ മുമ്പൊരു രാജാവ് നായാട്ടിന്നുപോയപ്പോൾ മലച്ചിയെക്കണ്ടു മലച്ചുപോയ കഥ പറകയും ചെയ്യുന്നതാണ് പൂർവ്വകഥാവസ്തു. ഇത്രയും ഭാഗം, കവിതിലകൻ കണ്ടൂർ നാരായണമേനോൻ ബി. ഏ. അവർകൾ ആദ്യത്തെ രണ്ടുസർഗ്ഗംകൊണ്ടും, സരസകവി പി. കെ. നാരായണനമ്പീശ്ശൻ പിന്നെത്തെ രണ്ടു സർഗ്ഗംകൊണ്ടും എഴുതിത്തീർത്തശേഷം, രാജാവു മലച്ചിയെക്കണ്ടു ഭ്രമിച്ചതു മുതല്ക്കുള്ള കഥയാണ് നമ്മുടെ കവി തുടങ്ങുന്നത്. അതും രണ്ടു സർഗ്ഗംകൊണ്ട് അവസാനിക്കുകയും ചെയ്തിരിക്കുന്നു.

അപാരഗാംഭീര്യവിവേകശേമുഷീ-
കൃപാദിയൊത്തൂഴി ഭരിച്ചു സന്തതം
ക്ഷപാകരോദ്യൽപ്രകളാണ്ടു വാഴുമാ-
നൃപാലനയ്യോ! വിഷമിച്ചു നിർഭരം. 1

നിരന്തരം നീചകലാംഗനാകുചാ-
ന്തരാന്തരത്തോടണവാൻ കൊതിച്ചഹോ!
പരന്തപൻ ഭൂപനനംഗബാധയാൽ
പരന്തപിച്ചാനിതു പാർക്കിലത്ഭുതം! 2

ചലച്ചകോരായതചാരുനേത്രയാം
മലച്ചിതൻ വിഭ്രമമാം മഹാർണ്ണവം
അലച്ചുകേറി ക്ഷിതിഭൃത്തുതൻ നില-
യ്ക്കുലച്ചിലേല്പിച്ചിതു കാലവൈഭവം! 3

കൃശാംഗിമാർമാലികയാമവൾക്കുതാൻ
നിശാന്തമായ്ത്തീർന്നു നൃപൻെറ മാനസം;
പ്രശാന്തഗംഭീരവിശാലമാമതിൻ
വിശാലതയ്ക്കേററമിടിച്ചലേററവോ! 4

കിടങ്ങു വൻകോട്ട തുടങ്ങിയുള്ളതിൻ
പടം വരപ്പാനരചൻ തുടങ്ങിയാൽ
വിടൎന്ന രക്തോല്പലവും കനത്ത പൊൻ-
കുടങ്ങളും തൂലിക താൻ വരച്ചിടും. 5

മലച്ചി മൂലം മഹിപന്നു കാന്തയാ-
ളലക്ഷ്യയായീ മധുരസ്വഭാവിനി;
തലയ്ക്കു മദ്യപ്പുതുമത്തു കേറിയാൽ
ചിലർക്കു പാലിങ്കലനാസ്ഥവന്നിടും. 6

നിരന്തരം നിസ്തുലമുത്തണച്ചൊരാ-
മരന്ദനേർവാണിയെ വിസ്മരിച്ചവൻ
ഒരല്പസൌഖ്യം നിശി ചേർത്ത തന്നിലും
വിരക്തനാമെന്നൊഴിവായി നിദ്രയും. 7

മുടങ്ങിയീമട്ടകൾകൊണ്ടു കാർയ്യവും
മുടങ്ങിയപ്പോളഥ മന്ത്രിസത്തമൻ
അടങ്ങിനിൽക്കാതൊരുനാൾ നിഗൂഢമായ്
കടന്നു കേൾപ്പിച്ചിതു കാർയ്യമീവിധം. 8

"അനേകലോകർക്കൊരു ജീവനായിട്ടും
ജനേശിതാവേ! തിരുമേനിയിങ്ങിനെ
ദിനേദിനേ ഹന്ത! ചടച്ചു കാണ്കയാൽ
വനേചരർക്കും വളരുന്നു സങ്കടം. 9

പുരത്തിലെത്താതെയിരിയ്ക്കു കാരണം
പരക്കെയുള്ളോരു മഹാജനങ്ങളും
പുരന്ധ്രിരത്നം തവ ധർമ്മപത്നിയും
ദുരന്തചിന്താഗ്നിയിൽ വെന്തു നീറിടും. 10

നിലയ്ക്കുനില്ക്കും തിരുവുള്ളമേവമി-
ട്ടലച്ചതെന്തെന്നരുൾചെയ്ക കേൾക്കിലോ
മലച്ചിവന്നാൾകളയാതെയീപ്സിതം
ഫലപ്പെടുംമാറു പരിശ്രമിച്ചിടാം." 11

ഘുണാക്ഷരംപോലെ 'മലച്ചി വന്ന'തായ്
ഗുണാഢ്യനാം മന്ത്രി സമുച്ചരിക്കവേ

ക്ഷണാർദ്ധമാക്ഷ്മാപതി കണ്ണുലച്ചു വീ-
ക്ഷണാത്ഥ,മമ്പോ! കുസുമാസ്ത്രചേഷ്ടിതം! 12

'തുറന്നുരച്ചീടുക'യെന്നു മന്മഥൻ;
'പറഞ്ഞുകൂടെ'ന്നഥ രാജഗൌരവം,
കുറച്ചുനേരത്തിവർ മല്ലടിയ്ക്കയാൽ
വിറച്ചു ഭൂപൻ ചിലതൊക്കെയോതിനാൻ. 13

സമഷ്ടിയായാണരുറംചെയ്തതെങ്കിലും
സമസ്തവും മന്ത്രി ധരിച്ചു സത്വരം?
ക്രമത്തിലിക്കാര്യമൊതുക്കിവെക്കുവാൻ
സമത്ഥനോരോന്നു നിനച്ചുറച്ചുതേ. 14

ധരയ്ക്കധീശൻെറ മനോധനം കട-
ന്നരക്ഷണാൽ കട്ടൊരു കാട്ടുകള്ളിയെ
തിരഞ്ഞു കണ്ടെത്തണമെന്നുറച്ചുതി-
ന്നരം പുറപ്പെട്ടിതു മന്ത്രിപുംഗവൻ. 15

പതത്രിവേഗംകലരുന്ന വാജിമേൽ
ദ്രുതം കരേറീട്ടഥ കാട്ടുപൂകിനാൻ;
ശതം സമീക്ഷിച്ചു മലച്ചിമാരെയ-
ന്നതല്ലിതല്ലെന്നു പറഞ്ഞു തള്ളിനാൻ. 16

അനംഗവീര്യം തനുവാണ്ടപോലെയും
വനം ഭരിയ്ക്കും മലർമങ്കപോലെയും,
ഘനസ്തനത്താലുലയുന്ന മദ്ധ്യമാർ-
ന്നനല്പതേജസ്സൊടൊരുത്തി ദൃശ്യയായ്. 17

സുമന്ദഹാസാഞ്ചിതയാമവരാംക്കെഴ–
ന്നമന്ദസൌന്ദൎയ്യസമുദ്രവീചിയിൽ
നിമഗ്നനാകാതെ കഴിച്ചുകൂട്ടുവാൻ
സുമന്ത്രതുല്യൻ സചിവൻ കുഴങ്ങിനാൻ. 18

അടുത്തുകൂടിദ്ധനവസ്ത്രസഞ്ചയം
കൊടുത്തു സംതൃപ്തിവരുത്തി മെല്ലവേ
തുടുത്ത കുന്നിക്കുരുമാലയും, ഞെറി–
ഞ്ഞുടുത്ത പൂഞ്ചേലയുമേററുവാങ്ങിനാൻ. 19

അടിയ്ക്കൂടിക്കും ഘനനീലകന്തളം,
തടിച്ച വാർകൊങ്ക, വിലോലലോചനം,
ചൊടിപ്പകിട്ടത്രയുമൊത്ത ശൂദ്രയെ–
പ്പിടിച്ചിതെല്ലാമണിയിച്ചു ഭംഗിയിൽ. 20

വിടൎന്ന പൂ തിങ്ങിയ വള്ളി മേൽപ്പുര–
യ്ക്കിടംവലംഭിത്തികരം പൂത്തവള്ളികരം–
യ്ക്കിടക്ക് ധാരാളമുതിൎന്ന പൂക്കളി–
യ്ക്കിടയ്ക്കെഴും വീട്ടിലണച്ചു ശൂദ്രയെ. 21

കുശേശയാസ്ത്രപ്പക കൂടിടുംവിധം
നിശേശനംശുക്കരം ചൊരിഞ്ഞ രാത്രിയിൽ
അശേഷലോകേശനെ മന്ത്രി മെല്ലെയീ–
വിശേഷവല്ലീനിലയത്തിലാക്കിനാൻ. 22

അണഞ്ഞു വേടാംഗനയെന്നുറച്ചുടൻ
പുണൎന്നു ഗാഢം നൃപമൌലി ശൂദ്രയെ

ക്ഷണം തളൎന്നേറെയുറങ്ങിനാൻ, പുല-
ൎന്നുണൎന്നെഴുന്നേററു വരുത്തി മന്ത്രിയെ. 23

“മലച്ചിയോടുള്ളൊരു സംഗമത്തിനാൽ
കുലം പിഴച്ചെ”ന്നരചൻ കഥിക്കവേ
സലജ്ജമല്പം തലതാഴ്ത്തിനിന്നു തൻ-
ഛലപ്രയോഗത്തെയുണൎത്തി മന്ത്രിയും. 14

‘മനഃകൃതംതാൻ കൃതമെന്നതില്ലയോ?
മനസ്സിൽ ഞാനോൎത്തു മലച്ചിയെന്നുതാൻ;
കനത്തമാലിന്യമിതൊന്നുവെച്ചിനി-
ജ്ജനങ്ങളെക്കാപ്പതു ഭംഗിയായിടാ।’ 25

ഇതിപ്രകാരം ദൃഢമായുരച്ചുതൻ-
ക്ഷിതിയ്ക്കൊരംശം വിഭജിച്ചെടുത്തുടൻ
അതിന്റെ നാഥത്വമൊടങ്ങു വാണുപോ-
ലതിന്നു പേരും പുതുതായ് ഭവിച്ചുപോൽ. 26

തനിയ്ക്കുതാൻപോന്നവരൊക്കെയീവിധം
തുനിഞ്ഞുകാട്ടുന്നിതു പൌരുഷത്തിനെ;
എനിയ്ക്കുകപ്പെട്ടൊരു ദോഷശങ്കയിൽ
കനിഞ്ഞു കല്പിക്കണമഗ്നിശുദ്ധിതാൻ”. 27

അതീവ ഗംഭീരതകൊണ്ടു സിന്ധുവിൻ-
സതീൎത്ഥ്യനാം വിപ്രനിവണ്ണമോതവേ
ക്ഷിതീശനോരോ തടവോൎത്തു ചൊല്ലിനാ-
നതീഷലെന്ന്യേ നിരസിച്ചു ഭൂസുരൻ. 28

കരിയ്ക്കലും വിട്ടൊഴിയാത്ത മൂർത്തിയായ് -
ധരിയ്ക്കയാൽ സമ്മതമേകി മന്നവൻ;
വരിയ്ക്കയായുള്ള പുലാവു വെട്ടിയി-
ട്ടെരിയ്ക്കണം വഹ്നിയെയെന്നുമോതിനാൻ. 29

ആ രാജാവുമകമ്പടിപ്പടകളും,
മന്ത്രീന്ദ്രരും, സത്തമ-
ന്മാരാമാരണരും കുളിച്ചു ശരിയായ്
ചിറവർ മഹീദേവനും
തീരാതുള്ള മഹാത്ഭുതത്തിനിടയാ-
മഗ്നിപ്രവേശോത്സവം
നേരായ് കണ്ടറിവാനനേകജനവും
വന്നെത്തിനാരസ്ഥലേ. 30

## ആറാം സർഗ്ഗം

സ്ഫുടകനകമഹാദ്രിപോലെ ദീപ്തി-
ഛടയൊടിതാ വിലസുന്നിതഗ്നികുണ്ഡം,
ഇടയിടയിലൊഴിച്ചിടുന്ന നെയ്യാൽ
ചടചടശബ്ദമൊടേററമുജ്ജ്വലിപ്പു. 1

അലകളിളകിടും കടൽക്കു തുല്യം
പല ജനമുണ്ടു തിരക്കിടുന്നു ചുററും;
വിലസിന മണിമണ്ഡപത്തി,ലൂഴീ-
വലമഥനൻ ഘനമോടു വന്നിരുന്നു. 2

ഉടുവസനമെടുത്തുകുത്തി നന്നായ്
കടുമമുറുക്കിയൊരെട്ടുചോടു വാങ്ങി
പടുമതി ധരണീസുരൻ കുളഞ്ഞാ-
ടിടുവതിന്നുണ്ണികളെന്നപോലൊരുങ്ങി. 3

വിതതതരശിഖാഞ്ചലച്ഛലത്താൽ
ഹുതവഹനുൽക്കടജിഹ്വ നീട്ടിടുന്നു,
ഇത! കുതിതുടരുന്നു വിപ്രനയ്യോ!
ചിതയൊടടുത്തിതു—പാഹി ശൈലകന്യേ! 4

അതുപൊഴുതകലത്തു നിന്നൊരാളു-
ണ്ടതുലജവത്തൊടു പാഞ്ഞു വന്നിടുന്നു
പുതുമഴയുടെ മുമ്പിലുള്ള കാററിൻ-
ചതുരതയാലിലപാറിടും കണക്കേ. 5

"അരുതരുതരുതെ"ന്നുരച്ചുടുത്ത-
പ്പുരുഷനുടൻ ദ്വിജനെപ്പിടിച്ചുനിർത്തി
വിരുതുടയ കിരീടിതന്നെ മുന്നം
ഗുരുകരുണാനിധി കൃഷ്ണനെന്നപോലെ. 6

സ്ഥിരരസപരിപൂർണ്ണകാവ്യസിന്ധു-
ത്തിരയിലിളാതലമിട്ടുലച്ച വമ്പൻ,
വരകവി 'മഴമംഗലത്തു' ഭൂമീ-
സുരവരനാണതു, ദേവദൂതനല്ലാ. 7

ഉടലുറവുനിറഞ്ഞ കൊച്ചുകുന്നിൻ-
കിടയിൽ വിയർപ്പുജലത്തിനാൽ കുളിച്ചും,

ഇടയിടയിടറിക്കിതച്ചു,മത്യ-
സ്ഫുടമൊഴിയിത്തരമോതിയദ്വിജേന്ദ്രൻ:- 8

"അലിവിനുമറിവിന്നുമാണിയാകും
കലിശധരോപമനായ തമ്പുരാനേ!
കലിയുഗനിലയേതുമോർത്തിടാതേ
വലിയ പരീക്ഷയിതെന്തു നിശ്ചയിപ്പാൻ? 9

അവനവനു വിധിച്ച കർമ്മമാരും
ശിവ! ശിവ! ചെയ്തുവരാത്തൊരീയുഗത്തിൽ
ശിവമുഖപരിശുദ്ധർ ചാടിയാലും
ജവമൊടു ചുട്ടുപൊടിക്കുമാശ്രയാശൻ. 10

ദുരിതവനദവാഗ്നിസേതുനാഥ-
ന്നരികിലഹം രസമാർന്നു പോയിരുന്നു;
തിരികെ നിലയനത്തിൽ വന്നവാറി-
ച്ചരിതമൊരാളുരചെയ്തു കർണ്ണശല്യം. 11

പൊരിപതറിട്ടുമുള്ളൊട്ടുണ്ടുകൊണ്ട-
ക്കിരിയുടെമട്ടുവിട്ടന്നൊരോട്ടമോടി,
ത്വരിതമിനി മറിഞ്ഞുവീഴ്കിലെന്താ-
ണരിയൊരു ജീവനെ രക്ഷചെയ്തുവല്ലോ. 12

ഭുവനജനനിതൻ കൃപാകടാക്ഷം
ഭവദുരുഭാഗ്യമൊടൊത്തുചേർന്നമൂലം
അവനിസുരവരിഷ്ഠജീവനും ത്വ-
ദ്ധവളയശസ്സുമിവൻ പിടിച്ചുനിർത്തി. 13

ഇതിലൊരു മറിമായമുള്ളതിപ്പോൾ
മതിതെളിയുംപടി ബോദ്ധ്യമാക്കിടാം ഞാൻ;
ക്ഷിതിവര! മമ മേനിതൊട്ടുകൊണ്ടി-
ട്ടതിരസമോടനലാന്തികത്തിൽ നോക്കൂ!!" 14

അരമരചനിളാസുരൻെറ മെയ്യിൽ
കരതളിർ വെച്ചൊരു നോക്കു നോക്കിയപ്പോൾ
സ്മരഹരദയിതേ പ്രസീദ! നാഥേ!
നരപതി കണ്ടൊരു കാഴ്ചയെന്തുരപ്പൂ! 15

നിരുപമകരുണാമൃതം പൊഴിക്കും
സുരുചിരനൂതനമേഘലേഖപോലെ
അരുളുമഗജയാം കിരാതിമാതിൻ
തിരുവുടലാണു തെളിഞ്ഞു കണ്ടതല്ലോ. 16

അനവരതമനങ്ങിടുന്ന തൃക്കൺ-
മുനയിലുറച്ച കൃപാരസത്തിനോടും
ഘനസുഷമയൊടും വിളങ്ങിടുന്നു
ഘനസമവർണ്ണനു പെങ്ങളായ ദേവി. 17

ഉദയരവി കരംകൊടുത്ത ദന്ത-
ച്ഛദരുചിയാൽ ജനദൃഷ്ടി മങ്ങിടായ്വാൻ
സദയമതു മിനുക്കി മേവിടുന്നു
രദനസുധാംശു ചൊരിഞ്ഞ വെണ്ണിലാവാൽ. 18

അമരനദി കലങ്ങി മാഴ്കിടുംമാ-
റമരമൊടർജ്ജുനനാത്മഗാണ്ഡിവത്താൽ
സുമശരരിപുവിൻ തലയ്ക്കടിച്ചാ-
സ്സമയവുമിപ്പൊഴുമേകഭാവമല്ലോ. 19

ചെറുനരനതിബുദ്ധിയെന്നു ഭാവി-
ച്ചുരുവഷളാം ക്രിയ ചെയ്യതോക്ക്മൂലം
ചെറുതൊരു പരിഹാസഭാവമുണ്ടാ-
നറുനളിനോപമകോമളാനനത്തിൽ. 20

അരിമയൊടവിടുന്നു വെച്ചപോററം
ഹരിസമനാം പുരുഷപ്രമാണിതന്നെ.
എരികനലിലിടാൻ തുടന്നമൂലം
പരിഭവവും ചെറുതുള്ളപോലെ തോന്നും. 21

അനലനു തന്റശോഭ ശീലമാക്കും
ദിനമണിയെന്നിഹ തോന്നിടുംവിധത്തിൽ
ജനനിയുടെയടുത്തു രത്നഭാസുരൽ-
കനകവിമാനമൊരുക്കിവെച്ചിരിപ്പൂ. 22

അനഘതന്റവിലാസദശ്നത്താൽ
ജനപതിതാൻ പുളകാവൃതാംഗനായി;
ഘനമൊടു ഗിരിപുത്രിവിട്ട തൃക്കൺ-
മുനകൾ തറച്ചതുമൂലമായിരിക്കാം. 23

കിടുകിടെയുലകിട്ടുലച്ച ഭൂപൻ
കുടുകുടെ വാർത്തിതു ഹർഷബാഷ്പപൂരം;
കെടുമതിവഴിയായെരിച്ച ചെന്തീ-
കെടുവതിനായ് ചൊരിയുന്ന വെള്ളമാവാം. 24

"ഭഗവതി! ഭവഭാഗധേയസത്തേ!
ജഗദുദയസ്ഥിതി നാശഹേതുഭൂതേ!
നഗപതിതനയേ! കടാക്ഷവീക്ഷാ-
നിഗളമിവങ്കലണച്ചു കെട്ടിയാലും." 25

തിരുവുടലനുവാസരം സമീക്ഷി-
ച്ചുരുസുഖമാണ്ടെഴമിട_ിജോത്തമങ്കൽ
പുരുതരമപരാധമാചരിച്ചേ-
നരുതരുതായതുകൊണ്ടു കോപമേത്തും. 26

നിരവധിയുഗമുഗ്രമാം തപസ്സാൽ
തിരയുമൃഷിയ്ക്കുമലഭ്യമാം പദാത്ഥം
പുരഹരപരിലാളിതം, ലഭിപ്പാൻ
തരമിവനേകിയ തെററു നന്മചെയ്തു. 27

ചരവുമചരവും നിറഞ്ഞ മായേ!
പരമശിവേ! പരമാത്ഥബുദ്ധിരൂപേ!
പരമിവനുമിവൻെറ സന്തതിയ്ക്കും
പരമസുഖം പരദൈവമാകണം നീ." 28

ഇതുവിധമവനീശനോതിയപ്പോഠം
പുതുചിരിയാലതു ബോദ്ധ്യമെന്നു കാട്ടി
കതുകമൊടഥ ഭക്തരിൽ കടാക്ഷാ-
മൃതു ചിതറിപ്പരമേശി പോയ്മറഞ്ഞു. 29

ഈശൻതൻനാഥയെക്കണ്ടിതരതരുണിയെ-
ന്നോത്തു ഭത്താവിലാന്നോ-
രാശങ്കാമൂലമഞ്ചാംപുരയിലധിവസി-
പ്പിച്ചതന്തജ്ജനത്തെ;
ആശയ്ക്കൊക്കും ഫലത്തെസ്സദയമരുളിടും
പാവ്വതീദേവിതന്നെ-
ബ്ഭ്രശക്രൻ ഭൂരിഭക്തിത്തികവൊടു കുടിവെ-
ച്ചീടിനാൻ സ്വാലയത്തിൽ. 30

# ശ്രീമൂലവഞ്ചീശദശകം

സമ്പത്തിൻ ധാടി, ധൎമ്മാചരണരതി, ധരാ-
പാലനപ്രാപ്തി, കൃഷ്ണൻ-
തമ്പത്തിൽ ഭക്തി, സൎവ്വോപരി പുരുകരുണാ-
പൂരമിത്യാദിയാലേ
അമ്പത്താറൂഴിപന്മാർകളിൽ മഹിതപദം
പൂണ്ട വഞ്ചീശപരന്നി-
ന്നമ്പത്തെട്ടായി ഭാഗ്യത്തികവൊടു തിരുനാ-
ളിട്ടിനം ശോഭനംതാൻ. 1

ത്രൈലോക്യത്തെബ്ഭരിപ്പാൻ ചുമതല കലരും
മാധവൻ ബോധമില്ലാ-
താലോലാനന്ദമംഭോധിയിലനിശമുറ-
ങ്ങുന്നതായ്ക്കാണ്കയാലേ
ഭൂലോകം ക്ഷേമപൂൎണ്ണസ്ഥിതിയൊടു പരിപാ-
ലിക്കുവാൻ സൃഷ്ടിചെയ്താൻ
മൂലോൎവ്വീജാനിതന്നെസ്സമുചിതരചനാ-
ദക്ഷനാം ദക്ഷതാതൻ. 2

സത്യംവിട്ടുള്ള ലോകങ്ങളിൽ വിമുഖതയു,-
ണ്ടാത്മസംസൎഗ്ഗമാകും
കൃത്യം തെററാതെ നോക്കും, പ്രതിദിനമഴകോ-
ടന്നമേകുന്നു സൌഖ്യം,

നിത്യം വാണീവിലാസം തരമൊടു തടവു-
നുണ്ടു, ലോകേശനാമി-
സ്സ്തുത്യൻ ബ്രഹ്മസ്വരൂപൻ, ശ്രുതിയുടയ മഹാൻ
ശ്രീവിധാതാവുതന്നെ. 3

ഓർക്കും കാര്യങ്ങൾ സാധിപ്പൊരുനിലയിലധീ-
നത്തിലായുണ്ടു ചക്രം,
തീർക്കുന്നുണ്ടാബ്ബുധന്മാർക്കെഴുമഴൽ, വിജയോൽ-
ക്കർഷമേറവുന്നു നിത്യം,
പാർക്കുന്നൂ പാൽക്കടൽപ്പെൺകൊടി നിജസവിധേ,
വിപ്രവീരപ്രമോദം
ചേർക്കുന്നൂ, രാമവർമ്മാവനിവര,നവനാ-
ദ്ധ്യക്ഷനാം വിഷ്ണുതന്നേ. 4

കൂറില്ലേ ഭൂതജാലേ, ധനദപദമെഴു-
ന്നില്ലയോ, ഭൂതിചാർത്തും-
മാറില്ലേ, ദിക്പതിത്വത്തൊടു സകലകലേ-
ശാവതംസത്വമില്ലേ,
ഏറില്ലേ നന്ദി, കുന്നിൻസുത ഹൃദി വിലസു-
ന്നില്ലയോ, ശാസ്ത്രമോർത്താ-
ലാറില്ലേ തൻശിരസ്സിൽ, ശിവ! ശിവ! ശിവനാ-
ണിദ്ധനാമിദ്ധരേശൻ. 5

ഏവം മൂർത്തികൾക്കെല്ലൊരു നിഖിലഗുണ-
ഗ്രാമസാമ്രാജ്യമായി-
ബ്ഭൂവഞ്ചീടും പ്രതാപോദയമൊടു വിളയാ-
ടുന്ന വഞ്ചിക്ഷിതീശൻ

ഈ വമ്പേറും പ്രപഞ്ചക്കളിയുടയ തിര-
ശ്ശീല വീഴുംവരേയ്ക്കും
കൈവന്നീടുന്ന കാന്ത്യാ വിലസിടുക പര-
ബ്രഹ്മതേജസ്സുപോലേ. 6

കണ്ണിൻപുണ്യപ്രകാണ്ഡോത്സവമൊരുടൽ വഹി-
ച്ചുത്ഭവിച്ചുള്ളതാമീ-
യുണ്ണിക്ഷോണീശനത്യുൽസ്മിതമധുരസുധാ-
ലാപസാരം ചൊരിഞ്ഞും
മണ്ണിൽ തൃക്കാലണച്ചും സവിധമണയവേ
ബാലസല്ലീലയോരോ-
ന്നെണ്ണിത്തൃക്കൺ കുളുർത്തങ്ങനെ മരുവണമേ
മാതുല ക്ഷ്മാതലേശൻ. 7

ചെന്താർമാതിൻെറ തൃക്കാൽസ്സുരതരുവവലം-
ബിച്ചു നിൽക്കുന്ന രാജ്ഞീ-
സന്താനോൽകൃഷ്ടവല്ലീയുഗളിയിലഖിലാ-
മോദസങ്കേതമായി
സന്താനപ്പൂക്കൾ കോരിച്ചൊരിയണ,മതിനാൽ
ത്തീർത്ത തൂമാലതന്നിൽ-
ച്ചിന്താരത്നംതൊഴും തിന്തിരുവടി നടുവിൽ-
ച്ചേർന്നു മിന്നട്ടെ നിത്യം. 8

ഭംഗംകൂടാതെ ലക്ഷ്മീഭഗവതി നടനം
ചെയ്യുമീ വഞ്ചിഭൂമീ-
രംഗം തൽസൂത്രധാരക്ഷിതിപനൊടു സമം
കാക്കുമദ്ദേവി നിത്യം

അംഗപ്രത്യംഗരക്ഷയ്ക്കവിരതമരികിൽ-
    പ്പത്മനാഭൻ വസിപ്പൂ;
തുംഗശ്രീമൂലനക്ഷത്രജനൃപതിലക-
    ന്നെന്തൊരാശിസ്സുചൊല്ലാം. 9

രുദ്രബ്രഹ്മാദിമുമ്മൂൎത്തികളുടെയുമപേ-
    ക്ഷാനുസാരം ത്രിലോ-
ക്ഷുദ്രന്മാരായ ദൈത്യാധിപരുടെ ഗളവി-
    ച്ഛേദനം ചെയ്ത തായേ!
ഭദ്രശ്രീകോടിലിംഗാലയമടിയരുളും
    കാളി! നിൻ പള്ളിവാളിൻ-
സദ്രക്ഷാശക്തി കാട്ടിസ്സദയമമരുകി-
    വഞ്ചിഭൂപാലയത്തിൽ. 10

—❋✳❋—

# പട്ടി

നരരിലുമധികം കൃതോപകാര-
സ്മരണ മൃഗങ്ങളിലാണു കാണ്മതോർത്താൽ;
പരമതുകളിൽവെച്ചു വാച്ച കൂറിൻ-
സ്ഥിരതയെഴുന്നതു പട്ടികൾക്കുതന്നേ. 1

ശുനകനു യജമാനനിൽ പെടുന്നോ-
രനഘതരപ്രതിപത്തിയെക്കുറിപ്പാൻ
അനവധി കഥയു,ണ്ടതിങ്കൽവെച്ചെൻ-
മനമുഴറുന്നിതു രണ്ടുമാത്രമോതാൻ. 2

I

ഉരുധവളയശഃപ്രതാപനായി-
ട്ടൊരു ധരണീപതി വാണിരുന്നു മുന്നം;
ഒരു സചിവനുമാക്ഷിതീശനുണ്ടായ്
വിരുതുടയോർകളിൽവെച്ചു മുമ്പനായി. 3

ഒരുദിനമവനീശ്വരൻ ചിരിച്ചി-
ട്ടരുളി മുദാ നിജ മന്ത്രിയോടിവണ്ണം:-
"പുരുസൽഗുണനിധേ! ഭവാനു നമ്മിൽ
പെരുകിന മൈത്രിയിതെത്രയെന്നു ചൊൽക" 4

അമരഗുരുസമാനനാമമാത്യൻ
ശ്രമരഹിതം മറുവാക്കുരച്ചിതേവം:-
"മമ ശുനകനു നമ്മിലുള്ളതാകും
മമത ഭവാനിലുമുണ്ടെനിയ്ക്കു രാജൻ!" 5

ക്ഷമയുടെ പതിയീവചസ്സു കേട്ടു-
ക്ഷമയുടെ നായകനായ്ബ്ഭവിച്ചുപോയി;
ദ്യുമണിയൊടു സമം ചുകന്ന കണ്ണി-
ന്നിമയിളകാതെ തുറിച്ചുനോക്കിയല്പം 6

"എട! ചപലമതേ! കൃതഘ്ന! നായിൻ-
കിടയിൽ നിനക്കെഴുമിഷ്ടമെത്ര തുച്ഛം!
ഉടനടി വെളിയിൽ കടക്ക; നിന്നോ-
ടിടപെടുകിൽ പടുഭോഷനാകുമാരും." 7

ശ്രുതിപുടമടയുംപടിയ്ക്കിവണ്ണം
ക്ഷിതിപതിയോതിയ വാക്കു കേട്ടശേഷം
പ്രതിവചനമൊരക്ഷരം കഥിയ്ക്കാ-
തതിധൃതിപൂണ്ടു നടന്നു മന്ത്രിവര്യൻ. 8

ചില ദിനമധുനാ കഴിഞ്ഞു: ഭൂമീ-
വലമഥനൻ നിജപത്നിയോടുകൂടി
വിലപെരുകിന മേടതന്റെ മൂന്നാം
നിലയിലിരുന്നു രസിയ്ക്കയായിരുന്നു. 9

അതുപൊഴുതൊരുവാളുമായൊരുത്തൻ
പൊതുവഴിയേ നടകൊൾവതാശു കണ്ടു;
പുതുമയിലൊരു പട്ടിയുണ്ടു കൂടേ;
കുതുകമുദിക്കുമതിന്റെ ധാടി കണ്ടാൽ 10

അരമനയുടെ മുൻവശത്തണഞ്ഞി-
ട്ടരമവനങ്ങനെ നിന്നു വാളുമായി;

തരമൊടു ചെവി നീട്ടി വാലുമാട്ടി-
സ്സരസമടുക്കലണഞ്ഞു സാരമേയം. 11

ഖലമതിയവനെന്തു ചെയ്തു? നായിൻ-
വലതുപദം നിജവാളിനാലരിഞ്ഞു;
അലഘുരുജ പൊറാഞ്ഞു പട്ടി പൈപൈ-
നിലവിളിയോടു തിരിച്ചു വെച്ചടിച്ചു. 12

അവനവിടെ ഞെളിഞ്ഞുനിന്നു കയ്യാൽ
ജവമൊടു വാ, വരികെന്നൊരാംഗ്യമിട്ടാൻ;
അവശത പെരുകുന്ന സാരമേയ-
പ്രവരനണഞ്ഞഥ നിന്നു മൂന്നുകാലിൽ. 13

ഇതരപദമുടൻ മുറിച്ചുതള്ളീ;
ഹതകനവൻ തന്നുവാണ്ട ദൌർഷ്ട്യമാമോ!
ദ്രുതമവനെ വെടിഞ്ഞു പട്ടി പാഞ്ഞു;
സ്വതന്നു മുറിപ്പവരോടു വേഴ്ച നന്നോ? 14

വരിക വരികയെന്നു വീണ്ടുമോതി,
തിരികെയണഞ്ഞിതു സാധു വീതശങ്കം;
അരിശമെഴുമവൻെറ ജോലി വാളാ-
ലരിയുകയായതിനുള്ള മററു കാലും. 15

കരചരണമിവണ്ണമൊക്കയും പോ-
യുരഗസമാനമിഴഞ്ഞു പട്ടി പാഞ്ഞു;
വരണമിനിയുമെന്നൊരാജ്ഞചെയ്താ-
നരനിമിഷത്തിനകത്തു വീണ്ടുമെത്തി. 16

ഗളതലവുമറുത്തുവിട്ടിതെന്തോ
കളവു മനസ്സിലുറച്ച ഖഡ്ഗപാണി;
കളകളരവമായ്ത്തിളച്ച ചോര-
ക്കളമതിൽനിന്നരചൻെറനേരെ നോക്കീ. 17

സരസിജമിഴിയായ ഭാര്യയൊന്നി-
ച്ചരമനയിൽ സ്ഥിതിചെയ്തിട്ടും നൃപേന്ദ്രൻ
നരനവനെവനെന്നറിഞ്ഞനേരം
വിരസത വിട്ടു വിളിച്ചുരച്ചിതേവം:- 18

"ഹരി! ഹരി! സചിവേന്ദ്ര! താങ്കളെപ്പോ-
ലരിയ മമത്വമിവങ്കലാർക്കുമില്ലാ;
തരിക തവ കരം; മരിക്കുവോളം
പിരിയരുതെന്നരികത്തുനിന്നു താങ്കൾ." 19

ഇതി നരവരവാക്യം കേട്ടുടൻ പട്ടിയെത്തൻ-
സ്ഥിതിയിലുപരിയാകുംമട്ടു മണ്ണിട്ടുമൂടി;
പതിവിലുമതിയായി സ്നേഹവിശ്വാസഭാരം
ക്ഷിതിപതിയിൽവളർത്തിപ്പാർത്തു മന്ത്രിപ്രവീരൻ. 20

## II

നവസൽഗുണലക്ഷ്മി കേളിയാടും
ഭവനംപോലൊരുവൻ ഭവിച്ചു മുന്നം;
അവനുണ്ടൊരു പട്ടി നല്ലതായി-
ട്ടവർതമ്മിൽബ്ബഹുവേഴ്ചയായിരുന്നു. 1

അവനത്തിനു ജാഗരൂകനായോ-
രവനെപ്പട്ടി പിരിഞ്ഞുപാർക്കയില്ല.

അവനും കുളി,യ്യൂണ,റക്കമെന്നു-
ള്ളവയിൽപോലുമടുത്തു പട്ടി വേണം. 2

പലനാളകമൊത്തു പാൎത്തിരിപ്പു-
ള്ളലസാപാംഗിയൊരുത്തിയത്തരത്തിൽ
നലമോടവനൊത്ത കാന്തയായീ
വലവൈരിയ്ക്കു പുലോമപുത്രി പോലെ. 3

ഘനകേശിനിയാകുമായവൾക്കും
ശുനകങ്ങൾ ബഹുപത്ഥ്യമായ്ഭവിച്ചു;
അനഘാശയമാക്കു ജന്തുവൎഗ്ഗേ
ഘനകാരുണ്യരസം പ്രസിദ്ധമല്ലോ. 4

കണവൻ പതിവായ്വരുന്നനേരം
തുണയായിട്ടണയുന്ന പട്ടിതന്നെ
ഗുണശാലിനി മൃഷ്ടമഷ്ടിനൽകീ-
ട്ടണശയ്യോപരി സൌഖ്യമായ് കിടത്തും. 5

നളിനാസ്ത്രവിലാസശാലയാമ-
ക്കിളിവാണീമണിയാളെ വിട്ടൊരിയ്ക്കൽ
കളിയാടുവതിന്നു പോയൊരാററിൻ
പുളിനത്തിൽ പുരുപുണ്യവാനിരുന്നു. 6

പതിവിൻപടി തന്നകമ്പടിയ്ക്കായ്
ധൃതിപൂണ്ടോടിയണഞ്ഞു സാരമേയം
അതികൌതുകമോടടുക്കലായി
സ്ഥിതിചെയ്താൻ തന്നരക്ഷകൻെറ മട്ടിൽ. 7

പ്രണയക്കരുവായ കാന്തയാളിൽ
പ്പണയംവെച്ച മനസ്സൊടാമനുഷ്യൻ
മണൽവീഥിയിൽ വാണവൾക്കിണങ്ങും
ഗുണമോരോന്നു ഗണിയ്ക്കുവാൻ തുടങ്ങി. 8

ചരണങ്ങൾ കുറച്ചുരച്ചുമന്തഃ-
കരണം തേൻമൊഴിയിൽ പ്രതിഷ്ഠചെയ്തു
ചിരമങ്ങനെ വാണിതുള്ളിലേതോ
സരസോല്ലേഖമെഴും കവിയ്ക്കുതുല്യം. 9

ഇരതേടി നടന്നിട്ടും ബുഭുക്ഷാ-
പരനായുള്ളൊരു നക്രവര്യനപ്പോൾ
തരമാണിടമെന്നുറച്ചു, മറേറ-
ക്കരവിട്ടിക്കര നോക്കി യാത്രയായീ. 10

മുതലത്തലവൻ കഠോരനല്ലോ,
മുതലാവില്ലവനിങ്ങടുത്തു വന്നാൽ;
ദ്രുതമിത്തരമുള്ളിലോ,ർത്തുപാന്ത-
സ്ഥിതവാം ശ്വാവു കരയ്ക്കുവാൻതുടങ്ങീ. 11

ശുനകൻെറ വിധപ്പകർച്ചയൊന്നും
നിനയാതങ്ങനെ വാണു സാധു മർത്ത്യൻ;
മനമുള്ളതു പൂജ്യമാകിലെന്തി-
ജ്ജനവും സ്ഥാണുവുമൊന്നുപോലെയല്ലോ. 12

കരയുന്നു, നിലത്തു മാന്തിടുന്നു,
കരയിൽ പാഞ്ഞു പരിഭ്രമിച്ചിടുന്നു,

നരനാമവനുള്ളണന്നുകിട്ടാൻ
പരമാപ്പട്ടി പഠിച്ച പാടുപെട്ടു. 13

മലയാഴിയിൽ വന്നു വീണു വല്ലാ-
തലയേന്തീട്ടുലകത്തെ മുക്കിയാലും
ഫലമില്ലറിയില്ല പുള്ളിയെന്തോ
ബലമേറുന്ന സമാധിചെയ്കയല്ലേ? 14

എട! സാധുമനുഷ്യ! നിൻവിചാര-
ക്കടലിപ്പോൾ മരുഭൂമിയായ് ഭവിക്കും;
മടവാർമണിയെങ്ങവൾക്കിണങ്ങും
സ്ഫുടമാം സൽഗുണസംഘമെങ്ങു പിന്നെ. 15

ഗിരിഗഹ്വരമൊത്ത നക്രവക്ത്രേ
ഹരിപോലപ്പുരുഷൻ കടക്കുമിപ്പോൾ;
ഹരിരാമ! നവോഢയായ ബിംബാ-
ധരിയും ഹാ! വിധവാപദത്തിലെത്തും. 16

ഞൊടിനേരമിളയ്ക്കിൽ നാഥനെത്താൻ
പിടികൂടും ദൃഢമെന്നു വന്നനേരം
മടിയാതെ നടുക്കെട്ടുത്തു ചാടീ
കൊടിയോരുൾക്കനിവാന്ന സാരമേയം. 17

സലിലപ്ലവനിസ്സ്വനം ശ്രവിക്കേ-
ക്കലിപെട്ടാപ്പടി കൺമിഴിച്ചുനോക്കി
അലിവിൻനിധിയായ പട്ടിയപ്പോൾ
ബലിയാം ഗ്രാഹവരൻെറ വായിലായീ. 18

ഇടിമിന്നൽ തലയ്ക്കുകൊണ്ടതിൻമ-
ട്ടിടിവേററപ്പൂരുഷൻ നിലത്തു വീണു;
മടിവിട്ടടികൂട്ടി മാറിലെന്നാൽ
പിടിവിട്ടീടുകയോ! പിശാചനക്രം !! 19

കണ്ണീരാററിൽക്കളിച്ചക്ഷണമവനബലാ-
മന്ദിരം പുക്കു ചിത്തം
വെണ്ണീറാംമട്ടു ദീർഘശ്വസിതമൊടിടറി-
ക്കൊണ്ടിതെല്ലാം പറഞ്ഞു,
തണ്ണീർച്ചൂടും പുരാനേ! തരളമിഴിമണി-
ത്തയ്യലാൾക്കാടൽമുമ്പാ-
യെണ്ണീടത്തക്കതല്ലാത്തൊരു വിവിധവികാ-
രങ്ങളുള്ളിൽ ജ്വലിച്ചു. 20

ജീവൻ രക്ഷിച്ച നായിൻപ്രതിമയൊരു മരം-
കൊണ്ടു നിർമ്മിച്ചിട്ടത്ത-
പ്പൂവഞ്ചും മേനിയാളും പുരുഷനുമതിനെ-
സ്സാദരം സംസ്കരിച്ചു;
വൈവശ്യംവിട്ടു ശേഷക്രിയ സകലമനു-
ഷ്ഠിച്ചു പിണ്ഡംദിനത്തിൽ
ശ്വാവിൻകൂട്ടർക്കു മൃഷ്ടാഷ്ടിയുമരുളി മുറയ്-
ക്കൂട്ടിനാരാണ്ടുചാത്തം. 21

# ദീപസ്തംഭം.

ഗുരുവായൂർ നടയ്ക്കൽ പ്രതിഷ്ഠിച്ച ദീപസ്തംഭത്തെപ്പററി പല കവികളുമുണ്ടാക്കിയ പദ്യങ്ങൾ 1085-ൽ പുസ്തകാകൃതിയിൽ പ്രസിദ്ധപ്പെടുത്തിയതിൽനിന്നെടുത്തതാണിതു്.

ശ്രീപത്മാകേളിരംഗം, ശ്രിതജനസുഖസ-
ന്ദോഹസന്താനവൃക്ഷം,
താപദ്ധ്വാന്താൎക്കബിംബം, വിമലതരപര-
ബ്രഹ്മതേജോവിലാസം;
ഗോപപ്രൌഢാവതാരം, പവനപുരപുരാ-
പുണ്യസത്തിൻെറ മുമ്പിൽ
ദീപസ്തംഭം വിളങ്ങുന്നിതു ദിനകരനെ-
ട്ടീനനാക്കുംവിധത്തിൽ. 1

പൂവിൽപ്പെണ്ണൌലി പൂണ്ണപ്രണയമൊടു തലോ-
ടുന്ന തൃപ്പാദപത്മം
സേവിയ്ക്കും ഭക്തലോകത്തിനു സുരപുരിയിൽ
സ്വൈരമായ്ക്കേറുവാനും,
ദ്യോവിൽപ്പെട്ടുള്ളവൎക്കാക്കഴലിണ തൊഴുവാ-
നിങ്ങിറങ്ങീടുവാനും
ഗോവിന്ദൻവെച്ച കോണിപ്പടിവടിവിൽ വിള-
ങ്ങുന്നിതി സ്തംഭരത്നം. 2

ധൈൎയ്യം, ധൎമ്മം, ധനപ്രാഭവ, മതിധിഷണാ-
ശക്തി, വാഗ്ധാടി, കാൎയ്യാ-
കാൎയ്യജ്ഞത്വം തുടങ്ങിപ്പല പല സുഗുണം
തങ്കുമാശ്ശങ്കരാഖ്യൻ
ആൎയ്യൻ ഹൈക്കോൎട്ടിനീശന്നുടയൊരു വഴിവാ-
ട്ടാമിതിൽ സ്വാമിതൻ,നൽ-
ക്കാൎയ്യസ്ഥൻ കോന്തിമേനോനവർകളുടെ മഹോ-
ത്സാഹവും ഗണ്യമല്ലോ. 3

എങ്ങും തൂകുന്ന ധാരാധരനിര ജല,മെ-
ന്നാകിലും ശുക്തിതന്നിൽ-
ത്തങ്ങും ബിന്ദുക്കൾ മാത്രം വിലപെടുമണിമു-
ത്താവതുണ്ടാ,വിധത്തിൽ
തിങ്ങും ധൎമ്മേച്ഛയാലീസ്സുകൃതി ധനമുതി-
ൎത്തീടിലും കോന്തിമേനോ-
നങ്ങുന്നേപ്പെട്ടതിൻകാരണമിതു സുകൃത-
സ്തംഭമായ്ത്തീൎന്നുകൂടി. 5

ശുംഭൽശ്ശാസ്ത്രാവബോധാരുണകരനിരയാൽ-
ക്കൈരളീ പത്മിനിയ്ക്കും-
ഡംഭം വൎദ്ധിക്കുമാറാക്കിയ ശുഭചരിതൻ
ശങ്കരാചാൎയ്യതുല്യൻ
ജംഭദ്വേഷിപ്രതാപത്തിനുമിടിവരുളും
ശങ്കരൻനായർ ദീപ-
സ്തംഭവ്യാജാൽ പ്രതിഷ്ഠിച്ചിതു നിജവിജയ-
സ്തംഭമീയമ്പലത്തിൽ. 5

ധീശക്തിയ്ക്കൊത്ത സൂക്തിപ്രകരവിധികളാൽ
    മൌഢ്യമാകും തമസ്സിൻ-
നാശത്തെച്ചേൎത്തു മൎത്ത്യാവലിയിൽ വെളിവുദി-
    പ്പിച്ചുദിപ്പിച്ചു മെല്ലേ
ശ്രീശസ്വാമിയ്ക്കുമിമ്മാതിരി വലിയ വെളി-
    ച്ചത്തെയുണ്ടാക്കി വെപ്പാ-
നീശത്വം പൂണ്ടൊരിശ്ശങ്കരസുകൃതിയൊഴി-
    ഞ്ഞേതവനാലാവതുള്ളു? 6

'ധാതാ ഞാൻ നാലുദിക്കും കലിതസുഖമണ-
    യ്ക്കുന്ന സൎവ്വേശ,നെന്നാ-
യോതാതേ 'മേദിനിയ്ക്കാ'ണ്ടവരിലധികമി-
    ല്ലല്ലമായൊന്നുയന്നാൽ
ഏതായാലും തുളുമ്പാത്തൊരു നിറകുടമാ-
    മിബ്ബുധേന്ദ്രൻ സ്വകീൎത്തി-
ശ്വേതാശ്വാരൂഢനായിസ്സസുഖമമരണം
    കല്പകാലംവരേയ്ക്കും. 7

കൃത്യത്തിൻനിഷ്ഠ, ഗംഭീരത, കൃപണകൃപാ
    സാര, മുത്സാഹശീലം,
നിത്യം നിത്യസ്വരൂപസ്മൃതി, നിഖിലബുധ-
    പ്രീതി, നിസ്തുല്യബുദ്ധി,
സത്യം തൊട്ടുള്ളതാം നന്മകറം സതതമിണ-
    ങ്ങീടുമാക്കോന്തിമേനോ-
നത്യന്താരോഗ്യസൌഖ്യാന്വിതമിനിയുമനേ-
    കാണ്ടു പാരാണ്ടിടേണം. 8

തമ്പത്തിൽത്താണുഴപ്പുന്നവരുടെ ദുരിതം
    തീൎത്തു നാനാവിധത്തിൽ-
സമ്പത്തേകും കടാക്ഷാമൃതനിര പൊഴിയും
    ചാരുവക്ത്രേന്ദുബിംബം
ഇമ്പത്തോടെൻസമീരാലയവര! പുതുതാം
    സ്തംഭദീപപ്രകാശാൽ
മുമ്പത്തേക്കാൾ തെളിഞ്ഞുള്ളൊരു നിലയിലെനി-
    യ്ക്കൊന്നു കാട്ടിത്തരേണം. 9

താതാഗാരേശ! വാതാദികകഠിനഗദാ-
    രണ്യദാവാഗ്നിസത്തേ!
ഭൂതാധീശാദിഭൂതാവലികളിലമരും
    ജീവനാം പാവനാത്മൻ!
നീ താനല്ലാതെ നേതാവടിയനിതരനി-
    ല്ലാ,കയാലെൻമനസ്സിൽ
സ്ഥീതാനന്ദേന പീതാംബരരുചിരവപു-
    സ്സെപ്പൊഴും കാട്ടിടേണം. 10

—❈✳❈✳❈—

# ആഞ്ജനേയവിജയം

(നാലാം ഭാഗം)

---

1091-ൽ തിരുവനന്തപുരത്തുവെച്ച് ഉണ്ടാക്കിയ ഒരു നിമിഷകവിതയാണിത്. പുരാണങ്ങളിൽ കാണുന്ന പ്രകാരം മഹിരാവണൻ അല്ലെങ്കിൽ പാതാളരാവണൻ ലങ്കാധിപനായ സാക്ഷാൽ രാവണൻെറ ആവശ്യപ്രകാരം രാമലക്ഷ്മന്മാരെ ഉറക്കത്തിൽ മായകൊണ്ടു ചതിച്ച് പാതാളത്തിൽ കൊണ്ടുപോയി കൊല്ലാനൊരുമ്പെടുകയും അപ്പോഴയ്ക്കും ഹനൂമാൻ അറിഞ്ഞ് പല ദുർഘടങ്ങളും കടന്നു പാതാളത്തിൽചെന്ന് മഹിരാവണനെക്കൊന്നു രാമലക്ഷ്മണന്മാരെ വീണ്ടുകൊണ്ടുവരികയും ചെയ്യുന്നതാണിതിലെ കഥാവസ്തു. ഉള്ളൂർ എസ്. പരമേശ്വരയ്യർ, പന്തളത്തു കേരളവർമ്മതമ്പുരാൻ, വി. പി. പത്മനാഭൻനമ്പൂതിരിപ്പാട്ട് ഈ മൂന്നു കവികൾകൂടി എഴുതിയ കഥാഭാഗത്തിൻെറ അവശിഷ്ടമാണ് നമ്മുടെ കവി തുടങ്ങുന്നത്. ഇതിൽ എല്ലാ കവികളും പതിനഞ്ചുപദ്യംവീതം എഴുതീട്ടുള്ളതിനാൽ ആകെ 120 പദ്യങ്ങളുണ്ട്.

വിരുതുടയ സമീരണാത്മജന്മാ-
വുരുജവമോടു നടന്നുപോയിടുമ്പോൾ
"അരുതരു,തവിടത്തിൽ നിൽക്ക"യെന്നാ-
വരുതികൊടുത്തിതു മത്സ്യവല്ലഭൻതാൻ. 1

"എട വിരുത! കിശോരകാംഗനാം നിൻ-
തടവിനെ ഞാൻ വകവെച്ചു നില്ക്കുമെന്നോ?
അടരിനു കൊതിയെങ്കിലാട്ടെ"യെന്നായ്
സ്ഫുടപരിഹാസമൊടോതി വായുപുത്രൻ. 2

"പ്ലവഗതതിയിലങ്ങു മൂപ്പനാവാ,-
മിവനതിൽവെച്ചൊരു കൊച്ചുപൈതലാവാം;
അവനവനു വിധിച്ച വേലചെയ്യാ-
നിവയുടെയന്തരമോർത്തടങ്ങുമെന്നോ? 3

രണമൊരു കളിയാണെനിക്കു; പക്ഷേ
ഗുണമെഴമങ്ങെതിരാളിയായമൂലം
ഗണമതിലൊരു നല്ല പുള്ളി പോമെ-
ന്നണയുവതുണ്ടു കുറച്ചൊരാട്ടമുള്ളിൽ" 4

ഇതിചെറുകപി വിട്ട വാക്യവജ്രം
ശ്രുതിപുടമേറിയനേരമാക്കപീന്ദ്രൻ
അതി കുപിതകഷായിതാക്ഷനായി-
ദ്ധൃതിയൊടടുത്തു തുടന്നു ഘോരയുദ്ധം. 5

ഇടി, കടി, നഖരപ്രയോഗമെന്നി-
പ്പടി പല വിദ്യയെടുത്തു രണ്ടുപേരും;
ചെടി, വലിയ മരത്തിനേക്കണക്കാ-
ക്കൊടിയ മരുത്സുതശക്തിയേററ ബാലൻ. 6

അവനുടെയിടി മെയ്യിലേററിടുമ്പോഠം-
ശ്ശിവ! ശിവ! മാരുതി രോമഹർഷമാണ്ടു;

അവനെ നിജബലത്തൊടൊന്നമത്താൻ
പ്ലവഗവരിഷ്ഠനു തോന്നിടാതെയായി. 7

"അതുലഭുജബലം കലൎന്നു, കണ്ണിൻ-
കുതുകമൊരോമനമേനിപൂണ്ടപോലേ,
'പുതുമയിലടരാടിടുന്ന നീയാ'-
രതു പറകെൻ സുകുമാര! വീരസൂനോ!" 8

അനിലജവചനം ശ്രവിച്ചു ചൊന്നാൻ:—
"കനിവു വൃഥാ കളയായ്ക പോരിലേവം;
ഇനിയുമടരടിയ്ക്ക, വീരവാദ-
ധ്വനിയിടിപോലെ മുഴങ്ങിടുന്നു കാതിൽ." 9

കടുതരവചനം ശ്രവിച്ചവാറും
കടുകളവും ഹനുമാൻ കുലുങ്ങിയില്ല;
"പടുതതടവുമങ്ങു ചൊൽക ചൊൽകെ-
ന്നൊടു തവ വാൎത്തക"ളെന്നു വീണ്ടുമോതി. 10

"ഹരിസദൃശബലാഢ്യനാം ഹനൂമാ-
നരിയ പിതാവിവനെ"ന്നവൻ കഥിക്കേ,
"ഹരി! ഹരി! മകനേ! ജയിക്ക"യെന്നാ-
ഹരിയുരചെയ്തു, കുമാരനെപ്പുണൎന്നു. 11

"യുവതികളെയൊരിക്കലും തൊടാതു-
ള്ളവനഹമെങ്ങനെ നിന്റെ താതനായീ?
തവ ജനനവിശേഷമോതുകെ"ന്നാ-
പ്ലവനസുതാജ്ഞ വഹിച്ചുരച്ചു ബാലൻ:— 12

“തിരുമനമറിയാതെ വീണ്ട രേത-
സ്സൊരു വിബുധാംഗനതൻ സമീക്ഷണത്താൽ;
ഒരു മകരിയതേററു ഗർഭമാണ്ടു
പെരുമപെട്ടന്നതു പാപി ഞാനുമായി. 13

ജയമിനിയിവനെന്തിനെ?ന്നബദ്ധ-
ക്രിയ ദയയോട്ട പൊറുക്കണേ പിതാവേ!”
നയനജലമൂതിർത്തിവണ്ണമോതും
പ്രിയസുതനെത്തഴുകീ മരുത്തനൂജൻ. 14

വിനയമൊടനുയാത്രചെയ്തു പിന്നെ-
ത്തനയനൊരുഗ്രസരസ്സിലോളമെത്തി;
അനവധി വികടങ്ങളുള്ളതെല്ലാം
ജനകനൊടോതി നമസ്കരിച്ചുപോന്നാൻ. 15

# അരിയിട്ടവാഴ്ച

## മംഗളാശംസ.

കവിരാജകുമാരമാനവിക്രമഏട്ടൻതമ്പുരാനെന്നു പ്രസിദ്ധനായ പള്ളിപ്പുറത്തുവെച്ചു തീപ്പെട്ട സാമൂതിരിപ്പാട്ടു തമ്പുരാൻ, ആസ്ഥാനത്തെത്തിയപ്പോൾ തിരുമുൽക്കാഴ്ച വെച്ചതാണ് ഈ പദ്യങ്ങൾ.

പെയ്യുന്നൂ മലർമാരി, ദുന്ദുഭിരവം
　　കേൾക്കുന്നിതാ, വാനവ-
പ്പയ്യും കല്പകവൃക്ഷവും തലകുനി-
　　ച്ചീടുന്നിതത്യത്ഭുതം,
കയ്യും കോർത്തുപിടിച്ചുകൊണ്ടു കമലാ-
　　വാഗ്ദേവിമാർ നർത്തനം-
ചെയ്യുന്നൂ, ജഗതീതലം ജയജയേ-
　　ത്യാരാവപൂരായിതം. 1

കൂട്ടംകൂടിയനേകമാളുകളിതാ
　　തിക്കിത്തിരക്കുന്നു, പാർ-
ത്തട്ടഞ്ചുന്നു, നിജപ്രതാപമിനനും
　　സ്വല്പം മറയ്ക്കുന്നുതേ,
ഏട്ടൻ ഭൂപതി മാനവിക്രമമഹീ-
　　വൃത്രാരി സാമൂതിരി-
പ്പട്ടംകെട്ടിന ഘോഷമാണിതു; രസാ-
　　പൂർണ്ണം രസാമണ്ഡലം. 2

സാമൂരിപ്പാട്ട മാറുന്നതു,മിളമുറതാൻ
    പട്ടമേല്ക്കും നടപ്പും
മാമൂലാകുന്നി,തെന്തിക്കുറിയിതിലതുലാ-
    നന്ദപീയൂഷവഷം?
ആമൂലാഗ്രം ഫലംതിങ്ങിന സുരതരുവായ്
    വാണിമാതിൻകടാക്ഷ-
ശ്രീമൂലസ്വത്തുറപ്പിച്ചൊരു ബുധവരനാ-
    ണിന്നു പട്ടാഭിഷേകം! 3

സൌജന്യത്തിൻെറ സത്തോ, ധരണിയുടെ പുരാ-
    പുണ്യപൂരപ്പൊടിപ്പോ,
രാജന്യോൽകൃഷ്ടധമ്മപ്രകടനവടിവോ,
    മുൽസുധാധാരതാനോ?
ഭോജപ്രഖ്യാതഭൂമീവലമഥനപുനർ-
    ജ്ജന്മമോ, ഭക്തലോക-
ഭ്രാജന്മന്ദാരമോ, വിക്രമനരവരനി-
    ച്ചൊന്നതെപ്പേരുമാമോ! 4

പീയൂഷദ്രവഗോവിശേഷിതകലാ
    നാഥൻ പുകൾപ്പൂനിലാ-
വീയൂഴിക്കണിവസ്ത്രമായരുളിടും
    ശൈലാണ്ണവാധീശ്വരൻ
ശ്രീയുന്നീടിന കാന്തികൊണ്ടു സകലാ-
    ഹ്ലാദപ്രദൻ മാനമാർ-
ന്നീയൂഴം പരിപൂണ്ണനായ് വിലസുമീ-
    രാജാവു രാജാവുതാൻ. 5

അല്ലേ കാലാരികാന്തേ! സകലഭുവനവും
    തീർത്തു കാത്തിടുമമ്മേ!
തെല്ലേറെക്കാലമായിത്തിരുവടി തിരുമൂ-
    പ്പേററുകാൺമാൻ കൊതിപ്പൂ;
ചൊല്ലേറുന്നിപ്പദത്തിൽ പ്രഭയൊടു ചിരമി-
    സ്സർവ്വവിദ്യാൽകിരീട-
ക്കല്ലേററം മിന്നുമാറുറക്കനിവിനൊടു മിന്നു-
    ക്കേണമേ തൃക്കരത്താൽ. 6

# ദേവയാനീപരിണയം

## രണ്ടാംസർഗ്ഗം.

---

ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ (1-ാം സർഗ്ഗം), ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോനവർകൾ (2-ാംസർഗ്ഗം), കുണ്ടൂർ നാരായണമേനോനവർകൾ (3-ാംസർഗ്ഗം), പന്തളത്തു കേരളവർമ്മതമ്പുരാനവർകൾ (4-ാംസർഗ്ഗം), എന്നീ നാലു മഹാകവികൾകൂടി എഴുതിയ ഒരു ഖണ്ഡകൃതിയാണിതു്. മുമ്പു 'സുദർശനം' മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഈ കൃതിയുടെ കഥാവസ്തു സുപ്രസിദ്ധമാണല്ലോ.

വലമഥനസമാനസൽപ്രതാപ-
ജ്വലനശിഖാപരിദഗ്ദ്ധശത്രുവർഗ്ഗൻ
ഉലകിനു പതിയാം യയാതിയന്നാ-
ളലഘുരസം മൃഗയാവിധിക്കിറങ്ങി. 1

ഇടിയൊടുകിട ഭേരി താക്കി, മിന്നൽ-
ക്കൊടിയൊളിവാളുകളാന്ന സേനയോടും
കൊടിയൊരു ധരണീമഹേന്ദ്ര,നിഷ്ട-
പ്പടി ശരമാരിപൊഴിയ്ക്കുവാൻ മുതിർന്നു. 2

കതിരവനുദയാദ്രി പൂകുമപ്പോൾ
പതിവിനു കോഴികൾ കൂകിടുന്നപോലെ
ക്ഷിതിപതിയെഴുന്നള്ളിടുന്നനേരം
ശ്രുതികടുകാഹളനിസ്വനം മുഴങ്ങി. 3

തുരഗഖുരമടിച്ചൊരൊച്ച, വാദ്യോൽ-
കരബഹളം, ശ്ശുനകാവലിപ്രണാദം,
നിരവധി ജനമൊത്തു കാടിളക്കും-
ഖരരവ,മീവകയാൽ വനം കലുങ്ങി. 4

ശ്രവണപുടമടച്ചു മാററൊലിക്കും
രവമതു കേട്ടു പകച്ചു ജന്തുവർഗ്ഗം
ദവദഹനനടുക്കിലെന്നമട്ടിൽ
ശിവശിവ! പാച്ചിൽത്തുടങ്ങി നാലുപാടും. 5

പലവഴി പലമട്ടു ചാടിയോടും-
കല, പുലി, മാൻ മുതലായ ജന്തുവർഗ്ഗം
ബലമുടയ നൃപാസ്ത്രവഹ്നി തന്നിൽ
ശലഭകുലങ്ങൾ കണക്കു ചത്തൊടുങ്ങി. 6

ഹരിണതതി ജവേന പാഞ്ഞിടുമ്പോൾ,
ഹരികളിളിച്ചു കുതിച്ചു ചാടിടുമ്പോൾ,
കരി, നരിയിവ നേർക്കെത്തിടുമ്പോൾ,
ഹരിഹരി! ഭൂവരനമ്പയച്ചുകൊന്നാൻ. 7

നിജവിശിഖശരാസവിദ്യയേവം
സുജനകുലാഗ്രണിതാനരുക്കഴിച്ചു
വ്യജനസമ മഹീരുഹങ്ങൾ തിങ്ങും
വിജനതലത്തിലണഞ്ഞു വിശ്രമിപ്പാൻ. 8

വിടപികളടിമുട്ടുമാറു കമ്പി-
ട്ടുടവുപെടാത്ത നിലയ്ക്കു സല്ക്കരിച്ചു

അടവിയിലുളവാമചേതനങ്ങഠം-
ക്കുടയൊരു ഭക്തിയിലൂഴിപൻ രസിച്ചു. 9

തണലുതകിന വൻതരുക്കളോട-
ഗ്ഗുണനിധി യാത്രപറഞ്ഞു ദാഹമൂലം
ക്ഷണമഥ സലിലം തിരഞ്ഞു പൊട്ട-
ക്കിണറിനടുക്കലടുത്തു ദൈവഗത്യാ. 10

ക്ഷിതിപതി ജലകാംക്ഷയോടു കൂപം-
പ്രതി കുതുകത്തൊടു കണ്ണയച്ചനേരം
അതിശയഗുണമാന്ന തന്വിയൊന്നു-
ണ്ടതിലതിവിസ്മയമന്ധനായ് നൃപേന്ദ്രൻ. 11

നവകുസുമസമാംഗി ദിവ്യശോഭാ-
ഭവനമിതേതൊരു നാരിയായിരിക്കും?
ശിവമരുളുമഗേന്ദ്രപുത്രിയാളോ?
ശിവജടയിൽ കുടികൊണ്ട ഗംഗതാനോ? 12

മനസി പലതിവണ്ണമോത്തു മന്നൻ
വിനയമൃദുസ്വരമിത്തരം പറഞ്ഞു:-
"അനഘഗുണനിധേ! കഥിയ്ക്കു നീയാർ?
വനഭുവി ഗത്തഗയായ്ഭവിച്ചതെന്തേ?" 13

പരവശതകലന്നു കേണുനില്ക്കും
പരഭൃതഭാഷിണിയായ ദേവയാനി
നരവരവചനം ശ്രവിച്ചു, കണ്ണീർ-
നിര ചിതറി പ്രതിവാക്യമിത്ഥമോതി:- 14

“പുകൾപെരുകിന ശുക്രമാമുനീന്ദ്രൻ-
മകളിവ,ളാവൃഷപർവ്വരാജപുത്രി
പക കരുതി നിജാളിമാരുമൊത്തീ-
വകതിരിവറെറാരു കൃത്യമാചരിച്ചു. 15

വിജനവനതലാന്തകൂപമദ്ധ്യേ
സ്വജനസമീക്ഷണസൌഖ്യമേററിടാതെ
നിജതനുവിവരം വിട്ടുപോവതിൻമു-
മ്പജനലിവാർന്നു ഭവാനെയിങ്ങയച്ചു.” 16

കരളലിയുമൊരാവിധത്തിലേവം
വരമുനിനന്ദിനി വാർത്തയോതിയപ്പോൾ
കരതലമുടനൊന്നു നീട്ടി രക്ഷാ-
പരനവളെക്കുഴിതന്നിൽനിന്നു കേററി. 17

സ്മരസദൃശശരീരശോഭചേരും
നരപതിതൻ കരപത്മസംഗമത്താൽ
സ്മരപരവശയായ് വണങ്ങി ലജ്ജാ-
ഭരബഹുമാനഭയം പറഞ്ഞിതേവം:— 18

“ഇവളുടെ പരിരക്ഷ ചെയ്തൊരങ്ങു-
ന്നവനിപനെന്നറിയാം പറഞ്ഞിടാതെ;
തവ കുലമഭിധാനമെന്നിതെല്ലാം
ജവമൊടു ചൊല്ലുകവേണമേ ദയാലോ!” 19

“മതിമുഖി! നഹുഷാത്മജൻ യയാതി-
ക്ഷിതിപതി ഞാൻ ശശിവംശജാതനല്ലോ”
ഇതി നൃപവചനം ശ്രവിച്ചനേര-
ത്തതികുതുകം മുനിപുത്രി ചൊല്ലി വീണ്ടും:— 20

''അഹഹ! ബഹുരസം! ഭവാൻെറ പാണി-
ഗ്രഹണമഹോത്സവമാചരിച്ചവല്ലോ;
അഹമിനിയപരൻെറ കൈ പിടിയ്ക്കി-
ല്ലിഹ മമ വല്ലഭനങ്ങുതന്നെ മേലിൽ 21

കടുതരവികടത്തിൽനിന്നു രക്ഷ-
പ്പെട്ടവ,തിനാരുടെ പാണിയും പിടിയ്ക്കാം;
ഝടുതിയിവഠം പിടിച്ച പാണി ഭൂപ-
ത്തൊടുകുറിതന്നുടെയായ്;സനാഥയായ് ഞാൻ.'' 22

പുരുസുഗുണപയോധി ഭൂപനപ്പോ-
ളരുളി,യധമ്മവിചാരഭീതചിത്തൻ:—
''അരുതരുതു ശുഭേ! നമുക്കിതൊന്നും
ഗുരുജനസമ്മതി നിണ്ണയിച്ചിടാതെ. 23

ക്രമരഹിതവിചേഷ്ടിതങ്ങളൊന്നും
ഹിമകരവംശജരാചരിക്കയില്ല;
അമരരിപുകലാഢ്യനായ ശുക്രൻ
സുമതി!യിതിന്നനുവാദമേകയില്ല.'' 24

എന്നോതിധമ്മവിദ്ധ്വംസനഭയമിയലും
പാത്ഥിവൻ യാത്രയായാ;-
നന്നോളംചേന്നു മോഹക്കടലിലവഠം നിരീ-
ക്ഷിച്ചുതേ തൽപ്രയാണം;
വന്നോരുഠംത്താപകോപസ്മരഹേനജമാം
ചുട്ട കണ്ണീർകണത്താൽ
കന്നോട്ടം കൊങ്കരണ്ടും കഴുകിമരുവിനാഠം
ശുദ്ധയാം ശുക്രപുത്രി.

# കടാക്ഷസന്ദേശം.

വന്ദേ വാണീഭഗവതി! സരോജാസന-
പ്രാണനാഥേ!
വന്ദേ ലോകത്രയമതിൽ നിറഞ്ഞുള്ള മാ-
യാസ്വരൂപേ!
സന്ദേഹംവിട്ടഹമിഹ ചമച്ചീടുമി-
പ്പുത്തനാകും
സന്ദേശത്തിൽ പിഴകളണയാതാക്കുവാൻ
നോക്കുകമ്മേ! 1

കല്യാത്മാവാമൊരുസുകൃതിയെക്കണ്ടു കാമിച്ചിതേതോ
കല്യാണാംഗീനികരമണിയും മാലയാമേകനാരി
ശല്യാധിക്യം കുസുമവിശിഖൻ നിഷ്കൃപം ചെയ്കമൂലം
തുല്യാതീതവ്യഥയൊടു കടാക്ഷത്തിനോടിത്ഥമോതി:- 2

"അല്ലേ! കേൾക്കെൻ കടമിഴി! നിന-
ക്കല്പവും സ്നേഹമെന്നോ-
ടില്ലേ? നീയെന്തിവളുടെ രുജാ-
വസ്ഥ ചിന്തിച്ചിടാഞ്ഞൂ!
ചൊല്ലേറുന്നെൻപ്രിയനമരുമ-
പ്പുണ്യദേശത്തു നീ പോയ്
ചൊല്ലേണം മൽകദനമഖിലം
സർവ്വലോകൈകവശ്യേ! 3

മുമ്പിൽച്ചെല്ലേണ്ടൊരു വഴിയിൽഞാൻനിന്നെയെ-
ത്തിച്ചുകൊള്ളാ-
മമ്പിൽച്ചൊല്ലേണ്ടൊരു വിവരവും വിസ്തരി-
ച്ചോതിയേക്കാം;

വമ്പിച്ചീടും സ്മരകൃതമഹാതങ്കശ-
ക്ത്യാക്രമത്താൽ
വമ്പിച്ചായ്ത്തീൎന്നിടുമതിനുമുൻ പോക നീ
സാധുശീലേ! 4

കത്തിക്കാളും കഠിനതരമായുള്ളൊരക്കാട്ടുതീയോ-
ടൊത്തിക്കാലം മനമതിലെരിഞ്ഞീടുമിദ്ദുഃഖഭാരം
മൂത്തിക്കാണും കൃശതനുവനങ്ങാതെയാകുന്നതിൻമു-
മ്പെത്തിക്കേണം പ്രിയതമനുനീയെന്റെവൃത്താന്തമെല്ലാം.

നീറിക്കത്തും വ്യസനദഹനേ ശേഷയാമെങ്കിലും ഞാൻ
വേറിട്ടുള്ളോരൊടു മമ രഹസ്യങ്ങളെച്ചൊൽകയില്ലാ,
മാറിൽച്ചേൎപ്പാൻ പ്രിയരമണനെച്ചേൎത്തു നൽകില്ലതല്ലാ-
ക്കൂറില്ലാത്തക്കുമതികൾ വൃഥാ ഹാസ്യമാക്കിക്കുഴക്കും. 6

നിന്നോടെന്തും പറവതിനെനിക്കില്ല സ-
ന്ദേഹമൊട്ടും;
തന്നോടുണ്ടോ പറയുക തനിക്കുത്ഭവി-
ക്കുന്ന നാണം?
പൊന്നോടേല്ക്കും തനുരുചികലൎന്നുള്ളൊരെൻ
പ്രാണനാഥൻ-
തന്നോടീവസ്തുത ഭവതിതാൻ ചെന്നു ചൊ-
ല്ലേണമാൎയ്യേ! 7

'നീയിച്ചൊല്ലും പുരുഷനൊരു നൽധീരനാ-
ണെങ്കിലോ, ഞാൻ-
പോയിച്ചെയ്യും പണിയിലിളകീലെന്നു വ-
ന്നേയ്ക്കുമല്ലോ'

ഭൂയിഷ്ഠശ്രീ ഭവതി കരുതൊല്ലീവിധം
മാനഹാനി-
ക്കായിട്ടുള്ളൊന്നിനു തുനിയുവാൻ ഞാനയ-
യ്ക്കില്ല നിന്നെ. 8

കാര്യം ചൊല്ലാം പുരുഷകലമിന്നൊക്കയും ധീക്കരുത്താൽ
സ്ഥൈര്യംഭാവിച്ചമരുകില്ല,മീ നാരിമാർ മാഗ്ഗമായി
വീര്യംകൂട്ടും വിഷമവിശിഖൻ ചെന്നെതൃക്കുന്നനേരം
ധൈര്യം പോയിട്ടുഴലുമതു നീ കണ്ടുപോരുന്നതല്ലേ? 9

പാരീരേഴിന്നധിപതികളാം പങ്കജാക്ഷൻ, വിധാതാ,
ഗൌരീനാഥൻ, സുരപതിമുതൽക്കുള്ള ദേവൌഘമെല്ലാം
നാരീചഞ്ചൽക്കടമിഴികളിൽപ്പെട്ടു കഷ്ടപ്പെടുന്നു-
ണ്ടാരീലോകത്രയമതി,ലതിൽ കീഴടങ്ങാതെയുള്ളു? 10

എങ്കൽ തിങ്ങും പ്രണയമഖിലം ഞാൻ സമർ-
പ്പിച്ചതാമ-
ത്തങ്കപ്പാത്രത്തിനു കരുണ തെല്ലെന്നില്ല-
ണ്ടെന്നു നൂനം;
ഞാൻ കഷ്ടപ്പെട്ടനിശമിവിടെക്കേണുവാ-
ഴുന്ന കാല-
ത്തെങ്കൽ പണ്ടസ്സുകൃതി കൃപയാ തൻകട-
ക്കണ്ണയച്ചാൻ. 11

രാഗം നമ്മോടധികമവിടയ്ക്കുണ്ടവിക്കായ്കിലും മാ-
ഗാംഭീരൻ വിപുലകൃപയാലെങ്കിലും സ്വീകരിക്കും;
വേഗം പോയീടുക ഭവതി ചെന്നേററവും താഴ്മയോടെൻ-
ഭാഗംപേറിപ്പറക വിവരം; സിദ്ധമാം, കാര്യമെന്നാൽ. 12

നീയാണല്ലോ ഹിമഗിരിജതന്നാസ്യപത്മത്തിൽവാണി-
ട്ടായാസംവിട്ടസമവിശിഖദ്വേഷിയെപ്പാട്ടിലാക്കി,
പ്രേയാനാക്കീ ത്രിഭുവനശുഭത്തിനു യതിച്ചതെല്ലാ-
മീ യാത്രയ്ക്കിന്നതിലൊരു സഹസ്രാംശമുണ്ടോ പ്രയാസം?

മായാദേവീമുഖമതിനലങ്കാരമായ് ചേൎന്നു നിത്യം
നീയാണീരേഴുലകുമുളവാക്കിബ്ഭരിക്കുന്നതല്ലോ;
പോയാലും നീ, ഹൃദയദയിതഭ്രാന്തിയുഠംക്കൊണ്ടു ദുഃഖ-
ത്തീയാളുന്നെൻമനമിതു തണുപ്പിക്കുവാൻ നോക്കു വേഗം.

പ്രാണാതീതപ്രിയമിയലുമാസ്നേഹിതന്മാരുമൊന്നി-
ച്ചേണാങ്കശ്രീ തടവുമരവിന്ദാക്ഷനെൻ പ്രാണനാഥൻ
വാണാനന്ദിച്ചനവധി വിശേഷങ്ങഠം ചൊല്ലുന്നനേരം
കാണാം,മപ്പോഠം തവ ജനനസാഫല്യവും കൈവരുത്താം.

ചേതസ്സിങ്കൽ സ്ഥിരമകളങ്കപ്രിയംചേൎന്ന മിത്ര-
വ്രാതത്താലെൻപ്രിയതമനഹോ! സന്തതം സേവ്യനല്ലോ;
നീ തഞ്ചംപാൎത്തവിടമതണഞ്ഞാലുമേകാകിയായി
ശ്രീ തഞ്ചീടും സുകൃതനിധിയെക്കാണുവാൻ സാദ്ധ്യമാകാ.

പത്തല്ലേറെപ്പുരുഷരൊരുമിച്ചാസ്ഥയാ വാഴ്കിലും,നൽ-
പ്പുത്തൻ സ്വൎണ്ണപ്രഭയൊടിടയും ദേഹസൽക്കാന്തിയാലും
മുത്തത്യന്തം തരുമൊരു രസാഭാഷണത്താലുമേ മൽ-
ച്ചിത്തം വഞ്ചിച്ചവനെയറിയാം ലേശവും ക്ലേശമെന്യേ.

ഇഷ്ടന്മാരായരികിലനുവൎത്തിക്കുവാൻ ഭാഗ്യമുള്ള-
ശ്ശിഷ്ടന്മാരിൽ ഭവതി നിപതിയ്ക്കാതുടൻ ജാതധൈൎയ്യം

ദിഷ്ടശ്രീമൽപ്രിയനി,ലതുലാനന്ദമുററംകൊണ്ടണഞ്ഞെൻ-
കഷ്ടപ്പാടിൻ സ്ഥിതികളഖിലം ചൊല്ല നീയിപ്രകാരം:—

'സാരാത്മാവേ! സകലസൽഗ്ഗുണാഗാര! സൌ-
ഭാഗ്യസിന്ധോ!
പാരാവാരാധികതരഗഭീരാശയ!
പ്രാജ്ഞമൌലേ!
സാരാസാരം ചെറുതുമറിയാതുള്ളൊരി-
സ്സാധ്വവോതും
ഗീരാകെക്കേററപ്പതിന്നു കരുണാലേശമേ-
ശേണമെന്നിൽ. 19

സന്തോഷത്തോടൊരുതവണയെന്നച്ഛനെ-
ക്കാണുവാനായ്-
ത്തന്തോഴന്മാർ ചിലരുമൊരുമിച്ചാലയേ
വന്നനേരം
എന്തോ ത്വന്മൂർത്തിയെ മമ മിഴിക്കോണു ചെ-
ന്നാശ്രയിച്ചു
ചിന്തോദന്വാനതിൽ മുഴുകിയാണന്നുതൊ-
ട്ടെൻെറ വാസം. 20

കാലാകാലക്രമമനുസരിയ്ക്കാതെ സന്താപവഹ്നി-
ജ്വാലാമാലയ്ക്കരിയൊരിരയായ്ത്തീന്ന മച്ചിത്തമയ്യോ!
മേലാലൊററദ്ദിനമിതു സഹിച്ചീട്ടവാൻ വയ്യ, വേഗം
മാലാകെത്തീത്തരുളണമസാമാന്യകാരുണ്യരാശേ! 21

പ്രാണൻപോകുംപടി കഠിനമാമസ്ത്രജാലത്തെ മാമ്പൂ-
ബാണൻ തൂകീട്ടകതളിർ തളന്നാത്തയായേററവും ഞാൻ
നാണംകൊണ്ടിക്കഥയിതുവരെച്ചൊല്ലവാൻസംശയിച്ചേൻ
ത്രാണംചെയ്യീടണമടിമയാമെന്നെ മൽപ്രാണനാഥാ! 22

തങ്കം, തിങ്കൾക്കളരുചി, തടിത്തെന്നിവ-
യ്ക്കുള്ളിലത്യാ-
തങ്കം തങ്കിച്ചിട്ടമമലമാം ത്വദ്വപു-
സ്സിൻ സരാഗം
സങ്കല്പത്താലൊഴികെയൊരുനാൾ ചേൎത്തു പുൽ-
കായ്കിലിന്നി-
ക്കൊങ്കദ്വന്ദ്വം മദുരസി മുളച്ചുള്ളതി-
ന്നെന്തു പുണ്യം? 23

നീരാളത്തിൻ നിറമെഴുമൊരന്നിൎമ്മലാം-
ഗത്തിലെന്നെ.
ചേരാൻ സാധിക്കുകിലതിലഴക്കൊന്നുമേൽ-
ക്കാതിരിപ്പാൻ
പാരാതക്ഷിദ്വയമതു നിറഞ്ഞെപ്പൊഴും
പ്രസ്രവിക്കും
നീരാൽ ഞാനെൻമുലകൾ കഴുകി സ്വച്ഛമാ-
ക്കുന്നു നിത്യം. 24

പാരം പ്രേമം കലരുമവിടത്തോടു ചേൎ-
ന്നാലജസ്രം
നേരംപോക്കും പല കഥകളും തട്ടിവി-
ക്കേണ്ടതുണ്ടാം;
സ്വൈരം രാവൊക്കയുമതിനെടുക്കേണ്ടതാ-
മെന്നതോൎത്തി-
ന്നേരം മോദാലതു ബത പഠിക്കുന്നു ഞാൻ
രാത്രിതോറും. 25

പ്രേമാധിക്യാൽ ദൃഢതരമണച്ചാദരാൽ
പുൽകിടുമ്പോ-
ളീ മാറിൽ ചേൎന്നൊരു വിവിധമാം ഭൂഷണ-
ശ്രേണിയാലേ
ഹേ മാന്യ! ത്വൽതനുവൊടണവാൻ വിഘ്നമാ-
മെന്ന ഭീത്യാ
സാമാന്യാലങ്കരണമഖിലം ഹന്ത! പൊ-
ട്ടിച്ചെറിഞ്ഞേൻ. 26

ഉല്ലന്നശ്രീവിലസുമവിടുന്നെത്തിടും-
മുമ്പു പുത്തൻ-
തല്പങ്ങൾക്കൊന്നിനുമിഹ പഴക്കം ഭവി-
ക്കാതിരിപ്പാൻ
താല്പൎയ്യത്തോടതുകളെ വിരിച്ചിട്ടു, ശു-
ദ്ധം നിലത്തിൽ
കല്പംപോലുള്ളൊരു നിശകളെത്താൻ നയി-
ക്കുന്നു ഹാ! ഞാൻ. 27

എല്ലാമേവം വെറുതെ വിവരിക്കുന്നത-
ല്ലുള്ളതോതാ-
മെല്ലാം തയ്യാറിവിടെയവിടുന്നൊന്നു ക-
ണ്ടെണ്ണിട്ടുന്നാൽ
വല്ലാതുള്ളെൻ വ്യസനമഖിലം തീൎന്നു ക-
ല്പാന്തപൂൎവ്വം
സോല്ലാസം നാമിരുവരുമണഞ്ഞെന്തു ചൊ-
ല്ലേണ്ടു പിന്നെ.

അന്തമ്മോദാൽ പലതുമിതുപോലെൻെറവാക്കിൽ
കഥിച്ചാൽ
സ്വന്തം വാക്കായ്ചിലതു ഭവതിയ്ക്കും കഥിയ്ക്കാമിവണ്ണം:-
'എന്തയ്യയ്യോ മമ ദുരിതമീയപ്പുവെള്ളത്തിൽ നിത്യം
നീന്തത്തക്കോരപകടദശയ്ക്കെന്നെയാക്കുന്നുവല്ലോ. 29

കാററും വെയിലും പൊടികളുമസഹ്യാത്തിനല്ലും പദാത്ഥം
മററും പററായ്വതിനുതകുമീയെൻെറ മേമ്പോളയല്ലോ
ചെററും മൽസ്വാമിനിയതു മുറയ്ക്കിങ്ങടയ്ക്കാതെയായി
മുററും ഘോരവ്യഥയനുഭവിച്ചീടുവാൻ ഞാനുമായി. 30

നിത്യം രാത്രൗ ക്രമമൊടുമുറങ്ങായ്കിലെൻകാൎയ്യമെല്ലാ-
മത്യന്താത്തിപ്രദമരുണമായ്തീൻ വല്ലാതെയാം ഞാൻ;
സത്യം ചൊല്ലാമിതു ചെറുതുമെൻസ്വാമിനിക്കില്ലബോധം
നിത്യശ്രീമൻ ബുധവര! ഭവാനെന്നെ രക്ഷിച്ചിടേണം. 31

നീതാൻ ചെന്നീവിവരമഖിലം ചൊൽകില-
ദ്ധന്യശീലൻ
ജാതാനന്ദപ്രണയമതിനെ സ്വീകരി-
യ്ക്കാതിരിയ്ക്കാ;
പ്രേതാധീശാഹിതതനുപകുത്തോരു ഗൌ-
രീകടാക്ഷ-
ശ്രീതാൻ നമ്മൾക്കശുഭമഖിലം തീൎത്തു
സൌഖ്യം തരട്ടേ! 32

—:o✳o:—

# ശ്രീമതി.

## 6-ാം ഭാഗം

——

കേരളചിന്താമണി 4-ാംപുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തിയ പ്രസ്തുതകൃതി, ശ്രീമാന്മാരായ കുററിപ്പുറത്തു കേശവൻനായർ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, ചങ്ങരംകോത കൃഷ്ണൻകത്താവ്, വള്ളത്തോൾ ഗോപാലമേനോൻ, കുററിപ്പുറത്തു കിട്ടുണ്ണിനായർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ചെങ്ങഴിശ്ശേരിൽ കൃഷ്ണപിള്ള, പന്തളത്തു കേരളവമ്മതമ്പുരാൻ എന്നീ എട്ടു കവികൾകൂടി എഴുതിയതാണ്. അയോദ്ധ്യാധിപതിയായ 'അംബരീഷ'ൻെറ പുത്രിയും സവ്വാംഗസുന്ദരിയുമായ 'ശ്രീമതി' എന്ന കന്യക ശ്രീനാരായണമൂത്തിതന്നെ ഭത്താവായിത്തീരാൻ പ്രാത്ഥിച്ചുകൊണ്ടിരുന്നതിന്നിടയ്ക്കു, ഭഗവൽഭക്തന്മാരായ നാരദൻ, പവ്വതൻ എന്നീ മഹഷിമാർ ഇഭൂലോകലക്ഷ്മിയെ കണ്ടു കാമിച്ച് അവളെ കൊടുപ്പാൻ രാജാവിനോടപേക്ഷിച്ചതിൽ അവൾക്കിഷ്ടമുള്ള ആളെ വരിക്കാമെന്നു പറകയാൽ, മഹഷിമാരിൽ ഓരോരുത്തരും സ്വകാൎയ്യമായി ഭഗവാനെ ചെന്നുകണ്ടു്, കന്യക നോക്കുമ്പോൾ മറെറ ആളുടെ മുഖം കുരങ്ങൻെറ മുഖമായിക്കാണാനുള്ള വരം വാങ്ങിപ്പോന്നു. മഹഷിമാർ രണ്ടാളും വിവാഹത്തിന്നു ഹാജരാകയും, കന്യക നോക്കിയപ്പോൾ രണ്ടാൾക്കും കുരങ്ങൻെറ മുഖമുള്ളതായും, നടുക്കു സാക്ഷാൽ ശ്രീനാരായണസ്വാമി നില്ക്കുന്നതായും കണ്ട

തിനാൽ ഭഗവാൻെറ കഴുത്തിൽ മാലയിടുകയും ചെയ്തു. ഇങ്ങിനെ രണ്ടു മഹൎഷിമാരേയും ഭഗവാൻ തോല്പിച്ചതാണിതിലെ കഥാവസ്തു.

അവനീപതി, പുത്രിതൻ വിവാഹം
നവമാമുത്സവമട്ടിലാചരിപ്പാൻ
ജവ,മേകിയൊരാജ്ഞ കേട്ടു മന്ത്രി-
പ്രവരന്മാർ പുരിയൊന്നു പുത്തനാക്കി. 1

പുതുവെങ്കിളിയെന്ന കൈതവത്താൽ
കുതുകംപൂണ്ടു ചിരിച്ചു പൌരലക്ഷ്മി;
അതുപോലവഠം തോരണച്ഛലത്താ-
ലതുനാഠം മംഗലസൂത്രവും ധരിച്ചു. 2

വെടിയിൽ കടുനാദമോടു ഭേരീ-
രടിതംകൂടിയിണങ്ങിയത്തരത്തിൽ
ഇടിവേററമണയ്ക്കു കാരണത്താ-
ലിടികെന്നായ്സ്തനിതത്തിനുള്ള നാമം. 3

അരചപ്പെരുമാക്കഠം മഞ്ചമേറി-
സ്സരസം ദേവകഠംപോലെ വാണുകൊണ്ടാർ;
തരളാക്ഷിയിലുള്ളുറച്ചു വീണാ-
ധരനും പൎവ്വതനും തപംതുടങ്ങി. 4

ക്ഷണമേവമിരുന്നവാറു മിന്നൽ-
പിണരാകാരമെടുത്തണഞ്ഞപോലെ
മണമേറിയ മാലയോടുമദ്ര്യൽ-
ഗുണയാം ശ്രീമതിതൻ പ്രവേശമായി. 5

ഇടവും വലവും സഖീജനത്തിൽ
സ്ഫുടമർപ്പിച്ചു കരാംബുജങ്ങളോടും
മടവാർമണി മന്ദഹാസലേശം
തടവും ത്തുമുഖമോടുമെത്തി മന്ദം. 6

സ്തനദ്യുതികൊണ്ടു കണ്ടിരിപ്പോ-
ക്കതെന്നുച്ചൂടു വളർന്നതൊത്തതല്ലോ;
സ്മിതചാരുരസത്തിലേവരും വി-
സ്മിതരായ്മുങ്ങിയതത്ഭുതം നിനച്ചാൽ. 7

പല രത്നമണിഞ്ഞ പല്ലവാംഗീ-
കുലരത്നം നിജമേനി തെല്ലുലച്ചു
വലവൈരിധനുസ്സുലച്ച ശോഭാ-
വലയം പൂണ്ടിതു രാഗലക്ഷ്മിയപ്പോൾ. 8

അലസാക്ഷി നിജാക്ഷികൊണ്ടു ചുററും
വിലസും യോഗ്യരെയൊക്കെയൊന്നു നോക്കി,
സുലഭം വിഹഗങ്ങൾ വന്നിരുന്നാൽ
വല വീശുന്നൊരു വേടനെന്നവണ്ണം. 9

സുഷമാശരപൂരമക്ഷിതോറും
വിഷമാകുംവിധമെയ്തു സുന്ദരാംഗി
വിഷമം കലരാതുറച്ചുനിന്നാൾ
വിഷമാസ്ത്രന്റെ ജയദ്ധ്വജം കണക്കേ. 10

# ചണ്ഡാലീമോക്ഷം.

(നാലാം സൎഗ്ഗം)

ഇതു സുപ്രസിദ്ധമായ ശിവപുരാണത്തിലെ കഥതന്നെയാകയാൽ പൂൎവ്വകഥാഭാഗം ഇവിടെ ചേൎക്കുന്നില്ല. ഇതു് ആകെ അഞ്ചു സൎഗ്ഗത്തിലുള്ള ഒരു ഖണ്ഡകൃതിയാണു്. ഇതിൽ ആദ്യത്തെ സൎഗ്ഗം കോയിപ്പിള്ളി പരമേശ്വരകുറുപ്പും, രണ്ടാംസൎഗ്ഗം പരിയാടത്തു ഗോപാലമേനോനും, മൂന്നാംസൎഗ്ഗം ഒടുവിൽ ശങ്കരൻകുട്ടിമേനോനും എഴുതിത്തീൎത്തതിൻെറശേഷം നാലാംസൎഗ്ഗമാണു് നമ്മുടെ കവി തുടങ്ങിയിരിക്കുന്നതു്. അഞ്ചാംസൎഗ്ഗം കടത്തനാട്ടു കെ. ശങ്കരവാരിയരെഴുതിയതുമാകുന്നു. ഇതു് 1085 ചിങ്ങം, കന്നി ലക്കം 'സുജനവിനോദിനി'യിൽ പ്രസിദ്ധപ്പെടുത്തിയതാണു്.

ശിവശിവ! പറയൻെറ പൈതലായ്‌വ-
ന്നവളുവവായളവററ ദുഷ്കൃതത്താൽ
അവനിവധുവിന്നു തൽപദാന്തേ
നവമൊരു കേടു കടന്നു പെട്ടപോലെ. 1

കുറുനരി, കിരി, ചേര, ഞണ്ടു, തേളെ-
ന്നറുവഷളാകിയ ജീവികഠംക്കു കൂടി
പെറുതഴകുപെടുന്നു ബാല്യകാലേ
പെറുപറയിയ്ക്കതുപോലുമില്ല കഷ്ടം! 2

കറുകറുനെയിരു,ണ്ടിരുട്ടുഭൂതം
പെറുമൊരു നൂതനമായ പൈതൽപോലെ

ഊറുകവിരൾ, പതിമൂക്കു, നല്ല വയ്ക്കോൽ-
ത്തുറുവയറിത്തരമാണു വേഷഘോഷം 3

ഇരുമിഴികളുമില്ല; മെയ്യിലെല്ലാ-
മൊരു വിരലിൻഘനമുണ്ടു കുഷ്ഠബീജം;
പെരുമുറ കരയും കിടാവജസ്രം
പുരുദുരിതപ്പുളിനീർ പൊതിഞ്ഞപോലെ. 4

തനയനൊരു വിരൂപനംഗഹീനൻ
ജനസമുദായവിനിന്ദ്യനെങ്കിലും താൻ
ജനകജനനിമാർക്കു വാച്ച കൂറിൽ
ഘനമെഴുമാനില തെററിയിക്കിടാവിൽ 5

കരയുകിൽ മുലയമ്മ നൽകയില്ലാ,
വിരലുകൾകൊണ്ടു തിരുമ്മിടും പിതാവും,
പരമശിവ! മികച്ച ദുഷ്കൃതത്തിൻ-
നിരയുടെ ശക്തിയിവണ്ണമൊക്കെയാമോ? 6

പതിവിനു ശുനകനു ചോറുനൽക-
ന്നതിലവശേഷമെഴുന്ന വററുമാത്രം
അതികഠിനമവൾക്കു നൽകുമച്ഛൻ
മതി,യതു തിന്നവൾ വീർത്തു പോക്കപോലെ

ഉടലുമുടലിലുള്ള കുഷ്ഠരോഗോൽ-
കട കടുദുർവ്രണവും പൊരിഞ്ഞ നോവും,
ഉടയവരുടയാവെറുപ്പുമെല്ലാ-
മുടനുടനൊത്തുവളർന്നു മൂത്തുവന്നു. 8

തൊലിമുഴവനലിഞ്ഞു നാറിയപ്പോൾ
വലിയൊരുപദ്രവമായ പുത്രിതന്നെ
അലിവകലുമൊരച്ഛനർദ്ധരാത്രൗ
ബലി കളയുംപടി കൊണ്ടു കാട്ടിലിട്ടാൻ. 9

വിജനവനനിവാസ, മന്ധഭാവം,
സ്വജനവിയോജന,മുഗ്രകുഷ്ഠരോഗം
രജനി,യബല, ഹാ കഥിപ്പതെന്താ-
ണജനിവയൊക്കെയിണക്കിവിട്ടുവല്ലോ! 10

അതുമുതൽ വഴിതപ്പി മുള്ളുകുത്തി-
ച്ചതുപത വീണിരതെണ്ടി നാൾകഴിച്ചു
ഇതുപൊഴുതവൾ തൻെറ ജന്മയുഗ്മ-
പ്പുതുമകൾ തമ്മിൽ നമുക്കിണക്കിനോക്കാം. 11

കഴകി മിനുസമാക്കി മുമ്പു പച്ച-
പ്പുഴു പനിനീരൊടണിഞ്ഞ കൊങ്കയുഗ്മം,
കഴകി നവരസം വരാസ്ഥമൂലം
പുഴു പനിനീരിടചേൎന്നു തത്തിടുന്നു. 12

ഹിതമെഴുമൊളിപൂരുഷൻ വരുമ്പോൾ
കതകിനു വെച്ചൊരു സാക്ഷയാശു നീക്കാൻ
ഉതകിന വിരലൊക്കെയററു, ചോര-
പ്പുത ചലമൊത്തൊഴുകുന്ന മട്ടിലായി. 13

അരിമയൊടവനുള്ള കണ്ഠനാളം
വരിയുമിളംഭുജവല്ലി രണ്ടുമിപ്പോൾ

ഹരി! ഹരി! മുരടിച്ചു കട്ടികൂടി-
ക്കരിവരനുള്ളൊരു തുമ്പിപോലെയായി. 14

ഒളിവരനനുവേലമാസ്വാദിയ്ക്കും
തളിർമൃദുവാകിന ചോരിവാസ്ത്വിദാനീം
ഒളിമുഴുവനകന്നു ദുർവ്രണത്തിൽ
കളിയെഴുമീച്ചകളാർത്തുടുത്തിടുന്നു. 15

സ്പൃഹപെരുകുമവൻ കുറിച്ചു ലീലാ-
ഗൃഹമണവാനുഴറുന്ന പാദപത്മം
അഹഹ! വിരലശേഷമററു പുണ്ണിൻ
ലഹളകളാലിളകാത്ത മട്ടിലായി. 16

സുലളിതകൃശമദ്ധ്യമന്നു മൂടും
വീലപെരുകും മൃദുപട്ടുചേലയിപ്പോൾ
ചലമലരുധിരങ്ങൾ ചേർന്നു നാറി-
പ്പലവഴി കീറി മുഷിഞ്ഞ കച്ചയായി. 17

പലപല ഫലിതപ്രയോഗഗാന-
ക്കലവികളിൽപ്പുകൾപെട്ട രുദ്രസംജ്ഞ
അലഘുരുജ സഹിച്ചിടാഞ്ഞു ഹാ ഹാ!
നിലവിളി സാധകമാക്കി വാഴ്കയായി. 18

വിടുവിടരെ വഴിയ്ക്കുവെച്ചു കണ്ടാൽ
ചടുതലപൂണ്ടു കളിച്ച ചാരുനേത്രം
കടുതരദുരിതക്കഠാരി കേററി-
പ്പടുകുഴിയായ്പ്പരമേഷ്ഠി തീർത്തു പണ്ടേ. 19

ഇതി വികൃതശരീരയാകുമാദ്ദർ–
ഗ്ഗതി,യൊരുനാളൊരു പാട്ട സജ്ജനങ്ങൾ
ധൃതിയിലൊരുവഴിയ്ക്കു പോവതായ്ക്ക–
ണ്ടതിജവമോടവരൊത്തു യാത്രചെയ്താൾ. 20

ധ്രുവമവർ ശിവരാത്രിയോർത്തു പോകു–
ന്നവ,രവളായതു സദ്യയെന്നുമോർത്തു;
ഭുവനവിദിതമാം ഭവാലയം പ്ര–
ക്കവശതയോടവൾ വീണു കേണിതേവം:— 21

"പെരുവഴിനടുവേ നടന്നുപോകും
പെരുമപെട്ടന്നവരേ! കുറച്ചുനില്പിൻ;
ഒരുചെവിയിവൾതൻെറയല്പൽകേൾപ്പാ–
നരുളുവിനൊന്നു, പറഞ്ഞുതീർത്തിടട്ടേ. 22

പറയൻടെ പഴങ്കിടാവു ഞാനെൻ–
പിറവിയിലേ മിഴിരണ്ടുമില്ലയല്ലോ;
കറപെട്ടമുടൽ കണ്ടു തന്ത,യെന്തോ
പറവതു, ക്രൂരവെടിഞ്ഞു വിട്ടെറിഞ്ഞു. 23

ഒരു പിടിയരിയില്ല, കാശു കാശെ–
ന്നരുളുവതെങ്ങിനെയെന്നറിഞ്ഞുകൂടാ,
ഒരു ചെറുതുണിയില്ല, കൂട്ടമായി–
ത്തുരുതുരെയീച്ച പൊതിഞ്ഞ മെയ്മറപ്പാൻ. 24

ഒരുവനുമിവളെത്തിരിഞ്ഞുനോക്കീ,–
ലൊരു മകനോ മകളോ പിറന്നതില്ല,
കരുമനയിതു കേട്ട നാഴിവെള്ളം
തരുവതിനുററവരില്ലിവൾക്കൊരാളും. 25

ഉടലിതു വഷളാകകൊണ്ടു ചാക്കി-
ന്നുടയവരും തൊട്ടുവാൻ മടിച്ചിടുന്നു
കടലിതു കരകേററുകഞ്ചുനാളാ-
യിടരൊടു പട്ടിണിയായ്ക്കഴിച്ചിടുന്നു." 26

ഇതി ബഹുദയനീയമാം സ്വരത്തിൽ
ക്ഷിതിയിലുരുണ്ടവൾ കേണിടുന്നനേരം
മതി മതിയിതു കേട്ടതെന്നുരച്ചി-
ട്ടതിലൊരുകൂട്ടർ നടന്നു പാട്ടുനോക്കി. 27

ഇതരർ ചിലരുരച്ചു "പൂർവ്വജന്മാർ-
ജ്ജിതദുരിതക്കളിയാണു കാണ്മതെല്ലാം;
ദ്രുതമിതിലലിവാന്നു നാം തുണച്ചാ-
ലതനുവിരോധിവിരോധമിങ്ങുമുണ്ടാം." 28

പ്രകൃതികുടിലരീവിധം കഥിക്കേ
സ്സുകൃതിയൊരാളൊരു നല്ല വില്വപത്രം
അകൃതകകൃപയോടവൾക്കെഴുന്നാ-
വികൃതകരത്തിലണച്ചു ധർമ്മമായി. 29

പ്ലവഗകരതലസ്ഥമാലപോലാ-
യവളതു നാററി വലിച്ചെറിഞ്ഞു ദൂരേ,
ശിവശിവ ഭഗവൻ! പ്രസീദ ശംഭോ!
ജവമൊടു ചെന്നതു വീണു ശൈവലിംഗേ. 30

ഭുജിപ്പതിന്നു നല്ലതല്ലിലയിതെന്നു കല്പിച്ചുടൻ
ത്യജിച്ചു ശിവപൂജനപ്രഥിതവില്വപത്രം സ്വയം
ദ്വിജിഹ്വകലഭൂഷണന്നുടയ സൽപ്രസാദാമൃതം
വ്രജിച്ചു നിപതിച്ചതപ്പറയിതൻെറ പുണ്യോദയാം.

# പഞ്ചാംഗി

## (അഞ്ചാം സൎഗ്ഗം)

---

ശ്രീ: കടത്തനാട്ട കെ. ശങ്കരവാരിയർ, കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്, പരിയാടത്തു ഗോപാല മേനോൻ, ഒട്ടവിൽ ശങ്കരൻകുട്ടിമേനോൻ, ഒട്ടവിൽ കുഞ്ഞികൃഷ്ണമേനോൻ ഇങ്ങിനെ ഒരു സാഹിത്യസദസ്സിലെ അഞ്ചംഗങ്ങൾ ചേൎന്നുണ്ടാക്കിയതായ ഈ 'പഞ്ചാംഗി' മുമ്പു 'കേരളചിന്താമണി'യിൽ ചേൎത്തിരുന്നതും, പ്രത്യേകമൊരു പുസ്തകമാക്കിയിരുന്നതുമാണ്. മധുരാപുരിയിലെ ഒരു മഹാവീരനായ രാജാവ്, വിക്രമാദിത്യനെപ്പോലെ, കാടാറുമാസവും നാടാറുമാസവുമായി.രാജ്യപരിപാലനം ചെയ്തുവരുന്നതിന്നിടയ്ക്ക് ഒരു കാടാറുമാസക്കാലത്ത് അദ്ദേഹത്തിൻെറ വായനക്കാരനായ 'പഞ്ചാംഗി' എന്ന പരിശുദ്ധബ്രാഹ്മണൻ പതിവുപോലെ, ഒരു ദിവസം അന്ത്യയാമത്തിൽ വായനക്കു ചെന്നസമയത്ത് രാജാവിൻെറ പട്ടമഹിഷിയും മന്ത്രിയുംകൂടി കിടക്കുന്നതു കാണുകയും, അതു ബ്രാഹ്മണൻ രാജാവിനോട്ട പറഞ്ഞാലുണ്ടാകുന്ന ആപത്തു ഭയപ്പെട്ടു്, രാജാവു മടങ്ങിവരുമ്പോൾ പട്ടമഹിഷി കലഹം ഭാവിച്ച് ബ്രാഹ്മണൻ തന്നോട്ട ധൃൎത്തിന്നാവശ്യപ്പെട്ടുപദ്രവിച്ചു എന്നും മററും മൻകൂട്ടി ധരിപ്പിക്കുവാൻ മന്ത്രി ഉപദേശിക്കുകയും, അതുപ്രകാരം പ്രവൎത്തിച്ചതിൻെറ ഫലമായി, രാജാവു കോപിച്ച് ബ്രാഹ്മണനെ കാട്ടമ്പലത്തിൽവെച്ചു നെയ്യിൽ

വരുക്കാൻ ഭടന്മാരോടു ചട്ടംകെട്ടി ഉപായത്തിലങ്ങോട്ടയക്കുകയും, വഴിക്കു ദൈവഗത്യാ ഒരാപന്നനെ രക്ഷിക്കാൻ ബ്രാഹ്മണൻ താമസിച്ചതിനാൽ അക്ഷമനായ മന്ത്രി അന്വേഷണത്തിന്ന് അമ്പലത്തിലേക്കു ചെന്നപ്പോഠം ഭടന്മാർ പിടിച്ചു തിയ്യിൽ വറുക്കുകയും, ബ്രാഹ്മണൻ ക്ഷേത്രത്തിലേക്കു ചെന്നസമയം ആരെയും കാണാതെ മടങ്ങിച്ചെന്നു രാജാവിനെ വിവരം അറിയിക്കുകയും, അദ്ദേഹം പരമാൎത്ഥം മനസ്സിലാക്കി ബ്രാഹ്മണനെ മന്ത്രിസ്ഥാനത്തിരുത്തുകയും, ഭാൎയ്യയെ നാടുകടത്തുകയും ചെയ്തതാണ് ഇതിലെ കഥാവസ്തു.

സത്താന്ന വിപ്രനെ വധിച്ചു ഭടപ്രവീര-
രെത്താഞ്ഞു മന്ത്രിവരനുള്ളിലൊരാട്ടമായി,
വൃത്താന്തമൊന്നറിയുവാനൊരു വാജിയേറി-
ച്ചിത്താനുകൂലമൊരു ശുദ്ധസവാരി ചെയ്തു. 1

ഓടിച്ചു ചെല്ലുമൊരമാത്യനെയാശു കൂട്ടം-
കൂടിപ്പിടിച്ചു ഭടർ നെയ്യിലിടാൻ തുടങ്ങി;
പേടിച്ചു ഹന്ത! വിറതേടുകിലും വളൎന്ന
ധാടിയ്ക്കു ഹാനിയണയാതവനിത്ഥമോതി:- 2

"വല്ലായ്മയാം പൊറുതിമുട്ടിയൊരെന്നെ നിങ്ങ-
ളെല്ലാം പിടിച്ചിഹ തിളച്ചൊരു നെയ്യിലിട്ടാൽ
കൊല്ലാൻവിധിച്ചതൊരു വിപ്രനെയാണു ഞാനോ
ചൊല്ലാൎന്ന ഭൂമിപതിതൻ സചിവേന്ദ്രനല്ലോ. 3

ആ വിപ്രനിന്ദ്യനെ വധിച്ചവരാത്തതെന്തെ-
ന്നാവിർമ്മുദാ ഝടിതി സൂക്ഷ്മമറിഞ്ഞുചെല്ലാൻ
ഭൂവിന്റെനാഥനരുൾചെയ്തിവിടത്തിൽ വന്നേൻ
ശ്രീവിഷ്ണുവാണെ ശിവനാണിതു സത്യമല്ലോ". 4

സത്യത്തിലാസ്സചിവനിങ്ങിനെ ചൊല്ലിയപ്പോൾ
ഭൃത്യപ്രവീരർ ചിരിപൂണ്ടു പറഞ്ഞിതേവം:-
"അത്യന്തസൂത്രമെഴമങ്ങിതുപോലെ നൂറു
സത്യം കഥിക്കുമുടനെന്നറിവുണ്ടു പണ്ടേ. 5

ഗാത്രത്തിലുള്ള കൊതി കൊണ്ടു ഭവാനനേക-
സൂത്രത്തിൽ ഞങ്ങളെ മയക്കിടു,മാകയാലെ
ഗോത്രയ്ക്കുനാഥനുടെ കല്പനയാണു കണ്ടേ-
മാത്രയ്ക്കു ചെന്നു പിടിപെട്ടിതിലിട്ടുകൊല്ലാൻ. 6

"ഭൂപാലകല്പന നടത്തിടു"മെന്നുരച്ച
കോപാലമാത്യനെയെറിഞ്ഞിതെരിഞ്ഞനെയ്യിൽ;
ആപാദചൂഡമൊരുപോലൊരു പൊള്ളയായി
ഹാ! പാപിയാകുമവനങ്ങിനെതന്നെ വേണം! 7

അന്യന്നു തക്ക തുണചെയ്തു കൃതാർത്ഥനായി
വന്യസ്ഥദേവനിലയത്തിലണഞ്ഞു വിപ്രൻ;
ധന്യൻ നൃപാലനുമൊരുത്തനുമില്ല പാദ-
വിന്യസ്തലക്ഷണമൊരിത്തിരിയുണ്ടു കാണ്മാൻ. 8

'എന്താണിതിന്റെ മറി'യെന്നറിയാഞ്ഞു ചിത്തം
വെന്താളി വിപ്രവരനൊന്നു തിരക്കിയപ്പോൾ

ഹന്താതികഷ്ടമവിടത്തിലൊരാളെ നെയ്യിൽ-
ച്ചിന്താടുമാറെരിപൊരിച്ചൊരു വാൎത്ത കേട്ടു. 9

ഭൂവാനവേന്ദ്രനുടനിങ്ങു തിരിച്ചു; ഭൂമീ-
ജൈവാതൃകേന്ദ്രനുടെ സന്നിധി തന്നിലെത്തി
നാവാടി വാടിയൊരുമട്ടിനു കേട്ട വാൎത്ത
ചാവാതെ ചാവുമവനീപതിയോടുണൎത്തി. 10

കാളുന്ന കോപമൊടു കണ്ണിണ കാട്ടുതിയ്യേ-
ക്കാളും തുടുത്ത നിറമായ് വിറപൂണ്ടു മെയ്യും
വാളും കരത്തിൽ വടിവോടു വഹിച്ചു യാതൊ-
രാളും പെടാത്ത ദയിതാസദനത്തിലെത്തി. 11

"ചോരത്തിളപ്പു സഹിയാഞ്ഞഥ കച്ചകെട്ടി
മാരക്കളിയ്ക്കു മുതിരും കലടേ കശീലേ!
നേരല്പമിപ്പൊഴുതൊളിയ്ക്കുകിൽ നിൻ തിളച്ച
ചോരക്കളത്തിലുടനൊന്നു കളിച്ചിടും ഞാൻ." 12

ഭാവം പകൎന്നു നിജ ഭാമിനിയോടു ഭൂപ-
നേവം പറഞ്ഞു തുറുകണ്ണൊടു നിന്നനേരം
പാവം! പരുങ്ങിയെലിപോലെ വിറച്ചു, തന്റെ
പൂവമ്പനാടകവിശേഷമശേഷമോതി. 13

ആജ്യത്തിൽ വിപ്രനെ വറപ്പതിനുന്നിയോരീ-
ത്ത്യാജ്യസ്വഭാവിനിയെ നാടുകടത്തി മന്നൻ
പൂജ്യത്വമാൎന്ന ധരണീസുരനെ സ്വകീയ-
രാജ്യത്തിനുള്ളൊരധികാരിയുമാക്കിവെച്ചു.

രാമാജനത്തൊടിടചേൎന്നു കളിച്ചുവെന്നാൽ
കോമാളിയാകുമുടനേതു മഹാക്കൾപോലും;
ആ മാന്യമന്നനിദമോൎത്തു തപസ്സിനായി-
സ്സീമാവിഹീനകുതുകത്തൊടു കാടുപുക്കു. 15

ഇക്കാണാകിയ ഞങ്ങളൊത്തരമണി-
ക്കളറിന്നകം തീൎത്തതാ-
മിക്കാണും കൃതിയററകുററമൊരുപാ-
ടുണ്ടെന്നു കണ്ടീടിലും
ഉൾക്കാളും പ്രണയം കലൎന്നു പൊറു-
ക്കേണം ബുധന്മാരത-
ല്ലെക്കാലത്തുമിവൎക്കു നല്ലതു വരാ
നാശിസ്സണക്കേണമേ. 16

# മാടഭൂപാലമംഗളം.

---

മാനംചേരുന്ന മന്നോർകുലമണിയുമണി-
　　ത്തങ്കമാംഗ്ലേയഭൂപൻ
സാനന്ദം സ്ഥാനമുദ്രാദികളൊടു ബഹുമാ-
　　നിച്ചു മാടക്ഷിതീശൻ
ഈ നമ്മൾക്കുള്ള ഭാഗ്യത്തികവിനൊടു രസാ-
　　ലമ്പതോടൊമ്പതാണ്ടി-
ബ്ഭൂനല്ലാർതൊട്ട തങ്കത്തൊടുകുറി വടിവിൽ-
　　സന്നമായ് മിന്നിടുന്നു. 1

സാരാസാരജ്ഞനാമിത്തിരുവടി തിരുമൂ-
　　പ്പായകാലംമുതൽക്കി-
പ്പാരാകെ ക്ഷേമസാരാമൃതജലധിതരം-
　　ഗാളിയാൽ കേളിയായി
പാരാവാരത്തിനക്കേക്കരയിൽ നിജയശോ-
　　ലക്ഷ്മി ലാത്തിത്തുടങ്ങീ
താരാർമാതിൻെറ നൃത്തക്കളരിയിവിടമാ-
　　യെന്തിതിൻ മേലെയുള്ളു! 2

ഈരേഴൂഴിയ്ക്കുമീശൻ നിരുപമകരുണാ-
　　മൂർത്തി പൂർണ്ണത്രയീശൻ
ചാരേ വർത്തിച്ചു ചഞ്ചൽകടമിഴികൾ കളി-
　　പ്പിച്ചു കാക്കുന്നമൂലം

താരേശോദ്യൽപ്പുകൾച്ചാത്തൊട്ട ജഗതി ജയി-
ച്ചീട്ടമെൻ തമ്പുരാൻതൻ
നേരേ നില്പാൻ നിരൂപിയ്ക്കുകിലപരനൃപ-
ന്മാരിലിന്നാരുമില്ല. 3

പണ്ടാരെക്കൊണ്ടുമൊക്കാത്തൊരു നിലയിൽ മഹാ
ദൂരദിക്കിൽ ഗമിച്ചു,
പണ്ടാരത്തിൽ പെരുപ്പിച്ചിതു മുതൽ, സുപരി-
ഷ്കാരപൂരം പരത്തി,
കണ്ടാനന്ദിച്ച സമ്രാട്ടിനെ,യിനി രസമായ്
ഷഷ്ടിപൂർത്ത്യുത്സവത്തെ-
ക്കൊണ്ടാടിപ്പത്തുനൂററാണ്ടവനിയിതു ഭരി-
യ്ക്കേണമിക്ഷോണിപാലൻ. 4

ലോകാലോകാന്തരാളം നിറയുമൊരു പരാ-
ശക്തിയും സൂര്യദേവൻ
തൂകാറുള്ളോരു രശ്മിപ്രകരവുമുദധി-
യ്ക്കുള്ള വിസ്താരവായ്പും
ആകാശത്തിൻെറ ദൂരസ്ഥിതിയു,മിടയുമാ-
റററമററുള്ളോരായു-
സ്സേകാറാകേണമിക്ഷ്മാരമണനു, പഴയ-
ന്നൂരെഴും തമ്പുരാട്ടി! 5

# ഒരു വനസഞ്ചാരം.

സൌവൎണ്ണോത്തുംഗസൌധോപരി സതതമിരു-
ന്നാലുമാരണ്യലക്ഷ്മീ-
ലാവണ്യാസ്വാദനത്തിൻകൊതി പെരുകിയെഴു-
ന്നുള്ളമാറുള്ളവണ്ണം
ഈ വൎഷം യാത്രചെയ്തീടിന സുകൃതി മഹാ-
മാടമന്നൻെറ കൂടെ-
ത്തീവണ്ടിപ്പെട്ടതലാം "ട്രാം"ശകടമതിലിവൻ-
കൂടിയുണ്ടായിരുന്നു. 1

കാട്ടിൽ ദൂരത്തസംഖ്യം തരുനിര യിലവേ-
റ റ്റു നിൽക്കുന്നതെല്ലാം
നാട്ടിൽച്ചാടിച്ചു വില്പാനൊരുവഴി കരുതി
ദ്രവ്യഭാരവ്യയത്താൽ
റോട്ടിൻമട്ടാക്കി റെയിലിട്ടതിനുപരി മുറ-
യ്ക്കാവിയന്ത്രത്തിനാൽ താ-
നോട്ടിപ്പോരുന്നൊരി "ട്രാം" വലിയ തടിയിറ-
ക്കുന്ന തീവണ്ടിതന്നേ. 2

രാമസ്വാമിയ്യനന്താവരണപുരുഷൻ
ലക്ഷ്മണസ്വാമിപോലീ-
രാമസ്വാമിയ്യനന്താമലഗുണനിധിയാ-
യുണ്ടു കുഞ്ഞുണ്ണിഭൂപൻ;

കേമന്മാർ കേറിയെന്നുള്ളൊരു പെരുമ നടി-
ച്ചാത്മശീർഷം കലുക്കി-
ത്തുമഞ്ജുധ്വാനകോലാഹലമൊടതിജവാൽ
മണ്ടിനാൾ വണ്ടിതാനും. 3

മുട്ടാതെ പാഞ്ഞുപോമിശ്ശകടമരമണി-
ക്കൂറിനുള്ളിൽക്കൊട്ടങ്ങ-
ക്കൊട്ടാരത്തിൻസമീപത്തതിരസമൊടട്ട-
ത്തുച്ചമായൊച്ചയിട്ടു;
കെട്ടായിട്ടുള്ള സാമാനമൊടതിപൃഥുവാം
പേടകൌഘം വിളംബം
തട്ടാതേറ്റിത്തിരിച്ചാരവിടെയതിനൊരു-
ക്കൂട്ടി നില്ക്കും ഭടന്മാർ. 4

രക്ഷാഭാരം വഹിക്കുന്നൊരു തിരുവടിയും
സോദരൻ തമ്പുരാനും
രക്ഷാവണ്ടിയ്ക്കകംപുക്കതിരസമൊടെഴു-
ന്നള്ളുമാ വീഥിതോറും
അക്ഷാമം തോരണശ്രേണികൾ നിറയുമണി-
പ്പന്തലിൽക്കർഷകന്മാ-
രക്ഷാന്താനന്ദസാന്ദ്രം നിറപറകൾ ചൊരി-
ഞ്ഞീടിനാർ ദീപപൂർവ്വം. 5

ശ്രീമാനാം തമ്പുരാൻതൻതനതുകൃഷി നട-
ന്നീടുമാൾക്കാരശേഷം
സാമാനക്കെട്ടു കെട്ടിത്തരമൊടു തിരുമുൽ-
ക്കാഴ്ചയായ് വെച്ചുകണ്ടാർ;

സീമാതീതപ്രസാദത്തൊടു നൃവരനവ-
ക്കൊക്കെയൊസ്ഥാനുസാരം
ക്ഷേമാന്വേഷത്തൊടോണപ്പുടവ പലതരം
തൃക്കരത്താൽ കൊടുത്താൻ. 6

കൃത്യത്തിൻനിഷ്ഠകോലും തിരുവടിയമൃതേ-
ത്തൊന്നിതെല്ലാം കഴിച്ച-
ക്കൃത്യത്തിൽ പത്തടിച്ചപ്പൊഴുതു മറുദിനം-
വണ്ടിമാൎഗ്ഗത്തിലെത്തി
സത്യന്യായാദിയുക്തൻ സചിവമണി ദിവാൻ
മിസ്റ്റർ ബാനജ്ജി വേട്ട-
ശ്ശൃത്യന്തോത്സാഹമേന്തും ധരകരം ചിലരുമാ-
യെത്തിനാൻ പതിയോടും 7

ആ വണ്ടിക്കുള്ളിലാവിഷ്ണുതുകമൊടവനീ-
നാഥൻ സൎവ്വാധിയെന്ന-
ല്ലാവശ്യത്തിന്നു വേണ്ടും ചില പരിജനവും
കേറിയോടിച്ചു വേഗം;
ശേവക്കാർ, സായ്പുമാർ, തൻപരിജനമൊരുപാ-
ട്ടുള്ള സാമാനമൂഴീ-
ദേവന്മാർ, ഞാൻ മുതൽക്കുള്ളഖിലജനപദാ-
ൎത്ഥത്തിനും വണ്ടി വേറേ. 8

പ്രാകാരശ്രേണി, വന്മേടകൾ, തെരുവുകൾ, വൻ-
ഗോപുരം, ക്ഷേത്രജാലം,
ലോകാരാവം തുടങ്ങിപ്പല തകൃതിയെഴും
പട്ടണം വിട്ടുമാറി

ആകാശംമുട്ടുമത്യുന്നതവിടപികുലം
തിങ്ങി നിശ്ശബ്ദലക്ഷ്മീ-
സ്വീകാരാഗാരമാകും ഗഹനമണയവേ
ശാന്തമായ് സ്വാന്തരംഗം. 9

നാടെന്നും നല്ല രത്നപ്രകരലസിതമായ്
സർവ്വയാദോഗണത്തിൻ-
വീടെന്നും രണ്ടുമാത്രം പിരിവുകളുലകി-
നുള്ളതായോർത്തിടേണ്ടാ;
മൂടെന്നും കീഴണയ്ക്കാത്തൊരു വിപുലതരു-
വ്രാതകുഞ്ജങ്ങൾ തിങ്ങും
കാടെന്നുംകൂടി മൂന്നായ് പ്രകൃതിയുടെ വിലാ-
സങ്ങളെണ്ണേണ്ടതത്രേ. 10

കേടററുള്ളോരു വൃക്ഷപ്രവരർ നിരനിര-
പ്പായി നിൽപ്പുണ്ടൊരേട-
ത്തോടക്കൂട്ടംസമീപത്തൊരുമയൊടു വിള-
ങ്ങുന്നു, തൽഭംഗി കണ്ടാൽ
നാടഞ്ചിക്കുന്ന സേനാനികരമൊരു മഹാ-
ഘോഷയാത്രയ്ക്കു പള്ളി-
ക്കൂടപ്പൈതങ്ങളൊന്നിച്ചതിരസമൊടൊരു-
ങ്ങുന്നതാണെന്നു തോന്നും. 11

തുമ്പില്ലാതേ വളർന്നങ്ങിനെ സുരപരിതൻ-
മൂട്ടിൽ മുട്ടുന്ന വൃക്ഷ-
ക്കൊമ്പിന്മേൽ പൊട്ടിയുണ്ടായ് ക്ഷിതിയിലടിയുറ-
പ്പിച്ചെഴും വേടു കണ്ടാൽ

ത്തുമ്പിക്കൈ നീട്ടിയൈരാവത,മമരവര-
സ്സ്നേഹിതൻ മാടരാട്ടിൻ
വമ്പിക്കും കാട്ടിലേപ്പച്ചകൾ സരസമൊടി-
ക്കുന്നുവോയെന്നു തോന്നും. 12

പച്ചപ്പുല്ലും ചെടിക്കൂട്ടവുമുടയ കുറ-
ങ്കാട്ടു തിങ്ങുന്നതായി-
ട്ടുച്ചത്വം പൂണ്ട കുന്നിൻകൊടുമുടിയിലണി-
ശ്വേതമേഘങ്ങൾ കണ്ടാൽ
പച്ചക്കുപ്പായമിട്ടങ്ങിനെ പരിമൃദുവാം
വെള്ളരോമത്തിനാലേ
മെച്ചത്തിൽ തീർത്ത നൽതൊപ്പിയുമണിയുമൊര-
ക്കാട്ടുരാട്ടെന്നു തോന്നും. 13

പങ്കാപേതാംബു ചേർന്നിട്ടിടയിടയിടയും
പാറയാലേ നവംപൂ-
സങ്കാശപ്രൌഢിതേടും നുരയൊടുമൊഴുകി-
ടുന്ന പൂഞ്ചോലകണ്ടാൽ
തങ്കാന്തൻ മാടധാത്രീവലമഥനനെഴ-
ന്നള്ളിയെന്നുള്ളതോർത്താ-
വങ്കാടിൻദേവിമാർ മുത്തൊട്ടു ചൊരിയുമിളം-
പുഞ്ചിരിച്ചാർത്തുതന്നെ. 14

ഹൃത്തും കണ്ണും ഹരിക്കുന്നൊരു ഗഹനവിലാ-
സങ്ങളോരോന്നു വീക്ഷി-
ച്ചത്തുംഗാനന്ദസാരാർണ്ണവമൃദുലതരം-
ഗാലിയിൽ കേളിയാടി

എത്തും നാമോർത്തിടാതേ "കവല"യിലവിടെ-
ക്കേററമായ് മൂന്നു ദിക്കിൽ
തത്തുല്യം വണ്ടി കേറാത്തൊരു വഴി "കൊമള-
പ്പാറെ" രണ്ടുണ്ടു കാണ്മാൻ. 15

ത്തുക്കേയുള്ളാക്കൊട്ടക്കുന്നുകൾ കയറുവതി-
ന്നാവിയന്ത്രം നിനച്ചാൽ
നോക്കേണ്ടാ, മററു യന്ത്രപ്പണിയതിലഘുവായ്-
ക്കൂട്ടരങ്ങേർപ്പെടുത്തി;
ഊക്കേറും ചക്രമോരോ കൊട്ടമുടിയിലുറ-
പ്പായ്ക്കിടത്തി പ്രതിഷ്ഠി-
ച്ചാ,ക്കേമന്മാരതിൻപള്ളയിൽ വലിയൊരിരി-
മ്പിൻെറ പാശം പിണച്ചു. 16

ഈരണ്ടുണ്ടിപ്രദേശേ റെയിൽവഴികളതൊ-
ന്നോക്കണം, വൻകയററി-
ന്നോരററം ഭൂരിസാമാനമൊടടിയിലെഴും
വണ്ടിയിൽക്കൊണ്ടു കെട്ടും;
സാരം പൂണ്ടുള്ള തേക്കിൻതടികൾ മലയിറ-
ക്കീടുവാനായൊരുക്കം
ഭാരത്തിന്മേൽക്കയററിൻമറുതല വളരെ-
ബ്ഭദ്രമായ്ച്ചേർത്തിണക്കും. 17

മാററിത്തം പററിടായ്‌വാൻ വഴികളിൽ നടകൊ-
ണ്ടീടുമാൾക്കാരെയെല്ലാം
മാററിത്തക്കത്തിലൊന്നാം റെയിൽവഴി തടിയിൻ-
വണ്ടി താഴത്തു തള്ളും

കാററിൻവേഗാലിറങ്ങുന്നതിനുടെ വലിവാൽ
മററു മാൎഗ്ഗത്തിലൂടേ
ചീററിക്കേറും കയററിൻമുറുതലയിലണ-
ച്ചുള്ള സാമാനവണ്ടി. 18

സീമാതിക്രാന്തവേഗം തടവിന ഗതിയിൽ
ക്ലേശലില്ലാത്തവൎക്കി-
സ്സാമാനം കേററിടും വണ്ടിയിലഥ കയറി-
പ്പോക്കിടാമിക്കയററം;
സാമാന്യക്കാരൊരുത്തൎക്കില്ലിതിനു തലതിരി-
ഞ്ഞീടുമെന്നാകിലും ഞാ-
നീമാൎഗ്ഗം കേറിയൊപ്പിച്ചിതു വളരെയുറ-
പ്പിച്ചു കെട്ടിൽപ്പിടിച്ചു. 19

ഋക്ഷിദ്വംശാബ്ധി പൂൎണ്ണാമൃതകരനുടയ-
ക്കാനനപ്രാഭവത്തിൻ-
സാക്ഷിത്വം പൂണ്ടു നിൽക്കും തരുനിരകൾ പറ-
ക്കുന്നപോലുള്ള വട്ടം
വീക്ഷിക്കാം പാഞ്ഞുകേറുന്നളവു പിടിവിടാ-
തൊട്ടു സൂക്ഷിച്ചിടേണം
സൂക്ഷിക്കാഞ്ഞാൽ മറിഞ്ഞു, മറിയുകിലുടനേ
മിശ്രമായ് കണ്മറഞ്ഞു. 20

ഭാമേ! നീ കാട്ടിയൊപ്പിച്ചൊരു വിവിധമനോ-
ധൎമ്മമന്യാദൃശം താൻ
നാമേതും ചിന്ത ചെയ്തീലരിയ തവ മഹ-
ത്വങ്ങൾ കാണുംവരയ്ക്കും

ശ്രീമേരുക്കുന്നിലേക്കും തവ വഴികഠം പിടി-
ച്ചീടുകിൽ കേറിയൊപ്പി-
ക്കാമേ, ചക്രം പ്രതിഷ്ഠിക്കണമതിനവിടെ-
ശ്ശക്രനെപ്പങ്കു കൂട്ടാം. 21

ഒന്നായ്ക്കേറാത്ത കേററങ്ങളിൽ വഴി പുറകോ-
ട്ടുണ്ടതിൽക്കേറി വീണ്ടും
ചെന്നാൽ മുന്നോട്ടു കേറാം ഗ്രഹനിരയിന്നെഴും
വക്രചാരം കണക്കേ
എന്നാലീ വക്രമാകും ഗതിയൊരിരിപതു-
ണ്ടീവഴിയ്ക്കാദ്യമായ്ക്ക-
ണ്ടെ,ന്നാലാശ്ചര്യമുണ്ടാം ദൃഢം; അഹമിതഹോ
ബോമ്പയിൽക്കണ്ടിതാദ്യം. 22

പോകുംമാർഗ്ഗേ പൊഴിഞ്ഞീടിന പെരുമഴയാൽ
ഭൂരിസാമാനമെല്ലാ-
മാകുംവണ്ണം കയററുന്നതിനു വഴികളിൽ-
ത്താമസം വന്നുപോയി;
വൈകുന്നേരത്തുമെത്താഞ്ഞപകടഭയമൊ-
ട്ടാന്നു വാത്സല്യസാരം
തൂകും തൃക്കണ്ണുമായി ക്ഷിതിപരിവരും
കാത്തുനിൽപ്പായിരുന്നു. 23

"വല്ലാതെ പാടുപെട്ടോ വഴികളിൽ? മഴതൻ-
ശക്തിയാൽ റെയിൽ പിഴച്ചെ-
ന്നെല്ലാം ശങ്കിച്ചുപോയ് വല്ലതുമുടനെയശി-
ച്ചാലു"മെന്നിപ്രകാരം

ഉല്ലാസത്തോടുരയ്ക്കും നൃപനുടയരുള-
　　പ്പാടിനാൽ മാർഗ്ഗഖേദം
നില്ലാതോടിത്തിരിച്ചു; പരിജനകരുണാ-
　　പൂരമാക്കിത്ര കാണും? 24

ഓടത്തയ്യോല മേഞ്ഞും, മുളകളുടെ കഴ-
　　ക്കോലുകോർത്തും, പനമ്പാൽ
മൂടപ്പെട്ടും, മുളംതൂണുകളുടയ സഹാ-
　　യത്തിനാൽ പൊക്കിവെച്ചും,
മാടപ്പേരാർന്ന കൊച്ചാമരമനയിലെഴു-
　　ന്നുള്ളി വാഴും നൃപേന്ദ്രൻ
മാടക്ഷ്മാപാലനെന്നുള്ളരിയൊരു തിരുനാ-
　　മത്തെയന്വർത്ഥമാക്കി. 25

പട്ടാലുള്ളോരുടുപ്പും കനകമയകിരീ-
　　ടങ്ങളും മുദ്രയും തൻ-
പട്ടാളക്കാർ തുരംഗോപരി വിലസിടുവോ-
　　രംഗപാലാദിയേയും
വിട്ടാരാൽ കാട്ടിൽ വാണീടിന നൃപതിലകൻ
　　നിർഗ്ഗുണബ്രഹ്മസത്തിൻ-
മട്ടായീ, കാട്ടിൽ നിത്യം മരുവുമൊരു മഹാ-
　　ഭക്തരായീ ഭജിപ്പാൻ. 26

ശ്രീതാവും യോഗ്യർപോലും ദിനമനു സമയം
　　കാത്തുനിൽക്കും നൃപേന്ദ്രൻ
"മാതാവേ"യെന്ന സംബോധനമൊടതുമിതും
　　ചൊല്ലുമക്കാടർതന്നിൽ
ഓതാവല്ലാത്ത വാത്സല്യമൊടവരവർതൻ
　　വാർത്ത ചോദിച്ചിടുന്നു;
ഭൂതാവല്യാപ്തനല്ലോ സതതമൃഷികുല-
　　ധ്യാതനാം ഭൂതനാഥൻ. 27

ശ്രീയാണ്ടീടുന്ന ഗോശ്രീവിബുധവരനെഴു-
ന്നള്ളിയപ്പോൾ തുടങ്ങി
പ്രേയാനിന്ദ്രൻ സമൃദ്ധിപ്രദമഴവഴിയായ്-
സ്സാദരം സൽക്കരിച്ചാൻ;
സായാഹ്നം സഞ്ചരിക്കുന്നതിനുമടവിയിൽ-
ക്കേറുവാനും നൃപൻതൻ-
നായാട്ടിൻ ധാടി കാണുന്നതിനുമിഹ തര-
പ്പെട്ടതില്ലെന്തു ചെയ്യാം! 28

കാട്ടിൻമദ്ധ്യത്തിലായ്ത്താമസ,മരികിലഹോ
മുട്ടിയും മറവുമെല്ലാം
കൂട്ടിക്കത്തുന്ന തീയായ്, നിനവു ഹൃദി സദാ
തമ്പുരാനെന്നുമാത്രം;
വീട്ടിൽപ്പെട്ടുള്ള സർവ്വസ്വവുമകലെയുപേ-
ക്ഷിച്ചു, സാലോക്യലാഭം
പാട്ടിൽ കൈവന്നു സാമീപ്യവുമനവരതം
സിദ്ധമായ് ധന്യനായ് ഞാൻ! 29

നാലായീ നാൾ, മഴയ്ക്കില്ലൊരുകുറവു, തണു-
പ്പിന്റെ കോളാൽ പൊറുപ്പാൻ
മേലാതായ് ചെന്നുണർത്തിച്ചളവഥ തിരികേ
പോരുവാനാജ്ഞ കിട്ടി;
ശ്രീലാസ്യത്തിന്നരങ്ങാമരചനുമധികം
പാർത്തിടാതിങ്ങിറങ്ങി-
ക്കൈലാസാദ്രിക്കു നേരാകിയ നിജകനക-
ക്കുന്നിലെത്തിസ്സുഖിച്ചു. 30

# വഞ്ചീശമംഗളം.

(വഞ്ചിപ്പാട്ട്)

താമരാക്ഷൻ തമ്പുരാനും താർമകളാം തമ്പുരാട്ടിയും
പ്രേമപൂർവ്വം വിളയാടും ധാമമേതൊന്നോ;
കേളിയാടും ക്ഷേമസിന്ധുക്കോളിലാമ്മാറാഞ്ഞുലഞ്ഞു
മേളിച്ചീടും സാധുപ്രജാപാളിയെങ്ങുള്ള;
ധർമ്മരാജ്യമെന്നുള്ളൊരു നിർമ്മലമാം നാമധേയം
നന്മയോടു നേടിവാഴും നാടുമേതൊന്നോ;
ആ ലസത്താം വഞ്ചിരാജ്യം ഭൂലക്ഷ്മീതൻ ഭംഗിതിങ്ങും
ഫാലത്തിങ്കൽ തങ്കപ്പൊട്ടുപോലേ മിന്നുന്നു.
ആ രാജ്യത്തെ സ്വാരാജ്യത്തിൻനേരായ് പരിപാലിക്കുന്നു
ശ്രീരാമവർമ്മാവനീശൻ ശ്രീരാമതുല്യൻ.
മൂലതാരോൽഭവൻ, പൃത്ഥ്വീപാലവൃന്ദോത്തമൻ, ഭക്ത-
ലോലൻ, ധർമ്മശീലൻ നിത്യം ലാലസിയ്ക്കട്ടെ.
രണ്ടുനാലല്ലിരുപത്തഞ്ചാണ്ടുകാലം ഭൂമിഭാരം
വേണ്ടപോലെ ഭരിയ്ക്കുന്നിതണ്ടർകോൻ തുല്യൻ.
വെള്ളിജ്ജൂബിലിപോലിനിയുള്ള ജൂബിലികളെല്ലാം
തള്ളിക്കേറിത്തിരുമേനി തെളിഞ്ഞു വാഴും.
മാമലപ്പെൺകിടാവേ! നിൻകോമളകടാക്ഷാളിക-
ളീമന്നൻതൻ പൂമേനിയിൽ താമസിയ്ക്കട്ടേ.
പത്മനാഭ! ഭവൽപാദപത്മഭക്തനീനൃപനെ
കല്പംവരേ ഭൂദേവിയ്ക്കാകല്പമാക്കേണം.

# നല്ലഭാഷ*

"കച്ചൎക്കോ വമ്പുലിത്തോലണിവതിനരവം,
പട്ടടക്കാട്ടു വീട്ടും,
പിച്ചച്ചോറുണ്ണു, മുക്കണ്ണൊ,രുവരം തലയിലാ-
യുണ്ടു, നഞ്ഞെ കുടിക്കു,
ഇച്ചട്ടം ചേരുമാളെക്കണവനുടെ നില-
യ്ക്കാക്കൊലാ"യെന്നുരയ്ക്കും
കൊച്ചൻതന്നെക്കടക്കണ്ണടിയിലടിപെട്ടു-
ത്തീട്ടമമ്മേ! തൊഴുന്നേൻ. 1

"കുട്ടിത്തിങ്കൾക്കു ക്ലേസൽക്കൊരു കുറുവഴിയാം
നെററി മെല്ലെച്ചുളിച്ച-
ക്കുട്ടിപ്പൊന്നിൻകുടം തോറെററാരു മുലകൾ മറ-
ച്ചെന്തകന്നിന്നു നില്പാൻ?
തട്ടിക്കേറിത്തരംപാൎത്തുടൽ പൊടിതവിടാ-
ക്കുനു താരമ്പ, നമ്മു-
ക്കുട്ടിയ്ക്കെന്നെക്കുറിച്ചിത്തിരി കനിവുളവാ-
കായ്കിൽ ഞാൻ ചാകുമിപ്പോൾ. 2

* ഈ പച്ചമലയാളകൃതി അവസാനിപ്പിയ്ക്കാതെ തന്നെ കവി കഥാശേഷനായെന്നാണറിയുന്നത്.

മാനോട്ടം കണ്ണുകൊണ്ടിങ്ങിനെയിന്നിയുമടി-
ച്ചുള്ള പൊള്ളിച്ചിടൊല്ലേ
ഞാനോതാം നല്ലതായുള്ളൊരു വെടി,യരിക-
ത്തൊന്നു നീ വന്നിരിക്കു;
തേനോലും ചെഞ്ചൊടിപ്പൂവൊരു തവണ തരു;
പിന്നെ നിന്മാറിടത്തിൽ-
ത്താനോളം വെട്ടിനിൽക്കും കുളുർമുലകളണ-
യ്ക്കുള മുറയ്ക്കൊന്നു മൂളു." 3

എന്നോതിക്കണ്ണെയുക്കും കണവനുടെ കരം-
ത്തട്ടു കായാതിരിപ്പാൻ
ചെന്നോരോരോ പൊടിക്കൈകരം വിതറി മിട്ട-
ക്കത്തി പക്കത്തിരുന്നു;
കന്നോടങ്കംപിടിക്കും കുളുർമുലകളണ-
ച്ചൊന്നു കെട്ടിപ്പുണന്നാ-
ളന്നോമൽപ്പെൺകൊടിയ്ക്കും തളിർതെളിയുവതി-
ന്നൊന്നിവണ്ണം പറഞ്ഞാൻ: — 4

"ഊഴിത്തട്ടിൽ പരക്കെപ്പുകഴമരചനാ-
യുള്ള സാമൂരി വാഴും
കോഴിക്കോട്ടിന്നടുത്തായൊരു മുകിൽമുടിയാരം
മുന്നമുണ്ടായ് മുതിന്നു;
ആഴിക്കട്ടിക്ക,മാനത്തുകിലുടയവർതാൻ
വേട്ട പെണ്ണിന്നുമില്ലാ
തോഴിക്കൂട്ടത്തിലെണ്ണപ്പെട്ടുവതിനഴകാ,-
പ്പെണ്ണു കെങ്കേമിയല്ലോ. 5

മിന്നൽക്കൊക്കുന്ന പൂമെയ്പ്പൊലിമയു,മകതാ-
 രിട്ടുലയ്ക്കും മുലക്കു,-
ന്ന,ന്നപ്പോക്കും, മഴക്കാറെതിർ തലമുടിയും,
 മുല്ലമൊട്ടൊത്ത പല്ലും,
കന്നൽക്കണ്ണും. കട്ടഞ്ചോപ്പുടയ ചൊടികളും
 കാണുകിൽ കൊച്ചുതെക്കൻ-
തെന്നൽത്തേരിൽ കരേറുന്നവനുടെ തറവാ-
 ട്ടമ്മയോയെന്നുതോന്നും. 6

വിണ്ണോർനാട്ടിൽ പിറന്നുള്ളൊരു കിളിമൊഴിമാർ-
 ക്കുടിയഞ്ചുന്നതാമ-
പ്പെണ്ണോരോ നാളുതോറും തെളിവു വിളയുമ-
 ക്കണ്ടമായിട്ടു തീന്നു;
കണ്ണോടിച്ചെത്തിയോരോ കൊതിയ,രവരെയ-
 പ്പെണ്ണുകൊടിക്കാതൽ പുല്ലോ-
മണ്ണോപോലേ വെടിഞ്ഞാളവളൊരുവനിൽ മു-
 ന്പുള്ളിണക്കിക്കഴിഞ്ഞു. 7

ഉള്ളം പോയ് ചേൎന്നതന്നാട്ടിലെ നടവടിയാൽ
 പെണ്ണിനൊക്കാത്തൊരാളായ്;
കള്ളൻ താരമ്പനുണ്ടോ വകതിരി, വവന-
 ക്കുട്ടിയെക്കൊട്ടയാട്ടീ;
തള്ളയ്ക്കും വീട്ടുകാൎക്കൊക്കയുമിതു കരുതി-
 ത്തെല്ല വല്ലായ്മയുണ്ടായ്;
കള്ളംചൊൽകല്ല, വേറിട്ടൊരുവനെയവളെ-
 ക്കൊണ്ടു വേഠംപ്പിച്ചുവെച്ചു. 8

പട്ടും റട്ടും കണക്കും, പകലിരവുകളെ-
പ്പോലെയും താർപൊഴിക്കും-
മട്ടും നൽകാടിയും കൂടിയ പടിയുമിണ-
ങ്ങാതെയായ് രണ്ടുഃപരും;
കിട്ടും ചെന്തൊണ്ടിതോറേറാടിയ ചൊടിയൊരുനാ
ളെന്നുവെച്ചന്നവൻ താ-
നൊട്ടും കൂസാതവർക്കുള്ളടിമലരിണയെ-
കൈവണങ്ങാൻ തുടങ്ങി. 9

നല്ലാർമുത്തിൻനറുംപൂവെതിർനലമെഴുവോ-
രുള്ള കട്ടുള്ള കള്ളൻ
വല്ലാതായീ വളഞ്ഞുള്ളവളുടെ പുരിക-
ത്തല്ലുകൊണ്ടെല്ലൊടിഞ്ഞു;
തെല്ലാക്കം പൂണ്ട കണ്ണിൻകടയുടെയടിയാം
ചങ്ങലക്കെട്ടു പററീ
പുല്ലായുണ്ണെന്നുവേണ്ടാ തൊഴിലതു വഴിയാ-
യൊക്കയും മോശമായീ. 10

ഈവണ്ണം വന്നു പററാനുലകിനുടയൊര-
ത്തമ്പുരാൻ തീപ്പുചെയ്തു;
പൂവമ്പൻ, തന്റെ ജോലിക്കൊരു കുറവുവരു-
ത്താതെ നോക്കാൻ തുടങ്ങീ;
‘പാവപ്പെട്ടുള്ളവർക്കോ കണവനൊരുവനു-
ണ്ടായി; ഞാനെന്തു വേണ്ടു
ചാവട്ടേ തൂങ്ങിയോ, വൻകടൽ പുഴയിവയിൽ
ചാടിയോ, തീയിൽ വീണോ. 11

അല്ലേ താരമ്പ! നീയോർത്തു മുഴവനമായ്;
മങ്കമാർ ചൂടിടും നൽ-
ക്കല്ലേ നീയെന്തിനായിങ്ങിനെയിവനെ വല-
ച്ചീടുവാൻ കണ്ണെറിഞ്ഞു?
ഇല്ലേതായാലുമിപ്പാർപ്പിവിടെയിനിയുടൻ
ചത്തിടാം,മല്ലയെന്നാൽ
വല്ലേടത്തും നടക്കാം വഴിയിലെവിടെയോ
ചത്തു മണ്ണായിടട്ടേ'. 12

നൊന്താളിക്കത്തുമുള്ളത്തൊടു പലതുമവൻ
പേർത്തുമോർത്തോർത്തൊടുക്കം
പന്താടൽപ്പെട്ട വാർകൊങ്കയെയൊരുതവണ-
യ്ക്കൊന്നു കാണാനുറച്ചു;
എന്താണെന്നോതിടാം മൂത്തവർ പൊറുതികെട്ടു-
ത്തിട്ടു നട്ടം തിരിഞ്ഞ-
ച്ചെന്താരമ്പത്തിടമ്പാമവളൊരു കളവായ്-
ച്ചെയ്തതാവാമിതെല്ലാം. 13

# അപരാധിയായ അന്തർജ്ജനം

---

ഭൂരിപ്രമോദമൊടു കേൾക്കുകയേ! വടക്കാ-
ഞ്ചേരിക്കടുത്തൊരു മഹീസുരമന്ദിരത്തിൽ
ചാരിത്രദൂഷണമണഞ്ഞൊരു കേമിയായ
നാരിക്കെഴും കഥ കുറച്ചു കഥിച്ചിടാം ഞാൻ. 1

ദേവാധിനാഥനെ മയക്കിയ പുള്ളിയേക്കാ-
ളീവാമലോചന തുലോം രസികത്തിയത്രേ;
പൂവാടൽതേടുമവൾതൻ മിഴി കൊണ്ടടിച്ചാൽ
ചാവാതെചാവുമറിവുള്ള ജനങ്ങൾപോലും. 2

നോക്കിന്റെ ശക്തിയിലൊരാളടിമപ്പെടാഞ്ഞാൽ
വാക്കിന്റെ മാധുരിയിൽ നൂനമമർന്നിടുംപോൽ;
നോക്കിൽപ്പഠിപ്പുമറിവും കുറെയുള്ളതിമ്മ-
ട്ടാക്കിക്കളഞ്ഞതിൽ വിഷാദമുദിക്കുമാർക്കും. 3

അന്തസ്സുമേറ്റമറിവുംപെടുമന്തണന്മാർ,
സ്വന്തം പിതാവു, ബത! സോദരനെന്നിവണ്ണം
അന്തർജ്ജനം പലരെയും തകരാറിലാക്കി;-
യെന്തക്രമം! തലതെറിച്ചിതു ധർമ്മവൃക്ഷം!! 4

നമ്പൂരി, വാരിയർ, പിഷാരടി, നായർ, മാരാർ,
നമ്പ്യാർ, വിദഗ്ദ്ധതയെഴുന്നൊരു പട്ടരേവം

സമ്പൂൎണ്ണസൌഖ്യമൊടു സപ്തകുലങ്ങളേയും
പൊന്നൂവിടഞ്ഞതനുവാണ്ടവൾ പാട്ടിലാക്കി. 5

ജന്മാന്തരേഷു കൃതദുഷ്കൃതസൽഫലത്തെ-
ത്തിന്മാൻതരത്തിലിതുപോലെ പിറന്നിടുന്നു;
വന്മായതൻ പകിടിയാൽ പുരുഷാഢ്യർക്കുടി-
സ്സന്മാൎഗ്ഗമിങ്ങനെ വെടിഞ്ഞതിലാണു കഷ്ടം! 6

ലോകം ജയിക്കുവതിനുഗ്രതപസ്സുമൂലം
മാകന്ദബാണനു ലഭിച്ച മഹാസ്ത്രമോതാൻ,
ഹാ! കഷ്ട!മീവധു, കലിക്കെഴുമുഗ്രദോഷ-
മാകത്തരത്തിലൊരു കാമിനിയായതാണോ! 7

“ആത്തേ മനമരുൾചെയ്തിതു ചെല്ലുവാ”നെ-
ന്നാത്തോഴി വന്നു പറയും മൊഴി കേട്ടിടുമ്പോൾ
ചീത്തോല്ലമുൾഗലനമൊ‘ടെന്തു പറഞ്ഞു’വെന്നു
പേർത്തോതിയാലവളൊഴിഞ്ഞു, കഴിഞ്ഞുകാൎയ്യം. 8

നേരേമറിച്ചു, നിജപൌരുഷമുത്സൃജിച്ചു,
ചാരേ ഗമിച്ചു, ചപലോക്തികളുച്ചരിച്ചു,
താരേശരമ്യമുഖിയാം കുലനാരിയൊത്തു
ചേരേണ്ടതിന്നു പണിചെയ്യുവനെത്ര മൂഢൻ! 9

ഏണാക്ഷിമാരെ വെറുതേ പഴിചൊല്ലിടുന്നി;-
താണാണു പെണ്ണിനുടെ ദൂഷണഹേതുഭൂതൻ
ആണാണിനുള്ള നിലയേതുമിളച്ചിടാതെ-
വാണാകിലീയബലമാക്കൊരു കേടുമില്ല.

* * * * *

നേരാണിതങ്ങിരുപതിൽ പരമഞ്ചു പോല്ലീസ്-
കാ,രാശ്ശു തോട്ടകളിണക്കിയ തോക്കുമായി
പാരാകവേ പുകളെഴുന്നൊരു 'സാധന'ത്തെ
ക്ഷ്മാരാട്ടു വാഴുമവിടേക്കഥ കൊണ്ടുപോയി. 11

ഭക്ഷിത്തു വാണരുളുമദ്ദിശി 'സാധന'ത്തെ-
സ്സൂക്ഷിക്കുവാൻ പല പണിത്തരമേപ്പെടുത്തി;
സാക്ഷിക്കുമാത്രമൊരു ദാസി കിടക്കുമംഭോ-
ജാക്ഷിക്കു രാത്രി പുനരാരുമടുക്കയില്ല. 12

മുറവും ശിവാലയമതിൽശ്ശിവരാത്രിപോലെ
ചുറവും വിളക്കുകൾ കൊളുത്തിടുമന്തിയായാൽ;
പറവന്ന ഭക്തനിരപോലെ ഭടപ്രവീരർ
ചുറവുന്നു ജാഗ്രതയിൽ നേത്രമടച്ചിടാതെ. 13

പൊല്ലീസുകാരുടെയ ഹേഡിനു കാത്തു കാത്തു
തെല്ലീപ്സിതം തരുണിതന്നിലുദിച്ചപോലും!
ചൊല്ലീടുമന്യരതു ദാസിയിലെന്നു, മെന്തോ
മല്ലീശരൻെറ വികടപ്പണിയാരറിഞ്ഞു? 14

പുണ്ണാംപടിക്കലെർശരൻെറ ശരങ്ങളേറവു
ചുണ്ണാമ്പിനെന്ന കപടത്തൊടു ചെന്നുമുട്ടി;
പെണ്ണാശ്ശു വാതിലുതുറക്കിലുമൊത്തതില്ലാ;
പിണ്ണാക്കുമാടനു പിണഞ്ഞപിണച്ചൽ നോക്കൂ! 15

കാവൽക്കുനിന്ന ചിലകോൺസ്റ്റബിൾമാർവഴിക്കാ-
യീ വർത്തമാനമവർതൻ തലയാളറിഞ്ഞു;

പാവത്തിലാർദ്രത കുറച്ചു നിനച്ചു; ചുമ്മാ
പോവട്ടെയെന്നു കരുതീട്ടവിടുന്നു മാറി. 16

ഭൂകാന്തനീ മുറവെടിഞ്ഞ നടപ്പു കേട്ടി-
ട്ടേകാന്തകോപമൊടു നെററി ചുളിച്ചിരിക്കാം;
വൈകാതെകണ്ടിരുപതുള്ളതു പന്തിരണ്ടായ്-
പോകാവതല്ലവനു ശമ്പളമല്ലയെങ്കിൽ 17

പണ്ടുള്ള ദുഷ്ടനിയമത്തിനു കാലനായ്, പേർ-
കൊണ്ടുള്ള മാന്യമതി മാടമഹീമണാളൻ
കണ്ടുള്ള ബുദ്ധിയിൽ നിനച്ചു, പരിഷ്കൃതിക്കായ്-
ക്കൊണ്ടുള്ള വട്ടമിതിലും ചിലതേർപ്പെടുത്തി. 18

പണ്ടാരെയൊക്കെയിഹ 'സാധന'മോതിയെന്നാൽ
രണ്ടാകിലും വെളിയിലാക്കിടുമാപ്പുമാനെ;
പണ്ടാരമാരണമിതെന്നു നിനച്ചു കക്ഷി-
ക്കുണ്ടായിട്ടും തെളിവു വാങ്ങുവതിന്നുറച്ചു. 19

കേട്ടീടുവോരു പുരുഷർക്കെഴിലും മുറയ്ക്കു
നോട്ടീസ്സയച്ചു തെളിവുള്ളതു ഹാജരാക്കാൻ;
നോട്ടീസ്സു കിട്ടിയവർ കുമ്പ തലോടിയോടി-
ക്കാട്ടീടുമത്ഭുതപരിഭ്രമമെന്തു ചൊൽവൂ. 20

കൂടുന്ന ധാടിയൊടടുത്തൊരു പന്തിരണ്ടാ-
യീടുന്ന തിയ്യതിയിലാണു 'വിചാര'മത്രേ;
വാടുന്ന വക്ത്രമൊടുമാടിടുമുള്ളൊടും ചേർ-
ന്നോടുന്നു കൂട്ടർ നിയമജ്ഞഗൃഹങ്ങൾതോറും 21

ഏന്താണു നൂതനപരിഷ്കൃതികൊണ്ടു സാദ്ധ്യ,-
മെന്താണിതിൻെറ പരിണാമ,മിതൊക്കയും ഞാൻ
സന്താനവല്ലിയൊടെതിർത്തൊരു 'കൌമുദി'ക്കു
സന്താപഹീനമണിവാൻ കൃതിയായയക്കാം. 22

*  *  *  *  *  *

ഇന്നാട്ടിലെബ്ബ്രഹ്മജനാവലിതൻ ഹൃദന്ത-
മൊന്നായുലച്ചിയൊരു ദോഷവിചാരകാര്യം
നന്നായ് വിചാരണ കഴിച്ചു, കഴിഞ്ഞ മൂപ്പ-
ത്തൊന്നായ തിസ്മതി 'വിളിച്ചുപറഞ്ഞു'വത്രേ. 23

പഞ്ചാരവാണിയുടെ ജാരരൊരാറുപത്തു-
മഞ്ചാളുമുള്ളതിൽ മരിച്ചവർ രണ്ടുപോകേ
അഞ്ചാറെ ബാക്കി മുഴവൻ വെളിയിൽക്കളഞ്ഞു;
പഞ്ചായുധൻെറ വിജയം പരിപൂർത്തിയായി. 24

മാരസ്യമന്തകമഹാമണിയായ് വിളങ്ങും
സാരസ്യസാരനിധിയാകിയ 'സാധന'ത്തെ
ശ്ശൂരസ്വഭാവമൊടെതിർത്തു ജയിക്കുമെന്നു
വൈരസ്യമോതിയവർ തോററു മറിഞ്ഞുപോയി. 25

ഓരോ കുതർക്കമവരിൽച്ചിലർ കൊണ്ടുചെന്ന-
തോരോതരത്തിലവളും യുക്തിപറഞ്ഞടച്ചു;
നേരോതിടാമൊരുകലത്തിലുമിത്ര ബുദ്ധി-
സാരോദയം തടവിടും തരളാക്ഷിയില്ലാ. 26

നേരിട്ടു ചെന്നവരെയൊക്കെയുമോർമ്മവെച്ചു,
പേരിട്ടു, ലക്ഷണമുരച്ചതിയുക്തിപൂർവ്വം

കോരിച്ചൊരിഞ്ഞമൊഴികേൾക്കുകിൽ "നാട്ട്"നെ
ബ്ബാരിസ്റ്ററും വിരൽ കടിച്ചു സലാംകൊടുക്കും. [ന്ന

എന്നാണുടുത്ത,തുടനെന്നു തിരണ്ടു, പിന്നെ-
യെന്നാണു വേളി,യതിനേതു മുഹൂർത്തരാശി
എന്നേവമായ് പലതുമോർമ്മയിൽവെച്ചുചൊല്ലു-
മിന്നാരി ജാരരുടെ വാർത്ത മറക്കുമെന്നോ! 28

ഊക്കിട്ടശോകവിശിഖൻ ശരമാരി പെയ്തു
ലാക്കിൽപ്പെടുത്തിയൊരുപാടു ജനത്തെ;യെന്നാൽ
ചാക്കിന്നു നോക്കി മരുവും ബഹുവമ്പനാകു-
'മോക്കി'ദ്വിജന്റെ കഥയാണിതിൽവെച്ചു കഷ്ടം!

ഇസ്സാധനത്തിനൊളിപൂരുഷരെത്രയെങ്കി-
ലസ്സാധുവിപ്രവരനത്ര വയസ്സു കാണും:
നിസ്സാരമായ വിഷയഭ്രമമൊന്നൊഴിപ്പാൻ
ദുസ്സാദ്ധ്യമായിതു വയോധിക,നെന്തു ചെയ്യാം. 30

വേദംവഴിക്കു,മഥ ശാസ്ത്രവഴിക്കുമെന്തു
വാദം ഭവിക്കിലുമൊഴിപ്പതി'നോക്കി'വേണം;
കാദംബിനീകബരിയാൾക്കതിനെത്തൊടാനായ്
ഖേദം ഭവിച്ചതൊരു പത്ഥ്യമുരച്ചൊഴിച്ചു. 31

കോരിച്ചൊരിഞ്ഞപടി വാതപുരാധിപന്റെ
പേരിൽപ്പതിഞ്ഞ മുതലിന്നവകാശിയായി
പാരിൽപ്പരന്ന പുകളാർന്നമരുന്ന "മല്ലി-
ശ്ശേരി"ദ്വിജേന്ദ്രരുടെ വാർത്തയുമെത്ര കഷ്ടം! 32

ഇല്ലത്തിനിപ്പുരുഷനെന്നൊരു നാമധേയ-
മില്ല,ത്രയല്ലൊരു കുമാരിയുമില്ല; പോലും!
കില്ലററു കൃഷ്ണനിതുമാതിരി പുത്രനെക്കൊ-
ണ്ടല്ലൽപ്പെടുത്തുവതിനെന്തൊരു ബന്ധമയ്യോ! 33

സ്വത്തും പ്രതാപനിലയും കരുതുന്നതായാൽ-
ക്കത്തും ധനാധിപനുമൊത്തട,മത്തരത്തിൽ
ഉത്തുംഗഭാഗ്യനിധിയാകിയ ദേശമംഗ-
ലത്തുള്ള വിപ്രനുടെ വാർത്തയുമക്രമം താൻ! 34

ആട്ടത്തിൽ വേഷമിതിലുണ്ടി,ഹ കൊട്ടുമുണ്ടു,
പാട്ടുണ്ടു വേണ്ടവഴി, മദ്ദളമുണ്ടു പിന്നെ,
കൂട്ടത്തൊടൊത്തിനി മുറയ്ക്കൊരു തേവിടിശ്ശി-
യാട്ടത്തിനായവളിറങ്ങി നടന്നിടട്ടേ! 35

പാവം! പയോജമിഴിമാരിലൊരുത്തിയെക്കൊ-
ണ്ടേവം പറഞ്ഞിടുകിലായവനുണ്ടു പാപം;
ആ വമ്പനായ വിധിതൻ വിധിവൈഭവത്താൽ
പൂവമ്പനുള്ളടിമയായതു തീർന്നുപോയി. 36

കാലത്തിനൊത്ത കഥയെന്തിനു വിസ്തരിച്ചു
കാലം കളഞ്ഞു കരളിന്നിരുളേററിടുന്നു?
ആലസ്യമേററലസഗാമിനി താൻതനിച്ചു
ചാലക്കുടിക്കരയിലാണു വസിപ്പതിപ്പോൾ. 37

താണീടുമാളുകൾ വസിച്ചിടുമാപണത്തിൽ
വാണീടുവാനധികൃതർ സ്ഥലമേർപ്പെടുത്തി;

ഏണീവിലോലമിഴിയാളതിലെത്തിയപ്പോൾ
കേണീടിനാ;ളതിന്നു കാരണവും പറഞ്ഞു. 38

“ആകാത്ത വേലയിൽ മനസ്സുപതിഞ്ഞു തീണ്ടി-
പ്പോകാതെകണ്ടു കഴിവാൻ കൊതിയുണ്ടു പാരം”;
ശോകാതിരേകമൊടിവണ്ണമുരച്ചുനേരം
വൈകാതെ വേറെയൊരു ഗേഹമൊഴിച്ചുനൽകി. 39

ആററിന്നടുത്തു ചെറുതായൊരു കെട്ടിടത്തിൽ-
ക്കൂററിന്നൊരാളുമണീയാതൊരു യക്ഷിപോലെ
മാററിത്തമാന്നു നിജ പൂൎവ്വനടപ്പു ശേഷം
മാററിത്തരത്തൊടധുനാ സ്ഥിതിചെയ്തിടുന്നു! 40

“വ[illegible]ാത്ത ചേട്ടയിവ”ളെന്നറിവേററമുള്ളി-
ലില്ലാത്ത കൂട്ടർ പറയും; പറയട്ടെ നിത്യം;
തെല്ലാത്ത താപമെഴുമാളുകളോ “തടുക്കാ-
വല്ലാത്ത യോഗ”മിദമെന്നുമുരയ്ക്കുമെല്ലോ! 41

“ഒന്നാണു, പത്തിരുപതാണൊ,രു മുപ്പതാണി-
തെന്നാകിലെന്നുടെയഹമ്മതിയെന്നു ചൊല്ലാം”;
എന്നാദിയായ് പലതുമോതുമിതിൻ സ്വഭാവം
നന്നായ് വരാ;മൊരു വിരക്തിയിലെത്തിയേക്കാം. 42

എന്താകിലും ദ്വിജകുടുംബിനിയൊന്നുമൂല-
മെന്തായി? കൂട്ടരൊരുപാടു പുറത്തുചാടി!
സന്താപഭാരമൊടു ലോകരുഴന്നിടട്ടേ!
ചെന്താർശരൻ തലകുലുക്കി നടന്നിടട്ടേ! 43

# ഒരു പതിവ്രതയുടെ കഥ *

ശ്രീരാമൻ തിരുമേനി പണ്ടവതരി-
ച്ചന്നേമുതൽക്കത്ഭുത-
ശ്രീശാജിച്ചതികേളികേട്ടെഴുമയോ-
ദ്ധ്യാരാജ്യമുണ്ടിപ്പൊഴും;
ആ രാജ്യത്തെ യധീനമാക്കിയധുനാ
വാണീടുമാംഗ്ലേയക-
ന്മാരായിട്ടു പരിഷ്ക്കരിച്ചതിന്നു പേ-
"രൌഡെ"ന്നു കല്പിച്ചുതേ. 1

അക്കാലത്തവനീശർ വാണതുമയോ-
ദ്ധ്യാപട്ടണം തന്നിലാ
ണിക്കാലത്തതിലെ പ്രധാനനഗര-
ത്തിന്നുള്ള പേർ 'ലക്കനൌ";
സൽക്കീർത്തിപ്പെട്ടമപ്പുരത്തിലുമയൽ-
ഗ്രാമപ്രദേശത്തിലും
'താക്കൂ'റെന്നു പറഞ്ഞിടുന്നൊരുതരം
ഹിന്തുക്കളുണ്ടേറെക്കണം 2

ആ ജാതിക്കാരിലുണ്ടായിതു ബത ദയിതാ-
ഭാഗ്യവാനാമൊരുത്തൻ;
സ്ത്രീജാതിക്കുററമോതുന്നതിനൊരു വഴിയാ-
ണപ്പുമാൻ വേട്ട പത്നി;

---

* ഇതു കഴ്സൻപ്രഭു വൈസറായി ആയിരുന്ന കാലത്തു് വാസ്തവമായി നടന്ന ഒരു സംഭവമാണ്. പ്രസ്തുത സംഭവം അന്നുതന്നെ നമ്മുടെ കവി പദ്യമായെഴുതി 'വിദ്യാവിനോദി'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

ശ്രീ ജാതിക്കൊത്തൊരാളാണവളുടെ ജനകൻ;
        തൽഗൃഹത്തിൽ ഗമിച്ചി-
ട്ടാജ്ജായാവല്ലഭന്മാർ സുഖമൊടു സുചിരം
        പാർത്തു പിന്നെത്തിരിച്ചാർ. 3

മല്ലാക്ഷീമണിയായ തൻപ്രിയതമ-
        യ്ക്കുത്സാഹമുണ്ടാകുവാ-
നുല്ലാസത്തൊടു നാട്ടുവാർത്ത പലതും
        ചൊല്ലീടിനാൻ വല്ലഭൻ,
മെല്ലെപ്പോന്നൊരു നാലുകാതമകലെ-
        "ബ്രന്തീറ"യാം ദിക്കിലെ-
പ്പൊല്ലീസ്സ്റ്റേഷന്റെ മുന്നിലായ് പുതുമലർ-
        ത്തേൻവാണിയും കാന്തനും. 4

സ്റ്റേഷനുള്ളിൽക്കസേരപ്പുറമതിലുലകിൻ-
        നാഥനേക്കാൾ പ്രതാപോൽ-
ക്കർഷം ഭാവിച്ചു മേൽമീശയുമഴകിൽ മുറു-
        ക്കിപ്പിരിച്ചൂറ്റമോടെ
വേഷംകെട്ടി,ഗ്ഗഭീരധ്വനിയൊടമരുമിൻ-
        സ്പെക്ടരാം ഘാതകന്നീ
യോഷാമാണിക്യമയ്യോ ശനിയുടെ പിഴയാ
        ലക്ഷ്യ ലക്ഷ്യീഭവിച്ചു! 5

സൌഭാഗ്യലക്ഷ്മി മരുവും മണിമേടയായി-
ശ്ശോഭിയ്ക്കുമിക്കുവലയായതനേത്രതന്നിൽ
ആഭാസനാകുമവനുള്ളു പതിഞ്ഞു; മറ്റു-
ള്ളാഭോഗമൊന്നുമിവരോർക്കുകയില്ലയല്ലോ. 6

"പെരുവഴിപോമവളേയും
പുരുഷനെയും ഹാജരാക്കുകെൻ മുമ്പിൽ,
ഇരുന്നൂററഞ്ചേ! പോകെ"-
ന്നുരുഘനമോടാജ്ഞ നല്കി യിൻസ്പെക്ടർ. 7

ആ നമ്പർ കൺസ്റ്റബിളുടൻ വഴിയിൽക്കടന്നി-
ട്ടാനാരിയേയുമവരാംതന്നുടെ കാന്തനേയും,
താനേ പിടിച്ചു വഴിനീളെയിഴച്ചു, പോല്ലീസ്സ്-
സേനാധിനാഥനുടെ മുന്നിലണച്ചുശീഘ്രം. 8

"ആരാണു നീ പറക, നല്ല ചെറുപ്പമാമീ-
വാരാംഗനാതിലകമേതുമോതിടേണം;
ആരാകിലും കബളമെന്നോടുരച്ചുപോയാൽ
കാരാഗൃഹത്തിനകമാഷ്വരുമാശ്രയം തേ." 9

സത്യംചൊന്നാലബദ്ധം ചെറുതുമതിൽ വരാ-
നില്ല, തൻകാന്തയാകും
നൽത്തേഞ്ചൊല്ലാളൊടൊന്നിച്ചുടനടി വിട്ടുമെ-
ന്നുള്ള ധൈര്യം നിമിത്തം,
ക്രുദ്ധിച്ചിൻസ്പെക്ടരോതിടിന മൊഴിയിലവ-
ന്നേതുമേ ഭീതിതോന്നീ-
ലത്യന്തം താഴ്മയായ് തൽപ്രിയതമയവളെ-
ന്നുള്ള സത്യം കഥിച്ചാൻ. 10

"കണ്ടാൽത്തോന്നില്ലെടോ! നീയിവളുടെ പതിയാ-
ണെന്നു, നീ ശുദ്ധമോശം,
വണ്ടാർപൂവേണിയിക്കാമിനി യുവതികുലാ
ലംകൃതത്തങ്കമല്ലോ;

രണ്ടില്ലാ പക്ഷമേതാണ്ടപകടമിവളിൽ-
ച്ചെയ്തു നീ കൈക്കലാക്കി-
ക്കൊണ്ടോടിപ്പോകയാണിത്തരുണിയെ വിട്ടവാൻ
വയ്യെടോ ന്യായമോർത്താൽ. 11

മുന്നൂററിനാലെവിടെയാണിവളെപ്പിടിച്ചു
മന്ദേതരം മുറിയിലാക്കിയടച്ചുപൂട്ടു;
എന്നാലിവൻ തെളിവു കൊണ്ടുവരട്ടെ, പോയി-
ട്ടന്നേരമോർത്തിവളെ വിട്ടുകൊടുത്തുകൊള്ളാം". 12

വട്ടക്കണ്ണു തുറിച്ചുരുട്ടി നെടുതാം
മേൽമീശ തപ്പിക്ഷിതി-
ക്കിട്ടഞ്ചാട്ടു ചവുട്ടി, രുട്ടൊടിദമാ-
യിൻസ്പെക്ടരോതീടവേ
കൂട്ടിൽപെട്ടിരകിട്ടിടാത്ത പുലിതൻ-
മുന്നിൽ പതിച്ചുള്ളൊരാ-
പ്പട്ടിക്കുട്ടികണക്കു പേടിയൊടവൻ
താണേവമോതീടിനാൻ:— 13

''അയ്യോ! പൊന്നെജമാനനിങ്ങിനെ വൃഥാ
കോപിച്ചു കല്പിക്കൊലാ;
പൊയ്യല്ലീശ്വരനാണെ, മജ്ജനനിയാ-
ണെൻ കണ്ണരണ്ടാണഹോ!
മയ്യേലുംമിഴിയാകുമിത്തരുണിയാ-
ളെൻഭാര്യയാണീവിധം
ചെയ്യാൻ തക്കൊരു കുററമിയ്യുഗതികൾ-
ക്കെന്തുള്ളു ചിന്തിക്കുകിൽ". 14

എന്തൊക്കെ നേർവഴികൾ ചൊൽകിലുമംബുജാസ്ത്ര-
ഭ്രാന്തിൽക്കുടുങ്ങിയവരായതു കേൾക്കയുണ്ടോ?
താന്തന്നെ പോയ് തരുണിയാളെ മുറിക്കകത്തു
ബന്ധിച്ചു കാന്തനുടെ കൈവശമേകി താക്കോൽ. 15

ക്രൂരത്വം കോരിവർഷിക്കിലുമവൾ മരുവീ-
ടുന്ന മച്ചിൻെറ താക്കോൽ
ധീരത്വത്തോടു കൈമാറിയ സമയമവ-
ന്നല്പമാശ്വാസമായി;
ചാരിത്രംതന്നെ മൽക്കാന്തയെയിവിടമതിൽ-
ക്കാത്തുകൊള്ളട്ടെയെന്നോ-
ർത്താ രാത്രിക്കാത്മകാന്താജനകപുരമണ-
ഞ്ഞീടുവാൻ വെച്ചടിച്ചു. 16

ബുദ്ധിയ്ക്കു തെല്ലുമൊരു മൌഢ്യമുദിച്ചതില്ലാ-
സ്സാദ്ധ്വിക്കഹോ മുറിയിലേക്കു കടന്ന നേരം;
യുദ്ധത്തിനായ് സ്വകുലധർമ്മമഹാസ്ത്രമൊന്നു
സിദ്ധിച്ചിരിക്കുമൊരു ധീരതയായിരിക്കാം. 17

കാലാഗമനം പാർത്ത
ലോലായതനേത്രയാകുമവൾതന്നെ
ആലോചിച്ചു മനോരഥ-
ലീലകളോരോന്നു ചെയ്തിതിൻസ്പെക്ടർ. 18

ഒരിക്കൽക്കിടക്കും, തെരിക്കെന്നെഴുന്നേ-
റ്റിരിക്കും, കുറേസ്സഞ്ചരിക്കും, തിരിക്കും,
മരിക്കാൻ കിടക്കുന്നൊരുത്തൻ നടത്തും
സ്ഥിരക്കേടവൻ കാട്ടിയൊപ്പിച്ചു സർവ്വം. 19

മുററം പിച്ചു മുഴുത്തു പിച്ചകശര-
ക്കൂത്താടുവാൻ വൈകിയ-
ക്കൂററൻ വാതിൽ തുറപ്പതിന്നു മറുതാ-
ക്കോൽ കൊണ്ടുചെന്നീടിനാൻ;
ചെറേറതാണ്ടൊരനക്കമൊന്നു വഴിയിൽ-
ക്കേട്ടാനുടൻ പിന്തിരി-
ഞ്ഞുററംവിട്ടു ശപിച്ചു ഹന്ത! വഴിയിൽ
ക്കൂടിങ്ങുമിപ്പോർകളെ. 20

കഷ്ടിച്ചിങ്ങിനെയർദ്ധരാത്രിവരെയാൾ-
സ്സഞ്ചാരമുണ്ടാകയാൽ
ദുഷ്ടത്വം പ്രകടിക്കുവാൻ തിടുതിടു-
ക്കപ്പെട്ടു പാർത്തീടിനാൻ;
ആട്ടേ വന്നതുവന്നുവെന്നു കരുതി-
ച്ചെന്നാൻ തുറന്നാനക-
ത്തിട്ടിട്ടുള്ളൊരു സാക്ഷനീക്കുവതിനാ-
യേവം കയർത്തോതിനാൻ. 21

“ദുഷ്ടേ! തുറന്നിടുക വാതിൽ; മടിച്ചുപോയാൽ
വെട്ടിപ്പൊളിച്ചുടനകത്തു കടന്നിടും ഞാൻ;
പെട്ടെന്നു നിൻതലയറുത്തു, നിണത്തെ മൂക്കു-
മുട്ടെക്കുടിച്ചു കുടൽമാല കഴുത്തിലാക്കും”. 22

ഇതി ഭീഷണിവാക്കുരച്ചനേരം
കതകിൻസാക്ഷ തുറന്നു കാതരാക്ഷി;
ധൃതിയും, കൊതിയും, പയോജബാണാ-
ഹതിയും കൊണ്ടവനുള്ളിലും കടന്നു. 23

കൈക്കലുള്ളൊരു വാൾ മെല്ലെ
മൂക്കിൽ വെച്ചിതു മുഷ്കരൻ;
അക്കാൎയ്യം സൂക്ഷ്മമേറീടും
മയ്യണ്ണിയ്ക്കു മനസ്സിലായ്. 24

ആവേഗത്തോടവൻ തിരിഞ്ഞവളെയൊ-
ന്നാലിംഗനം ചെയ്യുവാൻ
ഭാവിച്ചപ്പൊഴുതത്ഭുതാംഗിയവൾ തൻ-
കയ്യാൽ തടുത്തീടിനാൾ;
ആവുംപോലെ പഠിച്ചവിദ്യ പതിനെ-
ട്ടും നോക്കിയെന്നിട്ടുമ-
പ്പൂവേണിക്കുടയോരു പോർമുല തൊടാൻ
സാധിച്ചതില്ലത്ഭുതം. 24

തിരെത്തോററു മറിഞ്ഞു തന്നുടെ മനോ-
രാജ്യം ഫലിക്കായ്കയാൽ
നീരിത്താർശരനെയ്തിടും ശരനിര-
ക്കുൾക്കേറിയക്കാരണം;
ചാരിത്രപ്പൊരുളാമവൾക്കലിവു തെ-
ല്ലുണ്ടാകുവാൻ തൽക്കഴൽ-
ത്താരിൽത്താണു നമസ്കരിച്ചു പലതും
ചാപല്യമോതീടിനാൻ. 26

ധീരത്വമററടിപിടിച്ചു കരഞ്ഞു പിന്നെ-
പ്പാരിച്ച ദുർമ്മൊഴി ചൊരിഞ്ഞിതു രണ്ടുകൊണ്ടും
ചാരിത്രമൂൎത്തിയുടെയുള്ളിളകീല തെല്ലും
പാറപ്പുറത്തു മഴ പെയ്തതുപോലെയായി. 27

വെളിച്ചമുണ്ടാവുകിലിത്ര ധൈയ്യം
വെളിപ്പെട്ടത്തില്ലിവഠം നാരിയല്ലേ?
ഇളിഭ്യനേവം നിരുപിച്ചു വേഗം
വിളക്കിന്നായിട്ടു പുറത്തിറങ്ങി. 28

•

ഭീതിക്കാസ്സദമാകുമക്കഴ പുറ-
ത്തായപ്പൊളത്യുല്ക്കട-
ശ്രീധൈയ്യത്തൊടു മുക്കിൽനിന്നു കരവാഠം
തപ്പിപ്പിടിച്ചാളവഠം.
പാതിവ്രത്യമഹോഗ്രധമ്മമൊരിടി-
ത്തീശ്ശക്തിപോലക്കല-
സ്ത്രീതന്നിൽക്കലികൊണ്ടിടുംപടിയുടൻ
വ്യാപിച്ചു സവ്വാംഗവും. 29

കിടുകിടെ വിറപൂണ്ടവള-
ക്കട്ടഭയദൻ വന്നനേരമൊരു വീശ്!
ഉടലും തലയും വേറായ്-
ക്കട്ടനിണമഴ പെയ്തു വിണിതഗലനവാൻ. 30

കേഴക്കണ്ണാളുമൊന്നിച്ചലർശരമഹിത-
ക്രീഡയാടിസ്സസൌഖ്യം
വാഴുന്നോ മൂപ്പരെന്നുള്ളൊരു കഥയറിവാൻ
നിസ്തുലോത്സാഹമോടേ
കീഴുദ്യോഗസ്ഥർ വന്നാരിരുവരവരെയും
കൂസൽകൂടാതെ വെട്ടി-
ത്താഴത്തിട്ടാഠം കളിക്കുട്ടികഠം കലിതരസം
താളു വെട്ടുന്നപോലെ. 31

കാലത്തഞ്ചുമണിയ്ക്കു കമ്രമുഖിയാറം-
തൻ നാഥനും, താതനും,
നാലഞ്ചാറം ബഹുയോഗ്യർ സാക്ഷികളുമാ-
യെത്തീടിനാർ സ്റ്റേഷനിൽ;
മാലോകൎക്കു മഹാത്ഭുതത്തിനിടയാ-
ക്കിത്തീൎത്ത വിഖ്യാതയാ-
മാലോലാക്ഷിയെയൊന്നു കാണ്മതിനനേ-
കം പേരുമെത്തീടിനാർ. 32

ദുഷ്കരക്രിയ നടത്തിനില്ക്കുമ-
പ്പുഷ്കരാക്ഷിയൊടു വാളു വാങ്ങുവാൻ
ആൎക്കുമാൎക്കുമൊരു ധൈൎയ്യമെത്തിടാ-
ഞ്ഞൊക്കെ നോക്കി മരുവീടിനാർ ചിരം. 33

താതൻ പിന്നെയടുത്തുചെന്നു കരവാറം
മെല്ലെന്നു വാങ്ങിപ്പിടി-
ച്ചാതങ്കപ്രണയാത്ഭുതാർദ്രമനസാ
ഗാഢം പുണൎന്നീടിനാൻ,
സ്ഫീതാനന്ദമയാശ്രുധാരയതിനാൽ
തന്നോമനപ്പുത്രിതൻ
മൈ തന്നിൽപ്പുരളുന്ന ചോരയൊരുമ-
ട്ടൊക്കെക്കളഞ്ഞീടിനാൻ. 34

പിന്നെബ്ഭൎത്താവടുത്തജ്ജനകനെ വിടുവി-
ച്ചായിരം ലോകർ കാണ്കെ-
ത്തന്നോമൽപ്രാണനാഥാമുദതനു മുറുകെ-
ച്ചേൎത്തു കെട്ടിപ്പിടിച്ചാൻ;

എന്നാലാവില്ലവൎക്കന്നേരിയ ഹൃദയവികാ-
രങ്ങളെല്ലാം
നൊന്നോ കണ്ടുനില്ക്കും ബഹുജനമഖിലം
കണ്ണുനീർ വാൎത്തുകൊണ്ടാർ. 35

സ്റ്റേഷൻപാൎശ്ശ്വടയോരു ഹേഡു ശരിയായ്-
ക്കാലത്തു വന്നപ്പൊഴി-
ഭേലാഷം കണ്ടു യഥാൎത്ഥവാൎത്ത മുഴവൻ
ചോദിച്ചറിഞ്ഞീടിനാൻ;
ദ്വേഷം ലേശവുമേശിടാതതിനെ റി-
പ്പോൎട്ടാക്കിനാൻ; ലക്കനൌ-
സെഷ്യൻകോടതി കേസ്സു ടുത്തു വെറുതേ
വിട്ടു വിശാലാക്ഷിയേ 36

ഇമ്മാഹാത്മ്യം കലൎന്നീടിന കഥ ഗവൎമ്മേ-
ണ്ടിന്നു ബോദ്ധ്യംവരുത്താ-
നമ്മാന്യന്മാർകുലാഗ്ര്യൻ ജഡ്ജിയിതഖിലം
കാട്ടി റിപ്പോൎട്ടുചെയ്തു;
ധൎമ്മത്തിൻ നിഷ്ഠ, ധൈൎയ്യസ്ഥിതിയിതുകൾ നിരൂ-
പിച്ചു നാന്നൂറുരൂപാ
സമ്മാനം നല്കിയമ്മാനിനിയുടെ ധവള-
ശ്രീയശോരൂപതുല്യം *

---

* ഈ നാന്നൂറുറുപ്പിക സമ്മാനമായി കൊടുത്തത് വൈസറായി കഴ്സൻപ്രഭുതന്നെയാണ്.

# മംഗളങ്ങൾ

സീമാവിഹീനസൽഗുണങ്ങളിണങ്ങിവാഴും
ശ്രീമാടഭൂമി വലവൈരി ബുധാധിനാഥൻ
പ്രേമാരി പോലെ കരുണാമൃതസത്തു വർഷി-
ച്ചീ മാസികയ്ക്കുതുലപുഷ്ടി വളർത്തിടട്ടെ.

---

മൂലസ്വത്തായ വേദപ്പൊരുളുകളിലൊളി-
ക്കുന്നവൻ, പാരിനെല്ലാ-
മാലസ്യം വിട്ടു സൃഷ്ടിസ്ഥിതിഹതികൾ നട-
ത്തീടുമാദ്യന്തഹീനൻ,
ഭൂലക്ഷ്മീദേവിമാരൊത്തഹിവരശയനേ
പള്ളികൊള്ളും പരാത്മാ-
വീ 'ലക്ഷ്മീഭായി'യെത്തൻമകളുടെ നിലയിൽ
ചേർത്തു പോറേറണമെന്നും.

---

ചിന്താനൈർമ്മല്യമേന്തുന്നവരുടെ നിഖിലാ-
ഭീഷ്ടസിദ്ധിക്കുനില്ലും
സന്താനക്കൊച്ചുതയ്യേ! പുരമഥനപുരാ-
പുണ്യപൂരത്തിളപ്പേ!
ഹന്താനന്ദാശ്രുവാർന്നീടിന മിഴിനിരയാൽ
നാട്ടുകാർക്കൊത്തു കാണ്മാൻ
സന്താനം വഞ്ചിരാജേശ്വരിയിലരുളണേ
രണ്ടുകൊല്ലത്തിനുള്ളിൽ.

ഒരുഞൊടിയിടകൊണ്ടിക്കണ്ടതെല്ലാം ചമച്ചും,
വിരുതൊടതു ഭരിച്ചും, വീതശങ്കം മുടിച്ചും,
മരുവുമഗതനൂജേ! ശാശ്വതേ! വിശ്വനാഥേ!
പുരുകൃപയൊടു 'ലക്ഷ്മീഭായി'യെക്കാക്കണം നീ.

സാരസാസനസരോജസന്നിഭമുഖത്തി-
ലും, സഹൃദയാളിതൻ
സാരസൽഗുണസമൃദ്ധമാം രസനതന്നി-
ലും വിലസുമീശ്വരി!
സാരസാക്ഷിമണിയാം സരസ്വതി സദാ സ-
ഹായമൃതകിസ്സുഖം
'സാരബോധിനി' സമസ്തസജ്ജനസമക്ഷ-
മെത്തി രസമേകണം.

സ്വപദസരസിജാന്തേ ജാതയായ്, സ്വന്തജാതി-
യ്ക്കുപകൃതി പലമട്ടും ചെയ്തുപോരുന്നമൂലം
ഉപരിയുപരി 'ലക്ഷ്മീഭായി' നന്നാകുവാൻ നീ
കൃപയുടയ വടക്കുന്നാഥനാഥേ! തുണയ്ക്കുക.

സാപ്പാടിന്നായ് ക്ഷണിച്ചിട്ടിന ധനദനൊരു-
ക്കിച്ചുവെച്ചുള്ള സദ്യ-
ക്കോപ്പാകെത്തീർത്തൊരാനത്തലവൻ ജഠര-
ത്തീപ്പിശാചൊന്നടങ്ങാൻ
തപ്പാതെന്തോ, ജപിച്ചൂതിയ മലർമണിയാ-
മമ്പു താങ്ങിക്കൊടുത്താ-
മ്മുപ്പാരിന്നുപ്പരാകും മലർവിശിഖരിപു-
സ്വാമി സൌഖ്യം തരട്ടേ. 4

ഭൂയിഷ്ഠപ്രൌഢവാഗ്ധോരണിയൊടു മലയാ-
ളത്തിലെല്ലാസ്ഥലത്തും
പോയിഷ്ടംപൂണ്ടു ധർമ്മാചരണമുറകളെ
സ്ത്രീകളെക്കൊണ്ടു നിത്യം
വായിപ്പിച്ചന്തരംഗത്തിന്നു വിമലതയെ-
ച്ചേർത്തുപോരുന്ന "ലക്ഷ്മീ-
ഭായി"പ്പെൺകുട്ടി നിൻകണ്ണടിയിൽ വളരണം
മാമലപ്പെൺകിടാവേ! 5

---

ആരാലിക്കേരളിപ്പെൺമണി മഹിതസനാ-
ഥതാമംഗീകരിപ്പൂ,
പാരാകെപ്പാഞ്ഞുചെന്നാരുടെ വിമലയശോ-
ലക്ഷ്മി നിത്യം ജയിപ്പൂ;
ആരാസ്സൌജന്യവാരാന്നിധിയിലവിരതം
കേളിയാടുന്നു, വഞ്ചി-
ശ്രീരാജ്ഞീശൻ വിളങ്ങുന്നിതു വരകവിയാ-
ക്കേരളക്ഷ്മാമണാളൻ. 6

സമ്പത്തും സൽപ്രതാപസ്ഥിതിയു, മനുപമ-
പ്രജ്ഞയോടൊത്ത വിദ്യാ-
സമ്പത്തും പൂണ്ടു സാധിച്ചിതു സുഖമറുപ-
ത്തഞ്ചു വർഷം സഹർഷം;
ഇമ്പത്തോടിന്ദിരാകാമുകനിനിയുമിതിൻ-
മട്ടിലപ്പുണ്യരാശി-
ക്കമ്പത്താറാണ്ടുകൂടിദ്ധരണിതലസുഖാ-
വാസമേകീടവേണം.

## ഒരൊററ ശ്ലോകം.

തമ്മിൽത്തല്ലിത്തകക്കും തടമുലകൾ, കരി-
ങ്കാറു കപ്പംകൊടുക്കും
ധമ്മില്ലം, വൃത്തമൊത്തുള്ളൊരു മുഖ,മതുലാ-
രോഗ്യ ലക്ഷ്മീവിലാസം,
ബ്രഹ്മാവിക്കണ്ട കോപ്പിങ്ങനുഭവരസിക-
ന്മാക്കു നൽകാതെ ചുമ്മാ-
ചുമ്മാടേററുന്ന നീചപ്പുരിഷകളിലണ-
യ്ക്കുന്നതത്യന്തകഷ്ടം! 7

—❋❋❋—

വിദ്യാത്ഥികൾക്കുവേണ്ടി

## 1. വിളക്ക്

വിളങ്ങിനില്ക്കും രവിയസ്തമിച്ചാൽ
വളർന്നടുക്കുന്നൊരിരുട്ടശേഷം
കളഞ്ഞു നമ്മൾക്കു വെളിച്ചമേകാൻ
വിളക്കു വെയ്ക്കുന്നിതു വീടുതോറും 1

തീപ്പെട്ടി പണ്ടി:ല്ലതിനാൽജ്ജനങ്ങൾ-
ക്കേപ്പെട്ട കഷ്ടം പറയാവതല്ല;
ഇപ്പോളതിന്മാതിരിയൊന്നുമില്ല;
തീപ്പെട്ടിയില്ലാത്തൊരു വീടുമില്ല, 2

കോലൊന്നുരച്ചാൽ ചെറുതായ മിന്നൽ-
പോലൊന്നു മിന്നീട്ടുടു തീ പിടിക്കും;
ചീളെന്നു കത്തിയ്ക്കണമല്ലയെന്നാ-
ലാളുന്ന തീ കൈവിരലിൽ കടക്കും. 3

വിളക്കു വെയ്ക്കുംസമയത്തു നമ്മൾ
കളിച്ചു നില്ക്കുന്നതു ഭംഗിയല്ല;
കുളിച്ചു, മററുള്ള കിടാങ്ങളേയും
വിളിച്ചു നാമങ്ങൾ ജപിച്ചിടേണം. 4

വെളുപ്പാൻകാലത്തും വെളിവൊടു വിള-
ക്കൊന്നു പതിവായ്
കൊളുത്താറു,ണ്ടപ്പോളുണരണമത-
ത്രേ ഗുണകരം;
കുളുത്തോരുത്സാഹാലുരുവിടുക പാ-
ഠങ്ങൾ മുറപോ-
ലെളുപ്പം തെല്ലല്ലപ്പൊഴുതവ മന-
സ്സിൽ പതിയുവാൻ.

## 2. കൊയ്ത്തുകാലം

(വഞ്ചിപ്പാട്ട്)

നാട്ടിൻപുറങ്ങളിലുള്ള കുട്ടികൾക്കു നല്ലോരോണം
വിട്ടാൽ പിന്നെ കൊയ്ത്തുകാലം വിശേഷമല്ലോ.
രണ്ടു പൂവു 'വിരിപ്പെ'ന്നും 'മുണ്ടക'നെന്നുമുണ്ടതിൽ
മുണ്ടകൻ കൊയ്യുന്നകാലം മുഴുത്തമോദം.

പുല്ലുചെത്തി മുററത്തുള്ള കല്ലുംമണ്ണുമെല്ലാം നീക്കി
നല്ലപോലേ തേച്ചിടുന്നു നെല്ലു ചിക്കുവാൻ.
മററം കൃഷിസ്ഥലങ്ങളിൽ പാററിനില്ക്കും പുലയരും
കൊററിനില്ലാതുള്ളവരും കൊയ്യുവാൻ കൂടും.
തെരുതെരെക്കൊയ്തു നെല്ലു ചുരുട്ടാക്കിക്കെട്ടും പിന്നേ
ചുരുട്ടൊക്കെക്കററയാക്കിച്ചുരുട്ടിക്കെട്ടും.

കററയെല്ലാം കൊണ്ടുവന്നു മുററത്തിട്ടു മെതിച്ചതിൽ
പററീടുന്ന നെന്മണികൾ മാററിയ ശേഷം

വയ്ക്കോലെല്ലാം പുരയോളം പൊക്കത്തിൽ നല്ലുണ്ടയാക്കി
വയ്ക്കുമതിൽക്കേറി ബാലർ കേളിയാടീടും.

മെല്ലെമെല്ലെ കേറീടേണമല്ലെന്നാലോ താഴെ വീണി-
ട്ടെല്ലും മുള്ളും നുറുങ്ങിപ്പോം പല്ലും പോയേക്കും.

എത്തിമോളിലെന്നാലൊരുമെത്തപോലെവയ്ക്കോൽവെച്ചു
സ്വസ്ഥമായിക്കിടന്നീടാം നക്ഷത്രം നോക്കി.

മഞ്ഞുവീഴുംമുമ്പായെൻെറകുഞ്ഞുങ്ങളേ!പോന്നീടാഞ്ഞാൽ
നെഞ്ഞടപ്പും മൂക്കടപ്പും വന്നുപെട്ടേയ്ക്കും.

---

## 3. ഉച്ച

(ശീതങ്കൻ)

അക്കദേവൻ നേരമുച്ചയായീടുകിൽ
തീക്കനൽപോലെ ചുടുന്ന വെയിലുമായ്
നിൽക്കുന്നതെത്രയോ ദൂരത്തു; നേരിട്ടു
നോക്കുന്നതാകിലക്കണ്ണുകൾ മങ്ങിടും,
പക്ഷികൾപോലുമിച്ചൂടിനെപ്പേടിച്ചു
വൃക്ഷങ്ങൾവിട്ടു പുറത്തു പറന്നീടാ,
ഉച്ചതിരിഞ്ഞാൽക്കളിയ്ക്കാൻ വിടലുണ്ട്;
കൊച്ചുപൈതങ്ങളന്നേരം വെയിലിനെ
ഒട്ടുമേ കൂസാതെ കൂട്ടമായ്ത്തങ്ങടെ
വീട്ടിലേക്കോടും വിശപ്പടക്കീടുവാൻ.

നല്ല കിടാങ്ങളാണെങ്കിലോ വേശത്തിൽ
വല്ലതും വാങ്ങിക്കഴിച്ചു തിരിച്ചുടൻ
ബാക്കിയുണ്ടാകുന്ന നേരത്തു പുസ്തകം
നോക്കിപ്പഠിക്കും ജയിച്ചു കേറീടുവാൻ.

# ശ്രീസുബ്രഹ്മണ്യസ്തോത്രം

അഷ്ടമൂർത്തിമുകുന്ദസാരസസംഭവക്കുമസാദ്ധ്യമാം
ദുഷ്ടതാരകദൈത്യപുംഗവനിഗ്രഹത്തെ നടത്തുവാൻ
വിഷ്ടപത്തിലുദാരവീര്യമൊടുൽഭവിച്ച ജഗൽപ്പതേ!
ശിഷ്ടവന്ദിതപാദ! ഷൺമുഖ! രക്ഷ! രക്ഷ! ദയാനിധേ! 1

ആറണിഞ്ഞ ഹരന്റെ ഭൂരിമഹത്തപമേന്തിടുമുണ്ണിയാ-
യാറണിത്തിരുവക്ത്രമാണ്ട കുമാര! കോമളവിഗ്രഹ!
കൂറണിഞ്ഞ വിലോചനോല്പലമാല ഞങ്ങളിലാടൽപോം-
മാറണയ്ക്കുക,മാറണച്ച മഹേശി പോറ്റിന പൈതലേ!

ഇല്ല നിന്തിരുമേനിയൊത്തു, പദാബ്ജഭക്തജനത്തിനു-
ള്ളല്ലൽതീർത്തു തുണയ്ക്കുവാൻ പരദൈവതം പരദൈവമേ!
പല്ലവത്തൊടിടഞ്ഞ തൃക്കഴലോർത്തുമേവിന ഞങ്ങളിൽ-
ത്തെല്ലലിഞ്ഞൊരുനോക്കുനോക്കുക വല്ലിതൻപ്രിയവല്ലഭ!

ഈ മികച്ച ഭവാബ്ധിപെറ്റൊരു മോഹമാംകടുബാധയാൽ
ഭൂമിതന്നിലെഴുന്നോരേഴകൾ തുള്ളിടുന്നിതു രാപ്പകൽ;
സ്വാമിയെന്നൊരു മന്ത്രതല്ലജമുള്ളുറച്ചു ജപിക്കുകിൽ-
പ്പോമിതിൻപക,യാകമാനമടങ്ങുമേതൊരു ബാധയും. 4

ഉക്തികൊണ്ടുരചെയ്യുവാനെളുതല്ല നിന്തിരുമേനിതൻ
ഭക്തികൊണ്ടു ജനാവലിയ്ക്കു വരുന്ന മംഗളസൽഫലം;
ഭുക്തിമുക്തികൾസക്തിയൊത്തുപദാബ്ജഭക്തരിലേകുവാൻ
ശക്തി ശക്തിധരന്നൊഴിഞ്ഞൊരുദൈവതത്തിനു കിട്ടുമോ?

ഊണിനി,ല്ലുടയാടയി,ല്ലൊരു വീടുമില്ല, നടക്കുവാൻ
ത്രാണിയി,ല്ലൊരു ബന്ധുവില്ല തുണപ്പതിന്നുമിതേവിധം,
കേണിടുന്നൊരു വൃദ്ധനാം കടുരോഗിയും തവ ത്രുമിഴി-
ക്കോണിനുള്ള തണ്ണപ്പുതട്ടുകിലക്ഷണം ബഹുയോഗ്യനാം.6

ഋക്കുതൊട്ടൊരുവേദപങ്ക്തിപഠിക്കിലും,വിജനസ്ഥലം-
പൂക്കു ഹന്ത! തപിക്കിലും, പല കാവിവസ്ത്രമുടുക്കിലും,
ദിക്കു ചുററി നടക്കിലും, ബഹുചാമ്പൽ പൂശുകിലും മുറ-
യ്ക്കൊക്കുകില്ല ഫലാപ്തി,തൃപ്പദഭക്തിയൊന്നൊഴിവാകകിൽ

എത്രസങ്കടമേൽക്കിലും, സുഖമാകുമെന്നൊരു മോഹമു-
ണ്ടെത്രസൌഖ്യമശിക്കിലും, ബത! തൃപ്തിയില്ലതിലൊട്ടുമേ,
പുത്രമിത്രകളത്രധാന്യധനാദിപീഡകൾ ചേൎന്നതാ-
യിത്ര ദുർഘടമായ മായയിലിട്ടുമുക്കി വലയ്ക്കൊലാ. 8

ഏറമുന്നതനീലശൈലമനോജ്ഞമാം മയിലിൽത്തെളി-
ഞ്ഞാറു രണ്ടുകരങ്ങളുള്ളതിലായുധങ്ങളണിഞ്ഞഹോ!
നൂറുകോടി ദിവാകരപ്രഭപൂണ്ട പൂന്തിരുമെയ്യുമായ്
ജോറുകൂടിന യാത്രയൊന്നിഹ കാണുവാൻ തരമാകുമോ?9

ഐഹികോല്ക്കടശത്രു മോഹമദാദിസൈന്യവുമൊത്തിതാ
ദേഹികൾക്കു ഭയംവരുംപടി ചുററിടുന്നിതു ഞങ്ങളേ
പാഹി! പാഹി! വിഭോ! പരന്തപ! പാഹിമാമസുരദ്വിഷ-
ദ്വാഹിനീശ! ഭവാന്റെ വേലിനു വേലനൽകുകരക്ഷണം.

ഒന്നുപോലെ സഹസ്രജന്മമെടുക്കിലും സുകൃതോദയം
വന്നുചേരുകയില്ല മാനസകന്മഷം നിലനിൽക്കവേ;

കുന്നുപോലുമടത്തുവാൻ കഴിവുള്ള വേൽമുനകൊണ്ടു നീ-
യൊന്നുമെല്ലെ വരണ്ടിയാൽ പരിശുദ്ധമായ് മമ മാനസം

ഓടിടുന്നിതു നല്ല മേടകൾ, കുത്തിടുന്ന കുളങ്ങളും,
നേടിടുന്നിതു നിത്യതയ്ക്കു പിശുക്കിയും ധനമാളുകൾ;
ഓടിടുന്നിതു ജീവിതം പരലോകയാത്രയിൽ വല്ലതും
നേടിടേണ്ടൊരു കൂട്ടമി,ല്ലതിലുൾപ്പെടുത്തരുതെന്നെയും.

ഔരസാത്മജരെന്നു ഞങ്ങളെയോർക്കണം; തവ തൃക്കഴൽ-
സ്സാരസങ്ങളൊഴിഞ്ഞു മററവലംബമില്ലടിയർക്കഹോ!
നീരസം വരുമാറു വല്ലതുമാചരിക്കിലുമൊക്കെയും
നി രസേനപൊറുത്തു മേൽഗ്ഗതികൈവരാൻവരമേകണേ.

അംബയായതു ലോകനായിക, പൂർവ്വജൻഗണനായകൻ,
ത്ര്യംബകൻ വിഭു താതനും തവ, ഭദ്രകാളി സഹോദരി,
അംബരാടചമൂസമൂഹവരൻ ദ്വിഷൽബ്ഭുജനാണു നീ
കിം ബലം തവവന്നിടേണ്ടതു ഞങ്ങളെത്തുണചെയ്യുവാൻ?

അച്ഛനാകുമനന്തകോടി ചരാചരാത്മജനീശ്വരൻ
തുച്ഛയാചകനാകുമെന്നു ഗണിച്ചുരച്ച മഹാമതേ!
ഇച്ഛപോലടിയങ്ങൾ തന്നഴലിന്നുപോം, സുഖമാകുമെ-
ന്നച്ഛഭാവമൊടുച്ചരിച്ചു കൃതാർത്ഥരാക്കുക ഞങ്ങളേ! 15

ഇത്തരം മലയാണ്ടവൻെറ മഹത്വമേന്തിന കീർത്തനം
ചിത്തശുദ്ധിയൊടൊത്തുകൊണ്ടുജപിച്ചിടുന്ന ജനങ്ങളിൽ
വിത്തസന്തതിസൌഖ്യകീർത്തികൾമേല്ക്കുമേലുയരും ക്രമാ-
ലത്തൽ വേണ്ടഥ കണ്ണടപ്പളവുണ്ടു ഷൺമുഖനന്തികേ.

# ചക്രവത്തിമംഗളം.

(വഞ്ചിപ്പാട്ട്)

പഞ്ചമത്തിൽ പാട്ടുപാടും പഞ്ചവണ്ണക്കിളിപ്പെണ്ണേ!
പഞ്ചമൻജോർജ്ജിനെപ്പററിപ്പാടുകൊരല്പം.

ശ്രീമതിയാം വിക്ടറേറാറിയാശീമറാണിതൻെറ നല്ലോ-
രോമനപ്പൌത്രനാകുന്നതീമഹീപാലൻ.

കപ്പലേറിട്ടുരദിക്കിലെപ്പേരും പോയ് സഞ്ചരിച്ച
'കപ്പലോടിത്തമ്പുരാ'നെന്നപ്പേരും നേടി,

മുത്തശ്ശിതൻ നാമധേയമൊത്ത മേറിരാജ്ഞിയാകും
മുത്തണിക്കൊങ്കയാഠംതന്നെ മുത്തോടും വേട്ടു,

പഞ്ചപാണ്ഡവന്മാർപോലെയഞ്ചു പുത്രരുണ്ടായ്‌വന്നു
ചഞ്ചലാക്ഷി കുമാരിയും സഞ്ചിതഭാഗ്യം.

ബ്രിട്ടൻനാട്ടിന്നധിപനായ് പട്ടംകെട്ടീ മുമ്പി,ലതേ-
മട്ടിലിന്ത്യാചക്രവത്തിപ്പട്ടം കെട്ടുവാൻ

സമ്പ്രതിയെഴുന്നെള്ളുന്നു തൻപ്രജാസഞ്ചയം തന്നിൽ
സമ്പ്രതിപത്തിയോട്ടുഴിയ്ക്കുമ്പർനായകൻ.

ഓരോ മതം നോക്കിടുമ്പോളോരോവിധം തോന്നിയാലും
നേരോടൊന്നായ് വിളങ്ങുന്ന കാരണമൂത്തി

തൃക്കടക്കൺകളിയാലീച്ചക്രവത്തിതനിക്കും തൻ-
മൈക്കണ്ണിയാം രാജ്ഞിയാഠക്കും സൌഖ്യമേകേണം.

നൂറുവഷമിക്ഷിതീശൻ മേറിരാജ്ഞിയൊത്തു രാജ്യം
കൂറുപൂണ്ടു ഭരിയ്ക്കട്ടേ സവ്വമംഗളം.

# കവിരാമായണകർത്താവിന്

ശ്രീരാമസ്വാമിതൻചേവടിയിണഹൃദയ-
ക്കാമ്പിലർപ്പിച്ചു ഞാനാ-
സ്സൈരാരണ്യത്തിൽ വാഴുന്നളവു മമ സമാ-
ധിക്കു ഭംഗം ഭവിച്ചു;
ആരാണെന്താണിതെന്തക്രമമിതി കരുതി-
ദ്ദിവ്യദൃഷ്ട്യാ ധരിച്ചേ-
നാരാണ്ടോ തിങ്ങിവിങ്ങും മദമൊടു 'കവിരാ-
മായണം' തീർത്തുവെന്നായ്. 1

ധാരാളമന്യവിഷയങ്ങളെടുത്തു ചൊന്നാൽ
നേരാണെനിക്കു കടുകോളവുമില്ല വൈരം;
ശ്രീരാമദേവനുടെ സൽകഥയെന്നപേരാൽ
പോരായ്മയായിതവിടേയ്ക്കുമെനിക്കുമേററം. 2

അമാന്തക്കാരെപ്പോൽ ദൂഷിവചനവും കേട്ടു വെറുതേ
സമാധാനിച്ചേവം മരുവുമവനല്ലെങ്കിലുമഹം
'ക്ഷമാശീലംതന്നേ പുരുഷഗുണ'മെന്നെൻെറ ഗുരുവാം
രമാകാന്തൻ കല്പിച്ചരുളിന വചസ്സോർത്തുമരുവൻ. 3

എന്നാലും ദിക്കരീന്ദ്രശ്രവണ പുടമട-
യ്ക്കുന്ന ഘോരാരവത്താ-
ലിന്നാറം നക്തഞ്ചരപ്രൗഢരെയടലിൽ മറി-
ച്ചിട്ടു കീശവ്രജത്തെ

---

* മൂലൂരിൻെറ 'കവിരാമായണം' കണ്ടു് 'ഹനൂമാൻ' എന്ന പേരുവെച്ച് ഒടുവെഴുതിയവയാണ് ഈ പദ്യങ്ങൾ. 'ജാംബവാൻ' എന്ന പേരിൽ മൂലൂർ ഇതിനു മറുപടിയെഴുതുകയുണ്ടായിട്ടുണ്ട്.

ഒന്നായോരോ മനുഷ്യപ്പുഴവതിന്നു കളി-
 പ്പിക്കുവാനേകിടുംപോ-
ളിന്നാഹാ! ക്ഷാന്തിയെല്ലാമുടനകലെയൊളി-
 ക്കുന്നു ഹേ! രാമഭദ്ര! 4

അല്ലേ കേഠംക്കുക പത്മനാഭസുകവേ!
 നീ ബുദ്ധിമോശത്തിനാ-
ലല്ലേ പുസ്തകമൊന്നിവണ്ണമെഴുതാൻ
 കെല്പോടു കോപ്പിട്ടതും?
തെല്ലേറിത്തവ സാഹസപ്പണി, പലേ-
 ടത്തും കിടന്നീടുമാ-
ച്ചൊല്ലേറും കവിവൃന്ദമാസകലവും
 നീയോ ധരിച്ചീടുവാൻ? 5

കുഞ്ഞാദിത്യപ്രകാശത്തൊടു പടപൊരുതും
 സദ്യശോരശ്മിചേരും
മഞ്ജുശ്രീകൊച്ചുകോയിൽക്ഷിതിപതിയെ യിതിൽ
 കൂട്ടുവാൻ വിട്ടുവോ നീ?
കുഞ്ഞിക്കുട്ടക്ഷിതീശാനുജനതികവിയാം
 വെണ്മണിശ്രീയശോമാൻ
കുഞ്ഞുണ്ണിത്തമ്പുരാനാകിയ സുകവിയെ നീ
 വിസ്മരിച്ചോ മറച്ചോ? 6

സൂക്ഷ്മഗ്രാഹി കൊടുത്ത നല്ലൊരു റിമാ-
 ക്കുംവെച്ചു കാട്ടൂരെഴും
ലക്ഷ്മിക്കുട്ടിയെ മായയാക്കിയുമിതിൽ
 ചേർക്കേണമെന്നോർത്ത നീ

സാക്ഷാൽ സൽകവിതാമൃതം പൊഴിയുമോ-
    രെസ്സെല്ലെഴും ഗൗരിയാം
നക്ഷത്രേശമുഖീകുലാഢ്യയെയിതിൽ
    ഛേക്കാഞ്ഞതോക്കാഞ്ഞതോ? 7

ഏവം പിന്നേയുമോരോ കവികഠം മമ വല-
    യ്ക്കുള്ളിലേപ്പെട്ടിടാതേ
പോവാൻ മറെറാന്നുമ,ല്ലീക്കഥയടിയനറി-
    ഞ്ഞില്ലതാ,ണെന്നുറച്ചാൽ
"ഹേ വങ്കപ്പെതലേ! ചൊല്ലണമറിവു കുറ-
    ഞ്ഞോരു നീയെന്തിനായി-
ട്ടീവണ്ണം ബുക്കതീപ്പാൻ കടുമദമൊടൊരു-
    മ്പെട്ടു'വെന്നോതിടും ഞാൻ. 8

ജാതിക്കാരോടുള്ള പക്ഷ്യം പുരത്തി-
ജ്ജാതിക്കേ നീ കാട്ടുവാൻ കണ്ടതുള്ളൂ?
ഖ്യാതിക്കേറെറം വിഘ്നമായ്ത്തീരുമെന്ന-
ല്ലാധിക്കും തേ മാൎഗ്ഗമാമിപ്രമേയം. 9

'കോഴിക്കോട്ടേററ പദ്യപ്പടയതി'ലൊട്ടുവിൽ
    കുഞ്ഞികൃഷ്ണാ'ഭിധാനൻ
കോഴിക്കുഞ്ഞെപ്പരുന്തെന്നതിനു സദൃശമായ്
    ഞെക്കിവിട്ടേച്ച പിന്നെ
ധീമാനേവൂരെഴും സൽകവിയഹിവരസ-
    ത്മത്തിൽവെച്ചും ഞെരിച്ചൂ
രാമൻനമ്പ്യാരെ, നീയംഗദപദവിയയാഠം-
    കെന്തുമൂല്യം കൊടുത്തു? 10

അൻപത്തു സംവത്സരമുറം-
ക്കമ്പമതെന്ന്യേ തപസ്സു ചെയ്താലും
അമ്പലതടിനീമാധവ-
നാം പട്ടമതിയോടടുക്കുമോ നമ്പ്യാർ? 11

നേരോക്കാത്തൊരു പത്ഥ്യമെങ്കിലുമഹോ
തീക്കാതെ പാരൊക്കയും
പേരാളുന്നൊരു നീലകണ്ഠധരണീ
ദേവങ്കലാവിർമ്മുദാ
ധാരാളം ധനമുള്ളതോത്തിഹ കുബേ-
രസ്ഥാനമപ്പിക്കുകിൽ
പാരായിത്തരകങ്കലാക്കിലതിലും
നന്നാകുമെന്നെൻമതം. 12

നേരമ്പോക്കിന്റെ പംക്തികണ്ടന്നെമുദാ
വാലിൻതലയ്ക്കിട്ടവൻ
പോരിൽ പാടവമോടെതിക്കുമരിതൻ
പാതിബ്ബലം കൊള്ളുവോൻ
ശൂരാഗ്രേസരനാണുബാലി,യവിട-
ത്തെക്കൊണ്ടുപോയ് നീ വെള്ള-
ത്തേരിൽ കേശവശൗണ്ഡികാഖ്യന്റെ കൊട്ട-
ത്തോറംപ്പിച്ചിതുറംപ്പിച്ചതാൻ. 13

ഞാനല്ലേ ദക്ഷിണാംഭോനിധി നൊടിയിടയിൽ
ചാടിയോൻ, സൂക്ഷ്മമോത്താൽ
ഞാനല്ലേ സേതുബന്ധിച്ചവ,നടലിൽ നിശാ-
ടാനപായം ശൂന്യമാക്കാൻ

ഞാനല്ലേ ഹേതു, പിന്നത്തിൽ,മരണമെനി-
ക്കെന്നുമില്ലാത്തതാ,ണെൻ
സ്ഥാനം നീ ചത്തകൃഷ്ണാഭിധശിശുവിനു ക-
ല്പിച്ചതും പിച്ചുതന്നെ. 14

സമ്മോദംപൂണ്ടു 'രാമായണകഥ' പുതുതായ്
തീൎത്ത വൈദഗ്ദ്ധ്യമോൎത്താൽ
വാല്മീകിസ്ഥാനമേല്ക്കാതപരനതുകൊടു-
ത്തീടുവാനെന്തെടോ നീ?
ത്വന്മിത്രങ്ങൾക്കു നാനാവിധ പദവികളെ-
പ്പങ്കുവെച്ചോരുനേരം
ചുമ്മാതേകണ്ടൊരെണ്ണം രഹസി ഖത തന്നി-
യ്ക്കായി വെയ്ക്കായിരുന്നോ ? 15

പ്രത്യേകിച്ചേവമോരോ കവിചരിതമെടു-
ത്തിടുകിൽ ദീൎഘമായ്പ്പോ-
മാദ്യന്തം യുക്തിഹീനം തവ കൃതിയിന്നിമേ-
ലീവിധം തീൎത്തിടൊല്ലേ!
സത്യം ശ്രീവെണ്മണിക്ഷ്മാസുരകവി മൃതനായ്
പ്പോയതും നിൻെറ ഭാഗ്യം
സത്യാനന്ദസ്വരൂപാമലഗുണജലധേ!
പാഹി മാം രാമചന്ദ്രാ! 16

# ഒരു സാന്ത്വനം *

അയ്യോ കഷ്ടം! ഹനുമാനൊരുവ,നപരനോ
ജാംബവാ,നെന്നിവണ്ണം
പൊയ്യോട്ടം പേരു മാററിപ്പുനരിവർ കലഹി-
ച്ചിട്ടു മല്ലിട്ടിടുന്നു;
ഇയ്യോരോ യോഗ്യർതമ്മിൽ തെറിപറയുകയാ-
ണിന്നു കഷ്ടോട,മമ്പോ!
വയ്യോതാനേതു, രാമായണമതിലിതുമ-
ട്ടീമഹാന്മാർ പിണങ്ങീ;

---

* കവിരാമായണവാദത്തിൽ കള്ളപ്പേരുവെച്ചുള്ള പരസ്പരശകാരം വദ്ധിച്ചപ്പോഠം ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ പത്രരംഗത്തിൽ നേരിട്ടു പ്രത്യക്ഷപ്പെട്ട് ആ വാക്സമരത്തിന് ഒരു വിരാമമിട്ടു. ആ സാന്ത്വനത്തിൽ നിന്നു കണ്ടുകിട്ടിയ ഒരു പദ്യമാണിതു്.

# കവിമൃഗാവലി

കാലാരിയെക്കടമിഴിക്കടിമപ്പെടുത്തി
ലീലാരസപ്പുഴയിൽ മുക്കിയ മുഗ്ദ്ധശീലേ!
മാലാറുമാറടി തൊഴുന്നടിയങ്കലോമ-
ന്നീലാരവിന്ദമിഴിയൊന്നു ചുളിച്ചിടേണം 1

കാന്തേ! കലേശമുഖി! നിൻെറ മുഖപ്രസാദ-
മെന്തേ കുറഞ്ഞതു? വൃഥാ കലഹിച്ചിടൊല്ലേ.
സ്വാന്തേ രസം വളരുവാൻ ചെറുപദ്യമാക്കി
ഞാന്തേ ശുഭേ കവിമൃഗാവലി ചൊല്ലിയേക്കാം. 2

വണ്ടോടിടഞ്ഞ വരകേശിനി! വഞ്ചിരാജ്ഞി
പണ്ടേറെ നിഷ്ഠയൊടു ചെയ്ത തപസ്സുമൂലം
ഉണ്ടായ ദിവ്യമണി കേരളവമ്മകോയി-
പ്പുണ്ഡാലപാത്ഥലപരാക്രമി പഞ്ചവക്ത്രൻ. 3

ഉച്ചത്തിലൂഴി മുഴുവൻ ബഹുബുദ്ധിമാനെ-
ന്നൊച്ചപ്പെടുത്തി മരുവും സുകവിപ്രവീരൻ
കൊച്ചുണ്ണിഭൂമിപതി സൽഗുണസിന്ധു ശാദ്രൂ-
ലോച്ചിന്നവീര്യനിധിയെന്നു ധരിച്ചുകൊൾക. 4

മട്ടൊത്തവാണികളെടുത്തു മുടിത്തടത്തി-
ലിഷ്ടത്തൊടൊത്തണിയുമുത്തമമുത്തുമാലേ!
നാട്ടിൽ പ്രസിദ്ധി ബഹുധാ കലരുന്ന കുഞ്ഞി-
ക്കുട്ടക്ഷിതീശകവിരാട്ടു തുരംഗമല്ലോ. 5

മന്ദതപമാൻ ബഹുഭംഗിയെഴും നടപ്പാ-
ലന്നത്തിനത്യധികമത്തലണയ്ക്കുമാര്യേ!
ഇന്നാടശേഷമതിശുഭ്രയശസ്സു ചേക്കും
മന്നാടിയാർ മദനമഞ്ജരി മത്തദന്തി. 6

ശോഭാപിനിന്ദിതകിശോരവികത്തനേ! നീ-
യാഭാസമെന്നു കരുതീടരുതെൻെറവാക്യം
ശോഭാഗമശ്രുതിയെഴും നട്ടവദപിജേന്ദ്രൻ
ശ്രീഭാസമാനമതി നല്ലൊരു ഗോവുതന്നെ. 7

അക്ഷീണമായി വിലസും മുഖകാന്തിയാലേ
നക്ഷത്രനാഥനു കളങ്കമണച്ചകല്യേ!
ലക്ഷ്മീപുരത്തുമരുവും രവിവമ്മഭൂപൻ
സൂക്ഷ്മംനിനയ്ക്കിലതിശൌയ്യമെഴും വൃകം താൻ. 8

തങ്കക്കുടംതലകുനിച്ചു സലാംതരുന്ന
കൊങ്കത്തടം കലരുമെൻ കളവാണിയാളേ!
കെങ്കേമനെന്നു പലരും പറയുന്ന സാക്ഷാൽ
ശങ്കുണ്ണി നല്ല മറിമാൻ മറിമായമല്ലേ. 9

രാജീവസായക ജഗജ്ജയിമന്ത്രരൂപേ!
നീ ജാഗരൂകതകലന്നിനിയും ശ്രവിക്ക
രാജാവിനൊത്തൊരു യശസ്സു കലന്ന രാജ-
രാജാഹപയൻ കരടിയാണകലേശവകത്രേ! 10

തണ്ടാരിലുള്ള മധുവിൻെറ തിളപ്പുമാററി-
ക്കൊണ്ടോരു സവ്വജനമോഹനവാണിയാളേ!

കൊണ്ടാടിടുന്നൊരൊറവങ്കരവിപ്രവൎയ്യൻ
കണ്ടാമൃഗപ്രവരനാണു ധരിച്ചുകൊൾക. 11

സത്തുള്ളസ്വാധ്വികളെയൊക്കെ നിരത്തിവെച്ചു
കോൎത്തുള്ള മാലയിൽ നടുക്കുപതിച്ചു കല്ലേ!
പാൽത്തുള്ളിപോൽ മധുരപദ്യഗണം ചമയ്ക്കും
കാത്തുള്ളിലച്യുതകവീശ്വരനൊട്ടകം താൻ. 12

ധീരാശയത്തെയുമുലച്ചിടുമുഗ്രവാര-
നാരാചനേത്രവിജിതാമലപത്മപത്രേ!
നേരായ നല്ലഗുണസഞ്ചയമാൎന്ന കുണ്ടൂർ-
നാരായണപ്രഥിതസൽകവി കാളയത്രേ. 13

ഹാസത്തിനാൽ വിമലചന്ദ്രികതൻമനസ്സിൽ
ള്ളുസൽക്കുമാൎഗ്ഗമുളവാക്കിയ മുഗ്ദ്ധഗാത്രി!
കേസീകലന്നഗുണവാരിധി കേശവാഖ്യ
ശ്രീസൽകവിപ്രവരനോ കലയാണുകാന്തേ! 14

മാരാമയത്തിനു മഹൗഷധമേ! മനോജ്ഞ-
മാരാകമാനമടിമപ്പെട്ടുമായതാക്ഷി!
സാരാംബുരാശി പരിപൂൎണ്ണശശാങ്കനാമെസ്
നാരായണദ്വിജവരൻ കവി കാട്ടുപോത്ത്. 15

രോമാളിതന്നഴകിനാൽ ഭുജഗക്കിടാവെ-
ക്കോമാളിയാക്കിയ മഹാരസികക്കുഴമ്പേ!
രാമാഭിധാനമിയലും കവിയൂൎക്കവീന്ദ്രൻ
കാമാഭിമാനകരികൃഷ്ണമൃഗം മൃഗാക്ഷി! 16

നിൻകൂട്ടുകാരെയടിയോടെ മറന്നുവെന്നു
ശങ്കിച്ചുപോകരുതു ശംഖസമാനകണ്ഠി!
തങ്കച്ചിയെന്നുപറയും തരളായതാക്ഷി-
ത്തങ്കത്തിനെച്ചമരിയാക്കിയെടുത്തുപോയി. 17

ശിഷ്ടക്കുനല്ലഗുണമാനമണച്ചതോട്ട-
യ്ക്കാട്ടെന്നവീട്ടിൽ വളരുന്നവരാംഗിരത്നം
നിസ്തുല്യസൽഗുണഗണം നിരുപിച്ചുകണ്ടാൽ
കസ്തൂരികാമൃഗമതെന്നു പറഞ്ഞിടേണം. 18

ഉഠംക്കുത്തുകൂട്ടമമൃതത്തിനെ മത്സരത്താൽ
സ്വർഗ്ഗത്തിലാക്കിയ സുഭാഷിണി സുന്ദരാംഗി!
ധീയുക്തത്യൂദാരതയെഴുന്നകവീന്ദ്രസംഘേ
ശ്ലാഘ്യത്വമാന്ന നടുവംമഹ,നാട്ടുതന്നെ. 19

നൽപ്പൊന്നു വൻപടയിലേററ മടങ്ങിനിത്യം
കപ്പംതരുന്ന വരവണ്ണിനി വണ്ണനീയേ!
അപ്പത്രപംക്തികഠം തകത്തമരുന്ന മൂല്ലൂർ
പപ്പുപ്പണിക്കർ തടിയൻ കിടിതന്നെ നൂനം. 20

സൽകാതലായ്സരസനായ് വിലസുന്ന ചിററ-
രെസ്-ഗോ-പണിക്കരതിരററഗുണക്കഴമ്പേ!
സൽകാവ്യകൃത്തുകഠംകുലേ വിരുതേറിടുംബ്യൂഠം-
ഡോഗെന്നു ഹുണർപറയുന്ന ബിലാത്തിനായ. 21

തഞ്ചത്തിൽനിന്നടരി നാരൊടുമേററിറങ്ങി-
ത്താൻചത്തുപോകില്ലമൊഴിച്ചുവരാത്തവീരൻ

എം. ചക്രപാണി കവി വാരിയർപൂച്ചയാണെ-
ന്നെൻ ചക്രവാകകഠിനസ്തനിയോർത്തിടേണം. 22

എന്നുള്ളലിച്ചമരുവും ദയിതേ! മുരിങ്ങൂ-
രെന്നുള്ളടിക്കിലമരുന്നൊരുപോററി തന്നെ
പിന്നൽപ്രഭാപ്രകരശോഭനഗാത്രി! മുള്ളൻ-
പന്നിപ്രവീരമണിയെന്നുമറിഞ്ഞുകൊൾക. 23

ഭ്രൂഭംഗഭംഗിയതുകൊണ്ടു ഗഭീരചിത്ത-
ക്ഷോഭംവരുത്തുമമരേന്ദ്രഗജേന്ദ്രയാനേ!
സൗഭാഗ്യഭാഗ്യനിധിയാം മഴകത്തുപത്മ-
നാഭക്കുറുപ്പു ശശമാണുശശാങ്കവക്ത്രേ! 24

സീമാവിഹീനസുഗുണങ്ങൾ വിളങ്ങിടുന്ന
സോമാഭിരാമവദനേ! മദനൈകസത്തേ!
ശ്രീമാധവാന്തികനിവാസിനിവാസിയാമ-
ശ്രീമാധവാഖ്യകവിനല്ലൊരു നാട്ടുപട്ടി. 25

പൂവേണികൊണ്ടു തിമിരാംബുദബ്ഭംഗപിഞ്ഛര-
ശ്രീവെന്നുടൻ വിജയഭേരിയടിച്ച കാന്തേ!
ഗോവിന്ദനായിട്ടുമെളേടമനല്പഭംഗി-
തൂവുന്ന ശീമമുയലാണതിനില്ലവാദം. 26

മങ്കേ! മനോഭവരസത്തെ നിറച്ചുവെച്ച
കൊങ്കേ! ധരിക്ക നടുവട്ടിജശിഷ്യനായി
വൻകേളികേട്ടമരുമാററപ്പുറത്തുവീട്ടിൽ
ശങ്കുണ്ണിമേനവനതാം കവി കീരിതന്നെ. 27

നീരാളനിമ്മലതനുപ്രഭകൊണ്ടു പാരിൽ
പേരാളുമെൻ പ്രിയതമേ! പറയാമശേഷം
ധാരാളവാസനയെഴും കവിയാമെളേളത്തു
വി. രാമനാമമുടയോൻ മെരുവാണനൂനം. 28

ശ്രീലാസ്യരംഗവദനേ! ഭവതിക്കു മൂലാ-
നാലസ്യമെങ്കിലിനിഞാൻ പറയാതെ നിത്തും;
സ്ഥൂലപ്രമോദമൊടുമൂളുകവെദ്യനേവൂർ
വേലുപ്രസിദ്ധകവി നല്ല കരിങ്കുരങ്ങൻ. 29

ഹേ മാരവില്ലിനു സമാനതപൂണ്ടചില്ലി!
ഹേമാരവിന്ദനയനേ ചെവിതന്നുകേൾക്ക
ശ്രീമാനവിക്രമയശസ്സുഗുണങ്ങൾചേരും
ശ്രീമാനവിക്രമധരാപതി പോത്തു തന്നെ. 30

കുട്ടിക്കുരംഗനയനേ! കവിവീരരോടു
തട്ടിക്കയെത്തു കൃതിതീത്തുവിടുന്ന വിദ്വാൻ
കട്ടക്കയത്തിലമരും കവി പൂച്ചമൂത്തു
കാട്ടിൽകിടന്നു ലഹളയ്ക്കു വരുന്ന കോക്കാൻ. 31

ഏണീകുലം മദമടക്കിയൊളിച്ചു കാട്ടിൽ
വാണീടുവാൻ വിധി കൊടുത്ത വിശാലനേത്രേ!
വാണീവിലാസമിയലുന്ന കടത്തനാട്ടു
ക്ഷോണീമണാളകവിയോ മനുജക്കുരങ്ങൻ. 32

പാരിൽപ്രഭുത്വമതുകൊണ്ടുമതല്ല പദ്യ-
മാരിപ്രയോഗമതുകൊണ്ടു മൊരേതരത്തിൽ

ഭൂരിപ്രസിദ്ധിവിളയിച്ചമരുന്ന കോട-
ശ്ശേരി പ്രധാന കവി നല്ലൊരു നാട്ടുപന്നി. 33

പാരാകെയോടിയലയുന്നൊരു നമ്പിയാരാം
നാരായണാഖ്യന്റെ വാൎത്തയറിഞ്ഞുകൂടേ ?
ആരാണതെന്നുപറയാമരവിന്ദനേത്രേ ?
നേരാണപേയുപിടിപെട്ടൊരു പട്ടിതന്നെ. 34

മഞ്ഞിൻമനസ്സിലനിയായൊരു ചൂട്ടചേന്ന
കുഞ്ഞോമനക്കളിർതനോ! കുറെയായിനേരം
സഞ്ജാതമോദമിതുകേൾക്ക കഴിഞ്ഞു കെ. സീ.
കുഞ്ഞാഖ്യശൗണ്ഡികവരൻ കഴുതപ്രമാണി. 35

---

കുറിപ്പ്:—മേനോൻ അറിയുന്ന മൃഗങ്ങളുടെ തുക അവസാനിച്ചതിനാലായിരിക്കും മററു കവികളുടെ പേർ ഇതിൽ വരാഞ്ഞതെന്ന്, "ഔവണ്ണമെല്ലാമിരിക്കുന്ന" ആയവക്ക് വിചാരിച്ച് സമാധാനപ്പെടുത്തുവാൻ വഴിയുണ്ട്. എങ്കിലും, മററു വല്ലവരുമാണ് ഈ കൃതി ഉണ്ടാക്കിയതെങ്കിൽ ഇങ്ങനെ ഒരു ശ്ലോകത്തിനുകൂടി അവകാശമുണ്ടാകുമായിരുന്നു.

ആനന്ദപൂൎവ്വമിനിയും പറയാം പയോദം
മാനംനശിച്ചകരയും വരകുന്തലാളേ!
നേത്രുന്നവാണി! യൊട്ടുവിൽ കവി കുഞ്ഞുകൃഷ്ണ-
മേനോൻ നയം കലരുവോരു കുറുക്കനല്ലോ.

വിദ്യാവിനോദിനി പത്രാധിപർ.

# കവിമൃഗാവലിയെ ആക്ഷേപിച്ച ഒരു കവിക്ക് *

മുക്കണ്ണൻതൻ മുടിച്ചെഞ്ചിടമുതലടിയോ-
ളം മുറയ്ക്കുള്ളിലാക്കി-
ത്തീക്കണ്ഡത്തിൽ തപം ചെയ്യലവതിനു തട-
സ്സത്തിനായ് നേർത്ത ധൂർത്തൻ
മൂക്കം മുഷ്കാർന്ന മൂകാസുരമുഗ്രമുരടൻ
പന്നിയപ്പന്നിയെക്കൊ-
ന്നൂക്കാൽ ദിക്കെട്ടമിട്ടാട്ടിയ വിജയശര-
ക്കാററകറേറണമൂനം. 1

ബോധിച്ചമാതിരി കൃതിച്ചിഹ പേരെടുപ്പാൻ
സാധിച്ചിടും സരസസൽകവിസംഘമല്ലേ!
സാധോ! ഭവാൻ 'കവിമൃഗാവലി'യായ കാവ്യാ-
സാധുത്വമോർത്തെഴുതിവിട്ടതു കണ്ടു ഞാനും. 2

---

* 'കവിമൃഗാവലി' കണ്ട ഉടനെ മൂലൂർ പത്മനാഭപ്പണിക്കർ 'ഒരു കവി' എന്ന പേരുവെച്ച് 'കേരളചന്ദ്രിക' എന്ന പത്രത്തിൽ ചില ആക്ഷേപങ്ങളൊക്കെ പുറപ്പെടുവിച്ചു. അതിന് 'വേറൊരു കവി' എന്ന പേരിൽ ഒടുവിൽ കുഞ്ഞുകൃഷ്ണമേനോനെഴുതിയ മറുപടിയാണിതു്. കേരളവർമ്മ വലിയ കോയിത്തമ്പുരാനെപ്പററി 'കോയിപ്പുണ്ടാല' എന്നു മാത്രം പറഞ്ഞതു ശരിയായില്ലെന്നും, "കൊച്ചിശ്ശീമയിൽ വാസമെന്നു കരുതി ശ്രീവഞ്ചിരാജ്ഞീശനെപ്പുച്ഛിച്ചോതിയതു്" തീരെ ഉചിതമായില്ലെന്നും മററുമായിരുന്നു മൂലൂരിന്റെ ആക്ഷേപം. ആ വക വാദങ്ങൾക്ക് ഒടുവിന്റെ മറുപടി "ഉരുളയ്ക്കുപ്പേരി" പോലെയായിട്ടുണ്ടെന്നു് ഭാവുകന്മാർക്കു കാണാം.

ഒന്നാമതായിട്ടിഹ യുക്തിഭംഗം
വന്നെന്നൊരാക്ഷേപമുരച്ചുവല്ലോ;
ഒന്നോതിടാം ഞാൻ; മലയാളകാവ്യ-
മൊന്നെങ്കിലും യുക്തി തികഞ്ഞതില്ല. 3

ഈ മന്നിങ്കൽ നിറഞ്ഞിടുന്നൊരു കവി-
ക്കൂട്ടത്തിലൊന്നാമനാ-
മാ മൂലൂരിലെഴും പണിക്കർ കൃതിചെ-
യ്തുള്ളോരു രാമായണം
ആമൂലാഗ്രമബദ്ധമെന്നൊരു വക-
ക്കാരന്നുരച്ചീലയോ
ധീമാനായിടുമക്കവിക്കു വലുതാം
പോരായ്മ കൈവന്നുവോ? 4

ഭവാനിയോ ഭാരതിയോ ചമയ്ക്കിലും
നവീനമായാലതിനെ ദൂഷിച്ചിടും
ഭവാനിതെല്ലാമറിയാത്തമൂലമ-
ല്ലിവണ്ണമാക്ഷേപമുരച്ചിടുന്നതും 5

'കോയിപ്പണ്ടാല'യെന്നോതിയതനുചിതമെ-
ന്നുള്ള വാദത്തിലൊട്ടും
ന്യായം കാണില്ല ബോധിക്കണെ,മതു കവിധ-
ർമ്മത്തിലൊന്നായ്ഗണിക്കാം;
നീയെന്നും നിന്നെയെന്നും നിഖിലജഗദധീ-
ശങ്കൽ നിസ്തുല്യഭക്ത്യാ
സായൂജ്യേച്ഛുക്കൾകൂടിക്കവിതയിലെഴുതാ-
റുണ്ട,തും തെറ്റുതാനോ? 6

'ജംഭപ്രദ്വേഷിമുമ്പിൽ ത്രിദശസദസി നിൻ
കീൎത്തി'യിത്യാദിപദ്യം
മുൻപാരോ തീൎത്തു മന്നോർതിലകനു തിരുമു-
ല്ക്കാഴ്ചയായ് വെച്ചപോലും!
വൻപൊക്കം തമ്പുരാൻതന്തിരുവടിയെയധി-
ക്ഷേപമായ് ചൊല്ലിയോരാ-
യേമ്പോക്കിക്കാവ്യകാരാധമമതിയെ വധി-
പ്പാൻ വിധിക്കേണ്ടതല്ലേ? 7

പോരെങ്കിൽ പറയാം സഖേ! കവിവര-
ന്മാരെ പ്ലവംഗാധിപ-
ന്മാരായ് ചേൎത്തൊരു ശൗണ്ഡികൻ പുകളെഴും
ശൂദ്രാംഗനാമൗലിയെ
'ഗൗരിക്കുട്ടി'യതെന്നു നിൎഭയമുര-
ച്ചില്ലേ, മഹാന്മാരതിൽ-
ക്കേറിശ്ശുണ്ഠപിടിച്ചതില്ല കവന-
സ്വാതന്ത്ര്യമെന്നോൎക്കയാൽ. 8

'മാടക്ഷ്മാതലവാസിയായതുവശാൽ
ശ്രീവഞ്ചിരാജഞീവര-
പ്രൗഢസ്ഥാനമലങ്കരിക്കുമവിടു-
ത്തെ'പ്പററി നിസ്സാരമായ്
മൂഢപ്രായമുരച്ചുവെന്നു കരുതു-
ന്നങ്ങെയ്ക്കുകത്തുളെള്ളാരാ-
ക്കേടേ കേട,തുപോട്ടെ ഞാനിതിലെഴും
വ്യത്യാസമൊട്ടോതിടാം. 9

‘അത്യന്തം യോഗ്യനാമിസ്സുകവിയനുഭവി-
ച്ചോരു കഷ്ടങ്ങളെല്ലാം
പ്രത്യക്ഷത്തിൽപ്പെടുത്തും കൃതിയിതു ഹൃദയാ-
സ്വാസ്ഥ്യമാർക്കേകിടാത്തൂ?’
ഇത്ഥം ഞാൻ സർവ്വവിദ്വജ്ജനകുമുദവന-
ജ്യോത്സ്നിയാം ‘കേകിസന്ദേ-
ശ’ത്തെപ്പററി പ്രശംസിച്ചളവൊരു തിരുവാം-
കൂർമഹാനേവമോതി. 10

“നിങ്ങൾക്കുള്ളറിയായ്കകൊണ്ടിതിൽ മന-
ശ്ചാഞ്ചല്യമുണ്ടായ്‌വരാം;
ഞങ്ങൾക്കങ്ങനെയ’ല്ലിതിന്റെ വിവരം
തെല്ലൊന്നു ചൊല്ലിത്തരാം;
തുംഗൈശ്വര്യമൊടൂഴിവാഴുമുലകിൽ-
നാഥന്റെ വിപ്രീതിയാ-
ലിങ്ങോർക്കിങ്ങനെ വന്നതിൽ പ്രജകളാം
ഞങ്ങൾക്കു സന്താപമോ?” 11

ശ്രീവഞ്ചിനാട്ടിലുടയോർ ചിലർ ദൈവമെന്നു
ഭാവിച്ചിടും പുറമെ,യുള്ളിലിരിപ്പിതല്ലോ;
ഭാവത്തിലും നിനവിലും ശരിയായി ഞങ്ങൾ
ക്കാവിശ്വവിശ്രുതനിൽ നൽബ്ബഹുമാനമത്രെ. 12

ഒന്നോർക്ക ‘ദിവ്യമണി’യെന്ന പദപ്രയോഗം-
തന്നേ സമസ്തഗുണസഞ്ചയഗർഭമല്ലോ;
എന്നുള്ള നേർവഴികളൊന്നുമറിഞ്ഞിടാതീ-
യൊന്നിൽ പിടിച്ചു മുരളുന്നതു യുക്തമാണോ? 13

ഗാംഭീര്യ്യാംബുധിയായ കേരളനൃപൻ
പണ്ടാലശബ്ദത്തിനാൽ
തൻപൂർവ്വസ്ഥിതി വിട്ടുവെന്നു കളിയാ-
യിട്ടും കഥിക്കാവതോ?
വൻപേറുന്ന സദസ്സിലിക്കൃതിയതിൻ
പേരുച്ചരിച്ചപ്പൊഴേ-
യ്ക്കമ്പോ ഹേതുവിതെന്നറിഞ്ഞൊരു ഭവാൻ
സാമാന്യനല്ലാ ദൃഢം. 14

ഇമ്മാതിരിക്കു പരചിത്തമറിഞ്ഞുരപ്പാൻ
ബ്രഹ്മാവുതൻ ദയിതയും വിഷമിച്ചുപോകും;
'മർമ്മപ്രകാശിക' ചമച്ചൊരു കാവ്യകൃത്താ-
ക്കർമ്മത്തിനങ്ങയെ വിടാത്തതു ഭാഗ്യദോഷം. 15

പത്മാഭിരാമമുഖിമാർക്കു കൊടുത്തിടേണ്ടും
നൽപ്പട്ടുതൻപടമൊരന്തണവര്യനായി
കല്പിച്ചതേററവുമയുക്തികമെന്നുരയ്ക്കും
തൽബുദ്ധി പന്നിയുടെ ബുദ്ധിയിലും നികൃഷ്ടം 16

"കൂട്ടേണം കവിഭാരതത്തിലടിയ-
ന്നെക്കൂടി"യെന്നക്ഷമം
കാട്ടൂർ ലക്ഷ്മിയപേക്ഷചെയ്തതിനതിൻ
കർത്താവു പൃഥ്വീവരൻ
'ആട്ടേ പൂരുഷവിക്രമം കമനിമാർ
കാട്ടീടിലാണങ്ങൾ തൻ-
കൂട്ടത്തിങ്കലെടുത്തിടാ'മിതിമുദാ
കല്പിച്ചുരച്ചീലയോ? 17

കല്യാണാഹാരമായിടിന നട്ടവധരാ-
ദേവനും ധേനുവിന്നും
ചൊല്ലുത്തക്കോരു സാധാരണഗുണഗണമോ-
ത്തീത്തരം ചേത്തിരിക്കാം;
അല്ലാതെകണ്ടു വാഴ്ത്തും പ്രമദമൊടു മൃഗ-
ത്തിൻെറ പിന്നാപ്പുറം പാ-
ത്തുല്ലാസത്താൽ പ്രസംഗം തുടരുകിലവതാ-
ളത്തിലായത്തലേകം. 18

'ഇന്നാളെസ്സിംഹമാക്കാതെ
പന്നിയാക്കിയതെന്തഹോ'
എന്നാദിയായ ദുശ്ചോദ്യ-
ത്തിന്നൊരുത്തരമോതിടാം. 19

കുംഭത്താൽ കുസുമാസവം കവിതയിൽ
തൂകുന്ന മന്നാടിയാർ
കുംഭീന്ദ്രോത്തമനാകിൽ നല്ല ശരിയെ-
ന്നോത്താവിധം ചേത്തുതേ;
കമ്പക്കാരിലൊരാൾക്കു തോന്നിയവിടെ-
യ്ക്കാണപ്പട്ടം നല്കുവാൻ
തുമ്പിസ്ഥാനമണയ്ക്കുമങ്ങു മതഭേ-
ദത്താലിതെല്ലാം വരും. 21

കവിമൃഗാവലിതീത്ത പുമാങ്കലു-
ള്ളവികലപ്രതിപത്തി നിമിത്തമായ്
കവികുലാഗ്രഹ! താങ്കളുരച്ചപോ-
ലിവനുമിത്രയുമോതി രസാന്വിതം. 21

# ചില എഴുത്തുകൾ

## 1. മലയാള മനോരമയ്ക്കു്

പ്രായേണ ക്ഷ്മാതലത്തിൽ പലപല കഠിന-
വ്യാധിവർഗ്ഗങ്ങൾ നേരി-
ട്ടായാസപ്പെട്ടനേകം പരിഷകളധുനാ
ചത്തൊടുങ്ങിത്തുടങ്ങി
മായംചേരുന്നൊരാളാകിലുമവ പിടിപെ-
ട്ടെന്റെ ചങ്ങാതി ജീ. സീ.
കെ. എം. ചത്തെന്നതുണ്ടോ പറയുക സുകൃതാം-
ഭോധി ചേതോരമേ! നീ.

## 2. എളിക്കോട്ടു കേശവപ്പണിക്കർക്കു്

വരകവി ജീ. സീ. കേ. എം.
ധരണിയെ വിട്ടെന്നുകേട്ടു പരിതാപാൽ
വിരവൊടു വാസ്തവമറിവാ-
നൊരു പദ്യം തീർത്തയച്ചു മുന്നം ഞാൻ 1

ചോദ്യത്തിനുത്തരമൊരാളുമിതേവരയ്ക്കും
പത്രംവഴിക്കു പറയാത്തതു പാർത്തുകണ്ടാൽ
ചത്തെന്നതന്നെ നിരൂപിക്കണമെന്തുചെയ്യാം
സത്യസ്വരൂപനുടെ കല്പന ലംഘ്യമാമോ? 2

## 3. പി. ആർ. നാണുപിള്ളയ്ക്കു്

ന്യായംചെയ്യും മഹാന്മാരുടെ മുടിയിൽ വിള-
ങ്ങുന്ന മുത്തായ ജീ. സി.
കെ. യം. ചത്തെന്നു കഷ്ടം കപടമതിയൊരാൾ
മുന്നമെന്നോടു ചൊന്നാൻ

ഈൎഷ്യകളെല്ലാൻ മാനുഷാവസ്ഥയിലതു ശരിയെ-
ന്നോൎത്തു സത്യം ധരിപ്പാ-
നായുള്ളിൽ ഭൂരിസന്താപമൊടൊരു കൃതിയെ-
ച്ചേൎത്തു ചേതോരമായാം. 1

അപ്പൂൎത്യം കാണുവാൻ സംഗതിയുടയഭവാൻ
ത്വത്സഖൻ ചത്തതില്ലെ-
ന്നപ്പോൾ ചൊല്ലാഞ്ഞതെന്താണതിസുഖമൊടുറ-
ങ്ങിക്കിടന്നായിരിക്കാം.
അല്പംപോലും ഭവാൻ ഭീഷണിവചനമര-
യ്ക്കുന്നതിൽക്കൂസിടാ ഞാ-
നൽപന്നശ്രീനിധേ! യോഗ്യരെ വെറുതെ ദുഷി
ക്കുന്നതും ശീലമില്ലാ. 2

4. സി. ഗോവിന്ദനെളേടത്തിന്

ഭാസിക്കും മലയാംകൃതിക്കു പുതിയോ-
രേപ്പാടു ചെയ്യാൻ വരോ-
ല്ലാസംപൂണ്ടു തുനിഞ്ഞു പിൻപതു നട-
ക്കില്ലെന്നു കണ്ടിട്ടുടൻ
ത്രാസത്തോടു മുദാര ലജ്ജയൊടു മ-
ന്നാരംഭ ശൂരാഗ്രഗൻ
ജി. സീ. കേ.യ മൊളിച്ചപോയ കഥയെൻ-
കൂട്ടാളി കേട്ടീലയോ? 3

5. ജി. സീ. കെ. എം. ന്

ബുദ്ധ്യാ സമസ്തമറിയും മതിമാനതെന്ന
തത്വം പറഞ്ഞതിനുദാഹരണത്തിനായോ
ഉത്തുംഗമോദമോടു ഞാൻ കവികൊമ്പനെന്ന-
തോൎത്തങ്ങറിഞ്ഞതവിധ മോതിയതന്നു പത്രേ? 1

പേരും മററുവിശേഷവും പറയുവാൻ
മുന്നം ഭവാനോടു സൽ-
സാരജ്ഞോത്തമനാമെളേടമഴകിൽ
ചോദിച്ചു ചോദ്യത്തിനും
പാരാതുത്തരമോതിടാതയി ഭവാൻ
മൗനം ധരിച്ചപ്പോൾ ഞാൻ
സ്വൈരം സൂത്രമിതൊന്നെടുത്തിതു ഭവ-
ന്മൗനം കളഞ്ഞീടുവാൻ. 2

അദ്ദേഹത്തിന്റെ ചോദ്യത്തിനു മറുപടി ചൊ-
ല്ലായ്കയാൽ ലജ്ജയുണ്ടെ-
ന്നുദ്ദേശിക്കാമൊളിച്ചെന്നതു വിരവിൽ വിളി-
ച്ചപ്പൊളില്ലായ്കയാലും
ആദ്യം ഗാംഭീര്യഭാവത്തൊടു കൃതി പൊടിപാ-
റീട്ട് പിന്നീടടങ്ങി-
പ്പാർത്തിപ്പോൾ താങ്കളിൽ ചേർത്തിതു പരമഹമാ-
രംഭശ്ശൂരാഗ്രഗത്വം. 3

എല്ലാം ത്വദീയ കൃതി കണ്ടു രസിപ്പതിന്നു
വല്ലാതെ വാച്ച കുതുകേന തുടർന്നു ഞാനും
അല്ലാതെ ദുഷ്ടതയെഴുന്ന വിചാരമൊന്നു-
മില്ലാ നമുക്കു കരുതീടുക കല്യബുദ്ധേ! 4

6. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയ്ക്ക്

ഭൂരിശ്രീയാർന്നെഴും കോട്ടയമതിലമിത-
പ്രൗഢിതേടുന്ന വിദ്വാ-
ന്മാരെല്ലാമൊത്തുചേർന്നീടിന സദസി ഭവൽ-
കുക്ഷിയിൽ പെട്ടരോഗം

മാറീലെന്നാകിലെന്താണതിനൊരു ശമമാ-
ർഗ്ഗത്തെ നോക്കാത്തതിപ്പോൾ
നേരോതേണം ഭിഷൿബുക്കിന്നു വില വളരെ-
ക്കൂടിയോ മുമ്പിലേക്കാൾ? *

## 7. കട്ടക്കയം ചെറിയാൻ മാപ്പിളയ്ക്കു്

മാന്യ ശ്രീ സഭയിൽ ഭവാനു ഗദമു-
ണ്ടായെന്നു മേറെ ശ്രമി-
ച്ചെന്നും നാടകമൊട്ടു തീർത്തുവിരമി-
ച്ചെന്നും സഖേ! കേട്ടു ഞാൻ.

---

* കോട്ടയത്തു കവിസമാജത്തോടനുബന്ധിച്ചു നടന്ന ദ്രുതകവിതാപരീക്ഷയിൽ കട്ടക്കയം ചെറിയാൻമാപ്പിളയും ചേർന്നിരുന്നു. പെട്ടെന്നു പിടിപെട്ട വയറുവേദന നിമിത്തം ഇടയ്ക്കു് അദ്ദേഹം അതിൽനിന്നു പിൻവാങ്ങി. അതാണ് പൂർവ്വാർദ്ധത്തിൽ സൂചിപ്പിച്ചിട്ടുള്ളതു്. "ചുക്കില്ലാത്ത കഷായമില്ല" എന്നു തുടങ്ങുന്ന ഒരു സമസ്യ ഒട്ടുവിൽ കുഞ്ഞുകൃഷ്ണമേനവൻ മനോരമയിൽ ചേർത്ത അവസരത്തിൽ, വൈദ്യപുസ്തകങ്ങൾ വളരെച്ചുരുങ്ങിയ വിലയ്ക്കു് കിട്ടുമെന്നിരിക്കെ, അവയിൽ ഏതെങ്കിലും ഒന്നു വാങ്ങി വായിച്ചുനോക്കാതെ, ഒന്നും അറിയാത്തവനെപ്പോലെ ഈ മനുഷ്യൻ എന്താണ് 'ചുക്കില്ലാത്ത കഷായമില്ലെ'ന്നും മററും പറയുന്നതു് എന്നർത്ഥം വരുന്ന ഒരു പദ്യംകൊണ്ടാണ് കട്ടക്കയം അതു പൂരിപ്പിച്ചതു്. അതിനെപ്പററിയുള്ള സൂചനയാണ് ഉത്തരാർദ്ധത്തിൽ.

പ്രസാധകന്മാർ.

പിന്നെത്താവകവത്തമാനമറിയാ-
ഞ്ഞിട്ടൊന്നു ചോദിച്ചു കേ-
ളെന്നാൽ തൽപ്രതിപദ്യവൎഗ്ഗമധുനാ
കണ്ടേററവും തൃപ്തനായ്. 1

'ചൂക്കില്ലെ'ന്നു സമസ്യയിട്ടതു മറ-
ന്നിട്ടില്ല ഹേ! വൈദ്യബു-
ക്കൊലം കുറെ വാങ്ങിവെച്ചതിലെനി-
ക്കഞ്ചെട്ടയച്ചീടുമോ?
ഇക്കാലം ഗദമില്ലെനിക്കിനി ഭവൽ-
പ്രായം വരുമ്പോഠം പിടി-
ച്ചേക്കാമന്നുപയോഗമാകുമവയെ-
ന്നോക്കുന്നമാന്തിക്കൊലാ 2

എന്നോ ഞാനും ഭവാനും കവികളണിമണേ!
ഹൃദ്രമപ്പത്രികായാ-
മൊന്നിച്ചുൽപന്നമോദം കൃതികഠം ചിലതയ-
ച്ചീടുവാനായ്മതിന്നു,
അന്നാഠം തൊട്ടെന്നിലത്യത്ഭുതമമതയെഴും
താ പ്രതിപ്പക്ഷമുള്ളം
തന്നിൽ ചേക്കായ്കിലോ ഞാൻ സ്മരണ കുറയുവോ-
നെന്നു വന്നീടുമല്ലോ. 3

ദൈവത്തിന്നാജ്ഞയാലേ വിളവുകഠം കുറവായ്
കുക്ഷിരോഗം പിടിച്ചാൽ
ശ്രീവഞ്ചീന്ദ്രൻ ദയാപൂൎവ്വകമതിനു മരു-
ന്നേകുമേ ധമ്മവൈദ്യൻ;
ഏവം സൂരീന്ദ്രർകൂട്ടം സഭയതിലിതുപോ-
ലുള്ള ദീനങ്ങഠം വന്നാ-
ലേവക്കും ദുസ്സഹം താൻ നഹിയതിനു ചികി-
ത്സിക്കുവാൻ തക്ക വൈദ്യൻ. 4

## 8. മൂലൂർ പത്മനാഭശരണ്ഡികന്

മാനം ചേരും ഭവാനോടഹമൊരു കഥ ചോ-
ദിച്ചിടുന്നിപ്പണിക്ക-
സ്ഥാനം ശ്രീവഞ്ചിഭൂപാലകനൊടുതിരുമൽ-
ക്കാഴ്ചയായ് വാങ്ങവൊന്നോ-
താനേ പ്രായം തികഞ്ഞീടുകിലണയുവതോ
പൂൎവ്വസിദ്ധാധികാരാ-
ലൂനം കൈവിട്ടുചൊല്ലീടണമിതു കപട-
ച്ചോദ്യമെന്നോൎത്തിടല്ലേ!

## 9. കൊ. കുഞ്ഞിക്കുട്ടൻതമ്പുരാന്

പ്രാസംകൂടാതെ തീൎക്കാമൊരുകൃതി മലയാ-
ളത്തിലെന്നങ്ങു ജാതോ-
ല്ലാസം കണ്ടന്നു കല്പിച്ചതു സുകവിമണേ!
ജോലിമൂലം മറന്നോ?
പ്രാസം ചേരുന്നനേകം പടുകൃതികൾചമ-
ച്ചുള്ളൊരങ്ങുന്നു വീതാ-
യാസം പ്രാസംവെടിഞ്ഞും ചില്വതിനിയുളവാ-
ക്കേണമെന്നാണപേക്ഷ.

## 10. മലയാളമനോരമയ്ക്കു്

നന്നെബ്ബാലതതൊട്ടു ഞാൻ ഭവതിയിൽ
പൂൎണ്ണാനുരാഗം വഹി-
ച്ചിന്നിപ്പോൾ തവ യൗവനസ്ഥിതിവരു-
ന്നേരത്തുപേക്ഷിക്കുമോ?

നിന്നെപ്പോററുവതിന്നു ജോലികഠംവശാൽ
സൗകര്യമില്ലാതെയായ്
മുന്നെപ്പോലെ, യതാണ് ഹേതു, വിനിമേ-
ലശ്രദ്ധനാകില്ല ഞാൻ.

## 11. ഏ. കെ. സുബ്രഹ്മണ്യമൂസ്സതിന്ന്

പാലോല്പംമൊഴിമാരണിത്തിലകമാം
ചേതോരമപ്പെണ്ണില-
ന്യാലോലാശയനായ് ഭവാൻ പലദിനം
ക്രീഡിച്ച പണ്ടില്ലയോ?
ലീലാലോലയെയെന്തുകാരണമിദം
തീരെ ത്യജിച്ചീടുവാൻ?
മേലാലിങ്ങിനെപോര, മൽപ്രിയസഖേ!
പണ്ടത്തെമട്ടാകണം.

# സമസ്യാപൂരണങ്ങൾ

ആരും കാണാതൊളിച്ചങ്ങിനെ നിശയിലൊരേ-
ടത്തുചെന്നല്പവിത്തം
പാരം കൂട്ടം ഭയാൽ കട്ടിട്ടമൊരു കളവി-
ന്നത്ഭുതം തെല്ലമില്ല;
സാരംഗാക്ഷീജനത്തിൻ ഹൃദയധനമനേ-
കം ജനം നോക്കിനില്ക്കു-
ന്നേരം കൂസാതെ "കക്കും മനുജനുടെ ചരി-
ത്രം വിചിത്രം നിനച്ചാൽ." 1

ഇന്നെന്താണ് ചെറുപ്പമായതുവശാൽ
വൈഷമ്യമോക്കായ്കയാൽ
തോന്നുന്താണവിധേയമെങ്കിലുമനു-
ഷ്ഠിപ്പാനകപ്പൂവതിൽ.
എന്നാലുന്നതഭക്തിയോടിഹ പര-
ബ്രഹ്മം ഭജിപ്പാൻ ബലം
വന്നാ"ലൊന്നിനുമില്ലെനിക്കൊരു രസം
കില്ലില്ല തെല്ലെങ്കിലും." 2

കാളാംഭോധരവർണ്ണ,നിൻ പ്രകൃതി തൻ
സൂത്രപ്രയോഗങ്ങളാൽ
മേളിക്കുന്നു സദാഹമന്തമറിയാ-
തുള്ളോരു സൌഖ്യാംബുധൗ
ഈ ലോകം വെടിയുന്ന നേരമുരുകാ-
രുണ്യേന വിഷ്ണോ ഭവൽ-
സാലോക്യം "മമ സംഭവിക്കണമതി-
നുൾത്താരിലത്യാഗ്രഹം." 3

താരുണ്യത്തിരമാലയിൽ പതിതനായ്
സംസാരസംബന്ധമാ-
യോരോന്നോർത്തു രസിച്ചു മന്മഥരിപോ!
കാലം കഴിക്കുന്നു ഞാൻ;
ഫേലാരൻ സൂര്യസുതൻ പ്രതാപമൊടുവ-
ന്നെത്തുന്നനേരം ഭവൽ-
കാരുണ്യ"ക്കടലിൽ കിടന്നു കളിയാ-
ടീടാൻ കടാക്ഷിക്കണം." 4

നൽത്താരുണ്യം രസിച്ചും കളയുമിഹ ശിശു-
പ്രായമെല്ലാം കളിച്ചും
വാർദ്ധക്യം മോക്ഷലാഭത്തിനു വഴിതിരവാൻ
നീക്കിവെക്കും മനുഷ്യൻ;
എത്തും താരുണ്യകാലേ യമനതുപൊഴുതീ-
വണ്ണമെല്ലാരുമോക്കും
സത്യത്തിൽ "ദുഃഖമല്ലോ ഹരിഹരി! പരമാ-
നന്ദമിപ്പാരിടത്തിൽ." 5

നീറിക്കത്തുന്ന തീയുള്ളരിയ നയനമു-
ണ്ടസ്ഥിമാലാഹിയും വെ-
ണ്ണീറും ചാർത്തുന്ന മാറു,ണ്ടസിനവിഷമെഴും
കണ്ഠമുണ്ടെന്നതല്ല.
മാരാരേ! വെള്ളമേറും ജടയുമഥ കപാ-
ലം ധരിക്കുന്ന കയ്യും
ചേരുന്നീമട്ടു "കണ്ടിട്ടടിയനു ഭയമി-
ങ്ങോട്ടതല്ലിഷ്ടമൂർത്തേ!" 6

ബാലപ്രായംമുതല്ലേ ചിലവുകൾ മുഴവൻ
നല്കി വേണ്ടുംവിധത്തിൽ
സ്ഥൂലപ്രേമം പുലർത്തീടിന കണവനെ ഹാ!
കൈവെടിഞ്ഞെന്റെ നാട്ടിൽ
നീലക്കാർവേണിയാളാമൊരുവളപരനോ-
ടൊത്തുപോയാ,ത്തകമ്പ-
ത്താലിക്കായ്ക്കും "നിനച്ചാൽ കലിയുടെ ഫലിതം
മൂത്തുമൂത്തേവമായി." 7

ഭാവിച്ച വാരിയരുമുണ്ണിയുമൊത്തുയുദ്ധം
കൈവെച്ച മാറവരസിയെങ്കിലുമപ്പൊഴേക്കും
ദൈവേച്ഛയാസ്സുകവി കേശവപിള്ളയേപ്പെ-
"ട്ടീവണ്ണമാക്കിയതു നമ്മുടെ നല്ലകാലം." 8

മാലാജാലങ്ങൾ കോലാഹലമൊട്ട തലയിൽ
കാലിലക്കാൽചിലമ്പും
ചാലേ മേലൊക്കെ മാലേയവുമരയിലണി-
ച്ചേലയും ചാർത്തി ഭംഗ്യാ
ചേലോടാലോലനീലോല്പലദളമിഴിയാ
ളൂഴിപാലിച്ച മേച്ചിൽ-
"ക്കോലും കൈക്കൊണ്ടുകോലും കുതുകമൊടമരും
കോലമാലംബനം മേ." 9

മോഹവാരിധിയിൽ വീണുഴന്നിടും
ദേഹികൾക്കു കരയോടടുക്കുവാൻ
തോണിയാകുമൊരു ശൗരിതൻപദ-
ധ്യാനമൊന്നു "ഗതിയെന്നുറച്ചു ഞാൻ." 10

വിദ്വാന്മാർ ചൊല്ലുമക്തിക്കൊരുവനറിവുപോ-
രായ്കയാൽ കുററമോതി-
സ്സത്യത്തിൽ തന്റെ വാദത്തിനു ചെറുതുമടി-
സ്ഥാനമില്ലെന്നറിഞ്ഞാൽ,
ബോദ്ധ്യംവന്നെന്നുരച്ചസ്സുകൃതികളൊടുടൻ
മാപ്പു ചോദിക്ക നല്ലൂ;
പോരായ്കത്തീർന്നാൽ നുകത്തോ“ടണവതിനുമടി-
ക്കേണമോ കാണിപോലും?” 11

വെക്കം പായുന്ന തീവണ്ടിയുമതിനെതിരാം
കപ്പലും മററുമായു-
ണ്ടാകുന്നു സായ്പുമാരിട്ടിശി വിവിധപരി-
ഷ്കാരചിഹ്നങ്ങളെന്നാൽ
ഭോഷ്കല്ലഞ്ഞൂറുകാതംവഴി ഞൊടിയിടയാൽ
വാർത്തയെത്തുന്ന കമ്പി-
യ്യോക്കം “വേഗംനിനയ്ക്കുന്നളവിലിഹമനോ-
വേഗവും തോററുപോകും.” 12

# ചില വർണ്ണനകൾ

## 1. മ: മനോരമ.

ഓരോരോ ലേഖനം കണ്ടറിവിനുതകിടും
കാര്യമേററം ഗ്രഹിക്കാം
പാരം ദൂരസ്ഥമാം ദിഗ്വിവരമുടൻ
നോക്കി നന്നായ് രസിക്കാം
ഈ രണ്ടും സർവ്വപത്രങ്ങളിലുമൊരുവിധം
കണ്ടുപോരുന്നുവെന്നാൽ
പേരാണ്ടുള്ളോരു ചേതോരമയിലൊരുഗുണം
കൂടിയുണ്ടെന്നു സിദ്ധം.

## 2. വിഷം.

വിഷയാം ഭോധിയിൽ മുങ്ങി-
ക്കഷ്ടണിച്ചീടുന്നവർക്കു കരയേറാൻ
വിഷധരവിഷവും കൊള്ളാം
വിഷമശരാരാതിസേവയും കൊള്ളാം.

## 3. കേവഞ്ചി

ഏറം ഗർവ്വോടടിക്കുന്നൊരു കൊടിയ കൊടു-
ങ്കാററുമെന്നല്ല നീല-
ക്കാറുംവൻമാരിയോളങ്ങളുമിടിയുമഹോ!
മിന്നലും ചേർന്ന രാത്രൌ
ചേറും ദുർഗ്ഗന്ധവായുപ്രചുരവുമിയലു-
ന്നോരു കേവഞ്ചി തന്നിൽ
കേറും മർത്ത്യക്കെഴും ദുഷ്കൃതമൊരു ദിവസം-
കൊണ്ടു തീരേ നശിക്കും.

## 4. പ്രഭാതം.

കൂടും നൽപ്രഭയോടഹസ്സരനുദി-
ച്ചീടുന്നു, കോകിവ്രജം
നേടുന്നു പരിതോഷ,മംബുനിധിയിൽ
ചാടുന്നിതേണാങ്കനും
കൂടുന്നു കുമുദങ്ങഠം, താമരവിരി-
ഞ്ഞീടുന്നു താരാഗണം
വാടുന്നു വികിരങ്ങഠം വൃക്ഷനിരയിൽ
പാടുന്നിതെല്ലാടവും

## 5. മദയാന

വദ്ധിക്കും വന്മദംപെട്ടിട്ടുമളവു സഹി-
ക്കാഞ്ഞു, ഹാ! പാഞ്ഞൊരാളെ-
ക്കുത്തിക്കൊമ്പത്തു കേററിക്കുടുതരരുധിരം
മസ്തകേ ചേത്തുകൊണ്ടു്
ധാത്രീചക്രം കലുങ്ങുംപടി യലറി രസാ-
പാംസു മേലേററിടാനീം
മത്തേഭേന്ദ്രൻ മഹാശൃംഖലയുടെ കിലുനാ-
ദത്തൊടിങ്ങെത്തിടുന്നു.

## 6. ഒരു ഹോട്ടൽ

എട്ടാണ്ടെത്തിയ മോരുമെൻെറ ശിവനേ!
ചുണ്ണാമ്പുചോറും പുഴ-
ക്കുട്ടം തത്തിടുമപ്പിലിട്ടതുമഹോ!
കൈപ്പേറമുപ്പേരിയും
പൊട്ടച്ചക്കയിൽ മോരൊഴിച്ചു വഷളാ-
ക്കിത്തീത്തക്കൂട്ടാനു,മീ-
മട്ടിൽഭക്ഷണമുണ്ടു ഛദ്ദി വരുമാ-
റെണ്ണാകളും ഹോട്ടലിൽ.

## 7. മദ്ധ്യാഹ്നം

കായം ചുട്ടു പിപാസ പൂണ്ടു ജലപാ-
നത്തിന്നു ജന്തുക്കൾ പാ-
നീയം തേടി നടന്നൊടുക്കമൊരു പൊ-
യ്കയ്ക്കുള്ളിൽ നോക്കും വിധൗ
ആയാസം കലരാതെകണ്ടു വിലസും
മദ്ധ്യാഹ്നസൂൎയ്യപ്രതി-
ച്ഛായാഗൗരവമേററു നേത്രമതുലം
മങ്ങിപ്പരുങ്ങുന്നിതാ.

## 8. പോലീസ്സ്

ചാണത്തിൻനിറമാമുടുപ്പുമരയിൽ
ത്തോൽപ്പട്ടയും മസ്തകേ
ചേണാൎന്നീടിനതൊപ്പിയും കരമതിൽ
ദണ്ഡും ധരിച്ചങ്ങിനെ
ആണത്തം പലതും പറഞ്ഞുവെറുതേ
ചുററുന്ന പോലീസ്സുകാ-
രാണിദ്ദിക്കതിലേററമുള്ളതവരെ-
ക്കൊണ്ടേതുമുണ്ടോ ഗുണം?

## 9. തിരുവാതിര

കാലേ കുളിച്ചു പല മോടികൾചേൎത്തു പകൽം
പാലെന്നതൊട്ടവ ഭുജിച്ചൊരുമിച്ചുകൂടി
ബാലേന്ദുഫാലകൾ കളിച്ചുതളൎന്നു ദേഹ-
ത്താലേകിടുന്നു പതിമാൎക്കൊരു നേത്രസൗഖ്യം

## 10. ആശ്രമം

പള്ളിക്കൂടങ്ങഠം ചുററിപ്പിണയുമൊരു മഹാ-
വൃക്ഷജാലച്ചുവട്ടിൽ
പുള്ളിശ്ശാർദ്ദൂലചർമ്മേ മുനികഠം മിഴിയട-
ച്ചുങ്ങിരിക്കുന്നു ചുററും
വെള്ളച്ചാരം ശരീരംമുഴുവനുമണിയും
താപസപ്പൈതൽവർഗ്ഗം
തുള്ളിച്ചാടുന്ന മാൻകുട്ടികളൊടുമിടചേ-
ന്നോടിടുന്നാശ്രമത്തിൽ.

# ഗവൎണ്ണരാഗമനം

പ്രജ്ഞാവൈഭവമോട്ട നാട്ട പരിപാ-
ലിക്കുന്ന വിക്ടോറിയാ-
രാജ്ഞിക്കും സുകൃതം കലൎന്ന ഗവൎണ്ണർ-
സ്സായ്പിന്നുമല്ലേതരം
വിജ്ഞാനാംബുധിയായ മാടധരണീ-
പാലന്നുമെന്നല്ലത-
ന്നാജ്ഞാകാരകനാം ദിവാന്നുമനിശം
ശ്രേയസ്സുയൎന്നീടണം. 1

നാടൊക്കെപ്പുകഠം പൊങ്ങിടുന്ന ഗവൎണ്ണ-
ൎക്കൊച്ചിഭൂപാലനായ്
കൂടിക്കാഴ്ച കഴിഞ്ഞതിൻെറ വിവരം
വിസ്താരമായൊക്കയും
മോടിക്കൊത്തവിധം കഥിപ്പതിനു മേ
വൈദഗ്ദ്ധ്യമില്ലെങ്കിലും
കൂടെക്കണ്ടവനാകയാൽ ചിലതു ഞാൻ
സംക്ഷേപമായ് ച്ചൊല്ലിടാം. 2

ബോട്ടും നല്ലോടിവള്ളങ്ങളുമവയിലിണ-
ങ്ങീടുമക്കൂട്ടർ പാട്ടും
പാട്ടും ഭംഗ്യാ വലിക്കുന്നളവിളകി മറി-
ഞ്ഞോളവും കൊച്ചകാററും
കൊട്ടും, പീരങ്കിഘോരാരവമിയലുമ-
ന്നേരമെണ്ണാകുളത്തിൻ-
തട്ടിന്മേൽ സായ്പിറങ്ങീ ശിവശിവ! പുരുഷാ-
രങ്ങഠം തിക്കുംതുടങ്ങീ. 3

പട്ടാളക്കാർ നിരന്നങ്ങിനെയിരുവരിയായ്
നിന്നിടുന്നുണ്ടു,തുപ്പാ-
ക്കൂട്ടക്കാരുണ്ടു പോലീസ്പരിഷകളണിയാ-
യുണ്ടതിന്നാദ്യഭാഗേ
പുഷ്ടശ്രീയോടുനില്ക്കും യുവനൃപനെതിരേ-
ററക്ഷണം വണ്ടികേററി-
ത്തുഷ്ട്യാമന്ദം തിരിച്ചാൻ ദൊരകളൊടു വിതാ-
നിച്ച മാർഗ്ഗത്തിലൂടെ 4

പുത്തൻകോവിലകപ്പുറമ്പിൽ മലയാം
പട്ടാളവർഗ്ഗങ്ങള-
ഞ്ഞുത്തുംഗാഭകലന്ന ദന്തിനിരയു-
ണ്ടക്കാഴ്ചയൊക്കെ ക്ഷണം
പ്രീത്യാ കണ്ടു ചിരിച്ചു തന്റെ പരിവാ-
രത്തോടുമൊത്താശുവ-
ന്നെത്തീവണ്ടിയിൽനിന്നിറങ്ങി മതിമാൻ
ഭൂമൗ വിളങ്ങീടിനാൻ. 5

പൂമാതിൻപതിയാം പുരാതനപുമാൻ-
തന്നെജ്ജയിക്കും തിരു-
പ്പൂമേനിപ്രഭപൂണ്ട ഭൂപതിലകൻ
താഴത്തെഴുന്നള്ളിനാൻ
ശ്രീമാനാകിയ സായ്പുതൻ കരയുഗ-
ച്ചെന്താർ പിടിച്ചാദരി-
ച്ചാമോദേന ചിരിച്ചു മാളികയതിൽ
കേറീടിനാൻ മെല്ലവേ 6

കാഴ്ചയ്ക്കായി ദിവാനൊഴിഞ്ഞു നിഖിലോ-
ദ്യോഗസ്ഥവൃന്ദങ്ങളും
കൊച്ചിക്കോട്ടയിലുള്ള യോഗ്യർ ദൊരമാ-
രെല്ലാരുമെത്തീടിനാർ
ഉൾച്ചിന്നും രസമോട്ട സൎവ്വരുമിളാ-
നാഥന്റെ പാൎശ്വേ വസി-
ച്ചിച്ചയ്യൊത്തൊരു വാൎത്തയാലരമണി-
ക്കൂറാശു പോക്കീടിനാർ 7

മുല്ലപ്പൂമാലചാൎത്തിഗ്ഗവർണരു മുതലാ-
യുള്ളൊരാംഗ്ലേയരെല്ലാം
കല്യന്മാരായ ഭൂമീപതികളൊടൊരുമി-
ച്ചൊത്തു താഴത്തിറങ്ങി
സോല്ലാസം വണ്ടികേററിപ്പുരുതരമഹിമാ
വോടുപോൺത്തിക്കരയ്ക്കായ്
മെല്ലെപ്പോയാദരിപ്പാനിളയനൃപതി ത-
ട്ടോളവും പോയിരുന്നു. 8

ഇയ്യാംപാററകൾ പൊങ്ങിടുംപടി വിള-
ക്കെല്ലാദിഗന്തത്തിലും
പശ്ചാൽ ഭാസ്കരനസ്തമിച്ച സമയ-
ത്തൊപ്പം പുറപ്പെട്ടുതേ;
ഈയുള്ളോനൊരു മച്ചുപായ കയറീ-
ട്ടെൻ സ്നേഹിതന്മാരുമായ്
തീയിൻഭംഗി പുകഴ്ത്തുവാൻ പുഴയതിൻ-
മദ്ധ്യേ നടന്നീടിനേൻ. 9

രാത്രൗ നാഴികനാലു ചെന്നളവതീ-
വാഘോഷയുള്ളോരു ന-
ല്ലത്താഴത്തിന്ന കാലമായഖിലരും
പോഞ്ഞിക്കരേ ചേന്നതേ
പൃത്ഥ്വീപാലകരും പ്രമോദമൊടെഴു-
ന്നള്ളീടിനാർ സായ്പുമാ-
രൊത്തിട്ടുള്ള സഭാതലത്തിലവരും
നന്ദിച്ചിരുന്നീടിനാർ. 10

അത്താഴത്തിന്നശേഷം സരസതരവെടി-
ക്കെട്ടുകാണ്മാൻ മുതിന്നാ-
രിട്ടിക്കിൽ പണ്ടുകാണാത്തവ പലതുമിതിൽ
കണ്ടു സന്തുഷ്ടരായീ
സിദ്ധാന്തം ലേശമില്ലാത്തൊരു നൃപതികുല-
ശ്രേഷ്ഠനും കൂടിയേററം
ചിത്താമോദാൽ 'വെടിക്കെട്ടിതു വളരെവെടി-
പ്പായി'തെന്നോതിപോലും. 11

പിറെറന്നാളും വിളക്കിന്നൊരു കുറവുവരു-
ത്തീല കോലാഹലത്തെ-
പ്പററിസായ്പിന്നു സന്തുഷ്ടിയുമകതളിരിൽ
സീമയില്ലാതെവാച്ചു
മററുംദേശങ്ങഠം കാണ്മാൻ കുതുകമൊടഥതെ-
ക്കോട്ടുബോട്ടിൽകരേററി
കുററംകൂടാതേ ഭൂമീഭരണമതു കഴി-
ക്കുന്ന സൽപുണ്യരാശി. 12

—:o✻o:—

# മഹാകവി ലോർഡ് ടെനിസൻ

‘ഇൻമെമ്മോറിയ’ മെന്നുതൊട്ടു വളരെ-
സ്സൽകാവ്യവർഗ്ഗങ്ങളെ-
സ്സമ്മോദേന ചമച്ച ഹൂണകവിവീ-
രാഗ്രേസരൻ ടെന്നിസൻ
ഇമ്മന്നിൽ ബഹുകീർത്തി നേടിയ മഹാ-
നൊക്ടോബരഞ്ചാംദിനം
ചെമ്മേ ഭൂതലവാസസൽസുഖമഹോ!
കൈവിട്ടു മോദാന്വിതം. 1

അധികരസികനാമസ്സൽകവീന്ദ്രന്റെ കാവ്യാ-
മൃതമൊരുദിവസം തെല്ലാസ്വദിച്ചുള്ളൊരുത്തൻ
ക്ഷിതിയിലധിവസിക്കും കാലമെല്ലാമ്പൊഴും തൽ-
ക്കഥയതു നിരൂപിക്കും സംശയം തെല്ലുമില്ല. 2

എൺപത്തിമൂന്നു വരിഷങ്ങൾ ധരാതലത്തിൽ
താൻപാർത്തു സൗഖ്യമൊടതെങ്കിലുമുൾക്കരുന്നിൽ
വൻപേറുമക്കവിവരന്റെ വിനാശമൂലം
ഗംഭീരതാപമുളവാം രസികർക്കശേഷം. 3

# വെണ്മണിമഹൻ

ശിഷ്ടാത്മാവെണ്മണിക്ഷ്മാസുരസരസകവി
പ്രൌഢനും നാമശേഷ-
പ്പെട്ടല്ലോ കേരളച്ചൊല്ലിനു സപദിയക-
പ്പെട്ടൊരിക്കഷ്ടകാലം
കഷ്ടം! നൂറാണ്ടുചെന്നീടിലുമൊരുവിധവും
തീരുവാൻ മാർഗ്ഗമില്ലാ
പിട്ടല്ലി,ശ്ശോകതാപക്കടുകനലിലക-
ക്കാമ്പുവേവുന്നിതയ്യോ! 1

താതൻ വെണ്മണിനാടുവിട്ടസമയം
കണ്ണീർപൊഴിച്ചേററവും
ഖേദംപൂണ്ടു വസിച്ച കേരളമൊഴി-
ക്കാശ്വാസമുണ്ടാകുവാൻ
ഏതെല്ലാം പറയേണ്ടിവന്നിതതുപോ
ലെന്തുണ്ടിനിച്ചൊല്ലുവാ-
നാതങ്കാബ്ധിയിലെന്നു മുങ്ങിത്തടമെരി-
ഞ്ഞീവാണി വാണീടണം. 2

എട്ടാളുണ്ടു മികച്ച സൽകവികളി-
ക്കൊച്ചായ രാജ്യത്തിലെ
സ്സൃഷ്ടിയ്ക്കെന്നു നിനച്ചിരുന്നു ശിവനേ!
മാടക്ഷമാവാസികൾ;
കൂട്ടത്തിൽത്തലയാളിയെസ്സുരവധൂ-
സംഘങ്ങളർത്ഥിക്കയാൽ
തട്ടിക്കൊണ്ടു നടന്നു ദുഷ്ടമതിയാം
പാകാരി ഹാ! കഷ്ടമേ! 3

ഘൃണക്ഷീരസമുദ്രപൂർണ്ണമതിയാം
        ലോഡ്ടെന്നിസൻ മുമ്പിലി-
ക്ഷോണീവാസമിളച്ചു,പിമ്പു ഗതനായ്
        ഭാഷാകവിശ്രേഷ്ഠനാം
വാണാനക്കവിയെന്നതാണ്ടുപുകഴ-
        ന്നിസ്സൂരിമാണിക്യമാ
വാണില്ലൻപതുവർഷമെന്നകഥയാ-
        ണല്ലോ മഹാസങ്കടം. 4

തന്നച്ഛനോടുമൊരുമിച്ചു സുഖിച്ചു വാഴാൻ
കുന്നിച്ചു മോഹമൊടുമിക്കവി പുക്ക നാകം;
എന്നാലതിന്നു ശിവനന്ദിനി പങ്കുനിന്നാ-
ളെന്നോക്കിലുള്ള പരിതാപമസഹ്യമത്രെ. 5

MADRAS ... LIBRARY ... -600 005

# എട്ടു കവികൾ ആരെല്ലാം? *

ദിക്കൊക്കെപ്പുകൾ പെററ വെണ്മണി, കൊടു-
ങ്ങല്ലൂർ ക്ഷമാപാലരും,
ശ്ലാഘ്യശ്രീയൊറവങ്കരദ്വിജവരൻ,
മന്നാടിയാരും സഖേ!
അക്കാത്തുള്ളിലെമേനു,മിന്നുനടുവ-
ക്ഷ്മാദേവനും, ചൊല്ലെഴു-
ന്നിക്കാവമ്മയുമാണു സൽകവികളെ-
ന്നെട്ടാളെ ഞാൻ ചൊന്നതും.

---

* വെണ്മണിമഹൻെറ ചരമം പ്രമാണിച്ചെഴുതിയ പദ്യങ്ങളിൽ "കൊച്ചിയിലെ മികച്ച എട്ടു കവികൾ" എന്നു കവി സൂചിപ്പിച്ചിരുന്നു. ആ എട്ടുപേർ ആരൊക്കെയാണെന്ന് ഒരാൾ മ: മനോരമവഴി ചോദിച്ചതിന് എഴുതിയ മറുപടിയാണിത്.

പ്രസാധകന്മാർ.

# കവിതാവേഗപരീക്ഷ *

തന്നോമൽ തനയൻ മരിച്ചവിവരം ധൎമ്മാത്മജൻ ചൊല്ലുയാൽ
മന്നോർമന്നരിൽ മുമ്പനജ്ജുനനിടിത്തീയേററമട്ടക്ഷണം
മന്നോടൊത്തു ചതിച്ചുപോയിതഴലാംവാതംകൊണ്ടു വീശീടുകിൽ
കുന്നോടൊത്ത കടുപ്പമുള്ളൊരുവനും പൂപോലെ വാടും ദൃഢം. 1

പിന്നത്തെക്കഥ ചൊൽവതിന്നു വിഷമം പാർത്ഥൻ
പണിപ്പെട്ടുടൻ
തന്നത്താനെഴുനേററിരുന്നു പലതും ചാപല്യമോതീടിനാൻ
“എന്നന്തസ്സിനു ഹേതുവായ മകനേ, നിന്നെപ്പിരിഞ്ഞിട്ടു ഞാൻ
ഖിന്നത്വത്തൊടു മന്നിൽ വാഴ്കിലതിന്നെന്തുള്ള
പാർത്താൽഫലം? 2

ചിത്തത്തിൽ കുതുകത്തൊടൊത്തബലയാം നിന്നമ്മ
നിന്നെസ്സുഖം
വൃത്തത്തിൽ തെളിയുന്ന മോഹനമുലപ്പാലൂട്ടിമേവും വിധൗ
മുത്തഞ്ചിച്ചു മുളച്ചുവന്നിടുമിളം പല്ലൊട്ടു കാട്ടുന്നനിൻ-
പുത്തൻ പൂവെതിർ പുഞ്ചിരിപ്പുതുമയെന്നുള്ളത്തിലുണ്ടിപ്പൊഴും.

താതൻഞാനണയുംവിധൗ ജനനിതൻ മാർവിട്ടുമാറിബ്ഭവാൻ
സ്ഫീതപ്രീതിയൊടോടിവന്നു കഴലിൽ കെട്ടിപ്പിടിക്കില്ലയോ?
ഹേ തങ്കക്കുടമേ, മദീയസുകൃതം മൂർത്തീകരിച്ചുള്ള നീ-
യാതങ്കക്കടലിൻ തിരക്കളികളിൽ ചാടിച്ചിതോ താതനേ? 4

നീയൂഴിക്കൊരു രത്നമായവതരിച്ചന്നേമുതല്ക്കോമന-
പ്പീയൂഷാധരി ഭദ്ര ഭാഗ്യവതിയായ്യാക്കുന്നിതിന്നേവരെ

---

* തൃശ്ശൂർ ഭാരതവിലാസസഭവകയായി നടത്തപ്പെട്ട പരീക്ഷയിൽ ഒരു മണിക്കൂർ സമയംകൊണ്ടു് ഉണ്ടാക്കിയ ദശകം. അഭിമന്യുവിൻെറ മരണവാർത്ത അറിഞ്ഞ അർജ്ജുനൻെറ ചിന്തയായിരുന്നു കവിതാവിഷയം.

ഈയ്യൂക്കൻകദനേ സുബോധമൊഴിവാസ്ഥാണീട്ടുമക്കുട്ടിതൻ-
ശ്രീയൂറും മുഖചന്ദ്രബിംബമിനി ഞാൻ കാണുന്നവാറെങ്ങനേ? 5

ശ്രീവിഷ്ണുത്തിരുമേനിതൻ മരുമകൻ മൽപുത്ര,നായോധന-
ശ്രീവിദ്യാപരനായ നീ യിതുവിധം പൊയ്പോകയോ മത്സുതാ,
ഈ വിശ്വത്തിൽ വരുന്നതിന്നവിധമെന്നില്ലാ; മഹാവൃദ്ധരായ്
ജീവിപ്പാൻ കൊതിവിട്ടകൂട്ടർ മരുവും, നല്ലോർനശിക്കുംക്ഷണം.

താരമ്പന്നു സമാനനുണ്ണി തനുവിൽ തൽക്കാന്തികൊണ്ടെന്നുതാൻ
പാരമ്പും പലരും പറഞ്ഞുവരുമാറുണ്ടിന്നതൊപ്പിക്കുവാൻ
സ്വൈരംപൂന്തനുവെന്മകൻ വെടികയോ ഹാ കഷ്ടമല്ലാതെക-
ണ്ടാരമ്പോമരുവുന്നിതെൻെറ മകനിൽ കൈവെച്ചു
കൊന്നീടുവാൻ. 7

എന്താണെന്തൊരു കഷ്ടമാണിതു വെറുംപെണ്ണുങ്ങളെ
പ്പോലെ ഞാൻ
സന്താപത്തൊടു കേണിടുന്നതിതുമദ്ധർമ്മത്തിനൊത്തുള്ളതോ?
വെന്താലും കടുവഹ്നിപെട്ടു, കടലിൻമദ്ധ്യത്തിൽ വീണാലുമേ
ചിന്താചഞ്ചലമേന്തിടുന്നതു മഹാവീരർക്കു യോജിച്ചതോ? 8

പാരുണ്ടാക്കി മുദാ ഭരിച്ചുടനഴിച്ചീടാൻ മിടുക്കേന്തിടും
നീരുണ്ടീടിന നീലമേഘനിറനാം ശ്രീകൃഷ്ണനെത്തന്നെയും
പോരുണ്ടാവുകിലേവനേയുമടിയിൽ ചേർത്തിടുമെന്നേയുമി-
ങ്ങാരുണ്ടിങ്ങനെ കൂസിടാതെ മകനിൽ പഞ്ചത്വമേറ്റീടുവാൻ?

ആരാണുത്തരവാദിയെൻെറ തനയൻ നിർജ്ജീവനായീടുവാ-
നാരാകുന്നു ജയദ്രഥക്ഷിതിപനോ നന്നേററവുംനന്നുതേ
ഘോരാരണ്യതലേ ഗജേന്ദ്രനിരയെക്കൊല്ലുന്ന സിംഹാർഭകൻ
പോരാതുള്ളൊരു ജംബുകനുടെ കരംകൊണ്ടീവിധംചാകയോ?"

Ijm
21-4-71

## മഹാകവി കുട്ടമത്തിന്റെ കൃതികൾ

| | | |
|---|---|---|
| കാളിയമർദ്ദനം | 1 | 00 |
| ബാലഗോപാലൻ | 1 | 12 |
| രത്നചഷകം | 1 | 00 |
| മൂകാംബികാപുരാണം | 0 | 75 |

## പി. കുഞ്ഞിരാമൻനായരുടെ കൃതികൾ

| | | |
|---|---|---|
| ശ്രീരാമചരിതം | 1 | 00 |
| നിറപറ | 1 | 00 |
| പടവാൾ | 1 | 25 |
| പാതിരപ്പൂവ് | 0 | 75 |
| പ്രേമപൌർണ്ണമി | 0 | 56 |
| വ്രതദീക്ഷ | 0 | 56 |
| ഓണസ്സദ്യ | 1 | 25 |

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്ട്.

ഫോൺ: 2803.

# കൈരളിയുടെ

## രണ്ടു് അമൂല്യ രത്നങ്ങൾ

:o:

### 1. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കൃതികൾ

തമ്പുരാന്റെ പ്രസിദ്ധങ്ങളും ഭാവനാസമ്പന്നങ്ങളുമായ
ഖണ്ഡകൃതികളുടെ സമാഹാരമാണീഗ്രന്ഥം. കമ
നീയമായി അച്ചടിച്ച പുതിയ പതിപ്പു്.

1-ാംഭാഗം 5ക.

2-ാംഭാഗം 5ക.

### 2. വി. സി. ബാലകൃഷ്ണപ്പണിക്കരുടെ കൃതികൾ

ഏതൊരു ഭാഷാഭിമാനിയേയും ഉൾപ്പുളകംകൊള്ളിക്കുന്നതും
ഭാവനാസമ്പന്നവും ചമൽക്കാരസമ്പുഷ്ടവുമായ
വി. സി. യുടെ കവനതല്ലജങ്ങളുടെ
പരിഷ്കരിച്ച പുതിയ പതിപ്പു്.

വില: 4ക.

**വി. കെ. ബ്രദേർസ്,**

**കോഴിക്കോട്ടു്.**

ഫോൺ: 2808.